www.malankaralibrary.com

# കുടുംബങ്ങൾക്കൊരെഴുത്ത്

## ജോൺപോൾ രണ്ടാമൻ മാർപാപ്പ

വിവർത്തനം
റവ.ഡോ.ജോർജ് കുരുക്കൂർ

പി.ഒ.സി. പ്രസിദ്ധീകരണം

www.malankaralibrary.com

# കുടുംബങ്ങൾക്കൊരെഴുത്ത്

ജോൺപോൾ രണ്ടാമൻ മാർപാപ്പ

വിവർത്തനം :

റവ. ഡോ. ജോർജ് കുരുക്കൂർ

പി. ഒ. സി. പ്രസിദ്ധീകരണം

www.malankaralibrary.com



# Kudumbamgalkkorezhutthu

[Malayalam]

Translation of the Letter to Families of Pope John Paul II


| | | |
|---|---|---|
| Translated by | : | Rev. Dr. George Kurukkoor M.A; Ph.D. |
| Scrutinised by | : | Rev. Dr. Xavier Kochuparambil |
| Published by | : | The Director, Pastoral Orientation Centre, Palarivattam, Kochi-25, Kerala, India. |
| Typeset at | : | ASL Computers, Kochi-16 |
| Printed at | : | Aluva Press, Friendship House |
| Copyright to | : | Publisher |
| Date of Publication | : | 1994 May 1 |
| Copies | : | 30,000 |
| Price | : | 15.00 |

A P.O.C. Publication

www.malankaralibrary.com



# ഉള്ളടക്കം

വിവർത്തകക്കുറിപ്പ് iv
പ്രിയ കുടുംബങ്ങളേ ... 1
കുടുംബം: സഭയുടെ മാർഗ്ഗം 2
കുടുംബവർഷം 4
പ്രാർത്ഥന 6
സ്നേഹവും താത്പര്യവും : എല്ലാ കുടുംബങ്ങളോടും 7
I. സ്നേഹനാഗരികത 11 - 70
ആണും പെണ്ണുമായി അവൻ അവരെ സൃഷ്ടിച്ചു 11
വിവാഹോടമ്പടി 13
രണ്ടുപേരുടെ ഐക്യം 17
വ്യക്തിയുടെ ജന്മചരിത്രം 20
വിവാഹത്തിൻെറയും കുടുംബത്തിൻെറയും പൊതുനന്മ 24
ആത്മാർത്ഥമായ ആത്മദാനം 28
ഉത്തരവാദിത്വപൂർണ്ണമായ പിതൃത്വവും മാതൃത്വവും 35
രണ്ടു നാഗരികതകൾ 42
സ്നേഹം ആവശ്യങ്ങളുന്നയിക്കുന്നതാണ് 48
നാലാംപ്രമാണം: നിൻെറ പിതാവിനെയും നിൻെറ മാതാവിനെയും ബഹുമാനിക്കുക 55
വിദ്യാഭ്യാസം 62
കുടുംബവും സമൂഹവും 70
II. മണവാളൻ നിങ്ങളോടുകൂടെയുണ്ട് 76 - 108
ഗലീലിയിലെ കാനായിൽ 76
മഹാരഹസ്യം 83
ഏറ്റവും മനോഹരമായ സ്നേഹത്തിൻെറ അമ്മ 92
ജനനവും അപകടവും 101
"നിങ്ങൾ എന്നെ സ്വാഗതം ചെയ്തു" 104
ആന്തരിക മനുഷ്യനിൽ ശക്തിപ്രാപിച്ച് 108
NOTES 114

www.malankaralibrary.com



# വിവർത്തകക്കുറിപ്പ്

കുടുംബവർഷമാണ് 1994. പല രാഷ്ട്രങ്ങളിലും അപകടനിലയിലെത്തിയിട്ടുള്ള കുടുംബം എന്ന സ്ഥാപനത്തെപ്പറ്റി എല്ലാവരും സഗൗരവം ചിന്തിക്കാൻവേണ്ടി യു.എൻ.ഒ. കുടുംബവർഷാചരണം പ്രഖ്യാപിച്ചു. സഭ അതിനോടു സഹകരിക്കുവാൻ ആഗ്രഹിക്കുകയും 1993-ലെ തിരുക്കുടുംബത്തിരുന്നാൾ ദിവസം കുടുംബവർഷാചരണത്തിനു തുടക്കമിടുകയും 1993 ഡിസംബർ 26-നു നസ്രസിലെ തിരുക്കുടുംബ ദേവാലയത്തിൽവച്ച് അതിൻെറ ഔദ്യോഗികോദ്ഘാടനം നടത്തുകയും ചെയ്തു. ഈ സാഹചര്യത്തിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പ കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാനും കുടുംബത്തിൻെറ സുരക്ഷിതത്വത്തിനുവേണ്ടി പരിശ്രമിക്കാനും ആഹ്വാനം ചെയ്തുകൊണ്ട് ദാമ്പത്യജീവിതത്തെ സംബന്ധിച്ച ക്രൈസ്തവ വീക്ഷണം വ്യക്തമാക്കുന്ന ഒരു കത്ത് ലോകത്തിലെ എല്ലാ കുടുംബങ്ങൾക്കുമായി പ്രസിദ്ധീകരിച്ചു. അതിൻെറ വിശ്വസ്ത വിവർത്തനമാണീ ലഘുഗ്രന്ഥം. കുടുംബജീവിതത്തിൻെറ പരമമായ പ്രാധാന്യം ഇതിൽ വ്യക്തമാക്കുന്നുണ്ട്. മതത്തിൻെറയും സംസ്കാരത്തിൻെറയും നിലനില്പ് കുടുംബത്തെയാണല്ലോ ആശ്രയിച്ചിരിക്കുന്നത്.

ഈ വിവർത്തനത്തിൻെറ പ്രസിദ്ധീകരണച്ചുമതല വഹിച്ചത് റവ. ഡോ. ജോസഫ് കരിയിലാണ്. അദ്ദേഹത്തിനും ഇതിൻെറ പ്രസിദ്ധീകരണത്തിൽ കാര്യമായ സഹായം ചെയ്ത റവ. ഫാ. ജോസ് പ്ലാച്ചിക്കനും ഹൃദയംഗമമായ കൃതജ്ഞത രേഖപ്പെടുത്തുന്നു. ഇതിൻെറ മാനുസ്ക്രിപ്റ്റ് ഒറിജിനലുമായി ഒത്തുനോക്കിയ റവ. ഡോ. സേവ്യർ കൊച്ചുപറമ്പിൽ, മാനുസ്ക്രിപ്റ്റ് പകർത്തിയും പ്രൂഫുവായിച്ചും സഹായിച്ചവരായ മിസ്സ് ഏലിയാമ്മ ജോൺ, മിസ്സ് മേരി ഏ.ഒ., സിസ്റ്റർ എലിസബത്ത് എന്നിവർക്കും ഹൃദ്യമായ നന്ദിപ്രകാശിപ്പിച്ചുകൊള്ളുന്നു.

റവ. ഡോ. ജോർജ്ജ് കുരുക്കൂർ

പി.ഒ.സി., പാലാരിവട്ടം

1 - 5 - 1994

വിവർത്തകൻ.

www.malankaralibrary.com

# കുടുംബങ്ങൾക്കൊരെഴുത്ത്

## കുടുംബവർഷമായ 1994-ൽ
## ജോൺപോൾ രണ്ടാമൻ മാർപാപ്പാ
## കുടുംബങ്ങൾക്ക് എഴുതുന്നത്

പ്രിയ കുടുംബങ്ങളേ,

1. കുടുംബവർഷാഘോഷം സ്വാഗതാർഹമായ ഒരു സന്ദർഭം എനിക്കു നല്കുന്നു - അത്യഗാധമായ വാത്സല്യത്താൽ നിങ്ങളെ കണ്ടുമുട്ടാനുള്ള ആകാംക്ഷയോടെ നിങ്ങളുടെ കതകിൽ മുട്ടാനും, നിങ്ങളോടൊത്തു കുറച്ചുസമയം ചെലവഴിക്കാനുമുള്ള സന്ദർഭം. ഈ എഴുത്തുവഴി ഞാനങ്ങനെ ചെയ്യുന്നു. പത്രോസിൻെറ പിൻഗാമിയായി ശുശ്രൂഷ തുടങ്ങിയ ആദ്യനാളുകളിൽ ഞാൻ പ്രസിദ്ധീകരിച്ച "മനുഷ്യരക്ഷകൻ" (Redemptor Hominis) എന്ന ചാക്രികലേഖനത്തിലെ ഒരു ലഘുവാചകത്തോടെ ഞാനിതു തുടങ്ങുന്നു. ഞാൻ അതിൽ ഇങ്ങനെ എഴുതി: "മനുഷ്യനാണു സഭയുടെ മാർഗ്ഗം" [1].

ഈ വാക്കുകളോടെ ഒന്നാമതായി മനുഷ്യൻ സഞ്ചരിക്കുന്ന വിവിധ പാതകളെ ഓർമ്മിക്കാൻ ഞാനാഗ്രഹിക്കുന്നു. അതേസമയം, മനുഷ്യൻ തൻെറ ഭൗതികജീവിതത്തിലെ പാതകളിലൂടെ സഞ്ചരിക്കുമ്പോൾ അവനോടൊപ്പം സഞ്ചരിക്കാൻ സഭ എത്രമാത്രം ആഗ്രഹിക്കുന്നുവെന്ന് ഊന്നിപ്പറയാനും ഞാൻ ആഗ്രഹിക്കുന്നു. ആളുകൾ നടത്തുന്ന അനുദിന തീർത്ഥാടനത്തിൻെറ സന്തോഷങ്ങളിലും പ്രത്യാ

www.malankaralibrary.com



ശകളിലും ദുഃഖങ്ങളിലും ആകുലതകളിലും[2] സഭ പങ്കുപറ്റുന്നുണ്ട്. ക്രിസ്തുതന്നെയാണ് ഈ പാതകളിലൂടെയെല്ലാം സഭയെ നടത്തുന്നതെന്ന ഉറച്ച അവബോധത്തോടെയാണ് അങ്ങനെ ചെയ്യുന്നത്. ക്രിസ്തു മനുഷ്യനെ സഭയ്ക്ക് ഏല്പിച്ചുകൊടുത്തു. സഭയുടെ ദൗത്യത്തിൻെറയും (Mission) ശുശ്രൂഷയുടെയും (Ministry) "മാർഗ്ഗം" ആയിട്ടാണ് അവിടുന്ന് മനുഷ്യനെ അവൾക്ക് ഏല്പിച്ചുകൊടുത്തത്.

## കുടുംബം - സഭയുടെ മാർഗ്ഗം

2. വിവിധങ്ങളായ ഈ മാർഗ്ഗങ്ങളിൽ, *ഒന്നാമത്തേതും ഏറ്റവും പ്രധാനപ്പെട്ടതും കുടുംബമാണ്.* എല്ലാവർക്കും പൊതുവായിട്ടുള്ള മാർഗ്ഗമാണത്. എന്നാൽ അതു സവിശേഷവും അനന്യവുമാണ്. ഓരോ വ്യക്തിയും അനാവർത്തനക്ഷമതയുള്ളവനായിരിക്കുന്നതുപോലെ അതും അനാവർത്തനക്ഷമതയുള്ളതാണ്. മനുഷ്യനു വിട്ടുപേക്ഷിക്കാൻ സാദ്ധ്യമല്ലാത്ത മാർഗ്ഗമാണത്. യഥാർത്ഥത്തിൽ ഒരു മനുഷ്യൻ സാധാരണമായി ഈ ലോകത്തിലേക്കു വരുന്നത് ഒരു കുടുംബത്തിനുള്ളിലാണ്. ഒരു വ്യക്തി എന്ന നിലയിലുള്ള അവൻെറ അസ്തിത്വത്തിന് അവൻ കുടുംബത്തോടു കടപ്പെട്ടിരിക്കുന്നു എന്നുപറയാം. മനുഷ്യൻ കുടുംബമില്ലാതെ ലോകത്തിലേക്കു വന്നാൽ, വേദനയുടെയും നഷ്ടത്തിൻെറയും തീവ്രവേദനയനുഭവിക്കും. ആ വേദന അവൻെറ ജീവിതത്തെ മുഴുവനും ഭാരപ്പെടുത്തുകയും ചെയ്യും. അത്തരം സാഹചര്യങ്ങളെ അനുഭവിക്കുന്ന എല്ലാവരുടെയും അടുക്കലേക്ക് സ്നേഹാർദ്രമായ താത്പര്യത്തോടെ സഭ കടന്നുചെല്ലുന്നു. കാരണം, കുടുംബത്തിനുള്ള മൗലിക ധർമ്മത്തെപ്പറ്റി സഭയ്ക്കു നന്നായിട്ടറിയാം. കൂടാതെ, ഒരു വ്യക്തി, തൻെറ ജീവിതത്തിലെ *സവിശേഷമായ ദൈവവിളിയെ ഒരു പുതിയ കുടുംബം സ്ഥാപിച്ചു സാക്ഷാത്കരിക്കാൻ* താൻ ജനിച്ച കുടുംബത്തിൽ നിന്നു മുന്നോട്ടു നീങ്ങുന്നുവെന്നും സഭയ്ക്കറിയാം. ഒരുവൻ അവിവാഹിതനായിക്കഴിയാൻ തീരുമാനിച്ചാലും കുടുംബം അവൻെറ അസ്തിത്വത്തിൻെറ ചക്രവാളമായി തുടർന്നു നിലകൊള്ളും. ഏറ്റവും ഉറ്റതും ഏറ്റവും അടുത്തതും ഏറ്റവും അകന്നതുമായ എല്ലാ സാമൂഹിക ബന്ധങ്ങളുടെയും ഘടന (Network) അടിയുറപ്പിച്ചിരിക്കുന്ന മൗലിക സമുദായമായിട്ട് അതു തുടർന്നു നിലകൊള്ളും.... ലോകത്തെങ്ങും ജീവി

www.malankaralibrary.com



ക്കുന്ന മനുഷ്യരെ ഉദ്ദേശിച്ചു "മനുഷ്യകുടുംബം" എന്നു നാം മിക്കപ്പോഴും പറയാറില്ലേ?

സ്രഷ്ടാവ് സൃഷ്ടപ്രപഞ്ചത്തെ ആശ്ലേഷിക്കുന്ന അതേ സ്നേഹത്തിൽ നിന്നാണ് കുടുംബം ഉത്ഭവിക്കുന്നത്. ഉത്പത്തിപുസ്തകത്തിൽ (1 : 1) കാണുന്നതുപോലെ "ആരംഭത്തിൽത്തന്നെ" അതു പ്രസ്പഷ്ടമാക്കിയിട്ടുണ്ടല്ലോ. സുവിശേഷത്തിൽ യേശു അതിനു പരമമായ ഒരു സ്ഥിരീകരണവും നല്കിയിട്ടുണ്ട്: "ദൈവം തൻെറ ഏകജാതനെ നല്കാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ. 3 : 16). പിതാവിനോടു സത്തയിൽ ഒന്നായിരിക്കുന്ന ഏകജാതൻ, "ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവുമായിരിക്കുന്നവൻ," *മനുഷ്യചരിത്രത്തിലേക്കു കുടുംബത്തിലൂടെ പ്രവേശിച്ചു.*

"എന്തുകൊണ്ടെന്നാൽ, ദൈവപുത്രൻ മനുഷ്യാവതാരം വഴി, ഓരോ മനുഷ്യനുമായി ഒരുവിധത്തിൽ തന്നെത്തന്നെ ഐക്യപ്പെടുത്തി. അവിടുന്നു മാനുഷിക കരങ്ങൾകൊണ്ടു ജോലിചെയ്തു... മാനുഷിക ഹൃദയത്തോടെ സ്നേഹിച്ചു. കന്യകാമറിയത്തിൽ നിന്നു ജനിച്ച അവിടുന്നു യഥാർത്ഥത്തിൽ നമ്മിൽ ഒരാളായിത്തീർന്നു. പാപത്തിലൊഴികെ എല്ലാത്തിലും നമ്മെപ്പോലെയായി" [3] ക്രിസ്തു യഥാർത്ഥത്തിൽ "പൂർണ്ണമായി മനുഷ്യന് അവനെത്തന്നെ വെളിപ്പെടുത്തുന്നു"[4] വെങ്കിൽ, താൻ ജനിക്കാനും വളരാനും തിരഞ്ഞെടുത്ത കുടുംബത്തോടുകൂടിയാണ് അപ്രകാരം ചെയ്യാൻ തുടങ്ങിയത്. രക്ഷകൻ തൻെറ ജീവിതത്തിൻെറ മിക്കഭാഗവും നസ്രസ്സിൽ അജ്ഞാതനായി ചെലവഴിച്ചുവെന്നു നമുക്കറിയാം. "മനുഷ്യപുത്രൻ" എന്ന നിലയിൽ അമ്മയായ മറിയത്തോടും ഒരു മരപ്പണിക്കാരനായ യൗസേപ്പിനോടും "വിധേയത്വമുള്ളവനായി" (ലൂക്കാ. 2 : 51) അവിടുന്ന് അവിടെ കഴിഞ്ഞുകൂടിയെന്നു നമുക്കറിയാം. ക്രിസ്തുവിൻെറ പുത്രസഹജമായ ഈ അനുസരണം, പിതാവിനോട് മരണത്തോളം (ഫിലി. 2 : 8) താൻ പ്രദർശിപ്പിച്ചതും ലോകത്തെ രക്ഷിച്ചതുമായ ആ അനുസരണത്തിൻെറ പ്രഥമ പ്രകാശനമല്ലേ?

അങ്ങനെ, *വചനത്തിൻെറ മനുഷ്യാവതാരമെന്ന ദൈവിക രഹസ്യത്തിനു മാനുഷിക കുടുംബവുമായി അവഗാഢമായ ഒരു*

www.malankaralibrary.com



*ബന്ധമുണ്ട്.* നസ്രസ്സിലെ ആ ഒരു കുടുംബത്തോടു മാത്രമല്ല- ഒരുവിധത്തിൽ എല്ലാ കുടുംബങ്ങളോടും ബന്ധമുണ്ട്. മനുഷ്യാവതാരത്തിൽ ദൈവപുത്രൻ "ഒരർത്ഥത്തിൽ ഓരോ മനുഷ്യനുമായി തന്നെത്തന്നെ ഐക്യപ്പെടുത്തി"[5] എന്നു സാധർമ്മ്യംമൂലം രണ്ടാം വത്തിക്കാൻ സുനഹദോസു പറയുന്നു. "സേവനം ചെയ്യുവാനാണ്" ക്രിസ്തു ഈ ലോകത്തിലേക്കു "വന്നത്" (മത്താ. 20:28). ക്രിസ്തുവിനെ അനുഗമിച്ച്, കുടുംബത്തിനു സേവനം ചെയ്യുന്നത് തന്റെ സത്താപരമായ കടമകളിൽ ഒന്നാണെന്നു സഭ വിചാരിക്കുന്നു. ഈ അർത്ഥത്തിൽ, മനുഷ്യനും കുടുംബവും കൂടിയാണ് "സഭയുടെ മാർഗ്ഗത്തെ" സൃഷ്ടിക്കുന്നത്.

### കുടുംബവർഷം

3. യു.എൻ.ഒ. 1994-നെ കുടുംബങ്ങളുടെ അന്താരാഷ്ട്രവർഷമായി പ്രഖ്യാപിക്കുവാൻ തീരുമാനിച്ചു. ഇപ്പറഞ്ഞ കാരണങ്ങളാൽത്തന്നെ സഭ ആ തീരുമാനത്തെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നു. യു.എൻ.ഒ. യുടെ അംഗരാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം, കുടുംബം എന്ന പ്രശ്നം എത്ര മൗലികമായ ഒന്നാണെന്ന് ഈ പ്രാരംഭശ്രമം തന്നെ വ്യക്തമാക്കുന്നുണ്ട്. ഈ മുൻകൈയെടുക്കലിൽ പങ്കുചേരുവാൻ സഭ ആഗ്രഹിക്കുന്നത് സഭ തന്നെ "എല്ലാ രാഷ്ട്രങ്ങളിലേക്കുമായി" (മത്താ. 28 : 19) ക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടിരിക്കുന്നതുകൊണ്ടാണ്. കൂടാതെ, യു. എൻ. ഒ. യുടെ അന്താരാഷ്ട്ര സംരംഭങ്ങളെ ആദ്യമായിട്ടല്ല സഭ സ്വന്തമായിക്കരുതുന്നത്. ഉദാഹരണമായി 1985-ലെ അന്താരാഷ്ട്രയുവജന വർഷത്തിന്റെ കാര്യം ഓർമ്മിച്ചാൽ മതി. ഈവിധത്തിലും സഭ ലോകത്തിൽ സന്നിഹിതയായിത്തീരുന്നു. യോഹന്നാൻ 23-ാമൻ മാർപാപ്പയുടെ ഒരു തീവ്രാഭിലാഷത്തിന്റെ സാക്ഷാത്കാരമാണിത്. രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ ഗാവുദിയും ഏത്ത് സ്പെസ് ("സഭ ആധുനിക ലോകത്തിൽ") എന്ന പ്രമാണരേഖയുടെ പിന്നിലുള്ള പ്രചോദനവും അതാണ്.

സഭാസമൂഹമാകെ 1993-ലെ തിരുക്കുടുംബ മഹോത്സവദിവസം "കുടുംബവർഷാഘോഷം" തുടങ്ങി. രണ്ടായിരാമാണ്ടിന്റെ മഹാജൂബിലിക്കായി തയ്യാറാകുന്നതിന്റെ സുപ്രധാനമായ ഒരു പടിയായിട്ടാണ് അങ്ങനെ ചെയ്തത്. ആ ജൂബിലിവർഷം യേശുക്രിസ്തുവിന്റെ

www.malankaralibrary.com



പിറവിയുടെ രണ്ടാം സഹസ്രാബ്ദത്തിൻെറ അവസാനത്തെയും മൂന്നാം സഹസ്രാബ്ദത്തിൻെറ ആരംഭത്തെയും കുറിക്കുമല്ലോ. ഈ വർഷം നമ്മുടെ വിചാരങ്ങളെയും ഹൃദയങ്ങളെയും നസ്രസിലേക്കു തിരിക്കണം. ഈ വർഷാചരണം കഴിഞ്ഞ ഡിസംബർ 26-ാം തീയതി, പേപ്പൽ ഡലഗേറ്റിൻെറ മുഖ്യകാർമ്മികത്വത്തിൽ നടന്ന ആഘോഷപൂർവ്വകമായ കുർബ്ബാനയോടുകൂടി അവിടെവച്ച് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു.

*കുടുംബത്തോടുള്ള സഭയുടെ സ്നേഹത്തിൻെറയും ഔത്സുക്യത്തിൻെറയും വിവിധങ്ങളായ അടയാളങ്ങളെ* ഈ വർഷത്തിലാകെ പുതുതായി കണ്ടെത്തുക എന്നതു സുപ്രധാനമായ കാര്യമാണ്. ആ സ്നേഹവും ഔത്സുക്യവും ക്രിസ്തുമതത്തിൻെറ ആരംഭത്തിൽത്തന്നെ പ്രകടമാക്കപ്പെട്ടിട്ടുണ്ട്. അന്ന് "ഗാർഹികസഭ" എന്ന അർത്ഥപൂർണ്ണമായ പ്രയോഗം കുടുംബത്തെ സംബന്ധിച്ച് ഉപയോഗിച്ചുവല്ലോ. നമ്മുടെ കാലത്ത്, "ഗാർഹികസഭ" എന്ന ശൈലിയിലേക്കു നാം പലപ്പോഴും തിരിച്ചുചെന്നിട്ടുണ്ട്. വത്തിക്കാൻ കൗൺസിൽ അതു സ്വീകരിച്ചിട്ടുമുണ്ട്.[6] ആ പ്രയോഗത്തിൻെറ അർത്ഥം ജനഹൃദയങ്ങളിൽ എന്നെന്നും സജീവമായി നിലനില്ക്കുമെന്നു നാം പ്രത്യാശിക്കുന്നു. ഇന്നത്തെ ലോകത്തിൽ കുടുംബങ്ങളുടെ സാഹചര്യങ്ങൾ മാറിയിട്ടുണ്ട് എന്ന ബോധം, ഈ ആഗ്രഹത്തെ ലഘൂകരിക്കുന്നില്ല. ഇതുകൊണ്ടുതന്നെ സഭ ആധുനികലോകത്തിൽ എന്ന അജപാലക മാർഗ്ഗനിർദ്ദേശ രേഖയ്ക്കു *സന്തോഷവും പ്രത്യാശയും (Gaudium et spes)* എന്ന പേരു കൗൺസിൽ തിരഞ്ഞെടുത്തതിൽ നിരന്തരമായ പ്രസക്തിയുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ സഭ എന്താണു ചെയ്യേണ്ടതെന്നു സൂചിപ്പിക്കുകയാണ് ആ പേരു ചെയ്യുന്നത്: "വിവാഹത്തിൻെറയും കുടുംബത്തിൻെറയും മഹത്വത്തെ വളർത്തുക".[7] കൗൺസിൽ കഴിഞ്ഞിട്ട് ഈ വിഷയത്തെ പരാമർശിക്കുന്ന സുപ്രധാനമായ ഒരു രേഖയാണ് 1981-ലെ അപ്പസ്തോലികാഹ്വാനമായ *ഫമിലിയാരിസ് കൊൺസോർസിയോ* (കുടുംബം ഒരു കൂട്ടായ്മ). വിവിധ ജനതകളിലും രാജ്യങ്ങളിലും എപ്പോഴും എവിടെയും "സഭയുടെ മാർഗ്ഗമായി" തുടരുന്ന കുടുംബത്തെ സംബന്ധിച്ച വിപുലവും സങ്കീർണ്ണവുമായ അനുഭവത്തെ ആ രേഖ പരിഗണിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ കുടുംബം ആന്തരികമായ വിഷമസ്ഥിതി അനുഭവിക്കുന്നു. ആന്തരി

www.malankaralibrary.com



കമായ ഐക്യത്തെയും ശക്തിയെയും ഭീഷണിപ്പെടുത്തുന്ന, സാം സ്കാരികവും സാമൂഹികവും സാമ്പത്തികവുമായ വിരുദ്ധ സ്വാധീനശക്തികൾക്കു വിധേയമായിരിക്കുന്നു. കുടുംബത്തിന്റെ രൂപപ്പെടുത്തലിനെത്തന്നെ ആ ശക്തികൾ എതിർക്കുകയാണ്. അത്തരം സ്ഥലങ്ങളെ ഒരർത്ഥത്തിൽ, ആ രേഖ കൂടുതലായും പരിഗണിച്ചിട്ടുണ്ട്.

## പ്രാർത്ഥന

4. ഈ എഴുത്തിൽ, കുടുംബങ്ങളോട് "സാമാന്യമായി" സംസാരിക്കാനല്ല, പിന്നെയോ ലോകത്തിന്റെ ഏതു ഭാഗത്തുമുള്ള ഓരോ കുടുംബത്തോടും പ്രത്യേകം പ്രത്യേകം സംസാരിക്കാനാണ് ഞാനാഗ്രഹിക്കുന്നത്. അത് എവിടെയുള്ളതായാലും, അതിന്റെ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും വൈവിധ്യവും സങ്കീർണ്ണതയും എന്തൊക്കെയായാലും, അങ്ങനെ ചെയ്യാൻ ഞാനാഗ്രഹിക്കുന്നു. മനുഷ്യജാതിയുടെ മഹനീയവും സാർവ്വത്രികവുമായ "കുടുംബത്തിന്റെ" സജീവമായ കോശം (ജീവധാതു) ആണു കുടുംബം. ആ നിലയ്ക്ക് ഈ സന്ദേശം ഓരോ കുടുംബത്തിനും നല്കുവാൻ സാധിക്കും. ദൈവം ലോകത്തെ സ്നേഹിച്ച (യോഹ. 3 : 16) ആ സ്നേഹം, യേശുക്രിസ്തു ഓരോരുത്തനെയും "അന്ത്യംവരെ" (യോഹ. 13 : 1) സ്നേഹിച്ച ആ സ്നേഹം, ഇതു സാദ്ധ്യമാക്കുന്നു. എല്ലാ ജനതകളെയും സഹോദരീസഹോദരങ്ങളായിക്കാണാനുള്ള ഈ തുറവിയുടെ സ്രോതസ്സ് പ്രപഞ്ചസ്രഷ്ടാവായ പിതാവും മനുഷ്യാവതാരം ചെയ്ത മനുഷ്യവംശരക്ഷകനായ വചനവുമാണ്. "ഞങ്ങളുടെ പിതാവേ" എന്ന വാത്സല്യം നിറഞ്ഞ വാക്കുകളോടെ തുടങ്ങുന്ന പ്രാർത്ഥനയിൽ എല്ലാവരെയും ആശ്ലേഷിക്കുവാൻ അവർ നിർബന്ധിക്കുന്നുണ്ട്.

പ്രാർത്ഥന ദൈവപുത്രനെ നമ്മുടെയിടയിൽ സന്നിഹിതനാക്കുന്നു: "എന്തുകൊണ്ടെന്നാൽ രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ ഞാൻ അവരുടെ ഇടയിൽ ഉണ്ടായിരിക്കും" (മത്താ. 18 :20). ഈ എഴുത്ത് ഒന്നാമതായി, ക്രിസ്തുവിനോടുള്ള ഒരു പ്രാർത്ഥനയായിരിക്കാനാഗ്രഹിക്കുന്നു - ഓരോ മനുഷ്യകുടുംബത്തിലും, സന്നിഹിതനായിരിക്കണമേ എന്ന പ്രാർത്ഥന. ക്രിസ്തുവിനെ ക്ഷണിക്കലാണിത്. മാതാപിതാക്കളും കുട്ടികളുമുള്ള ചെറിയ കുടുംബത്തിലും കുടുംബത്തിലൂടെയും വസിച്ച് രാഷ്ട്രങ്ങളു

www.malankaralibrary.com



ടെ വലിയ കുടുംബത്തിൽ നിവസിക്കാനുള്ള ക്ഷണം. എല്ലാവരോടു മൊത്തു ചേർന്നു "ഞങ്ങളുടെ പിതാവേ" എന്ന് അവിടുത്തോടൊത്ത് പ്രാർത്ഥിക്കാൻ നമുക്കു യഥാർത്ഥത്തിൽ കഴിയുന്നതിനാണിത്. സഭയിൽ കുടുംബവർഷാചരണത്തിന്റെ പ്രബലമായ ഘടകംപ്രാർത്ഥനയായിരിക്കണം: കുടുംബം നടത്തുന്ന പ്രാർത്ഥന, കുടുംബത്തിനുവേണ്ടിയുള്ള, കുടുംബത്തോടുകൂടിയുള്ള പ്രാർത്ഥന.

പ്രാർത്ഥനയിലും, പ്രാർത്ഥനയിലൂടെയും മനുഷ്യൻ തന്റെ അനന്യമായ കർത്തൃത്വത്തെ വളരെ ലളിതവും അതേസമയം അത്യഗാധവുമായ രീതിയിൽ കണ്ടെത്തുന്നു എന്നത് ശ്രദ്ധാർഹമായ കാര്യമാണ്. ഒരു വ്യക്തിയായിരിക്കുക എന്നതിന്റെ അഗാധമായ അർത്ഥമെന്താണെന്നു പ്രാർത്ഥനയിൽ മാനുഷികമായ "ഞാൻ" കൂടുതൽ എളുപ്പത്തിൽ കണ്ടെത്തുന്നു. കുടുംബത്തെ സംബന്ധിച്ചും ഇതുശരിയാണ്. കുടുംബം സമൂഹത്തിന്റെ മൗലികകോശം മാത്രമല്ല. സ്വന്തമായ ഒരു സവിശേഷ കർത്തൃത്വവും അതിനുണ്ട്. കുടുംബാംഗങ്ങൾ "ഞങ്ങളുടെ പിതാവേ" എന്ന പ്രാർത്ഥനയിൽ ഒന്നിച്ചുകൂടുമ്പോൾ, ഈ കർത്തൃത്വം തന്റെ പ്രഥമവും മൗലികവുമായ സ്ഥിരീകരണം കണ്ടെത്തുന്നു; പ്രബലമാക്കപ്പെടുകയും ചെയ്യുന്നു. പ്രാർത്ഥന, ദൈവത്തിന്റെ "ശക്തി"യിൽ പങ്കുചേരാൻ കുടുംബത്തെ സഹായിക്കും. അങ്ങനെ പ്രാർത്ഥന കുടുംബത്തിന്റെ ശക്തിയെയും ആദ്ധ്യാത്മികമായ ഐക്യത്തെയും വർദ്ധിപ്പിക്കും. വിവാഹാശീർവാദകർമ്മത്തിൽ, ആഘോഷപൂർവ്വകമായ വിവാഹാശീർവാദം നല്കുമ്പോൾ, കാർമ്മികൻ, ഈ വാക്കുകളിലൂടെ കർത്താവിനെ വിളിച്ചുപ്രാർത്ഥിക്കുന്നു: "(നവവധൂവരന്മാരായ) ഇവരുടെമേൽ പരിശുദ്ധാത്മാവിന്റെ അനുഗ്രഹം ചൊരിയണമേ. അങ്ങനെ, അവരുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ട അങ്ങയുടെ സ്നേഹത്താൽ, അവർ വിവാഹോടമ്പടിയിൽ വിശ്വസ്തതയോടെ നിലനില്ക്കട്ടെ" [8] പരിശുദ്ധാത്മാവിന്റെ ഈ സന്ദർശനം കുടുംബങ്ങൾക്ക് ആന്തരികശക്തിയുണ്ടാക്കുന്നു. സ്നേഹത്തിലും സത്യത്തിലും അവരെ തമ്മിൽ യോജിപ്പിക്കാനുള്ള ശക്തിയും നല്കുന്നു.

## സ്നേഹവും താത്പര്യവും : എല്ലാ കുടുംബങ്ങളോടും

5. ഈ കുടുംബവർഷാചരണം, എല്ലാ "ഗാർഹിക സഭകളെയും"

www.malankaralibrary.com



ദൈവജനം മുഴുവനെയും സംബന്ധിച്ചിടത്തോളം സമഞ്ജസവും സാർവ്വത്രികവുമായ ഒരു പ്രാർത്ഥനയായിത്തീരട്ടെ. പ്രയാസങ്ങളിൽക്കഴിയുന്ന കുടുംബങ്ങളിലേക്കും വിശ്വസ്തതയില്ലാതിരിക്കുകയോ വിഭജനമനുഭവിക്കുകയോ ചെയ്യുന്നതുമൂലം അപകടത്തിലായിരിക്കുന്ന കുടുംബങ്ങളിലേക്കും, കുടുംബം ഒരു കൂട്ടായ്മ എന്ന അപ്പസ്തോലികാഹ്വാനത്തിൽ "ക്രമരഹിതം" [9] എന്നു വിവരിക്കപ്പെട്ട സാഹചര്യങ്ങളിലുള്ള കുടുംബങ്ങളിലേക്കും ഈ പ്രാർത്ഥന ചെന്നുചേരട്ടെ. *എല്ലാ കുടുംബങ്ങൾക്കും തങ്ങളുടെ സഹോദരീ സഹോദരന്മാരുടെ സ്നേഹമസൃണവും താത്പര്യപൂർണ്ണവുമായ ആശ്ലേഷം അനുഭവിക്കാൻ കഴിയുമാറാകട്ടെ!*

ഈ കുടുംബവർഷത്തിൽ, കുടുംബവുമായുള്ള ഐക്യത്തിൽ തങ്ങളുടെ മാനുഷികവും ക്രൈസ്തവവുമായ ദൈവവിളിയനുസരിച്ചു ജീവിക്കുന്നവരെ സംബന്ധിച്ചിടത്തോളം പ്രാർത്ഥന ഒന്നാമതായി, പ്രചോദനാത്മകമായ സാക്ഷ്യത്തിന്റേതായിരിക്കണം. ഓരോ രാഷ്ട്രത്തിലും, ഓരോ രൂപതയിലും ഓരോ ഇടവകയിലും അങ്ങനെയുള്ളവരുടെ സംഖ്യ എത്രയോ വലുതാണ്! "ക്രമരഹിതമായ സാഹചര്യങ്ങൾ" കുറേയുണ്ടെന്നു സമ്മതിച്ചാലും, അത്തരം കുടുംബങ്ങളാണ് സാധാരണമായി (നിയമേന) ഉള്ളതെന്നു സകാരണം പറയാം. ധാർമ്മിക നിയമമനുസരിച്ചു ജീവിക്കുന്ന ഒരു കുടുംബം എത്രമാത്രം പ്രധാനപ്പെട്ട ഒരു ധർമ്മമാണു നിർവ്വഹിക്കുന്നതെന്ന് അനുഭവം പഠിപ്പിക്കുന്നുണ്ട്. കാരണം, അത്തരം കുടുംബങ്ങളിൽ ജനിച്ചുവളരുന്ന വ്യക്തിക്ക്, നന്മയുടെ മാർഗ്ഗത്തിലൂടെ സംശയംകൂടാതെ യാത്രതുടരാനാവും.

ആ മാർഗ്ഗമാകട്ടെ എപ്പോഴും *അവന്റെ ഹൃദയത്തിൽ ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു.* നിർഭാഗ്യകരമായ ഒരു സംഗതി ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നു. വളരെയേറെ സാമ്പത്തികശേഷിയുള്ള കേന്ദ്രങ്ങളുടെ പിന്തുണയോടെ ഇക്കാലത്തു നടത്തപ്പെടുന്ന വിവിധ പരിപാടികൾ, കുടുംബങ്ങളുടെ തകർച്ചയെ ലക്ഷ്യം വയ്ക്കുന്നതായി തോന്നുന്നു. യഥാർത്ഥത്തിൽ "ക്രമരഹിതമായ" സാഹചര്യങ്ങളെ നിയമാനുസൃതവും ആകർഷകവുമായിട്ടും - പ്രഭാപൂർണ്ണംപോലും ആയിട്ടും - ചിത്രീകരിച്ചു കാണിക്കാനുള്ള സംഘടിതശ്രമം ചിലപ്പോൾ

www.malankaralibrary.com



നടക്കുന്നതായി തോന്നുന്നു. സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള ബന്ധങ്ങളെ പ്രചോദിപ്പിക്കുകയും നയിക്കുകയും ചെയ്യേണ്ട സത്യത്തിനും സ്നേഹത്തിനും എതിരായിട്ടാണു വാസ്തവത്തിൽ അവർ പ്രവർത്തിക്കുന്നത്. അങ്ങനെ, അവർ കുടുംബങ്ങളിൽ സംഘർഷങ്ങളും വിഭജനങ്ങളും സൃഷ്ടിക്കുന്നു. അവ, പ്രത്യേകിച്ചു കുട്ടികളെ സംബന്ധിച്ചിടത്തോളം, ഗൗരവപൂർണ്ണമായ അനന്തരഫലങ്ങൾ ഉളവാക്കുന്നു: ധാർമ്മികമനഃസാക്ഷിയെ ഇരുട്ടിലാഴ്ത്തുന്നു. യഥാർത്ഥത്തിൽ സത്യപൂർണ്ണവും നന്മയും സുന്ദരവുമായതിനെ വികലമാക്കുന്നു; യഥാർത്ഥത്തിൽ അടിമത്തമായതിനെ സ്വാതന്ത്ര്യത്തിനുപകരം വയ്ക്കുന്നു. ഇവയെല്ലാം നിരീക്ഷിക്കുമ്പോൾ ക്രിസ്തു നമുക്കു തന്ന സ്വാതന്ത്ര്യത്തെയും പാപം ഉളവാക്കുന്ന അടിമത്തത്തെയും കുറിച്ചുള്ള പൗലോസ് അപ്പസ്തോലൻെറ വാക്കുകൾ (ഗലാ. 5 : 1) എത്രയോ പ്രസക്തങ്ങളും ചിന്തോദ്യോതകങ്ങളുമാണ്.

സഭയെ സംബന്ധിച്ചിടത്തോളം ഒരു കുടുംബവർഷാചരണം എത്ര കാലികപ്രസക്തിയുള്ളതാണെന്ന് - എത്ര ആവശ്യകം പോലുമാണെന്ന് - അങ്ങനെ വ്യക്തമാകുന്നു. അനുദിനജീവിതത്തിൽ തങ്ങളുടെ ദൈവവിളിയനുസരിച്ചു ജീവിക്കുന്ന *എല്ലാ കുടുംബങ്ങളുടെയും സാക്ഷ്യം* എത്രയോ അപരിത്യാജ്യമാണ്. പ്രാർത്ഥിക്കുക എന്നതും, ആ പ്രാർത്ഥന വർദ്ധിക്കുക എന്നതും അതു ലോകവ്യാപകമായിത്തീരുക എന്നതും, കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം എത്രയോ അടിയന്തിര സ്വഭാവമുള്ള കാര്യങ്ങളാണ്. ആ പ്രാർത്ഥനയാകട്ടെ, സത്യത്തിലുള്ള സ്നേഹത്തിനും, "പവിത്രാത്മാവിൻെറ വർഷിക്കലിനും" [10], "അവസാനംവരെ സ്നേഹിച്ച" (യോഹ. 13 : 1) രക്ഷകനും മണവാളനുമായ ക്രിസ്തുവിനു മാതാപിതാക്കളിലും കുട്ടികളിലുമുള്ള സാന്നിധ്യത്തിനും നന്ദിപ്രകാശിപ്പിക്കുന്നതായിരിക്കണം. ഈ സ്നേഹമാണ് സർവ്വോൽകൃഷ്ടം (1 കൊറി. 13 : 13) എന്ന അത്യഗാധമായ അവബോധം നമുക്കുണ്ടാകണം. സ്നേഹമല്ലാത്ത എന്തിനെ യും കീഴടക്കാൻ അതിനു യഥാർത്ഥത്തിൽ പ്രാപ്തിയുണ്ടെന്നു നമുക്കു വിശ്വസിക്കാം.

ഈ വർഷത്തിൽ, സഭയുടെ പ്രാർത്ഥന - "ഗാർഹിക സഭകളായ" കുടുംബങ്ങളുടെ പ്രാർത്ഥന - നിരന്തരമുയരട്ടെ. അത് ഒന്നാമതായി ദൈവം കേൾക്കാൻ ഇടയാകട്ടെ, പിന്നീട് അത് എല്ലായിടത്തുമു

www.malankaralibrary.com



ള്ള ജനങ്ങളും കേൾക്കുവാൻ ഇടയാകട്ടെ. അങ്ങനെ, അവർ സംശയ ഗ്രസ്തരാകാതിരിക്കട്ടെ; മാനുഷിക ദുർബലതകൊണ്ടു ചഞ്ചല ചിത്ത രായിട്ടുള്ളവർ, ഓരോ പരീക്ഷയിലും പ്രദർശിപ്പിക്കുന്നതുപോലുള്ള കേവലം മായികമായ നന്മകളുടെ പ്രലോഭനപരമായ തിളക്കത്തിനു വഴങ്ങാതിരിക്കട്ടെ.

യേശുക്രിസ്തു ക്ഷണിക്കപ്പെട്ട കാനായിലെ കല്യാണവിരുന്നിൽ അവിടുത്തെ അമ്മയും സന്നിഹിതയായിരുന്നു. അവൾ വേലക്കാരോ ടു പറഞ്ഞു: "അവൻ പറയുന്നതെല്ലാം ചെയ്യുക" (യോഹ. 2 : 5). കു ടുംബവർഷാചരണം തുടങ്ങിയ നമ്മോടും മറിയം അതേ വാക്കുകൾ തന്നെ പറയുന്നു. ചരിത്രത്തിൻെറ ഈ പ്രത്യേക നിമിഷത്തിൽ ക്രി സ്തു നമുക്കു നല്കുന്നത്, കുടുംബങ്ങളോടൊത്തും കുടുംബങ്ങൾ ക്കുവേണ്ടിയും പ്രാർത്ഥിക്കാനുള്ള ശക്തമായ ആഹ്വാനമാണ്. ഓ രോ കുടുംബത്തെയും സ്നേഹിക്കുന്ന തൻെറ പുത്രൻെറ വികാരങ്ങ ളോട് ഈ പ്രാർത്ഥനയിലൂടെ ഒന്നുചേരുവാൻ കന്യകാമാതാവ് നമ്മെ ക്ഷണിക്കുന്നു. രക്ഷകൻ എന്ന നിലയിലുള്ള തൻെറ ദൗത്യനിർവ്വഹ ണത്തിൻെറ പ്രാരംഭത്തിൽത്തന്നെ യേശു ഈ സ്നേഹം പ്രകടിപ്പിച്ചു. ഗലീലിയിലെ കാനായിൽ തൻെറ വിശുദ്ധീകരണ സാന്നിദ്ധ്യം വഴി പ്രകടമാക്കിയ ആ സ്നേഹം ഇന്നും തുടരുന്നുണ്ട്.

ലോകത്തെങ്ങുമുള്ള കുടുംബങ്ങൾക്കുവേണ്ടി നമുക്കു പ്രാർത്ഥി ക്കാം. ക്രിസ്തുവിലൂടെയും ക്രിസ്തുവിനോടൊത്തും, ക്രിസ്തുവി ലും നമുക്കു പിതാവിനോടു പ്രാർത്ഥിക്കാം. പിതാവിൽ നിന്നാണല്ലോ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ കുടുംബവും പേർ വിളിക്കപ്പെട്ടി ട്ടുള്ളത് (എഫേ. 3 : 15).

www.malankaralibrary.com



# I. സ്നേഹനാഗരികത

## *ആണും പെണ്ണുമായി അവൻ അവരെ സൃഷ്ടിച്ചു*

6. അളവറ്റതും അനന്ത വൈവിധ്യമുള്ളതുമായ ഈ പ്രപഞ്ചം- ജീവനുള്ള എല്ലാത്തിൻേറതുമായ ഈ ലോകം - ദൈവത്തിൻെറ *പിതൃത്വത്തിൽ* ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. ദൈവത്തിൻെറ പിതൃത്വമാണ് ഇതിൻെറ ഉറവിടം (എഫേ. 3 : 14-16). പിതൃത്വ-മാതൃത്വ യാഥാർത്ഥ്യത്തെപ്പറ്റിയും അങ്ങനെ മാനുഷിക കുടുംബത്തെപ്പറ്റിയും നമുക്കു തീർച്ചയായും ഇതുപറയാൻ കഴിയും. ഉത്പത്തിപുസ്തകത്തിൻെറ ആരംഭത്തിൽത്തന്നെയുള്ളതും നമുക്കു വിവേചിച്ചറിയാൻ കഴിയുന്നതുമായ ഒരലങ്കാരത്തിൻെറ അടിസ്ഥാനത്തിൽ അങ്ങനെ പറയാം. വി. ഗ്രന്ഥം ഉയർത്തിപ്പിടിക്കുന്ന "ഛായ"യുടെയും "സാദൃശ്യ"ത്തിൻെറയും തത്ത്വം (ഉത്പ. 1 : 26) ഈ തിരിച്ചറിയലിനുള്ള താക്കോൽ നല്കുന്നുണ്ട്. "ഉണ്ടായിരിക്കട്ടെ".... എന്ന തൻെറ വാക്കിൻെറ ശക്തികൊണ്ടു ദൈവം സൃഷ്ടിക്കുന്നു (ഉദാ: ഉത്പ. 1 : 3). എന്നാൽ മനുഷ്യനെ സൃഷ്ടിക്കുമ്പോൾ, ദൈവത്തിൻെറ ഈ വാക്കിനെ മറ്റുവാക്കുകൾ പിന്തുടരുന്നു എന്നതു ശ്രദ്ധേയമാണ്: "മനുഷ്യനെ നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കാം" (ഉത്പ. 1 : 26). മനുഷ്യനെ സൃഷ്ടിക്കുന്നതിനുമുൻപ് സ്രഷ്ടാവ് തൻെറ സത്തയുടെ രഹസ്യത്തിൽ മാതൃകയും പ്രചോദനവും അന്വേഷിക്കാനെന്നപോലെ തന്നിലേക്കുതന്നെ പിന്തിരിയുന്നു. ആ രഹസ്യമാകട്ടെ, "നാം" എന്ന ദൈവിക പ്രയോഗത്തിൽ വ്യക്തമാക്കപ്പെടുന്നു. ഈ രഹസ്യത്തിൽ നിന്ന്, ഒരു സൃഷ്ടികർമ്മം വഴി മനുഷ്യജീവി അസ്തിത്വത്തിലേക്കുവരുന്നു. "അങ്ങനെ ദൈവം തൻെറ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിൻെറ ഛായയിൽ അവിടുന്ന് അവനെ സൃഷ്ടിച്ചു. സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു." (ഉത്പ. 1 : 27).

താൻ സൃഷ്ടിച്ച ആ പുതിയ ജീവികളോട് ദൈവം സംസാരിക്കുകയും അവരെ അനുഗ്രഹിക്കുകയും ചെയ്തു. "ഫലസമൃദ്ധിയുള്ളവരായി പെരുകുക, ഭൂമിയെ നിറച്ച് അതിനെ കീഴടക്കുക (ഉത്പ. 1 : 28). മറ്റു

www.malankaralibrary.com



ജീവികളുടെ സൃഷ്ടിയെ സംബന്ധിച്ച് മുമ്പ് ഉപയോഗിച്ച അതേ പ്രയോഗങ്ങൾ തന്നെയാണ് ഉത്പത്തിപുസ്തകം ഇവിടെയും ഉപയോഗിക്കുന്നത് : "പെരുകുക". എന്നാൽ, ഈ പ്രയോഗങ്ങൾ ആലങ്കാരികമായിട്ടാണു പ്രയോഗിച്ചിട്ടുള്ളതെന്നു തീർച്ചയാണ്. സാഹചര്യം മുഴുവനുമനുസരിച്ചു മനസ്സിലാക്കേണ്ട, ജനിപ്പിക്കൽ, പിതൃത്വം, മാതൃത്വം എന്നിവയുടെ സമാനധർമ്മത്വം (analogy) ഇവിടെയില്ലേ? ലോകത്തിൽ മനുഷ്യനല്ലാതെ മറ്റൊന്നും ദൈവത്തിൻെറ സാദൃശ്യത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ടിട്ടില്ല. മാനുഷിക പിതൃത്വത്തിനും മാതൃത്വത്തിനും പ്രകൃതിയിലുള്ള മറ്റു ജീവജാലങ്ങളുടെ പിതൃത്വത്തോടും മാതൃത്വത്തോടും ജീവശാസ്ത്രപരമായ സാദൃശ്യമുണ്ട്. അതേസമയം അവ സത്താപരവും അനന്യവുമായ രീതിയിൽ ദൈവത്തിൻെറ ഛായയോടുള്ള സാദൃശ്യം ഉൾക്കൊള്ളുന്നുമുണ്ട്. മാനുഷിക ജീവിതത്തിൻെറ ഒരു സമൂഹമെന്ന നിലയിലുള്ള - സ്നേഹത്തിൽ ഒന്നിക്കപ്പെട്ട വ്യക്തികളുടെ കൂട്ടായ്മ (communio personarum) എന്ന നിലയിലുള്ള - കുടുംബത്തിൻെറ അടിസ്ഥാനമാണത്. ദൈവത്തിൽത്തന്നെ, അതായത് ദൈവത്തിൻെറ ത്രിത്വാത്മക ജീവിതത്തിൽത്തന്നെ, കുടുംബത്തിൻെറ ആദിമമാതൃക (Primordial model) കണ്ടെത്താൻ പുതിയ നിയമത്തിൻെറ വെളിച്ചത്തിൽ സാധ്യമാണ്. ദൈവികമായ "നാം" മാനുഷികമായ നാം എന്നതിൻെറ ശാശ്വത മാതൃകയാണ് - പ്രത്യേകിച്ച് ദൈവിക സാദൃശ്യത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ട സ്ത്രീയും പുരുഷനും ചേർന്ന "നാം" എന്നതിൻെറ. അത് അപ്രകാരമാണ്. മനുഷ്യജാതിയുടെ അനുഭവത്താൽ സ്ഥിരീകരിക്കപ്പെട്ടതും മനുഷ്യനെ സംബന്ധിച്ചതുമായ ആ സത്യം ഉത്പത്തി പുസ്തകത്തിലെ വാക്കുകളിൽ ഉൾക്കൊണ്ടിട്ടുണ്ട്. മനുഷ്യൻ, "ആദിയിൽത്തന്നെ" ആണും പെണ്ണുമായിട്ടാണ് സൃഷ്ടിക്കപ്പെട്ടത്. മനുഷ്യജാതിയുടെ ജീവിതം മുഴുവനും ആദിമമായ ഈ ദ്വിത്വാത്മകതയുടെ മുദ്രപേറുന്നു. മനുഷ്യരുടെ ചെറിയ സമുദായങ്ങളെക്കുറിച്ചായാലും പൊതുവേ മനുഷ്യസമൂഹത്തെക്കുറിച്ചായാലും ഇതു വാസ്തവമാണ്. ആ ദ്വിത്വാത്മകതയിൽ നിന്ന് വ്യക്തികളുടെ പുരുഷത്വവും സ്ത്രീത്വവും ഉണ്ടാകുന്നു. അതിൽ നിന്നു വ്യക്തികളുടെ പരസ്പരാശ്രിതമായ പൂർത്തീകരണത്തിലൂടെ ഓരോ സമൂഹവും അനന്യമായ സമ്പന്നത നേടുകയും ചെയ്യുന്നു. ഉത്പത്തി പുസ്തകത്തിൽ, "ആണും

www.malankaralibrary.com



പെണ്ണുമായി അവരെ സൃഷ്ടിച്ചു" (ഉത്പ. 1 : 27) എന്ന വാക്കുകൾ കൊണ്ട് അർത്ഥമാക്കുന്നത് അതായിരിക്കണം. സ്ത്രീയുടെയും പുരുഷൻെറയും തുല്യമായ മഹത്വത്തെപ്പറ്റിയുള്ള പ്രഥമ പ്രസ്താവനയും ഇവിടെ നാം കാണുന്നു - രണ്ടുപേരും തുല്യമായ അളവിൽ വ്യക്തികളാണ്. അവരുടെ ഘടനയും അതിൽ നിന്നുണ്ടാകുന്ന സവിശേഷ മഹത്വവും, "ആദിമുതലേ" ഓരോ അളവിലും ജീവിതത്തിൻെറ ഓരോ സാഹചര്യത്തിലും മനുഷ്യജാതിക്കായുള്ള പൊതുനന്മയുടെ ഗുണങ്ങളെ നിർവചിക്കുന്നു. ആ പൊതുനന്മയിലേക്ക് സ്ത്രീയും പുരുഷനും അവരുടെ സവിശേഷമായ സംഭാവന നല്കുന്നുണ്ട്. അങ്ങനെ മനുഷ്യസമൂഹത്തിൻെറ ആരംഭത്തിൽത്തന്നെ, കൂട്ടായ്മയുടെയും പരസ്പര പൂരകത്വത്തിൻെറയും ഗുണങ്ങൾ ആർക്കും കണ്ടെത്താൻ കഴിയും.

### *വിവാഹോടമ്പടി*

7. കുടുംബം മനുഷ്യൻെറ *സാമൂഹിക സ്വഭാവത്തിൻെറ* പ്രഥമവും അടിസ്ഥാനപരവുമായ പ്രകാശനമായി എന്നും പരിഗണിക്കപ്പെട്ടിട്ടുണ്ട്. ഇന്നും ഈ പരിഗണന മാറ്റമില്ലാതെ നിലകൊള്ളുന്നു. എന്നാലും ഏറ്റവും ചെറുതും ഏറ്റവും മൗലികവുമായ മാനുഷിക സമുദായം എന്ന നിലയിൽ, കുടുംബം, സ്ത്രീയുടെയും പുരുഷൻെറയും വ്യക്തിപരമായ സംഭാവനയോട് എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നതിൽ ഊന്നൽകൊടുക്കാനുള്ള പ്രവണത ഇക്കാലത്തു കാണുന്നു. കുടുംബം യഥാർത്ഥത്തിൽ വ്യക്തികളുടെ സമുദായമാണ്. അവരുടെ ശരിയായ വിധത്തിലുള്ള നിലനില്പും ഒന്നിച്ചുള്ള ജീവിതവും ഒരു കൂട്ടായ്മ (communion) ആണ് - വ്യക്തികളുടെ കൂട്ടായ്മ ( communio personarum). ഇവിടെയും, കുടുംബത്തിനു ദൈവികമായ "നാം" എന്നതിനോടുള്ള ആത്യന്തികമായ ബന്ധം നമുക്കു കാണാനാകും. സൃഷ്ടികളെ സംബന്ധിച്ച് സ്രഷ്ടാവിനുള്ള അതീതത്വം എപ്പോഴും അംഗീകരിച്ചുകൊണ്ടുതന്നെ അങ്ങനെ ചെയ്യാം. വ്യക്തികൾക്കു മാത്രമേ കൂട്ടായ്മയിൽ ജീവിക്കാൻ കഴിയൂ. കുടുംബം വിവാഹപരമായ ഒരു കൂട്ടായ്മയിൽ ജനിക്കുന്നു. ആ കൂട്ടായ്മയെ സ്ത്രീയും പുരുഷനും "പരസ്പരം ആത്മാർപ്പണം നടത്തുകയും പരസ്പരം സ്വീകരിക്കുകയും ചെയ്യുന്ന ഒരു ഉടമ്പടി" എന്നാണ് രണ്ടാം വത്തിക്കാൻ സൂനഹദോസു വിവരിക്കുന്നത്.[11]

www.malankaralibrary.com



ഈ സത്യത്തെ കണ്ടെത്താൻ ഉത്പത്തി പുസ്തകം നമ്മെ സഹായിക്കുന്നു. വിവാഹത്തിലൂടെ കുടുംബത്തെ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചുള്ള അതിലെ പ്രസ്താവന അങ്ങനെ ചെയ്യുന്നുണ്ട്. "പുരുഷൻ തൻെറ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരുകയും അവർ ഇരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യും" (ഉത്പ. 2 : 24) എന്നതാണ് ആ പ്രസ്താവന. പുതിയ നിയമത്തിൽ ക്രിസ്തു ഫരിസേയരോടു തർക്കിക്കുമ്പോൾ ഇതേ വാക്കുകൾ ഉദ്ധരിക്കുന്നു. എന്നിട്ട് ഇങ്ങനെ കൂട്ടിച്ചേർക്കുന്നു: "അതുകൊണ്ട് അവർ ഇനി രണ്ടല്ല, പിന്നെയോ ഒറ്റ ശരീരമാണ്. ആകയാൽ ദൈവം ചേർത്തതു മനുഷ്യൻ വിഛേദിക്കാതിരിക്കട്ടെ" (മത്താ. 19:6). അങ്ങനെ, ഒരു യാഥാർത്ഥ്യത്തിൻെറ ആദിമുതലേ നിലനില്ക്കുന്നതും കടപ്പെടുത്തുന്നതുമായ ഉള്ളടക്കത്തെ ക്രിസ്തു വീണ്ടും വെളിപ്പെടുത്തുന്നു. ആ ഉള്ളടക്കത്തെ അത് എന്നും സൂക്ഷിക്കുന്നുണ്ട്. ഗുരു അതിനെ "ഇപ്പോൾ" സ്ഥിരീകരിക്കുന്നുവെങ്കിൽ, അത് കുടുംബത്തിൻെറ പൊതുനന്മയുടെ അടിസ്ഥാനമായി വിവാഹത്തിൻെറ അഭേദ്യതാസ്വഭാവത്തെ, പുതിയനിയമത്തിൻെറ പുലരിയിൽ, എല്ലാവർക്കും സുവ്യക്തവും സംശയാതീതവുമാക്കിക്കാണിക്കാൻ വേണ്ടിയാണ്.

വിവാഹോടമ്പടി വഴി സൃഷ്ടിക്കപ്പെടുന്ന വിവാഹം "പൂർണ്ണവും സവിശേഷവുമായ അർത്ഥത്തിലേക്കു" [12] നയിക്കപ്പെടുന്നത് പിതൃത്വം എന്ന സംഭവത്തിലാണെന്നു നാം മനസ്സിലാക്കുന്നു. എല്ലാ പിതൃത്വവും മാതൃത്വവും പേർ വിളിക്കപ്പെടാൻ കാരണമായ (എഫേ. 3 : 14-15) പിതാവിൻെറ മുമ്പിൽ, അപ്പസ്തോലനോടൊപ്പം നാം മുട്ടുകുത്തുമ്പോൾ അതു മനസ്സിലാകുന്നു. പിതൃത്വമില്ലാതെ മാതൃത്വമില്ല. മാതൃത്വമില്ലാതെ പിതൃത്വമില്ല. അവ അവശ്യാവശ്യകമായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സ്രഷ്ടാവ് മനുഷ്യജീവികൾക്ക് "ആദിമുതലേ" നൽകിയ ദ്വിത്വാത്മകതയുടെ (duality) ഫലമാണിത്.

ഉറ്റ ബന്ധമുള്ള രണ്ട് ആശയങ്ങളെപ്പറ്റി ഞാൻ പറഞ്ഞു. അവ രണ്ടും ഒന്നല്ല. കൂട്ടായ്മ (communion) സമുദായം (community) എന്നിവയാണ് ആ ആശയങ്ങൾ. "ഞാൻ" "നീ" എന്നിവ തമ്മിലുള്ള വ്യക്തിപരമായ ബന്ധത്തെ സംബന്ധിക്കുന്നതാണ് കൂട്ടായ്മ. സമുദായം എന്ന ആശയമാകട്ടെ ഈ ഘടനയ്ക്ക് അതീതമാണ്. അത് ഒരു

www.malankaralibrary.com



സമൂഹം (society) എന്നതിലേക്ക് - "നാം" എന്നതിലേക്കു - നീങ്ങുന്നു. വ്യക്തികളുടെ സമുദായം എന്ന നിലയിലുള്ള കുടുംബം അങ്ങനെ ഒന്നാമത്തെ മാനുഷിക സമൂഹം ആയിത്തീരുന്നു. ദാമ്പത്യത്തിന്റെ വൈവാഹികോടമ്പടി ഉണ്ടാകുമ്പോഴെല്ലാം അതു സംസൃഷ്ടമാകുന്നു. ആ ഉടമ്പടി ദമ്പതികളെ സ്നേഹത്തിന്റെയും ജീവിതത്തിന്റെയും ശാശ്വതമായ ഒരു കൂട്ടായ്മയിലേക്കു നയിക്കുന്നു. സന്താനങ്ങളെ ജനിപ്പിക്കുന്നതുവഴി അതു പൂർണ്ണവും സവിശേഷവുമായ വിധത്തിൽ നിറവേറുകയും ചെയ്യുന്നു. ദമ്പതികളുടെ കൂട്ടായ്മ കുടുംബമാകുന്ന സമുദായത്തിനു ജന്മം നൽകുന്നു. കുടുംബമാകുന്ന സമുദായം കൂട്ടായ്മയുടെ സത്തയാൽ നിറയപ്പെട്ടിരിക്കുന്നു. ഒരമ്മയും, അവൾ തന്റെ ഉദരത്തിൽ വഹിച്ചുകൊണ്ടു നടക്കുകയും പ്രസവിക്കുകയും ചെയ്ത ശിശുവും തമ്മിലുള്ള കൂട്ടായ്മയോടു തുല്യമായ ഒരു കൂട്ടായ്മ മാനുഷികതലത്തിലുണ്ടോ?

ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന കുടുംബത്തിൽ, ഒരു പുതിയ ഐക്യം ഉദ്ഭൂതമാകുന്നു. അതിൽ മാതാപിതാക്കളുടെ കൂട്ടായ്മയുടെ ബന്ധം തികച്ചും സാക്ഷാത്കാരം നേടുന്നു. ഈ പൂർണ്ണത ദൗത്യത്തെയും വെല്ലുവിളിയെയും സൂചിപ്പിക്കുന്നുവെന്ന് അനുഭവം പഠിപ്പിക്കുന്നുണ്ട്. ദമ്പതികളെ അവരുടെ ആദിമ ഉടമ്പടിയനുസരിച്ചു ജീവിക്കുവാൻ ആ ദൗത്യം കടപ്പെടുത്തുന്നു. അവർക്കു ജനിച്ച കുട്ടികൾ ആ ഉടമ്പടിയെ ഉറപ്പിക്കണം. മാതാവിന്റെയും പിതാവിന്റെയും വൈവാഹികമായ കൂട്ടായ്മയെ സമ്പന്നവും അഗാധവുമാക്കിക്കൊണ്ട് അങ്ങനെ ചെയ്യണം. ഇവിടെയാണു വെല്ലുവിളി. അതു സംഭവിക്കാതിരിക്കുമ്പോൾ നാം ഒരു ചോദ്യം ചോദിക്കേണ്ടിവരുന്നു. തിന്മയിലേക്കുള്ള മനുഷ്യന്റെ ചാച്ചിലിന്റെ ഫലമായി സ്ത്രീ പുരുഷന്മാരുടെ സ്നേഹത്തിൽപ്പോലും ഒളിഞ്ഞുകിടക്കുന്ന സ്വാർത്ഥത, ഈ സ്നേഹത്തേക്കാൾ പ്രബലമല്ലേ എന്നാണ് ആ ചോദ്യം. വിവാഹിതരായ സ്ത്രീപുരുഷന്മാർ ഇതിനെപ്പറ്റി നന്നായി അറിഞ്ഞിരിക്കണം. അവരുടെ ഹൃദയങ്ങളും ചിന്തകളും തുടക്കത്തിൽത്തന്നെ, ഓരോ കുടുംബവും അതിന്റെ നാമം സ്വീകരിക്കുന്നത്, ആരിൽ നിന്നാണോ ആ ദൈവത്തിലേക്കു തിരിയണം. അവരുടെ മാതൃത്വവും പിതൃത്വവും സ്നേഹത്തിൽ നിരന്തരം പുതുക്കപ്പെടാനുള്ള ശക്തി ആ ഉറവിടത്തിൽ നിന്നു സംഭരിക്കാൻവേണ്ടിയാണത്.

www.malankaralibrary.com



മാതൃത്വവും പിതൃത്വവും അതിൽത്തന്നെ സ്നേഹത്തിൻെറ സവിശേഷമായ തെളിവാണ്. സ്നേഹത്തിൻെറ വിപുലതയും യഥാർത്ഥമായ അഗാധതയും കണ്ടെത്താൻ അതു സഹായിക്കുന്നു. പക്ഷേ, അതു തനിയേ സംഭവിക്കുന്നില്ല. അതു ഭാര്യക്കും ഭർത്താവിനും നല്കപ്പെട്ടിട്ടുള്ള ഒരു കടമയാണ്. ഭാര്യയും ഭർത്താവും ഒന്നിച്ചു നയിക്കുന്ന ജീവിതത്തിൽ, മാതൃത്വവും പിതൃത്വവും "മുട്ടിന്മേൽ നിന്നുമാത്രം" സമീപിക്കേണ്ടവയാണ്. അത്രമാത്രം ശ്രേഷ്ഠമായ നവീനതയും സമ്പന്നതയും അതു വ്യക്തമാക്കുന്നുണ്ട്.

മാതൃത്വത്തിലേക്കും പിതൃത്വത്തിലേക്കും സ്വാഭാവികമായി നീങ്ങുന്ന മാനുഷികസ്നേഹം ചിലപ്പോഴെല്ലാം അഗാധമായ വിഷമസന്ധിയിലാവുകയും അങ്ങനെ ഗൗരവപൂർണ്ണമായ തോതിൽ ഭീഷണിക്കു വിധേയമാവുകയും ചെയ്യുന്നുവെന്നു അനുഭവം പഠിപ്പിക്കുന്നു. അത്തരം സന്ദർഭങ്ങളിൽ വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ചുള്ള കൗൺസിലിംഗ് കേന്ദ്രങ്ങളിൽ നിന്നു സഹായം തേടാവുന്നതാണ്. അവയിൽ നിന്ന്, മറ്റുപലതിനോടുമൊപ്പം, പ്രത്യേക പരിശീലനമുള്ള മനഃശാസ്ത്രജ്ഞന്മാരുടെയും മനോരോഗചികിത്സകരുടെയും സഹായം ലഭിക്കും. അതേ സമയം അപ്പസ്തോലൻെറ വാക്കുകളുടെ ശാശ്വതസാധുതയെ നമുക്കു മറക്കാനും സാദ്ധ്യമല്ല: "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ഓരോ കുടുംബവും ആരിൽനിന്നു പേരു സ്വീകരിക്കുന്നുവോ ആ പിതാവിൻെറ മുമ്പിൽ ഞാൻ എൻെറ മുട്ടുകൾ മടക്കുന്നു" (എഫേ. 3 : 14-15). വിവാഹം, വിവാഹമെന്ന കൂദാശ, സ്നേഹത്തിലുള്ള വ്യക്തികളുടെ ഉടമ്പടിയാണ്. സ്നേഹമാകട്ടെ, നമുക്കു നല്കപ്പെട്ട - പരിശുദ്ധാത്മാവിലൂടെ നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ട - ആ സ്നേഹം കൊണ്ടുമാത്രമേ ആഴപ്പെടുത്താനും സംരക്ഷിക്കാനും കഴിയുകയുള്ളു (റോമ. 5 : 5). കുടുംബങ്ങൾക്കായി പ്രതിഷ്ഠിക്കപ്പെട്ട ഈ വർഷത്തിൽ, ദാമ്പത്യസ്നേഹം ശിശുക്കളെ ജനിപ്പിക്കുന്നതിലേക്ക് - അങ്ങനെ പിതൃത്വത്തിലേക്കും മാതൃത്വത്തിലേക്കും - കടക്കുന്ന സൂക്ഷ്മവും നിർണ്ണായകവുമായ നിമിഷത്തിലേക്ക് നമ്മുടെ പ്രാർത്ഥനകൾ കേന്ദ്രീകരിക്കപ്പെടേണ്ടതല്ലേ? പരിശുദ്ധാത്മാവിൻെറ അനുഗ്രഹത്തിൻെറ പ്രവഹിക്കൽ അവശ്യാവശ്യകമായ നിമിഷം കൃത്യമായി അതല്ലേ? ആ അനുഗ്രഹ പ്രവാഹത്തിനുവേണ്ടിയാണല്ലോ വിവാഹമെന്ന കൂദാശയുടെ അനുഷ്ഠാനത്തിൽ പ്രാർത്ഥിക്കുന്നത്.

www.malankaralibrary.com



ആന്തരിക മനുഷ്യനിലുള്ള പരിശുദ്ധാത്മാവിൻെറ ശക്തിയിൽ "വിശ്വാസികൾ" ശക്തരായിത്തീരുന്നതിന് (എഫേ. 3 : 16), അപ്പസ്തോലൻ പിതാവിൻെറ മുമ്പിൽ മുട്ടുമടക്കിക്കൊണ്ട് അപേക്ഷിക്കുന്നു. "ആന്തരികമായ" ഈ ശക്തി, കുടുംബജീവിതത്തിലെല്ലാം അത്യന്താപേക്ഷിതമാണ്. പ്രത്യേകിച്ച് അതിൻെറ വിഷമസന്ധികളിൽ - "എപ്പോഴും, എൻെറ ജീവിതത്തിൻെറ എല്ലാ ദിവസവും നിന്നോടു വിശ്വസ്തത പുലർത്തുമെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു" എന്നീ വാക്കുകളിലൂടെ വിവാഹാശീർവ്വാദ സമയത്തു പ്രകടിപ്പിച്ച സ്നേഹം പരീക്ഷിക്കപ്പെടുന്ന നിമിഷങ്ങളിൽ.

*രണ്ടു പേരുടെ ഐക്യം*

8. വ്യക്തികൾക്കു മാത്രമേ ആ വാക്കുകൾ പറയാൻ കഴിയു. അവർക്കു മാത്രമേ പരസ്പര തിരഞ്ഞെടുപ്പിൻെറ അടിസ്ഥാനത്തിൽ ഒരു കൂട്ടായ്മയിൽ ജീവിക്കുവാൻ സാധിക്കുകയുള്ളു. ആ തിരഞ്ഞെടുപ്പാകട്ടെ തികച്ചും ബോധപൂർവ്വകവും സ്വതന്ത്രവുമാണ്. അങ്ങനെയായിരിക്കുകയും വേണം. ഭാര്യയോട് ഒട്ടിച്ചേരുന്നതിനുവേണ്ടി മാതാപിതാക്കളെ വിട്ടുപോകുന്ന വ്യക്തിയെപ്പറ്റി ഉത്പത്തിപുസ്തകത്തിൽ പറയുന്നുണ്ടല്ലോ (ഉത്പ. 2 : 24). വിവാഹത്തിനു ജന്മം നല്കുന്ന *ബോധപൂർവ്വകവും സ്വതന്ത്രവുമായ* തിരഞ്ഞെടുപ്പിനെ അത് ഉയർത്തിക്കാണിക്കുന്നുണ്ട്. ഒരു കുടുംബത്തിലെ പുത്രനെ ഭർത്താവും ഒരു കുടുംബത്തിലെ പുത്രിയെ ഭാര്യയും ആക്കുകയെന്നതാണ് വിവാഹത്തിൽ നടക്കുക. വിവേകവും സ്വാതന്ത്ര്യവുമുള്ള ഒരു സത്തയായ വ്യക്തിയെ സംബന്ധിച്ചുള്ള പൂർണ്ണസത്യത്തെ നാം പരിഗണിക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ ആ പരസ്പര തിരഞ്ഞെടുപ്പിനെ പര്യാപ്തമാംവിധം മനസ്സിലാക്കാൻ നമുക്ക് എങ്ങനെ കഴിയും? രണ്ടാം വത്തിക്കാൻ സൂനഹദോസ്, ദൈവത്തിൻെറ സാദൃശ്യത്തെപ്പറ്റി പറയുമ്പോൾ അങ്ങേയറ്റം ശ്രദ്ധാർഹമായ വാക്കുകളാണ് പ്രയോഗിക്കുന്നത്. ഓരോ മനുഷ്യജീവിക്കും സ്വാഭാവികമായി പണ്ടേ ഉള്ള ദൈവിക ഛായയെയും സാദൃശ്യത്തെയും മാത്രമല്ല അതു സൂചിപ്പിക്കുന്നത്. പിന്നെയോ "ദൈവികവ്യക്തികൾ തമ്മിലുള്ള ഐക്യവും ദൈവമക്കളുടെ സത്യത്തിലും സ്നേഹത്തിലുമുള്ള ഐക്യവും തമ്മിൽ നിലനില്ക്കുന്ന ഒരു സാമ്യവും അതു സൂചിപ്പിക്കുന്നുണ്ട്"[13]. ആ സൂചനയ്ക്കാണു പ്രാഥമ്യം.

www.malankaralibrary.com



സമ്പന്നവും അർത്ഥപൂർണ്ണവുമായ ഈ നിർവചനം ഒന്നാമതായി, ഓരോ സ്ത്രീയുടെയും പുരുഷൻെറയും തനിമയുടെ (identity) മർമ്മത്തെ സ്ഥിരീകരിക്കുന്നുണ്ട്. സത്യത്തിലും സ്നേഹത്തിലും ജീവിക്കാനുള്ള കഴിവിലാണ് ഈ നന്മ അടങ്ങിയിരിക്കുന്നത്. മാത്രമല്ല ഓരോ വ്യക്തിയുടെയും ജീവിതത്തിൻെറ സത്താപരമായ മാനം (dimension) എന്ന നിലയിൽ, സത്യത്തിൻെറയും സ്നേഹത്തിൻെറയും ആവശ്യത്തിലും അത് അടങ്ങിയിരിക്കുന്നു. സത്യവും സ്നേഹവും മനുഷ്യന് ആവശ്യമാണ്. ആ ആവശ്യം അവനെ ദൈവത്തിലേക്കും സൃഷ്ടിജാലങ്ങളിലേക്കും തുറവിയുള്ളവനാക്കുന്നു. മറ്റു മനുഷ്യരിലേക്കും കൂട്ടായ്മയിലുള്ള ജീവിതത്തിലേക്കും, പ്രത്യേകിച്ച് വിവാഹത്തിലേക്കും കുടുംബത്തിലേക്കും അവനെ തുറവിയുള്ളവനാക്കുന്നു. വത്തിക്കാൻ കൗൺസിലിൻെറ വാക്കുകളിൽ പറഞ്ഞാൽ, വ്യക്തികളുടെ കൂട്ടായ്മ ത്രിത്വാത്മകമായ "നാം" എന്ന രഹസ്യത്തിൽ നിന്നു ഒരു പ്രത്യേകാർത്ഥത്തിൽ സ്വീകരിച്ചിട്ടുള്ളതാണ്. അതുകൊണ്ട് "ദാമ്പത്യപരമായ കൂട്ടായ്മ"യും ആ രഹസ്യത്തെ സൂചിപ്പിക്കുന്നു. പുരുഷൻെറയും സ്ത്രീയുടെയും സ്നേഹത്തിൽ നിന്ന് ഉദ്ഭവിക്കുന്ന കുടുംബം, ആത്യന്തികമായി ദൈവത്തിൻെറ രഹസ്യത്തിൽ നിന്നാണ് ഉറവെടുക്കുന്നത്. ഇത് പുരുഷൻെറയും സ്ത്രീയുടെയും ഏറ്റവും ആന്തരികമായ സത്തയ്ക്ക് അനുഗുണമാണ്. വ്യക്തികൾ എന്ന നിലയിലുള്ള അവരുടെ ജന്മസിദ്ധവും യഥാർത്ഥവുമായ മഹത്വത്തിനും അനുഗുണമാണ്.

വിവാഹം പുരുഷനെയും സ്ത്രീയെയും ഉത്പത്തിപുസ്തകത്തിലെ വാക്കുകൾ ഉപയോഗിച്ചുപറഞ്ഞാൽ - "ഒറ്റ ശരീരം" (ഉത്പ. 2 : 24) ആയിത്തീരത്തക്കവിധം അത്ര ദൃഢമായി ഒന്നിപ്പിക്കുന്നു. സ്ത്രീയും പുരുഷനും ശാരീരികഘടനയിൽ വ്യത്യസ്തരാണ്. രണ്ടു മാനുഷിക കർത്താക്കളാണ്. എന്നാലും അവർ, "സത്യത്തിലും സ്നേഹത്തിലും" ജീവിക്കുവാനുള്ള കഴിവിൽ തുല്യമായി പങ്കുപറ്റുന്നുണ്ട്. ഈ കഴിവ്, വ്യക്തി എന്ന നിലയിൽ മനുഷ്യജീവിക്കു സവിശേഷമായിട്ടുള്ളതാണ്. അതിന് ഒരേ സമയത്ത് ആദ്ധ്യാത്മികവും ശാരീരികവുമായ രണ്ടു മാനങ്ങളുണ്ട്. വിവാഹത്തിൽ "വ്യക്തികളുടെ കൂട്ടായ്മയെ" സൃഷ്ടിക്കുവാൻ സ്ത്രീയെയും പുരുഷനെയും സജ്ജീകൃതരാക്കുന്നത് ശരീരത്തിലൂടെയാണ്. "ഒരു ശരീരം" (ഉത്പ. 2 : 24) ആയിത്തീരത്ത

www.malankaralibrary.com



ക്കവിധം, വിവാഹോടമ്പടിയിലൂടെ അവർ ഒന്നിക്കുമ്പോൾ, അവരുടെ ഐക്യം *സത്യത്തിലും സ്നേഹത്തിലും* സംഭവിക്കേണ്ടിയിരിക്കുന്നു. ദൈവത്തിൻെറ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട വ്യക്തികൾക്കു ചേർന്ന പക്വത അങ്ങനെ അതു പ്രകടിപ്പിക്കുന്നു.

ഈ ഒന്നിക്കലിൻെറ ഫലമായുണ്ടാകുന്ന കുടുംബം അതിൻെറ ആന്തരികമായ ദൃഢത സമ്പാദിക്കുന്നത്, ദമ്പതികൾ തമ്മിൽ നടക്കുന്ന ഉടമ്പടിയിലൂടെയാണ്. ആ ഉടമ്പടിയാകട്ടെ ക്രിസ്തു ഒരു കൂദാശയായി ഉയർത്തിയിട്ടുള്ളതാണ്. കുടുംബം, ഒരു സമുദായം എന്ന നിലയിലുള്ള അതിൻെറ സവിശേഷ സ്വഭാവം, കൂട്ടായ്മയുടെ ജന്മസിദ്ധമായ ഗുണങ്ങൾ സ്വീകരിക്കുന്നത് ദമ്പതികളുടെ ആ മൗലിക കൂട്ടായ്മയിൽ നിന്നാണ്. അതാകട്ടെ അവരുടെ കുട്ടികളിലൂടെ ദീർഘിപ്പിക്കപ്പെടുന്നു. വിവാഹാശീർവ്വാദസമയത്ത് കാർമ്മികൻ ഇങ്ങനെ ചോദിക്കുന്നു: "നിങ്ങൾ ദൈവത്തിൽ നിന്നു കുട്ടികളെ സ്നേഹപൂർവ്വം സ്വീകരിക്കുകയും ക്രിസ്തുവിൻെറയും അവിടുത്തെ സഭയുടെയും നിയമപ്രകാരം അവരെ വളർത്തുകയും ചെയ്യുമോ?[14] ദമ്പതികൾ ഈ ചോദ്യത്തിനു നല്കുന്ന മറുപടി, അവരെ ഒന്നിപ്പിക്കുന്ന സ്നേഹത്തിൻെറ അഗാധതമമായ സത്യത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. അവരുടെ ഐക്യം, അവരെ അവരിൽത്തന്നെ അടച്ചുപൂട്ടുന്നില്ല. പിന്നെയോ പുതിയ ഒരു ജീവനിലേക്ക് - പുതിയ ഒരു വ്യക്തിയിലേക്ക് - തുറക്കുകയാണ്. മാതാപിതാക്കൾ എന്ന നിലയിൽ തങ്ങളെപ്പോലുള്ള ഒരു സത്തയ്ക്കു ജീവൻ നല്കാൻ അവർക്കു കഴിയുന്നു. ആ സത്തയാകട്ടെ അവരുടെ അസ്ഥിയുടെ അസ്ഥിയും മാംസത്തിൻെറ മാംസവും (ഉത്പ. 2 : 23) മാത്രമല്ല. പ്രത്യുത ദൈവത്തിൻെറ ഒരു ഛായയും സാദൃശവും കൂടിയാണ് - ഒരു വ്യക്തിയാണ്.

"നിങ്ങൾക്കു മനസ്സുണ്ടോ?" എന്നു സഭ ചോദിക്കുന്നു. സഭ ആ ചോദ്യത്തിലൂടെ വരനെയും വധുവിനെയും ഒരു വസ്തുത ഓർമ്മിപ്പിക്കുകയാണ് -അവർ ദൈവത്തിൻെറ സർഗ്ഗാത്മകശക്തിക്കു മുൻപിൽ നില്ക്കുകയാണ് എന്ന വസ്തുതയെ. മാതാപിതാക്കളാകാൻ, ജീവൻ പ്രദാനം ചെയ്യുന്നതിൽ സ്രഷ്ടാവിനോടു സഹകരിക്കാൻ, അവർ വിളിക്കപ്പെട്ടിരിക്കുന്നു. പുതിയ മനുഷ്യജീവികളെ അസ്തിത്വത്തിലേക്കു കൊണ്ടുവരുവാൻ സ്രഷ്ടാവിനോടു സഹകരിക്കുക എന്നതിൻെറ

www.malankaralibrary.com



അർത്ഥം, ആ ദൈവികഛായയുടെയും സാദൃശ്യത്തിൻെറയും കടത്തിവിടലിനു സംഭാവന ചെയ്യുക എന്നതാണ്. ആ ഛായയും സാദൃശ്യവുമാകട്ടെ "സ്ത്രീയിൽ നിന്നു ജനിച്ച" ഓരോരുത്തനും സംവഹിക്കുന്നുണ്ട്.

### *വ്യക്തിയുടെ ജന്മചരിത്രം*

9. വിവാഹത്തിൽ സംഭവിക്കുന്ന വ്യക്തികളുടെ കൂട്ടായ്മയിലൂടെ പുരുഷനും സ്ത്രീയും ഒരു കുടുംബമായി തുടങ്ങുന്നു. ഓരോരുത്തൻെറയും ജന്മചരിത്രം (genealogy) - *ഓരോ വ്യക്തിയുടെയും വംശാവലി* - കുടുംബവുമായി ബന്ധപ്പെട്ടുകിടക്കുന്നു. മാനുഷിക മാതൃത്വവും പിതൃത്വവും ജീവശാസ്ത്രത്തിൽ വേരുറച്ചതാണ്. പക്ഷേ അതേസമയം അത് ജീവശാസ്ത്രത്തിന് അതീതമായി നില്ക്കുന്നതുമാണ്. "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ പിതൃത്വവും (മാതൃത്വവും) പേരു സ്വീകരിച്ചത് ആരിൽ നിന്നാണോ ആ പിതാവിൻെറ മുൻപിൽ" അപ്പസ്തോലൻ "മുട്ടുകൾ മടക്കുന്നു". ഒരർത്ഥത്തിൽ അത് സ്വർഗ്ഗത്തിലെ ശരീരമില്ലാത്ത ജീവികൾ തൊട്ടു ഭൂമിയിലെ ശരീരമുള്ള ജീവികൾവരെയുള്ള എല്ലാ ജീവജാലങ്ങളെയും നോക്കിക്കാണാൻ നമ്മോട് ആവശ്യപ്പെടുന്നു. ജനിപ്പിക്കലിൻെറ ഓരോ പ്രവൃത്തിയും അതിൻെറ ആദിമമാതൃക ദൈവത്തിൻെറ പിതൃത്വത്തിൽ കണ്ടെത്തുന്നു. എന്നിരുന്നാലും മനുഷ്യൻെറ കാര്യത്തിൽ ദൈവത്തോടുള്ള സാദൃശ്യത്തിൻെറ ഈ "പ്രാപഞ്ചിക" മാനം, മാതൃത്വവും പിതൃത്വവും തമ്മിലുള്ള ബന്ധത്തെ സമ്പൂർണ്ണമായി വിശദീകരിക്കാൻ പര്യാപ്തമല്ല. കാരണം രണ്ടുപേരുടെ ദാമ്പത്യബന്ധത്തിൽനിന്ന് ഒരു പുതിയ വ്യക്തി ജനിക്കുമ്പോൾ, അവൻ ഭൂമിയിലേക്ക് ദൈവത്തിൻെറ തന്നെ ഛായയും സാദൃശ്യവും കൊണ്ടുവരുന്നു. വ്യക്തിയുടെ വംശാവലി ജനിപ്പിക്കലിൻെറ ജീവശാസ്ത്രത്തിൽത്തന്നെ മുദ്രിതമായിരിക്കുന്നു.

ദമ്പതികൾ, മാതാപിതാക്കളെന്ന നിലയിൽ, ഗർഭധാരണത്തിലും പുതിയൊരു ജീവിയ്ക്കു ജന്മം നൽകുന്നതിലും സ്രഷ്ടാവായ ദൈവത്തോട് സഹകരിക്കുന്നു[15] എന്ന വസ്തുതയെ നാം ഉറപ്പിച്ചു പറയുമ്പോൾ ജീവശാസ്ത്രത്തിൻെറ നിയമങ്ങളെ പരാമർശിക്കുക മാത്രമല്ല നാം ചെയ്യുന്നത്. മറിച്ച്, മാനുഷിക പിതൃത്വത്തിലും, മാതൃ

www.malankaralibrary.com



ത്വത്തിലും ദൈവത്തിന്റെ തന്നെ സാന്നിദ്ധ്യമുണ്ടെന്നും, ഭൂമിയിലെ മറ്റെല്ലാത്തരം ജനിപ്പിക്കൽ പ്രക്രിയകളിലുമുള്ള അവിടുത്തെ സാന്നിധ്യത്തിൽനിന്നു ആ സാന്നിധ്യം തീർത്തും വ്യത്യസ്തമാണെന്നും ഉറപ്പിച്ചു പറയാനാണു നാം ആഗ്രഹിക്കുന്നത്. മനുഷ്യജീവി സൃഷ്ടിയുടെ സമയത്ത് സ്വീകരിച്ചതും മനുഷ്യജീവിക്കു സവിശേഷമായിട്ടുള്ളതുമായ സാദൃശ്യത്തിന്റെയും ഛായയുടെയും ഉറവിടം, യഥാർത്ഥത്തിൽ, ദൈവം മാത്രമാണ്. ജനിപ്പിക്കൽ സൃഷ്ടികർമ്മത്തിന്റെ തുടർച്ചയാണ്.[16]

അതുകൊണ്ടു ഗർഭധാരണത്തിലും പുതിയ ശിശുവിനെ ജനിപ്പിക്കുന്നതിലും മാതാപിതാക്കൾ ഒരു വലിയ രഹസ്യത്തെ (എഫേ. 5:32) നേരിൽക്കാണുകയാണ്. പുതിയ മനുഷ്യജീവിയും തന്റെ മാതാപിതാക്കളെപ്പോലെതന്നെ ഒരു വ്യക്തിയായി ജീവിക്കാൻ വിളിക്കപ്പെടുന്നു. "സത്യത്തിലും സ്നേഹത്തിലും" ജീവിക്കാൻ അവനും വിളിക്കപ്പെടുകയാണ്. സമയത്തിൽ അസ്തിത്വമുള്ളതിനു മാത്രമല്ല ഈ വിളി ലഭിക്കുന്നത്. ദൈവത്തിൽ അത് നിത്യതയിലേക്കു നീളുന്നു. ഇതാണ് വ്യക്തിയുടെ ജന്മചരിത്രത്തിന്റെ മാനം. ഇത് ക്രിസ്തു കൃത്യമായി വെളിപ്പെടുത്തിയതാണ്. ക്രിസ്തുതന്നെ സുവിശേഷത്തിന്റെ പ്രകാശത്തെ മനുഷ്യന്റെ ജീവനിലേക്കും മരണത്തിലേക്കും അങ്ങനെ, മാനുഷികകുടുംബത്തിന്റെ അർത്ഥത്തിലേക്കും വീശുന്നുണ്ട്.

കൗൺസിൽ ഉറപ്പിച്ചുപറയുന്നതുപോലെ ലോകത്തിലെ സൃഷ്ടികളിൽ മനുഷ്യനെമാത്രമാണ് ദൈവം അവനുവേണ്ടി സൃഷ്ടിച്ചത്.[17] മനുഷ്യൻ ഉണ്മയിലേക്കു വരുന്നത്, ജീവശാസ്ത്രത്തിന്റെ നിയമങ്ങൾക്കുമാത്രം ചേർന്നവിധത്തിലല്ല. പിന്നെയോ ദൈവത്തിന്റെ സർഗ്ഗാത്മക ഇച്ഛാശക്തിക്കും ചേർന്നവിധത്തിലാണ്. അതു നേരിട്ട് അപ്രകാരമായിരിക്കും. ആ ഇച്ഛാശക്തിയാകട്ടെ, മാനുഷിക കുടുംബങ്ങളിലെ പുത്രന്മാരുടെയും, പുത്രിമാരുടെയും ജന്മചരിത്രത്തെ സംബന്ധിച്ചുള്ളതാണ്. മനുഷ്യൻ ഉണ്ടായിരിക്കുവാൻ ആരംഭത്തിൽ ത്തന്നെ ദൈവം "ഇച്ഛിച്ചു". ഗർഭധാരണത്തിന്റെ ഓരോ പ്രവൃത്തിയിലും ഓരോ മാനുഷിക ജനനത്തിലും ദൈവം അവനെ "ഇച്ഛിക്കുന്നു". മനുഷ്യൻ തന്നോടു സദൃശനായ ഒരു സത്തയായിരിക്കാൻ,

www.malankaralibrary.com



ഒരു വ്യക്തിയായിരിക്കാൻ, ദൈവം ഇച്ഛരിക്കുന്നു. ഈ മനുഷ്യൻ-ഓരോ മനുഷ്യനും "മനുഷ്യനുവേണ്ടിത്തന്നെ" ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതാണ്. രോഗങ്ങളോ വൈകല്യങ്ങളോ ഉള്ളവരായി ജനിച്ചവരുൾപ്പെടെ എല്ലാ വ്യക്തികളെ സംബന്ധിച്ചും ഇതു വാസ്തവമാണ്. മനുഷ്യൻ ഒരർത്ഥത്തിൽ അവൻെറതന്നെ ലക്ഷ്യമായിരിക്കണമെന്ന് ആഗ്രഹിക്കുന്ന ദൈവത്തിൻെറ തിരുമനസ്സ് ഓരോ മനുഷ്യജീവിയുടെയും വ്യക്തിപരമായ ഘടനയിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. മനുഷ്യനെ ദൈവം മനുഷ്യനുതന്നെ കയ്യാളിക്കുന്നു. അവൻെറ കുടുംബത്തെയും സമൂഹത്തെയും അവരുടെ ഉത്തരവാദിത്വമെന്ന നിലയിൽ ഏല്പിക്കുന്നു. ഒരു പുതിയ മനുഷ്യജീവിയെപ്പറ്റി ചിന്തിക്കുന്ന മാതാപിതാക്കൾ, ഒരു യഥാർത്ഥ്യത്തെപ്പറ്റി പൂർണ്ണബോദ്ധ്യമുള്ളവരാണ്-അല്ലെങ്കിൽ അങ്ങനെയായിരിക്കണം. "ഈ വ്യക്തി ഈ വ്യക്തിക്കുവേണ്ടിത്തന്നെ" ദൈവത്താൽ ആഗ്രഹിക്കപ്പെടുന്നു എന്നതാണ് ആ യാഥാർത്ഥ്യം.

സംക്ഷിപ്തമായ ഈ പ്രയോഗം അഗാധമായ അർത്ഥത്തിൽ സമ്പന്നമാണ്. ഗർഭധാരണത്തിൻെറ നിമിഷംമുതലും പിന്നീട് ജനിപ്പിക്കലിൻെറ നിമിഷംമുതലും പുതിയ മനുഷ്യജീവി, തൻെറ മനുഷ്യത്വത്തെ പൂർണ്ണമായി പ്രകടിപ്പിക്കാൻ-ഒരു വ്യക്തി എന്ന നിലയിൽ "തന്നെത്തന്നെ കണ്ടെത്താൻ" -ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവനാണ്.[18] ഇത് എല്ലാവരെയും സംബന്ധിച്ച്-സ്ഥിരമായ രോഗമുള്ളവരും വികലാംഗരും ഉൾപ്പെടെ എല്ലാവരെയും സംബന്ധിച്ച്-തികച്ചും സത്യമാണ്. "മനുഷ്യനായിരിക്കുക" എന്നത് അവൻെറ മൗലിക ദൈവവിളിയാണ്. സ്വീകരിച്ച സമ്മാനത്തിനു ചേർന്നവിധം "മനുഷ്യനായിരിക്കാൻ; മനുഷ്യത്വമാകുന്ന ആ "താലന്തിനു" ചേർന്നവിധം മനുഷ്യനായിരിക്കാനും എന്നിട്ടുമാത്രം മറ്റു "താലന്തുകൾ"ക്കു ചേർന്നവനായിരിക്കാനും. ഈ അർത്ഥത്തിൽ, ഓരോ മനുഷ്യനും അവനുവേണ്ടിത്തന്നെ ദൈവത്താൽ ആഗ്രഹിക്കപ്പെടുന്നു. എന്നാൽ ദൈവത്തിൻെറ പദ്ധതിയിൽ, മനുഷ്യവ്യക്തിയുടെ ദൈവവിളി, സമയത്തിൻെറ അതിരുകൾക്ക് അപ്പുറത്തേക്ക് വ്യാപിച്ചുകിടക്കുന്നു. മനുഷ്യാവതാരം ചെയ്ത ദൈവവചനത്തിൽ പിതാവിൻെറ ആഗ്രഹം വെളിവാക്കപ്പെട്ടതായി അതു കണ്ടുമുട്ടുന്നു. *തൻെറ ദൈവികജീവനിൽ സമൃദ്ധമായി പങ്കുനല്കുക* എന്നതാണു ദൈവത്തിൻെറ ഇഷ്ടം. "അവർക്ക് ജീവനുണ്ടാകാനും അതു

www.malankaralibrary.com



സമൃദ്ധമായി ഉണ്ടാകാനുമാണു ഞാൻ വന്നത്" (യോഹ. 10:10) എന്നു ക്രിസ്തു പറയുന്നതുപോലെതന്നെ.

മനുഷ്യൻെറ പരമമായ അന്ത്യത്തെപ്പറ്റി ഉറപ്പിച്ചു പറയുന്നത് ദൈവം മനുഷ്യനെ മനുഷ്യനുവേണ്ടിത്തന്നെ ഇച്ഛരിച്ചു എന്ന പ്രസ്താവനയ്ക്കു വിരുദ്ധമല്ലേ? മനുഷ്യൻ ദൈവിക ജീവനുവേണ്ടി സൃഷ്ടിക്കപ്പെട്ടവനാണെങ്കിൽ മനുഷ്യനു യഥാർത്ഥത്തിൽ തനിക്കു വേണ്ടിത്തന്നെ സ്ഥിതിചെയ്യുവാൻ കഴിയുമോ? ഇത് നിർണ്ണായകമായ ഒരു ചോദ്യമാണ്. മനുഷ്യൻെറ ഭൗതിക ജീവിതത്തിൻെറ ആരംഭത്തെയും അതിൻെറ അന്ത്യത്തെയും സംബന്ധിച്ച് വലിയ പ്രാധാന്യമുള്ള ചോദ്യമാണ്. അത് അവൻെറ ജീവിതകാലത്തെ മുഴുവനെയും സംബന്ധിച്ച് സുപ്രധാനമാണ്. മനുഷ്യനെ ദൈവികജീവനുവേണ്ടി നിശ്ചയിക്കുന്നതുവഴി ദൈവം, മനുഷ്യനുവേണ്ടിത്തന്നെയുള്ള മനുഷ്യൻെറ അസ്തിത്വത്തെ സുനിശ്ചിതമായി എടുത്തുകളയുന്നു എന്നു തോന്നിപ്പോകും.[19] അപ്പോൾ വ്യക്തിയുടെ ജീവിതവും ത്രിത്വത്തിൻെറ ജീവിതത്തിലുള്ള അവൻെറ ഭാഗഭാഗിത്വവും തമ്മിലുള്ള ബന്ധമെന്താണ്? "ഞങ്ങളുടെ ഹൃദയങ്ങൾ നിന്നിൽ വിശ്രമിക്കുവോളം അസ്വസ്ഥമായിരിക്കും."[20] എന്ന തൻെറ സുപ്രസിദ്ധമായ വാക്യത്തിലൂടെ വി. ആഗസ്തീനോസ് നമുക്ക് ഒരു ഉത്തരം നല്കുന്നുണ്ട്. ഒരന്ത്യവും (finality)- മറ്റേ അന്ത്യവും തമ്മിൽ യഥാർത്ഥത്തിൽ വൈരുദ്ധ്യമല്ല പ്രത്യുത ഒരു ബന്ധം, പരസ്പരപൂരകത്വം അഥവാ ഒരു ഐക്യമാണ് ഉള്ളതെന്നും ചൂണ്ടിക്കാണിക്കുവാൻ ഈ "അസ്വസ്ഥഹൃദയം" സഹായിക്കുന്നുണ്ട്. ദൈവത്തിൻെറ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, അവൻെറ ജന്മചരിത്രം കൊണ്ടുതന്നെ തനിക്കായിത്തന്നെ നിലകൊള്ളുന്നു. ദൈവത്തിൻെറ ജീവനിൽ പങ്കുപറ്റുന്നതിലുടെമാത്രം പരിപൂർണ്ണതയിലെത്തുകയും ചെയ്യുന്നു. ഈ ആത്മസാഫല്യപ്രാപ്തിയുടെ ഉള്ളടക്കം, ക്രിസ്തു പ്രഘോഷിച്ച ദൈവീകജീവൻെറ പൂർണ്ണതയാണ് (യോഹ. 6:37-40). ക്രിസ്തു നമ്മെ രക്ഷിച്ചത് നാം അതിൽ പങ്കു പറ്റുന്നതിനുവേണ്ടി മാത്രമാണ്. (മർക്കോ. 10:45).

തങ്ങൾക്കു കുട്ടികൾ വേണമെന്ന് ദമ്പതികൾ ആഗ്രഹിക്കുന്നത് തങ്ങൾക്കുവേണ്ടിത്തന്നെയാണ്. അവരുടെ പരസ്പരസ്നേഹത്തി

www.malankaralibrary.com



ൻെറ പരമകോടിയെ അവർ തങ്ങളുടെ കുട്ടികളിൽ കണ്ടുമുട്ടുന്നു. അമൂല്യമായ സമ്മാനം[21] എന്ന നിലയിൽ; കുട്ടികൾ തങ്ങളുടെ കുടുംബത്തിനു വേണമെന്ന് അവർ ആഗ്രഹിക്കുന്നു. അതു മനസ്സിലാക്കാവുന്നതേയുള്ളൂ. എന്നിരുന്നാലും, കൗൺസിൽ അതിൻെറ പ്രസ്താവനയിൽ വ്യക്തമായും സംക്ഷിപ്തമായും പ്രകാശിപ്പിച്ച സത്യം-മനുഷ്യനെ സംബന്ധിച്ച അതേ സത്യം-ദാമ്പത്യസ്നേഹത്തിലും മാതൃസ്നേഹത്തിലും പിതൃസ്നേഹത്തിലും ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുള്ളതായി നാം കണ്ടെത്തണം. "മനുഷ്യനെ മനുഷ്യനുവേണ്ടിത്തന്നെ സൃഷ്ടിക്കുവാൻ ദൈവം ആഗ്രഹിച്ചു". എന്നതാണ് ആ സത്യം. അതുകൊണ്ട് മാതാപിതാക്കളുടെ ആഗ്രഹം ദൈവത്തിൻെറ ആഗ്രഹത്തിനു അനുഗുണമായിരിക്കുക എന്നത് അത്യന്താപേക്ഷിതമാണ്. പുതിയ മനുഷ്യജീവിയെ അവർ ആഗ്രഹിക്കുന്നത് സ്രഷ്ടാവ് ആഗ്രഹിക്കുന്ന വിധത്തിൽത്തന്നെ ആയിരിക്കണം. അതായത്, മനുഷ്യനുവേണ്ടിത്തന്നെ ആഗ്രഹിക്കണം. മാനുഷികമായ നമ്മുടെ ഇച്ഛാശക്തി എപ്പോഴും അനിവാര്യമായി സമയത്തിൻെറയും പരിവർത്തനത്തിൻെറയും നിയമത്തിനു വിധേയമായിരിക്കും. അതേസമയം ദൈവികമായ ഇച്ഛാശക്തി ശാശ്വതമാണ്. ജെറമിയാ പ്രവാചകൻെറ പുസ്തകത്തിൽ നാം വായിക്കുന്നതുപോലെ തന്നെ. അതിൽ ഇങ്ങനെ കാണുന്നു: "ഞാൻ നിന്നെ ഗർഭത്തിൽ ഉരുവാക്കുന്നതിനു മുമ്പുതന്നെ ഞാൻ നിന്നെ അറിഞ്ഞു. നീ ജനിക്കുന്നതിനുമുമ്പുതന്നെ നിന്നെ ഞാൻ അഭിഷേചിച്ചു" (ജെറ. 1:5). അങ്ങനെ, വ്യക്തിയുടെ ജന്മചരിത്രം ദൈവത്തിൻെറ നിത്യതയുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. പിന്നീടു മാത്രമാണ്, സമയത്തിൽ സാക്ഷാത്കരിക്കപ്പെടുന്ന മാനുഷിക പിതൃത്വത്തോടും, മാതൃത്വത്തോടും അതു ബന്ധപ്പെട്ടിരിക്കുന്നത്. ഗർഭധാരണത്തിൻെറ നിമിഷത്തിൽത്തന്നെ, മനുഷ്യൻ ദൈവത്തിൽ നിത്യതക്കായി നിശ്ചയിക്കപ്പെട്ടുകഴിഞ്ഞു.

## *വിവാഹത്തിൻെറയും കുടുംബത്തിൻെറയും പൊതുനന്മ*

10. വിവാഹത്തിനും കുടുംബത്തിനും പൊതുവായുള്ള നന്മയെ വിവാഹസമ്മതം നിർവചിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നുണ്ട്. "ഞാൻ (പേര്) നിന്നെ (പേര്) എൻെറ ഭാര്യയായി/ഭർത്താവായി സ്വീകരിക്കുന്നു. സന്തോഷത്തിലും ദുഃഖത്തിലും രോഗത്തിലും ആരോ

www.malankaralibrary.com



ഗ്യത്തിലും നിന്നോടു വിശ്വസ്തത പുലർത്തുമെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു. എന്റെ ജീവിതത്തിന്റെ എല്ലാ ദിവസവും ഞാൻ നിന്നെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും".[22] വിവാഹം വ്യക്തികളുടെ അതുല്യമായ കൂട്ടായ്മയാണ്. കുടുംബങ്ങൾ വ്യക്തികളുടെ ഒരു സമുദായമായിത്തീരാൻ വിളിക്കപ്പെട്ടിരിക്കുന്നത് ഈ കൂട്ടായ്മയുടെ അടിസ്ഥാനത്തിലാണ്. വധൂവരന്മാർ "ദൈവത്തിന്റെയും അവിടുത്തെ സഭയുടെയും മുമ്പിൽ വച്ച് നടത്തുന്ന ഒരു സമർപ്പണമാണത്. അവരുടെ പരസ്പര സമ്മതം കൈമാറുന്നതിനു മുമ്പു തന്നെ അക്കാര്യം കാർമ്മികൻ അവരെ ഓർമ്മിപ്പിക്കുന്നുണ്ട്.[23] വിവാഹാശീർവ്വാദകർമ്മത്തിൽ പങ്കെടുക്കുന്നവർ ഈ സമർപ്പണത്തിന്റെ സാക്ഷികളാണ്. കാരണം അവർ ഒരർത്ഥത്തിൽ സഭയുടെയും സമൂഹത്തിന്റെയും പ്രതിനിധികളാണ്-പുതിയ കുടുംബം ജീവിക്കുകയും വളരുകയും ചെയ്യാനുള്ള സജ്ജീകരണങ്ങളാണ്.

സമ്മതത്തിന്റെ വാക്കുകൾ, ദമ്പതികളുടെയും കുടുംബത്തിന്റെയും പൊതുനന്മയെ നിർവചിക്കുന്നു. ഒന്നാമതായി, അത് വധൂവരന്മാരുടെ പൊതുനന്മയെ-സ്നേഹം, വിശ്വസ്തത, ബഹുമാനം, ഐക്യത്തിൽ മരണത്തോളമുള്ള സ്ഥിരത ("എന്റെ ജീവിതത്തിന്റെ എല്ലാ ദിവസവും") എന്നിവയാകുന്ന പൊതുനന്മയെ-നിർവചിക്കുന്നു. രണ്ടുപേരുടെയും നന്മ (അത് ഒരേ സമയത്ത് ഓരോ വ്യക്തിയുടെയും നന്മയാണ്) പിന്നീട് കുട്ടികളുടെയും നന്മയായിത്തീരണം. പൊതുനന്മ പ്രകൃത്യാ വ്യക്തികളെ ഒന്നിപ്പിക്കുകയും ഓരോ വ്യക്തിയുടെയും നന്മയെ ഉറപ്പുവരുത്തകയും ചെയ്യും. മുകളിൽ ഉദ്ധരിച്ച വാക്കുകളിലൂടെ ദമ്പതികൾ പ്രകാശിപ്പിക്കുന്ന സമ്മതത്തെ സഭ സ്വീകരിക്കുന്നു (അക്കാര്യത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രവും സ്വീകരിക്കുന്നു). ആ സമ്മതം "അവരുടെ ഹൃദയങ്ങളിൽ എഴുതപ്പെട്ടതാകയാലാണ് (റോമ 2:15) സഭ അങ്ങനെ ചെയ്യുന്നത്. ദമ്പതികളാണ് തങ്ങളുടെ സമ്മതം, ആഘോഷപൂർവ്വകമായ ഒരു വാഗ്ദാനത്തിലൂടെ പരസ്പരം നല്കുന്നത്-അതായത്, ആ സമ്മതത്തിന്റെ സത്യാവസ്ഥയെ ദൈവത്തിന്റെ കൺമുൻപിൽ സ്ഥിരീകരിക്കുന്നത്. സഭയിൽ അവരാണ് - മാമ്മോദീസ മുങ്ങി ക്രിസ്ത്യാനികളായിത്തീർന്നവരെന്ന നിലയിൽ - വിവാഹമെന്ന കൂദാശയുടെ കാർമ്മികർ. അവരുടെ ഈ

www.malankaralibrary.com



പരസ്പരസമർപ്പണം "വലിയ രഹസ്യമാണ്" (എഫേ. 5:32) എന്നു വി. പൗലോസു പഠിപ്പിക്കുന്നു.

സമ്മതത്തിൻെറ വാക്കുകൾ, അങ്ങനെ ദമ്പതികളുടെ പൊതുനന്മയ്ക്കു സത്താപരമായിട്ടുള്ളതിനെ പ്രകാശിപ്പിക്കുന്നു. *ഭാവികുടുംബത്തിൻെറ പൊതുനന്മ* എന്തായിരിക്കണമെന്ന് അവ സൂചിപ്പിക്കുകയും ചെയ്യുന്നു. അതു പ്രകടമാക്കാനാണ് ദൈവം അവർക്കു നല്കുന്ന മക്കളെ സ്വീകരിക്കാനും ക്രിസ്ത്യാനികളായി അവരെ വളർത്താനും അവർ സന്നദ്ധരാണോ എന്നു ദമ്പതികളോടു സഭ ചോദിക്കുന്നത്. ഭാവികുടുംബഘടകത്തിൻെറ പൊതുനന്മയെ ഈ ചോദ്യം അനുസ്മരിപ്പിക്കുന്നു. വിവാഹത്തിൻെറയും കുടുംബത്തിൻെറ തന്നെയും ഭാഗമായ വ്യക്തികളുടെ ജന്മചരിത്രത്തെ വിളിച്ചറിയിക്കുന്ന ഒന്നാണത്. സ്നേഹത്തിൻെറയും ദാമ്പത്യാദരവിൻെറയും മരണംവരെയുള്ള വിശ്വസ്തതയുടെയും ആഘോഷപൂർവ്വകമായ വാഗ്ദാനത്തോടുകൂടിയ വിവാഹസമ്മതം കുട്ടികളെയും അവരുടെ വിദ്യാഭ്യാസത്തെയും സംബന്ധിക്കുന്ന ചോദ്യവുമായി അത്യഗാധമാംവിധം ബന്ധിക്കപ്പെട്ടിരിക്കുന്നു. കുട്ടികളെ സ്വീകരിക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്യുന്നു എന്നത് കുടുംബത്തിൻെറ രണ്ടു പ്രാഥമിക ലക്ഷ്യങ്ങളാണ്. ആ സമർപ്പണം എങ്ങനെ സാക്ഷാത്കരിക്കപ്പെടും എന്നതിനെ ആശ്രയിച്ചാണ് ആ ലക്ഷ്യങ്ങൾ നിലകൊള്ളുന്നത്. മാതൃത്വവും പിതൃത്വവും ഒരു കടമ ചുമത്തുന്നുണ്ട്. ആ കടമയാകട്ടെ കേവലം ശാരീരികമായ ഒന്നല്ല. പിന്നെയോ ആദ്ധ്യാത്മിക സ്വഭാവമുള്ളതാണ്. വാസ്തവത്തിൽ ഈ യാഥാർത്ഥ്യങ്ങളിലൂടെയാണ് വ്യക്തിയുടെ ജന്മചരിത്രം കടന്നുപോകുന്നത്. അതിൻെറ ശാശ്വതമായതുടക്കംദൈവത്തിലാണ്; അത് ദൈവത്തിലേക്കു നയിക്കുകയും വേണം.

കുടുംബവർഷം, കുടുംബങ്ങളെ സംബന്ധിച്ചു പ്രാർത്ഥനയുടെ ഒരു പ്രത്യേക വർഷമാണ്. ആ നിലയ്ക്ക്, ഈ സത്യങ്ങളെപ്പറ്റി ഓരോ കുടുംബത്തിനുമുള്ള ബോധ്യത്തെ പുതുക്കുകയും ആഴപ്പെടുത്തുകയും വേണം. ബൈബിൾസംബന്ധമായ ചിന്തകളുടെ എത്രയോ വലിയ സമ്പത്തുകൊണ്ട് ആ പ്രാർത്ഥനയെ വളർത്തുവാൻ കഴിയും! പ്രാർത്ഥനാപൂർണ്ണങ്ങളായ ആ ചിന്തകൾ, ദമ്പതികളായ മാതാപിതാക്കളുടെയും കുട്ടികളുടെയും പേരക്കിടാങ്ങളുടെയും വൈയക്തിക സ്മരണകളെ എപ്പോഴും ഉൾക്കൊണ്ടിരിക്കണം. വ്യക്തികളുടെ ജന്മചരി

www.malankaralibrary.com



ത്രത്തിലൂടെ, *ദാമ്പത്യക്കൂട്ടായ്മ തലമുറകളുടെ ഒരു കൂട്ടായ്മയായിത്തീരും.* ദൈവത്തിൻെറ മുൻപിൽ വച്ച് ഉടമ്പടികൊണ്ട് മുദ്രയടിക്കപ്പെട്ടതും കൂദാശപരവുമായ രണ്ടുദമ്പതികളുടെ ഐക്യം എന്നും നിലനില്ക്കുകയും തലമുറകൾ കടന്നുപോകുന്തോറും കൂടുതൽ കൂടുതൽ ശക്തി പ്രാപിക്കുകയും ചെയ്യും. അത് പ്രാർത്ഥനയിലുള്ള ഒരു ഐക്യമായിത്തീരണം. എന്നാൽ ഇതെല്ലാം കുടുംബവർഷത്തിൽ വ്യക്തമായി കാണപ്പെടുന്നതിന്, പ്രാർത്ഥന ഓരോ കുടുംബത്തിൻെറയും അനുദിനജീവിതത്തിലെ സ്ഥിരശീലമായിത്തീരണം. പ്രാർത്ഥന കൃതജ്ഞതാ പ്രകടനമാണ്, ദൈവത്തെ സ്തുതിക്കലാണ്, ക്ഷമ ചോദിക്കലാണ്, യാചിക്കലും സഹായത്തിനായി വിളിച്ചപേക്ഷിക്കലുമാണ്. ഈ രൂപങ്ങളിലെല്ലാം കുടുംബപ്രാർത്ഥനയ്ക്ക് ദൈവത്തോടു പലതും പറയുവാനുണ്ട്. മറ്റുള്ളവരോടും അതിന് ഏറെപ്പറയുവാനുണ്ട്. കുടുംബബന്ധങ്ങളാൽ ഒന്നിപ്പിക്കപ്പെട്ട വ്യക്തികളുമായുള്ള പരസ്പര കൂട്ടായ്മയിൽ അതു തുടരുന്നു.

സങ്കീർത്തകൻ ചോദിക്കുന്നു: "അങ്ങയുടെ ചിന്തയിൽ വരാൻ മാത്രം മർത്ത്യന് എന്തു മേന്മയുണ്ട്? (സങ്കീ. 8 :4). പ്രാർത്ഥനയാണ് സ്രഷ്ടാവും പിതാവും എന്ന നിലയിൽ ഉള്ള ദൈവത്തെക്കുറിച്ച് സ്മരിക്കുവാനുതകുന്ന ലളിതമായ സന്ദർഭം. അതിൽ മനുഷ്യൻ ദൈവത്തെ ഓർക്കുക മാത്രമല്ല *ദൈവം മനുഷ്യനെ ഓർക്കുകകൂടി* ചെയ്യുന്നു. സവിശേഷമാംവിധത്തിൽ അങ്ങനെ ചെയ്യുന്നു. അങ്ങനെ, ഒരു സമുദായമെന്ന നിലയിലുള്ള കുടുംബത്തിൻെറ പ്രാർത്ഥന, പൊതു സ്മരണയുടെയും പരസ്പര സ്മരണയുടെയും വേദിയാണ്. കുടുംബം യഥാർത്ഥത്തിൽ തലമുറകളുടെ ഒരു സമുദായമാണ്. പ്രാർത്ഥനയിൽ എല്ലാവരും സന്നിഹിതരായിരിക്കണം-ജീവിച്ചിരിക്കുന്നവരും മരിച്ചവരും ലോകത്തിലേക്കു വരാനുള്ളവരുമായ എല്ലാവരും. കുടുംബം അതിൻെറ എല്ലാ അംഗങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കണം. ഓരോ വ്യക്തിക്കും കുടുംബം ഒരു നന്മയാണെന്നും, ഓരോ വ്യക്തിയും കുടുംബത്തിനാകെ ഒരു നന്മയാണെന്നുമുള്ള കാഴ്ചപ്പാടോടെ അങ്ങനെ ചെയ്യണം. പ്രാർത്ഥന ഈ നന്മയെ വളർത്തുന്നു-പ്രത്യേകിച്ച് കുടുംബത്തിൻെറ പൊതുനന്മ എന്ന നിലയിൽ. കൂടാതെ, അത് ഈ നന്മയെ എന്നെന്നും പുതുതായി സൃഷ്ടിക്കുകയും ചെയ്യുന്നു. പ്രാർത്ഥനയിൽ കുടുംബം തന്നെത്തന്നെ ആദ്യത്തെ "ഞങ്ങൾ" ആയിക്കാ

www.malankaralibrary.com



ണുന്നു. ഓരോ അംഗവും ആ "ഞങ്ങളിൽ" "ഞാനും" "നീയും" ആയി ത്തീരുന്നു. ഓരോ അംഗവും മറ്റുള്ളവർക്കായിട്ടുള്ളവനാണ്. ഭാര്യയോ, ഭർത്താവോ, പിതാവോ, മാതാവോ, പുത്രനോ, പുത്രിയോ, സഹോദരനോ, സഹോദരിയോ, പിതാമഹന്മാരോ, പേരക്കിടാങ്ങളോ ആരായാലും അപ്രകാരമാണ്.

ഈ എഴുത്ത് ഏതെല്ലാം കുടുംബങ്ങളെ ഉദ്ദേശിച്ചെഴുതുന്നുവോ ആ കുടുംബങ്ങളെല്ലാം ഇപ്രകാരമാണോ? തീർച്ചയായും മിക്കതും അങ്ങനെയാണ്. എന്നാൽ നാം ജീവിക്കുന്ന ഇക്കാലത്ത് കുടുംബമെന്ന ഏകകത്തെ, രണ്ടുതലമുറകളായി പരിമിതപ്പെടുത്തുവാനുള്ള പ്രവണത കാണുന്നുണ്ട്. പ്രത്യേകിച്ച്, വലിയ നഗരങ്ങളിൽ അങ്ങനെ കാണുന്നു. പാർപ്പിടസൗകര്യം വളരെ പരിമിതമാകയാലാണത്. പക്ഷേ, പല തലമുറകൾ ഒന്നിച്ചുജീവിച്ചാൽ രഹസ്യജീവിതത്തിൽ പരസ്പരം ഇടപെടലുകളുണ്ടാവുകയും ജീവിതം ഏറ്റവും ദുഷ്ക്കരമാവുകയും ചെയ്യും എന്ന വിശ്വാസം കൊണ്ട് അങ്ങനെ ചെയ്യുന്നതായി പലപ്പോഴും കാണുന്നുണ്ട്. യഥാർത്ഥത്തിൽ അതല്ലേ പ്രശ്നം? കുടുംബങ്ങൾക്ക് ഇന്നു വളരെക്കുറച്ച് "മാനുഷിക" ജീവിതമേ ഉള്ളു. പൊതുനന്മയെ സൃഷ്ടിക്കുകയും അതു പങ്കുവയ്ക്കുകയും ചെയ്യാനുള്ള ആളുകളുടെ അഭാവം ഇന്നുണ്ട്. ആ നന്മ അതിന്റെ സ്വഭാവത്താൽ ത്തന്നെ ആവശ്യപ്പെടുന്നതാകട്ടെ, മറ്റുള്ളവരോടുകൂടെ സൃഷ്ടിക്കുകയും പങ്കിട്ട് അനുഭവിക്കുകയും ചെയ്യുക എന്നതാണ്. "നന്മ തന്റെ തന്നെ വിതരണം ആവശ്യപ്പെടുന്നു" (bonum est diffusivum sui).[24] നന്മ എത്ര കൂടുതൽ പൊതുവായിരിക്കുന്നുവോ അത്രകൂടുതൽ അതു സ്വന്തമായിരിക്കുകയും ചെയ്യും-എന്റേത്, നിങ്ങളുടേത്, ഞങ്ങളുടേത് എന്നിങ്ങനെ. നന്മയനുസരിച്ച് ജീവിക്കുന്നതിന്റെ പിന്നിൽ, സത്യത്തിലും സ്നേഹത്തിലും ജീവിക്കുന്നതിന്റെ പിന്നിൽ, നിലകൊള്ളുന്ന യുക്തി ഇതാണ്. ഈ യുക്തി അംഗീകരിക്കാനും അനുസരിക്കാനും മനുഷ്യനു സാധിച്ചാൽ അവന്റെ ജീവിതം യഥാർത്ഥത്തിൽ "ആത്മാർത്ഥമായ ഒരു ദാനമായിത്തീരും".

*ആത്മാർത്ഥമായ ആത്മദാനം*

11. മനുഷ്യൻ മാത്രമാണു മനുഷ്യനു വേണ്ടിത്തന്നെ ദൈവം സൃഷ്ടിച്ച ജീവി എന്നു ഉറപ്പിച്ചുപറഞ്ഞിട്ട് ഉടൻതന്നെ കൗൺസിൽ ഇങ്ങ

www.malankaralibrary.com



നെ പ്രസ്താവിക്കുന്നു: "ആത്മാർത്ഥമായ ആത്മദാനത്തിലൂടെയല്ലാതെ, തന്നെത്തന്നെ പൂർണ്ണമായി കണ്ടെത്താൻ മനുഷ്യനു കഴിയുകയില്ല."[25] ഇത് ഒരു വൈരുദ്ധ്യമായി (contradiction)-തോന്നിയേക്കാം. പക്ഷേ യഥാർത്ഥത്തിൽ വൈരുദ്ധ്യമല്ല. നേരെ മറിച്ച്, അത് മനുഷ്യാസ്തിത്വത്തിന്റെ മഹത്തായ വിരോധാഭാസ (paradox) മാണ്. സത്യത്തിലും സ്നേഹത്തിലും സേവനം ചെയ്യാൻ വിളിക്കപ്പെട്ട അസ്തിത്വമാണത്. ആത്മാർത്ഥമായ ആത്മദാനത്തിലൂടെ മനുഷ്യൻ സഫലീകരണം കണ്ടെത്താൻ സ്നേഹം കാരണമായിത്തീരുന്നു. സ്നേഹിക്കുക എന്നതിന്റെ അർത്ഥം, വാങ്ങാനോ വില്ക്കാനോ കഴിയാത്തതും സ്വതന്ത്രമായും തമ്മിൽത്തമ്മിലും നല്കപ്പെടാൻ മാത്രം കഴിയുന്നതുമായ എന്തെങ്കിലും നല്കുകയും സ്വീകരിക്കുകയും ചെയ്യുക എന്നതാണ്.

വ്യക്തിയുടെ ആത്മദാനം പ്രകൃത്യാ ശാശ്വതമാണ്. തിരിച്ചെടുക്കാനാവാത്തതുമാണ്. വിവാഹത്തിന്റെ അവിഭാജ്യത (indissolubility) ഒന്നാമതായി ആ ദാനത്തിന്റെ സാരാംശത്തിൽ നിന്നുതന്നെയാണുണ്ടാകുന്നത്. ഒരു വ്യക്തി മറ്റൊരു വ്യക്തിക്കു നല്കുന്ന ദാനം പരസ്പരമുള്ള ഈ ആത്മദാനം, സ്നേഹത്തിന്റെ ദാമ്പത്യപരമായ സ്വഭാവത്തെ വെളിവാക്കുന്നു. വിവാഹസമ്മതത്തിൽ വധുവും വരനും പരസ്പരം പേരു വിളിക്കുന്നു: "ഞാൻ ....നിന്നെ....എന്റെ ഭാര്യയായി (ഭർത്താവായി) സ്വീകരിക്കുന്നു. ജീവിതത്തിന്റെ എല്ലാദിവസവും നിന്നോടു വിശ്വസ്തത പുലർത്തുമെന്നു വാക്കുതരുകയും ചെയ്യുന്നു." ഇതുപോലുള്ള ഒരു ദാനം ഒരു ഉത്തരവാദിത്വമുളവാക്കുന്നു. അതാകട്ടെ, ഏതെങ്കിലും വിധത്തിൽ ഏതു വിലയ്ക്കും "വാങ്ങാവുന്ന" എന്തിനേക്കാളും ഗൗരവപൂർണ്ണവും അഗാധവുമാണ്. എല്ലാ പിതൃത്വവും മാതൃത്വവും പുറപ്പെടുത്തുന്ന പിതാവിന്റെ മുമ്പിൽ മുട്ടുകുത്തിക്കൊണ്ട്, തങ്ങൾ വീണ്ടെടുക്കപ്പെട്ടവരാണെന്നു ഭാവിമാതാപിതാക്കൾ മനസ്സിലാക്കുന്നു. അവർ വലിയ വിലകൊടുത്തു വാങ്ങിക്കപ്പെട്ടിരിക്കുന്നു. ആത്മദാനങ്ങളിൽ ഏറ്റവും ആത്മാർത്ഥമായ ആത്മദാനത്തിന്റെ വില കൊടുത്ത് വാങ്ങിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ രക്തമാണ് ആ വില. അവർ കൂദാശവഴി അതിൽ പങ്കുപറ്റുന്നു. വിവാഹം, ആശീർവ്വദിക്കൽ കർമ്മത്തിന്റെ മകുടമായിട്ടുള്ളത് കുർബാനയാണ്. "നല്കപ്പെടുന്ന ആ ശരീരത്തിന്റെയും", "ചൊരിയപ്പെട്ട ആ രക്തത്തിന്റെ

www.malankaralibrary.com



യും" യാഗമാണത്. അത്, ഒരു പ്രത്യേക വിധത്തിൽ, ദമ്പതികളുടെ സമ്മതപ്രകടനത്തിൽ പ്രകാശിതമാകുന്നുണ്ട്.

ഒരു പുരുഷനും ഒരു സ്ത്രീയും വിവാഹത്തിൽ, ഒറ്റശരീരമായിത്തീരുന്ന ഒന്നിക്കലിൽ, പരസ്പരം നല്കുകയും സ്വീകരിക്കുകയും ചെയ്യുമ്പോൾ, ആത്മാർത്ഥമായ ആത്മദാനത്തിൻെറ യുക്തി അവരുടെ ജീവിതത്തിൻെറ ഭാഗമായിത്തീരുന്നു. ഇത് ഇല്ലാതിരുന്നാൽ വിവാഹം ശൂന്യമായിരിക്കും. അതേസമയം, ഈ യുക്തിമേൽ പടുത്തുയർത്തപ്പെട്ട വ്യക്തികളുടെ കൂട്ടായ്മ, മാതാപിതാക്കളുടെ കൂട്ടായ്മയായിത്തീരുന്നു. ദമ്പതികൾ ഒരു ശിശുവിനു ജീവൻ നല്കുമ്പോൾ ഒരു പുതിയ മാനുഷിക "നീ" അവരുടെ "ഞങ്ങൾ" എന്ന ചക്രവാളത്തിൻെറ ഒരു ഭാഗമായിത്തീരുന്നു. ആ വ്യക്തിയെ അവർ പുതിയൊരു പേരുകൊണ്ടുവിളിക്കുന്നു-"ഞങ്ങളുടെ പുത്രൻ," "ഞങ്ങളുടെ പുത്രി" എന്നിങ്ങനെ. "കർത്താവിൻെറ സഹായത്താൽ എനിക്കു ഒരു മനുഷ്യനെ കിട്ടി (ഉത്പ. 4:1) എന്ന് ചരിത്രത്തിലെ പ്രഥമവനിതയായ ഹവ്വാ പറയുന്നു. ആദ്യം ഒമ്പതുമാസം പ്രതീക്ഷിക്കപ്പെടുകയും പിന്നീട്, മാതാപിതാക്കൾക്കും സഹോദരീസഹോദരന്മാർക്കും വെളിപ്പെടുകയും ചെയ്യുന്ന മനുഷ്യജീവിയാണത്. പുതിയ ആ ജീവി ഒരു "ദാനമായി" വെളിപ്പെടുത്തപ്പെടാം. ഗർഭധാരണം മുതൽ ജനനം വരെയുള്ള മാതൃഗർഭത്തിലെ വളർച്ചയുടെ കാലഘട്ടം അതു സാധ്യമാക്കാൻ ആവശ്യമായ സമയം നല്കുന്നുണ്ട്. യഥാർത്ഥത്തിൽ ആദിമുതലുള്ളത് ഇതാണ്. ദുർബലനും നിസ്സഹായനുമായിരിക്കുന്ന - പൂർണ്ണമായി മാതാപിതാക്കളെ ആശ്രയിക്കുകയും പൂർണ്ണമായി അവരെ ഏല്പിക്കപ്പെടുകയും ചെയ്തിരിക്കുന്ന - ഈ മനുഷ്യജീവിയെ മറ്റൊരുതരത്തിൽ കാണാൻ കഴിയുമോ? പുതുതായി ജനിച്ച കുട്ടി, അസ്തിത്വത്തിലേക്കുള്ള തൻെറ ആഗമനത്തിൻെറ യാഥാർത്ഥ്യം കൊണ്ടുതന്നെ, സ്വയം തൻെറ മാതാപിതാക്കൾക്കും നല്കുകയാണ്. അതിൻെറ അസ്തിത്വം പണ്ടേ ഒരു ദാനമായിത്തീർന്നിരിക്കുന്നു; *സ്രഷ്ടാവു സൃഷ്ടിക്കു നല്കുന്ന പ്രഥമദാനമായിത്തീർന്നിരിക്കുന്നു.*

*നവജാത ശിശുവിലാണു കുടുംബത്തിൻെറ പൊതുനന്മ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നത്.* പുതിയ ജീവനെ നല്കാനും സ്വീകരി

www.malankaralibrary.com



ക്കാനും എപ്പോഴും തയ്യാറായിട്ടുള്ള ദമ്പതികളുടെ ദാമ്പത്യസ്നേഹത്തിലാണ് അവരുടെ പൊതുനന്മ സാക്ഷാത്കരിക്കപ്പെടുന്നത്. അതുപോലെ കുടുംബത്തിൻെറ പൊതുനന്മയും അതേ ദാമ്പത്യസ്നേഹത്തിലുടെയാണ് സാക്ഷാത്കരിക്കപ്പെടുന്നത്. ആ സ്നേഹമാകട്ടെ പുതുതായി ജനിക്കുന്ന ശിശുവിൽ സമൂർത്തമായിത്തീരുന്നു. വ്യക്തിയുടെ ജന്മചരിത്രത്തിൻെറ ഭാഗം, കുടുംബത്തിൻെറ ജന്മചരിത്രമാണ്. അത് വരും തലമുറകൾക്കായി സഭയുടെ മാമ്മോദീസാ രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നു. അവ "ഒരു മനുഷ്യൻ ലോകത്തിലേക്കു പിറന്നു (യോഹ. 16:21) എന്ന യാഥാർത്ഥ്യത്തിൻെറ സാമൂഹിക പരിണതഫലം മാത്രമാണെങ്കിലും അപ്രകാരം ചെയ്യുന്നു.

എന്നാൽ, പുതിയ മനുഷ്യജീവി അവൻെറ മാതാപിതാക്കൾക്കുള്ള ഒരു ദാനമാണ് എന്നതു യഥാർത്ഥമാണോ? സമൂഹത്തിനുള്ള ഒരു ദാനമല്ലേ? അതിൻെറ സൂചനയൊന്നും വ്യക്തമല്ല. ഒരു കുട്ടിയുടെ ജനനം ആ സന്ദർഭത്തിൽ സ്ഥിതി വിവരക്കണക്കു സംബന്ധമായ ഒരു വസ്തുതയായി കാണപ്പെടുന്നു. ജനസംഖ്യാപരമായ റിക്കാർഡുകളിൽ മറ്റ് അനേകം സംഗതികളെപ്പോലെ തന്നെ അതും രേഖപ്പെടുത്തുന്നു. ഒരു കുട്ടിയുടെ ജനനം മൂലം മാതാപിതാക്കൾ കുടുതൽ അദ്ധ്വാനിക്കേണ്ടിവരുന്നു. കൂടുതൽ സാമ്പത്തികഭാരമുണ്ടാകുന്നു. അസൗകര്യങ്ങൾ വർദ്ധിക്കുന്നു. മറ്റൊരു കുട്ടിവേണ്ട എന്ന പ്രലോഭനത്തിലേക്ക് നയിക്കാൻ ഇവയ്ക്കെല്ലാം കഴിയും.[26] ചില സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളിൽ ഈ പ്രലോഭനം വളരെ ശക്തമായേക്കും. ശിശു ഒരു ദാനമല്ലെന്നാണോ ഇതിൻെറ അർത്ഥം? ശിശു ലോകത്തിലേക്കുവരുന്നത് സ്വീകരിക്കാൻ മാത്രമാണ് നല്കാൻ വേണ്ടിയല്ല എന്നാണോ ഇതിൻെറ അർത്ഥം? ഇന്നത്തെ മനുഷ്യർ കണ്ടുമുട്ടുന്ന അസ്വാസ്ഥ്യജനകങ്ങളായ ചില ചോദ്യങ്ങളാണിവ. അവർക്കു അവയിൽ നിന്നു ഒഴിഞ്ഞുമാറാൻ പ്രയാസമാണ്. ലോകത്തിൽ സ്ഥലം കുറഞ്ഞു വരുന്നുവെന്നു തോന്നുമ്പോൾ, സ്ഥലം സ്വീകരിക്കാൻ ഒരു കുട്ടി ജനിക്കുന്നു! പക്ഷേ, ശിശു കുടുംബത്തിനും, സമൂഹത്തിനും യാതൊന്നും കൊണ്ടുവരുന്നില്ലെന്നുപറയുന്നത് യഥാർത്ഥത്തിൽ സത്യമാണോ? ഓരോ ശിശുവും പൊതുനന്മയുടെ ഒരു അംശമല്ലേ? ആ പൊതുനന്മയില്ലെങ്കിൽ മനുഷ്യസമൂഹങ്ങൾ തകരുകയി

www.malankaralibrary.com



ല്ലേ? നശിക്കുക എന്ന അപകടസാദ്ധ്യതയിലെത്തുകയുമില്ലേ? ഈ വസ്തുത നിഷേധിക്കാനാവുമോ? ശിശു തൻെറ സഹോദരന്മാർക്കും സഹോദരിമാർക്കും മാതാപിതാക്കൾക്കും കുടുംബത്തിനുമുഴുവനും ഒരു ദാനമായിത്തീരുന്നു. ശിശുവിൻെറ ജീവൻ ആ ജീവൻ നല്കിയവർക്കുതന്നെ ഒരു ദാനമായിത്തീരുന്നു. അവൻെറ സാന്നിദ്ധ്യവും അവരുടെ ജീവിതത്തിലുള്ള അവൻെറ പങ്കുപറ്റലും അവരുടെയും കുടുംബസമുദായത്തിൻെറയും പൊതുനന്മയ്ക്ക് അവൻ നല്കുന്ന സംഭാവനയും അവർക്ക് അനുഭവിച്ചറിയാതിരിക്കാനാവുകയില്ല. ഈ സത്യം ലളിതവും അഗാധവും സുവ്യക്തവുമാണ്. ചില വ്യക്തികളുടെ മാനസികാവസ്ഥയുടെ സങ്കീർണ്ണതയും സാധ്യമായ മാനസികരോഗാത്മകതയും എന്തൊക്കെയായാലും അത് അപ്രകാരമാണ്. *സമൂഹത്തിൻെറ മുഴുവനും പൊതുനന്മ മനുഷ്യനിലാണു നിലകൊള്ളുന്നത്.* നാം അനുസ്മരിച്ചതുപോലെ അവനാണ് "സഭയുടെ മാർഗ്ഗം." [27] മനുഷ്യൻ ഒന്നാമതായി, "ദൈവത്തിൻെറ മഹത്വ"മാണ്. വി. ഇറനേവൂസിൻെറ സുപ്രസിദ്ധമായ വാക്കുകളിൽ "ജീവിക്കുന്ന മനുഷ്യൻ ദൈവത്തിൻെറ മഹത്വമാണ് (Gloria Dei vivens homo).[28] അദ്ദേഹത്തിൻെറ വാക്കുകളെ "ദൈവത്തിൻെറ മഹത്വം മനുഷ്യനെ സംബന്ധിച്ചിടത്തോളം ജീവനുള്ളവനായിരിക്കുക എന്നാണ്" എന്നിങ്ങനെയും വിവർത്തനം ചെയ്യാം. മനുഷ്യനെപ്പറ്റിയുള്ള പരമോത്കൃഷ്ടമായ നിർവചനം നാം ഇവിടെ കണ്ടുമുട്ടുന്നു എന്നുപറയാം. *ദൈവത്തിൻെറ മഹത്വമെന്നത് അസ്തിത്വമുള്ള എല്ലാത്തിൻെറയും പൊതു നന്മയാണ്*, മനുഷ്യവംശത്തിൻെറ പൊതുനന്മയാണ്.

അതേ, മനുഷ്യൻ ഒരു പൊതുനന്മയാണ്. കുടുംബത്തിൻെറയും മനുഷ്യവംശത്തിൻെറയും വ്യക്തികളുടെ ഗ്രൂപ്പുകളുടെയും വ്യത്യസ്ത സമൂഹങ്ങളുടെയും പൊതുനന്മയാണ്. പക്ഷേ, അതിൻെറ അളവിലും രീതിയിലും ശ്രദ്ധേയമായ വ്യത്യാസങ്ങളുണ്ട്. ഉദാഹരണമായി, മനുഷ്യൻ തൻെറ ദേശത്തിൻേറയും തനിക്കു പൗരത്വമുള്ള രാഷ്ട്രത്തിൻെറയും ഒരു പൊതുനന്മയാണ്. എന്നാൽ, കൂടുതൽ വസ്തുനിഷ്ഠവും അനന്യവും ആവർത്തനക്ഷമമല്ലാത്തതുമായ രീതിയിൽ അവൻ സ്വന്തം കുടുംബത്തിൻെറ ഒരു പൊതുനന്മയാണ്. മനുഷ്യജാതിയാകുന്ന സഞ്ചയത്തിൻെറ ഭാഗമായ വ്യക്തി എന്ന നിലയിൽ മാത്രമല്ല പിന്നെയോ "ഈ വ്യക്തി" എന്ന നിലയിലും അവൻ അപ്രകാ

www.malankaralibrary.com



രമാണ്". സ്രഷ്ടാവായ ദൈവം "അവനുവേണ്ടിത്തന്നെ" അവനെ അസ്തിത്വത്തിലേക്കു വിളിക്കുന്നു. ലോകത്തിലേക്കു വന്ന്, കുടുംബത്തിൽ അവൻെറ മഹത്തായ സാഹസിക യത്നം" - മനുഷ്യജീവിതമാകുന്ന സാഹസികത - തുടങ്ങുന്നു. "ഈ മനുഷ്യനു" തൻെറ മാനുഷികമഹത്വത്തിൻെറ അടിസ്ഥാനത്തിൽ തൻെറ സാഫല്യം കണ്ടെത്താനുള്ള അവകാശം ഓരോ കാര്യത്തിലുമുണ്ട്. ഈ മഹത്വമാണ്, ഒരു വ്യക്തിക്കു മറ്റുള്ളവരുടെയിടയിലും സർവ്വോപരി, കുടുംബത്തിലും ഒരു സ്ഥാനം വ്യവസ്ഥാപിതമാക്കുന്നത്. ആത്മാർത്ഥമായ ആത്മദാനത്തിലൂടെ ഒരു വ്യക്തിക്ക് "തനിക്കുവേണ്ടിത്തന്നെ" ഉണ്മയിൽ നിലനില്ക്കാനാവുന്നത് മറ്റേതൊരു മാനുഷിക യാഥാർത്ഥ്യത്തിലുമെന്നതിലേറെ, കുടുംബത്തിലാണ്. അതുകൊണ്ടാണു കുടുംബം പകരം വയ്ക്കാനാവാത്തതും പകരം വയ്ക്കരുതാത്തതുമായ ഒരു സാമൂഹിക സ്ഥാപനമായി നിലനില്ക്കുന്നത്. അതു "ജീവൻെറ വിശുദ്ധാഗാരമാണ്" [29]

ഒരു കുട്ടി ജനിക്കുന്നു എന്നത് - ഒരു കുട്ടി ലോകത്തിലേക്കു പിറക്കുന്നു എന്നത് (യോഹ. 16 : 21) - *പെസഹാരഹസ്യപരമായ ഒരു അടയാളമാണ്.* യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ നാം വായിക്കുന്നതുപോലെ യേശു തന്നെ തൻെറ പീഡാസഹനത്തിൻെറയും മരണത്തിൻെറയും മുമ്പിൽ ശിഷ്യന്മാരോട് ഇതിനെപ്പറ്റി പറയുന്നുണ്ട്. തൻെറ വേർപാടിൽ ശിഷ്യന്മാർക്കുണ്ടാകുന്ന ദുഃഖത്തെ, പ്രസവവേദനയനുഭവിക്കുന്ന സ്ത്രീയുടെ ദുഃഖത്തോടു താരതമ്യപ്പെടുത്തിക്കൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. "സ്ത്രീക്കു പ്രസവവേദന ആരംഭിക്കുമ്പോൾ അവളുടെ മണിക്കൂർ വന്നതുകൊണ്ട് അവൾക്കു ദുഃഖമുണ്ടാകുന്നു (അതായത് അവൾ പീഡയനുഭവിക്കുന്നു). എന്നാൽ ശിശുവിനെ പ്രസവിച്ചു കഴിയുമ്പോൾ ഒരു മനുഷ്യൻ ലോകത്തിൽ ജനിച്ചതുകൊണ്ടുള്ള സന്തോഷംമൂലം ആ തീവ്രവേദന പിന്നീട് ഒരിക്കലും അവൾ ഓർമ്മിക്കുന്നില്ല (യോഹ. 16 : 21). ക്രിസ്തുവിൻെറ മരണത്തിൻെറ മണിക്കൂറിനെ (യോഹ. 13 : 1) പ്രസവവേദനയനുഭവിക്കുന്ന സ്ത്രീയുടെ "മണിക്കൂറി"നോട് ഇവിടെ താരതമ്യപ്പെടുത്തുന്നു. കർത്താവിൻെറ പുനരുത്ഥാനംവഴി മരണത്തിന്മേൽ ജീവൻ നേടിയ വിജയത്തെ, ഒരു നവശിശുവിൻെറ ജനനം പൂർണ്ണമായി പ്രതിഫലിപ്പിക്കുന്നു. പരിചിന്തനത്തിനുള്ള വക

www.malankaralibrary.com



നമുക്കു നല്കുവാൻ ഈ താരതമ്യത്തിനു കഴിയും. യേശുക്രിസ്തുവിൻെറ പുനരുത്ഥാനം, മരണത്തിൻെറ പടിവാതിലിനപ്പുറത്തുള്ള ജീവൻെറ വെളിപ്പെടലാണ്. അതുപോലെ ഒരു ശിശുവിൻെറ ജനനവും ജീവൻെറ വെളിപ്പെടലാണ്. ആ ജീവനാകട്ടെ, "ദൈവത്തിലുള്ള ജീവൻെറ പൂർണ്ണതയ്ക്കായി, ക്രിസ്തുവിലൂടെ, എപ്പോഴും നിയോഗിക്കപ്പെട്ടിട്ടുള്ളതാണ്:" "ഞാൻ വന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ. 10 : 10). ജീവിക്കുന്ന മനുഷ്യൻ ദൈവത്തിൻെറ മഹത്വമാണ് (Gloria Dei Vivens homo) എന്ന വി. ഇറനേവൂസിൻെറ പ്രയോഗത്തിൻെറ അഗാധതമമായ അർത്ഥം ഇവിടെ വെളിപ്പെടുന്നതായി നാം കാണുന്നു.

ആത്മദാനം കൂടാതെ വ്യക്തിക്കു തന്നെത്തന്നെ പൂർണ്ണമായി കണ്ടെത്താൻ കഴിയുകയില്ല. ഈ ആത്മദാനത്തെ സംബന്ധിച്ച സുവിശേഷ സത്യമാണ്, "ആത്മാർത്ഥമായ ഈ ആത്മദാനം" സ്രഷ്ടാവും രക്ഷകനുമായ ദൈവത്തിലും പരിശുദ്ധാത്മാവിൻെറ വരപ്രസാദത്തിലും എത്ര അഗാധമായി വേരുറച്ചിരിക്കുന്നു എന്നു മനസ്സിലാക്കുവാൻ സഹായിക്കുന്നത്. പരിശുദ്ധാത്മാവിൻെറ വരപ്രസാദം ദമ്പതികളിൽ ചൊരിയണമേ എന്ന് കാർമ്മികൻ വിവാഹാശീർവ്വാദകർമ്മത്തിൽ പ്രാർത്ഥിക്കുന്നുണ്ട്. അത്തരമൊരു "നിർഗളിപ്പിക്കൽ" കൂടാതെ ഇതെല്ലാം മനസ്സിലാക്കാനും മനുഷ്യൻെറ ദൈവവിളി എന്ന നിലയിൽ അതു നിർവഹിക്കാനും വളരെ പ്രയാസമാണ്. എന്നിട്ടും ഉൾക്കാഴ്ചയോടെ ഇത് മനസ്സിലാക്കുന്ന എത്രപേരുണ്ട്! അനേകം സ്ത്രീപുരുഷന്മാർ ഈ സത്യത്തെ സ്വാംശീകരിക്കുന്നുണ്ട്. തങ്ങൾ "സത്യവും ജീവനും" (യോഹ. 14 : 6) കണ്ടുമുട്ടുന്നത് ഈ സത്യത്തിൽ മാത്രമാണെന്നു തിരിച്ചറിയുന്നതുകൊണ്ടാണ് അവർ അപ്രകാരം ചെയ്യുന്നത്. ഈ സത്യത്തെക്കൂടാതെ, ദമ്പതികളുടെയും കുടുംബത്തിൻെറയും ജീവിതം പൂർണ്ണമായ ഒരു മാനുഷികാർത്ഥം നേടുന്നതിൽ പരാജയപ്പെടും.

അതുകൊണ്ടാണ് ഈ സത്യം പഠിപ്പിക്കുന്നതിലും അതിനു സാക്ഷ്യം വഹിക്കുന്നതിലും സഭ ഒരിക്കലും ക്ഷീണം പ്രദർശിപ്പിക്കാതിരിക്കുന്നത്. കുടുംബങ്ങൾ അനുഭവിക്കുന്ന സങ്കീർണ്ണങ്ങളായ വിഷമഘട്ടങ്ങളുടെ സാഹചര്യങ്ങളെ സഭ മാതൃഹൃദയത്തോടെ തീർച്ചയാ

www.malankaralibrary.com



യും മനസ്സിലാക്കുന്നുണ്ട്. ഓരോ മനുഷ്യൻെറയും ധാർമ്മിക ദുർബലതയെയും മനസ്സിലാക്കുന്നുണ്ട്. അതേസമയം മാനുഷിക സ്നേഹത്തെ സംബന്ധിച്ച സത്യത്തോടു തികച്ചും വിശ്വസ്തത പുലർത്തണമെന്ന കാര്യത്തിൽ സഭയ്ക്ക് അവബോധവുമുണ്ട്. അങ്ങനെ ചെയ്തില്ലെങ്കിൽ സഭ സ്വയം ഒറ്റിക്കൊടുക്കുകയായിരിക്കും ചെയ്യുന്നത്. രക്ഷാകരമായ ഈ സത്യത്തിൽ നിന്ന് അകന്നുപോകുക എന്നതിൻെറ അർത്ഥം "നമ്മുടെ ഹൃദയങ്ങളുടെ കണ്ണുകളെ" (എഫേ. 1 : 18) അടയ്ക്കുക എന്നതാണ്. മാനുഷിക കാര്യങ്ങളിൽ സുവിശേഷം ചൊരിയുന്ന പ്രകാശത്തിലേക്ക് അവ എപ്പോഴും തുറന്നാണിരിക്കേണ്ടത് (2 തിമോ. 1 : 10). പുരോഗതിയുടെ തെറ്റായ നാഗരികതയ്ക്കുവേണ്ടി വാദിക്കുന്നവരുടെ ഭാഗത്തുനിന്നു സഭ ഗൗരവാവഹമായ എതിർപ്പു നേരിടുന്നുണ്ട്.[30] മനുഷ്യൻ തന്നെത്തന്നെ കണ്ടെത്തുന്നതിൻെറ ഉപാധിയായിരിക്കുന്ന ആത്മാർത്ഥമായ ആത്മദാനത്തെപ്പറ്റിയുള്ള ബോധത്തെ, അത്തരക്കാരുടെ മുമ്പിൽ നിരന്തരം പുതുക്കുകയും സംരക്ഷിക്കുകയും വേണം. കുടുംബം എപ്പോഴും മനുഷ്യവംശത്തിൻെറ നന്മയുടെ പുതിയൊരു മാനത്തെ പ്രകാശിപ്പിക്കുന്നുണ്ട്. അത് അങ്ങനെ പുതിയ ഉത്തരവാദിത്വത്തെ സൃഷ്ടിക്കുന്നുമുണ്ട്. വ്യക്തിയുടെയും കുടുംബസമുദായത്തിലെ ഓരോ അംഗത്തിൻെറയും നന്മയെ ഉൾക്കൊള്ളുന്ന സവിശേഷമായ ആ പൊതുനന്മയെപ്പറ്റിയുള്ള ഉത്തരവാദിത്വത്തെക്കുറിച്ചാണ് നാം പറയുന്നത്. തീർച്ചയായും ആ നന്മ പ്രയാസമുള്ളതാണ്. (Bonum arduum) എന്നാലും അത് ആകർഷകവുമാണ്.

### *ഉത്തരവാദിത്വപൂർണ്ണമായ പിതൃത്വവും മാതൃത്വവും*

12. കുടുംബങ്ങൾക്കുള്ള ഈ എഴുത്തിൽ അവഗാഢം ബന്ധപ്പെട്ട രണ്ടു പ്രശ്നങ്ങളെപ്പറ്റി ഇനി ചർച്ചചെയ്യാം. ഒന്നാമത്തെ പ്രശ്നം കൂടുതൽ പൊതുവായിട്ടുള്ളതാണ്. സ്നേഹനാഗരികത എന്ന പ്രശ്നമാണത്. മറ്റേത് കൂടുതൽ സവിശേഷമായിട്ടുള്ളതാണ്-ഉത്തരവാദിത്വപൂർണ്ണമായ പിതൃത്വവും മാതൃത്വവുമെന്ന വിഷയമാണത്.

ഒന്നാമതായി ദമ്പതികളുടേതും പിന്നീട് കുടുംബത്തിൻേറതുമായ പൊതുനന്മയ്ക്കുവേണ്ടിയുള്ള സവിശേഷമായ ഒരു ഉത്തരവാദിത്വത്തെ വിവാഹം സൃഷ്ടിക്കുന്നുവെന്നു നാം പറഞ്ഞുകഴിഞ്ഞു. ഈ പൊതുനന്മ മനുഷ്യൻ സൃഷ്ടിക്കുന്നതാണ്. തൻെറ വ്യക്തിത്വത്തി

www.malankaralibrary.com



ൻെറ യോഗ്യതകൊണ്ടും, തൻെറ മഹത്വത്തിൻെറ അളവിനെ സൂചിപ്പിക്കുന്ന എല്ലാംകൊണ്ടുമാണ് അവൻ അതു സൃഷ്ടിക്കുന്നത്. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ എല്ലാ സമ്പ്രദായങ്ങളിലും ഈ യാഥാർത്ഥ്യം മനുഷ്യൻെറ ഒരു ഭാഗമാണ്. വിവാഹത്തിൻെറയും കുടുംബത്തിൻെറയും മണ്ഡലത്തിൽ, വ്യത്യസ്തകാരണങ്ങളാൽ, ഈ ഉത്തരവാദിത്വം കൂടുതൽ, "ആവശ്യങ്ങൾ ഉന്നയിക്കുന്നതാണ്." അജപാലന പ്രമാണരേഖയായ ഗാവുദിയും ഏത്ത് സ്പെസ് ("സഭ ആധുനിക ലോകത്തിൽ"), "വിവാഹത്തിൻെറയും കുടുംബത്തിൻെറയും, മഹത്വത്തെ വളർത്തുന്നതിനെ"പ്പറ്റി ശരിയായിത്തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഈ വളർത്തൽ സഭയുടെയും രാഷ്ട്രത്തിൻെറയും ചുമതലയായിട്ടാണു കൗൺസിൽ കാണുന്നത്. എന്നിരുന്നാലും, ഓരോ സംസ്കാരത്തിലും ഈ കടമ ഒന്നാമതായി വ്യക്തികളുടെതാണ്-വിവിഹാത്തിൽ ഒന്നിക്കുകയും പ്രത്യേകമായ ഒരു കുടുംബം രൂപപ്പെടുത്തുകയും ചെയ്യുന്ന വ്യക്തികളുടെ കടമ. "ഉത്തരവാദിത്വപൂർണ്ണമായ പിതൃത്വവും മാതൃത്വവും" എന്നത്, ഈ കടമ നിർവഹിക്കാനുള്ള സവിശേഷമായ ഒരു സമർപ്പണത്തെ വ്യക്തമാക്കുന്നു. സമകാലീന ലോകത്തിൽ ആ കടമ പുതിയ സവിശേഷതകൾ പ്രാപിച്ചിട്ടുണ്ട്.

പ്രത്യേകമായി, ഉത്തരവാദിത്വപൂർണ്ണമായ പിതൃത്വവും മാതൃത്വവും, സ്ത്രീയും പുരുഷനും ഒന്നായി, ഒരു ശരീരമായിത്തീർന്ന്, മാതാപിതാക്കളാകാൻ കഴിയുന്ന ആ നിമിഷത്തെ നേരിട്ടുസംബന്ധിക്കുന്നതാണ്. അത് സവിശേഷമൂല്യമുള്ള നിമിഷമാണ്. അവരുടെ വ്യക്തിപരമായ പരസ്പരബന്ധത്തെയും ജീവന് അവർ നല്കുന്ന സേവനത്തെയും സംബന്ധിച്ച് അത് അപ്രകാരം ഉള്ളതാണ്. അവർക്കു മാതാപിതാക്കളാകാൻ കഴിയുന്നു; ഒരു പുതിയ മനുഷ്യജീവിക്കു അസ്തിത്വം പകർന്നുകൊണ്ട് അപ്പനും അമ്മയുമാകാൻ കഴിയുന്നു. ദാമ്പത്യബന്ധത്തിനു രണ്ടുമാനങ്ങളുണ്ട് - ഒന്ന് ഐക്യത്തിൻേറതും മറ്റേതു ജനിപ്പിക്കലിൻേറതും. അവ കൃത്രിമമായി വേർതിരിക്കാൻ സാധ്യമല്ല. അങ്ങനെ ചെയ്താൽ ദാമ്പത്യകർമ്മത്തിൻെറ അഗാധതമമായ സത്യത്തെത്തന്നെ അതു തകർക്കും.[31]

ഇതാണു സഭയുടെ സ്ഥിരമായ പ്രബോധനം. ആ പ്രബോധനത്തെ വീണ്ടും ശക്തിയോടെ ഉറപ്പിച്ചുപറയാൻ "ഇന്നത്തെ കാലത്തിൻെറ അടയാളങ്ങൾ" പുതിയ കാരണങ്ങൾ കൊണ്ടുവരുന്നുണ്ട്.

www.malankaralibrary.com



സമകാലീനമായ അജപാലകപ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ട വി. പൗലോസ്, സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും ഉണർന്നു പ്രവർത്തിക്കണം (2 തിമോ. 4 : 2) എന്നും ശരിയായ പ്രബോധനം ഇഷ്ടപ്പെടാതെ വന്നു എന്നതുകൊണ്ടു ധൈര്യം കൈവെടിയരുത് എന്നും വ്യക്തമായും ശക്തിയുക്തമായും പ്രസ്താവിച്ചിട്ടുണ്ട്. (2 തിമോ. 4 : 3). സമകാലീന ലോകത്തിലെ സംഭവങ്ങളെ ദർശനാത്മക ശക്തിയോടെ ഗ്രഹിക്കുന്നവർക്ക് അദ്ദേഹത്തിന്റെ വാക്കുകൾ നന്നായിട്ടറിയാം. സഭ ശരിയായ സിദ്ധാന്തം ഉപേക്ഷിക്കുകയില്ലെന്നു മാത്രമല്ല, നവീകൃതശക്തിയോടെ അതു വീണ്ടും ഉറപ്പിച്ചു പ്രസ്താവിക്കുമെന്നുകൂടി അവർ പ്രതീക്ഷിക്കുന്നു. ഇന്നത്തെ "കാലത്തിന്റെ അടയാളങ്ങളിൽ" തന്റെ പ്രബോധനത്തിന്റെ അഗാധതരമായ അറിവിലേക്കു നയിക്കാൻ കഴിയുന്ന പ്രചോദനവും ഉൾക്കാഴ്ചയും അന്വേഷിച്ചുകൊണ്ടു സഭ അപ്രകാരം ചെയ്യണമെന്ന് അവർ പ്രതീക്ഷിക്കുന്നു.

ഈ ഉൾക്കാഴ്ചകളിൽ ചിലത് നരവംശത്തെപ്പറ്റിയുള്ള ആദിമകാല പഠനത്തിൽ നിന്നുതന്നെ - ജീവശാസ്ത്രം, മനഃശാസ്ത്രം, സാമൂഹികശാസ്ത്രം അവയുടെ ശാഖകൾ എന്നിങ്ങനെ വികസിച്ച നരവംശശാസ്ത്രത്തിൽ നിന്നുതന്നെ-സ്വീകരിക്കാവുന്നതാണ്. ഒരർത്ഥത്തിൽ ഈ ശാസ്ത്രങ്ങളെല്ലാം ചികിത്സയെ ആശ്രയിച്ചാണു പരിവർത്തനംചെയ്യുന്നത്. അതാകട്ടെ മനുഷ്യന്റെ ജീവനും ആരോഗ്യത്തിനും സേവനം ചെയ്യുന്ന ഒരു ശാസ്ത്രവും കലയും (ars medica) ആണ്. എന്നാൽ ഇവിടെ പറയുന്ന ഉൾക്കാഴ്ചകൾ ഒന്നാമതായി, മനുഷ്യന്റെ അനുഭവത്തിൽ നിന്നാണുണ്ടാകുന്നത്. അത്, അതിന്റെ സർവ്വസങ്കീർണ്ണതകളോടുംകൂടി ഒരർത്ഥത്തിൽ, ഒരേ സമയത്ത് ശാസ്ത്രത്തിനു മുമ്പേ പോവുകയും അതിനെ പിന്തുടരുകയും ചെയ്യുന്നു.

ദമ്പതികൾ സ്വന്തം ജീവിതാനുഭവങ്ങളിലൂടെ ഉത്തരവാദിത്വപൂർണ്ണമായ പിതൃത്വത്തിന്റെയും മാതൃത്വത്തിന്റെയും അർത്ഥം പഠിക്കുന്നു. അവരുടേതുപോലുള്ള സാഹചര്യങ്ങളിൽക്കഴിയുന്ന മറ്റു ദമ്പതികളുടെ അനുഭവങ്ങളിൽ നിന്നും അവർ പഠിക്കുന്നുണ്ട്. വിവിധ ശാസ്ത്രങ്ങളുടെ കണ്ടെത്തലുകളോടു കൂടുതൽ താത്പര്യമുള്ളവരായിത്തീരുമ്പോഴും അതുതന്നെ സംഭവിക്കുന്നു. ഒരർത്ഥത്തിൽ "വിദഗ്ദ്ധന്മാർ" ദമ്പതികളിൽ നിന്നു പഠിക്കുന്നു എന്നുപറയാം.

www.malankaralibrary.com



ഉത്തരവാദിത്വപൂർണ്ണമായ സന്താനോത്പാദനത്തെയും അതു നേടുവാനുള്ള വഴികളെയും കുറിച്ച് വിവാഹിതരായ ദമ്പതികളെ പഠിപ്പിക്കുവാൻ അവർ അങ്ങനെ കൂടുതൽ പ്രാപ്തരായിത്തീരുകയും ചെയ്യും.

ഈ വിഷയം, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകളിലും, മനുഷ്യജീവൻ (Humanae Vitae) എന്ന ചാക്രിക ലേഖനത്തിലും 1980-ലെ മെത്രാന്മാരുടെ സിനഡിന്റെ നിർദ്ദേശങ്ങളിലും (Propositiones) കുടുംബം ഒരു കൂട്ടായ്മ (Familiaris Consortio) എന്ന അപ്പസ്തോലികാഹ്വാനത്തിലും, വിശ്വാസസത്യ തിരുസംഘത്തിന്റെ ജീവദാനം (Donum Vitae) എന്ന നിർദ്ദേശം വരെയുള്ള മറ്റു പ്രസ്താവനകളിലും വിപുലമായ തോതിൽ പ്രതിപാദിച്ചിട്ടുണ്ട്. സഭ ഉത്തരവാദിത്വപൂർണ്ണമായ പിതൃത്വത്തെയും മാതൃത്വത്തെയും കുറിച്ചുള്ള ധാർമ്മിക സത്യത്തെപ്പറ്റി പഠിപ്പിക്കുന്നു. അതുപോലെതന്നെ, ഇന്നു വ്യാപകമായി പ്രചരിക്കുന്ന തെറ്റായ വീക്ഷണങ്ങളിൽ നിന്നും പ്രവണതകളിൽ നിന്നും അതിനെ സംരക്ഷിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടാണു സഭ ഇങ്ങനെ തുടർന്നു ചെയ്യുന്നത്? ഈ മണ്ഡലത്തിൽ ആനുകൂല്യങ്ങൾ അനുവദിക്കാൻ അവളെ ഉപദേശിക്കുന്നവരും, ഭീഷണി കൊണ്ടല്ലെങ്കിലും അനർഹമായ സമ്മർദ്ദംവഴി അവളെ അതിനു പ്രേരിപ്പിക്കാൻ പരിശ്രമിക്കുന്നവരും ഉന്നയിക്കുന്ന പ്രശ്നങ്ങളെ അവൾ അറിയുന്നില്ലേ? കാലത്തിനൊത്തു ഉയരുന്നില്ലെന്നും, ആധുനികയുഗത്തിന്റെ പ്രചോദനങ്ങൾക്ക് എതിരെ കണ്ണടക്കുന്നുവെന്നും സഭയുടെ പ്രബോധനാധികാരം പലപ്പോഴും അധിക്ഷേപിക്കപ്പെടുന്നുണ്ട്. യഥാർത്ഥത്തിൽ, മനുഷ്യജാതിക്കും സഭയ്ക്കു തന്നെയും വിനാശകരമായ ഒരു പ്രവർത്തനരീതിയെ വളർത്തുന്നുവെന്നാണ് അവരുടെ ആക്ഷേപം! സഭ സ്വന്തം നിലപാടുകളിൽ നിർബന്ധം പിടിക്കുകയും, പൊതുജനസമ്മതി നഷ്ടപ്പെടുത്തുകയും, അങ്ങനെ കൂടുതൽ കൂടുതൽ ആളുകൾ സഭ വിട്ടുപോവുകയും ചെയ്യുന്നുവെന്നു പറയപ്പെടുന്നു.

എന്നാൽ, സഭ, പ്രത്യേകിച്ച് മാർപാപ്പയോട് ഐക്യത്തിൽക്കഴിയുന്ന മെത്രാൻ സംഘം, ഇത്ര ഗൗരവപൂർണ്ണവും അടിയന്തിര സ്വഭാവമുള്ളതുമായ പ്രശ്നങ്ങളെ ഗ്രഹിക്കുന്നില്ലെന്ന് എങ്ങനെ പറയാനാകും? പോൾ ആറാമൻ മാർപാപ്പയെ മനുഷ്യജീവൻ എന്ന ചാക്രിക

www.malankaralibrary.com



ലേഖനം പ്രസിദ്ധീകരിക്കാൻ പ്രേരിപ്പിച്ചത് അങ്ങേയറ്റം പ്രധാനപ്പെട്ട ഈ പ്രശ്നങ്ങളായിരുന്നു. ഉത്തരവാദിത്വപൂർണ്ണമായ പിതൃത്വത്തെയും മാതൃത്വത്തെയും സംബന്ധിച്ച സഭയുടെ സിദ്ധാന്തത്തിന്റെ അടിത്തറകൾ സവിശേഷമാംവിധം വിശാലവും സുരക്ഷിതവുമാണ്. കൗൺസിൽ സർവ്വോപരി, മനുഷ്യനെപ്പറ്റിയുള്ള അതിന്റെ പ്രബോധനത്തിൽ ഇതു തെളിയിക്കുന്നുണ്ട്. "മനുഷ്യൻ മാത്രമാണ് മനുഷ്യനുവേണ്ടി ദൈവം ആഗ്രഹിച്ച ഏകജീവി" എന്നും, "ആത്മാർത്ഥമായ ആത്മദാനത്തിലൂടെയല്ലാതെ അവനും പൂർണ്ണമായി തന്നെത്തന്നെ കണ്ടെത്താനാവുകയില്ല"[32] എന്നും കൗൺസിൽ ഉറപ്പിച്ചു പറയുമ്പോൾ അത് അങ്ങനെ ചെയ്യുന്നു. മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെടുകയും പിതാവിന്റെ ഏകജാതൻ നമുക്കും നമ്മുടെ രക്ഷക്കുംവേണ്ടി മനുഷ്യനായിത്തീർന്ന് നമ്മെ വീണ്ടെടുക്കുകയും ചെയ്തതുകൊണ്ടാണ് ഇപ്രകാരം ആയിരിക്കുന്നത്.

മനുഷ്യനെയും അവന്റെ വിളിയെയും സംബന്ധിച്ച പ്രശ്നത്തെപ്പറ്റി സവിശേഷമാംവിധം ഗ്രഹിച്ചിട്ടുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രസ്താവിക്കുന്നു, "വ്യക്തി" യുടെയും ദാനത്തിന്റെയും മൂല്യങ്ങളോടു ബന്ധപ്പെടുത്തി മാത്രമേ ദാമ്പത്യവേഴ്ചയെ, വേദഗ്രന്ഥത്തിൽ പറയുന്ന "ഏകശരീരാവസ്ഥയെ", മനസ്സിലാക്കാനും പൂർണ്ണമായി വിശദീകരിക്കാനും കഴിയുകയുള്ളു എന്ന്. ഓരോ പുരുഷനും സ്ത്രീയും, ആത്മാർത്ഥമായി ആത്മദാനത്തിലൂടെ തന്നെത്തന്നെ സാക്ഷാത്കരിക്കുന്നു. ദമ്പതികളെ സംബന്ധിച്ചിടത്തോളം, ദാമ്പത്യധർമ്മാനുഷ്ഠാന നിമിഷം ഇതിന്റെ സവിശേഷമായ ഒരു പ്രകടനമായിത്തീരുന്നു. അപ്പോഴാണ്, പുരുഷനും സ്ത്രീയും അവരുടെ പുരുഷത്വത്തിന്റെയും സ്ത്രീത്വത്തിന്റെയും "സത്യത്തിൽ" പരസ്പരദാനമായിത്തീരുന്നത്. വിവാഹ ജീവിതം മുഴുവനും ഒരു ദാനമാണ്. എന്നാൽ, ദമ്പതികൾ സ്നേഹത്തിൽ പരസ്പരം ആത്മദാനം നടത്തിക്കൊണ്ട് തങ്ങളെ "ഒറ്റശരീര"മാക്കിത്തീർക്കുന്ന (ഉത്പ. 2 : 24) കണ്ടെത്തൽ നടത്തുമ്പോൾ ഇത് ഏറ്റവും പ്രകടമായിത്തീരുന്നു.

അപ്പോൾ അവർക്ക്, സവിശേഷമായ ഒരു *ഉത്തരവാദിത്വത്തിന്റെ നിമിഷമാണ്* അനുഭവപ്പെടുന്നത്. അതാകട്ടെ, ദാമ്പത്യധർമ്മാ

www.malankaralibrary.com



നുഷ്ഠാനത്തോടു ബന്ധപ്പെട്ടിരിക്കുന്ന സർഗ്ഗാത്മകശക്തിയുടെ ഫലം കൂടിയാണ്. സ്ത്രീയുടെ ഗർഭപാത്രത്തിൽ പിന്നീട് വളരുവാനുള്ള പുതിയൊരു മനുഷ്യജീവൻെറ പ്രക്രിയ തുടങ്ങിവച്ചുകൊണ്ട് അവർക്ക് ആ നിമിഷത്തിൽ മാതാപിതാക്കളായിത്തീരാൻ കഴിയുന്നു. താൻ അമ്മയായിത്തീർന്നുവെന്ന് ആദ്യം മനസ്സിലാക്കുന്നത് സ്ത്രീയാണെങ്കിൽ തന്നോടു ഒറ്റ ശരീരമായി ചേർക്കപ്പെട്ട ഭർത്താവിനോട് "നിങ്ങൾ ഒരു പിതാവായിത്തീർന്നു"വെന്ന് അവൾ പറയുന്നു. അപ്പോൾ ഭർത്താവ് അതു മനസ്സിലാക്കുന്നു. അവർ രണ്ടുപേരും ഇപ്പോൾ സംഭവനീയമായിരിക്കുന്നതും പിന്നീട് യാഥാർത്ഥ്യമായിത്തീരുന്നതുമായ പിതൃത്വത്തെയും മാതൃത്വത്തെയും സംബന്ധിച്ച ഉത്തരവാദിത്വമുള്ളവരാണ്. തൻേറതുകൂടിയായ ഒരു തീരുമാനത്തിൻെറ ഫലത്തെ അറിഞ്ഞു സ്വീകരിക്കുന്നതിൽ പരാജയപ്പെടാൻ ഭർത്താവിനു സാധ്യമല്ല. "എനിക്കറിഞ്ഞുകൂടാ". "എനിക്കുവേണ്ട", "നീയല്ലേ അത് ആവശ്യപ്പെട്ടത്"? എന്നിങ്ങനെയുള്ള പ്രയോഗങ്ങളുടെ പിന്നിൽ ഒളിച്ചിരിക്കാൻ അയാൾക്കു സാധ്യമല്ല. ഓരോ സന്ദർഭത്തിലും, ദാമ്പത്യധർമ്മാനുഷ്ഠാനം, പുരുഷൻെറയും സ്ത്രീയുടെയും ഉത്തരവാദിത്വം ഉൾക്കൊള്ളുന്നുണ്ട്. സാധ്യതയിൽ നിലകൊള്ളുന്ന ഒരു ഉത്തരവാദിത്വമാണത്. സാഹചര്യങ്ങൾ ആവശ്യപ്പെടുമ്പോൾ അതു യാഥാർത്ഥ്യമായിത്തീരുന്നു. പുരുഷനെ സംബന്ധിച്ചിടത്തോളം ഇത് പ്രത്യേകിച്ചു ശരിയാണ്. ജനനപ്രക്രിയയുടെ ആരംഭത്തിൽ അവനും ഉൾപ്പെടുന്നുണ്ടെങ്കിലും അവൻ ജീവശാസ്ത്രപരമായി അതിൽ നിന്ന് അകന്നുനില്ക്കുന്നു. സ്ത്രീയുടെ ഉള്ളിലാണ് ആ പ്രക്രിയ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ പുരുഷന് ഉത്തരവാദിത്വം ഏറ്റെടുക്കാതിരിക്കാൻ എങ്ങനെ കഴിയും? പുരുഷനും സ്ത്രീയും തങ്ങൾ അസ്തിത്വത്തിലേക്കു കൊണ്ടുവന്ന ഒരു പുതിയ ജീവൻെറ ഉത്തരവാദിത്വം തങ്ങളുടെ തന്നെ മുമ്പിലും അന്യരുടെ മുമ്പിലും ഒന്നിച്ച് ഏറ്റെടുക്കണം.

മാനുഷികശാസ്ത്രങ്ങൾതന്നെ ഈ നിഗമനത്തിൽ പങ്കുപറ്റുന്നു. എന്നാലും കൂടുതൽ അഗാധമായ പഠനം ആവശ്യമുണ്ട്. മുകളിൽ സൂചിപ്പിച്ച "വ്യക്തിയുടെയും" "ദാനത്തിൻെറ"യും മൂല്യത്തെ പരിഗണിച്ചുകൊണ്ട് ദാമ്പത്യകർമ്മത്തിൻെറ അർത്ഥത്തെ അപഗ്രഥിച്ചു പഠിക്കേണ്ടതുണ്ട്. ഇതു തന്നെയാണ് സഭ തൻെറ സ്ഥിരമായ പ്രബോധനത്തിലും പ്രത്യേകമാംവിധം രണ്ടാം വത്തിക്കാൻ കൗൺസിലും ചെയ്തിട്ടുള്ളത്.

www.malankaralibrary.com



ഭാര്യയും ഭർത്താവും ദാമ്പത്യധർമ്മാനുഷ്ഠാനത്തിൽ, പരസ്പരമുള്ള ആത്മദാനത്തെ ഉത്തരവാദിത്വപൂർണ്ണമായ രീതിയിൽ ഉറപ്പിക്കാൻ വിളിക്കപ്പെടുന്നു. ആ ആത്മദാനം വിവാഹോടമ്പടിയിൽ അവർ പരസ്പരം നടത്തിയതാണല്ലോ. മറ്റൊരാൾക്കു സമ്പൂർണ്ണമായി തന്നെത്തന്നെ നല്കുക എന്നതിൻെറ യുക്തി, സന്താനോത്പാദനം നടത്തുന്നതിനുള്ള സാധ്യതയിലേക്കുള്ള തുറവിയെ ഉൾക്കൊള്ളുന്നു. അങ്ങനെ, വിവാഹം ഒരു കുടുംബം എന്ന നിലയിലുള്ള മഹത്തരമായ സാക്ഷാത്കാരത്തിനായി വിളിക്കപ്പെടുന്നു. തീർച്ചയായും, ഭർത്താവും ഭാര്യയും പരസ്പരം നടത്തുന്ന സമർപ്പണത്തിൻെറ ഏകലക്ഷ്യം കുട്ടികളെ ജനിപ്പിക്കുക എന്നതല്ല. എന്നാൽ അത് അതിൽത്തന്നെ സ്നേഹത്തിൻെറയും ജീവൻെറയും പരസ്പര ചേർച്ചയാണ്. ഈ ദാനത്തിൻെറ ഉറ്റ സത്യം എപ്പോഴും പരിരക്ഷിക്കപ്പെടണം. "ഉറ്റത്" എന്ന പദം ഇവിടെ കർത്തൃനിഷ്ഠം എന്നതിൻെറ പര്യായമായിട്ടല്ല പ്രയോഗിക്കുന്നത്. പിന്നെയോ, തന്നെത്തന്നെ സമർപ്പിക്കുന്ന സ്ത്രീയുടെയും പുരുഷൻെറയും വസ്തുനിഷ്ഠമായ സത്യത്തിന് സാരാംശപരമായി അനുഗുണമായിരിക്കുക എന്നതാണ് അതിൻെറ അർത്ഥം. ഒരു വ്യക്തിയെ ആ ലക്ഷ്യത്തിലേക്കുള്ള ഒരു ഉപാധിയായിട്ട് ഒരിക്കലും പരിഗണിച്ചുകൂടാ. സർവ്വോപരി, "സുഖാനുഭവ"ത്തിനുള്ള ഒരു മാർഗ്ഗമായും ഒരിക്കലും പരിഗണിച്ചുകൂടാ. വ്യക്തി ഓരോ കർമ്മത്തിൻെറയും ലക്ഷ്യമല്ലാതെ മറ്റൊന്നുമല്ല. അങ്ങനെയായിരിക്കുകയും വേണം. അപ്പോൾ മാത്രമേ ആ പ്രവൃത്തി വ്യക്തിയുടെ യഥാർത്ഥമായ മഹത്വത്തിനു ചേർന്നതാകുകയുള്ളൂ.

സുപ്രധാനവും വൈകാരികവുമായ ഈ വിഷയത്തെപ്പറ്റിയുള്ള പരിചിന്തനം ഉപസംഹരിച്ചുകൊണ്ട്, പ്രിയ ദമ്പതിമാരേ, നിങ്ങളെ പ്രത്യേകം ധൈര്യപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു. വിവാഹത്തെയും ഉത്തരവാദിത്വപൂർണ്ണമായ മാതൃത്വത്തെയും പിതൃത്വത്തെയും സംബന്ധിച്ച സഭയുടെ പ്രബോധനത്തെ മനസ്സിലാക്കാനും പ്രയോഗത്തിലാക്കാനും നിങ്ങളെ സഹായിക്കുന്ന എല്ലാവരെയും പ്രത്യേകമാംവിധം പ്രോത്സാഹിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സംസ്കാരത്തോട് അനുരൂപപ്പെടാനുള്ള ശക്തമായ പ്രവണതയെ തടഞ്ഞുനിറുത്തുകയും ധീരതയോടെ "ഒഴുക്കിനെതിരേ നീന്താൻ" സന്നദ്ധരായിരിക്കുകയും ചെയ്യുന്ന, അജപാലകർ, അനേകം പണ്ഡിതന്മാർ, ദൈവശാ

www.malankaralibrary.com



സ്ത്രജ്ഞന്മാർ, തത്വചിന്തകർ, എഴുത്തുകാർ, പത്രപ്രവർത്തകർ എന്നിവരെ പ്രത്യേകമായി ഞാൻ ഓർമ്മിക്കുന്നു. യഥാർത്ഥ അല്മായ പ്രേഷിതരായ വിദഗ്ദ്ധന്മാർ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരുടെ സംഖ്യ വർദ്ധിക്കുന്നുണ്ട്. അവർക്കും ഞാൻ പ്രോത്സാഹനം നല്കുന്നു. വിവാഹത്തിൻെറയും കുടുംബത്തിൻെറയും മഹത്വത്തെ വളർത്തുകയെന്നത് അവരെ സംബന്ധിച്ചിടത്തോളം സുപ്രധാന ജീവിതദൗത്യമായിത്തീർന്നിട്ടുണ്ട്. സഭയുടെ നാമത്തിൽ എല്ലാവർക്കും ഞാൻ നന്ദിപറയുന്നു. നിങ്ങളെ കൂടാതെ, വൈദികർക്കോ മെത്രാന്മാർക്കോ പത്രോസിൻെറ പിൻഗാമിക്കുപോലുമോ എന്തുചെയ്യാനാവും? എൻെറ വൈദിക ജീവിതത്തിൽ ആരംഭത്തിൽത്തന്നെ എനിക്കതു ബോധ്യമായി. വിവാഹിതരായ അനേകം ദമ്പതിമാരുടെ ഉത്കണ്ഠകളും ഭീതിയും പ്രത്യാശകളും പങ്കുവയ്ക്കുന്നതിനു കുമ്പസാരക്കൂട്ടിലിരിക്കാൻ തുടങ്ങിയപ്പോൾ മുതൽ എനിക്കതു ബോധ്യമായി. ആ ബോധ്യം വർദ്ധമാനമായിക്കൊണ്ടിരുന്നു. എതിർപ്പിൻെറയും നിഷേധത്തിൻെറയും പ്രയാസംനിറഞ്ഞ പല സംഭവങ്ങളെയും എനിക്കു നേരിടേണ്ടിവന്നു. അതേസമയം വിസ്മയനീയമാംവിധം ഉത്തരവാദിത്വബോധവും ഉദാരതയും ഉള്ള ധാരാളം പേരെ കണ്ടെത്തുകയും ചെയ്തു. ഈ എഴുത്ത് എഴുതുമ്പോൾ ആ ദമ്പതിമാരെയെല്ലാം ഞാനോർമ്മിക്കുന്നു. എൻെറ വാത്സല്യവും പ്രാർത്ഥനയുംകൊണ്ട് ഞാനവരെ ആശ്ലേഷിക്കുന്നു.

### *രണ്ടു നാഗരികതകൾ*

13. പ്രിയ കുടുംബങ്ങളെ, ഉത്തരവാദിത്വപൂർണ്ണമായ പിതൃത്വവും മാതൃത്വവും എന്ന പ്രശ്നം "സ്നേഹനാഗരികതയുടെ (Civilization of Love)" സത്താപരമായ ഒരു ഭാഗമാണ്. ആ പ്രശ്നത്തെപ്പറ്റി നിങ്ങളോടൊത്തു ചർച്ചചെയ്യാൻ ഞാനാഗ്രഹിക്കുന്നു. "സ്നേഹനാഗരികത" [33] എന്നു പോൾ ആറാമൻ മാർപാപ്പ വിളിച്ചതെന്തോ അത് *കുടുംബത്തിൻെറ മൗലികഘടകമാണ്* എന്നു മുൻപറഞ്ഞതിൽ നിന്നു വ്യക്തമാണല്ലോ. 'സ്നേഹനാഗരികത' എന്ന പ്രയോഗം സഭയുടെ പ്രബോധനത്തിലേക്കു പ്രവേശിച്ചു കഴിഞ്ഞു. ഇന്നിപ്പോൾ അതു സർവ്വ ജനങ്ങൾക്കും സുപരിചിതമായിക്കഴിഞ്ഞിട്ടുണ്ട്. സ്നേഹത്തിൻെറ നാഗരികതയെപ്പറ്റി പരാമർശിക്കാത്ത ഒരു പ്രസ്താവന സഭയിൽനി

www.malankaralibrary.com



ന്നോ സഭയെ സംബന്ധിച്ചോ ഉണ്ടാകുമെന്ന് ഇന്നു സങ്കല്പിക്കാനാവുകയില്ല. ക്രിസ്തു മതാരംഭത്തിലെ 'ഗാർഹിക സഭ' *എന്ന പാരമ്പര്യത്തോടു ബന്ധപ്പെട്ടതാണീ പ്രയോഗം.* എന്നാലും ഇക്കാലത്ത് അതിനു സവിശേഷമായ ഒരു പ്രാധാന്യമുണ്ട്. നാഗരികത എന്നതിനു തുല്യമായ സിവിലൈസേഷൻ എന്ന പദത്തിന്റെ നിഷ്പത്തി പൗരൻ അഥവാ നാഗരികൻ എന്നർത്ഥമുള്ള ചീവീസ് (civis) എന്ന ലത്തീൻ ധാതുവിൽനിന്നാണ്. അത് ഓരോ വ്യക്തിയുടെയും പൗരത്വപരമായ അഥവാ രാഷ്ട്രീയമായ മാനത്തെ ഊന്നിപ്പറയുന്നു. എന്നാൽ 'സിവിലൈസേഷൻ' (നാഗരികത) എന്ന പദത്തിന്റെ ഏറ്റവും അഗാധമായ അർത്ഥം കേവലം രാഷ്ട്രീയമല്ല; പിന്നെയോ അത് മാനുഷിക സംസ്കാരത്തെ (Human culture)സംബന്ധിക്കുന്ന ഒന്നാണ്. നാഗരികത മാനുഷികചരിത്രത്തിന്റേതാണ്. കാരണം അത് മനുഷ്യന്റെ ആദ്ധ്യാത്മികവും ധാർമ്മികവുമായ ആവശ്യങ്ങളോടു പ്രത്യുത്തരിക്കുന്നു. മനുഷ്യൻ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടപ്പോൾ സ്രഷ്ടാവിന്റെ കൈകളിൽനിന്ന് ഈ ലോകത്തെ സ്വീകരിച്ചു. തന്റെ ഛായയിലും സാദൃശ്യത്തിലും അതിനെ രൂപപ്പെടുത്താനുള്ള കടമയും അതോടൊപ്പം സ്വീകരിക്കപ്പെട്ടു. ഈ കടമയുടെ നിർവഹണം നാഗരികതയ്ക്കു (Civilization) ജന്മമേകുന്നു. അതാകട്ടെ, ആത്യന്തികാപഗ്രഥനത്തിൽ ലോകത്തിന്റെ മനുഷ്യവത്കരണം( Humanisation of the world) അല്ലാതെ മറ്റൊന്നല്ല..

ഒരർത്ഥത്തിൽ, സംസ്കാരം (Culture) എന്ന അർത്ഥം തന്നെയാണ് നാഗരികതയ്ക്കും (സിവിലൈസേഷൻ) ഉള്ളത്. അതുകൊണ്ട് ഇപ്പോൾ സുപരിചിതമായിക്കഴിഞ്ഞിട്ടുള്ള ശൈലി ഉപയോഗിക്കുകയാണ് കൂടുതൽ നല്ലതെങ്കിലും സ്നേഹസംസ്കാരം (Culture of love) എന്നുംപറയാവുന്നതാണ്. സ്നേഹനാഗരികത എന്ന പ്രയോഗം ഇന്നത്തെ അർത്ഥത്തിൽ ഉണ്ടായത് കൗൺസിലിന്റെ 'സഭ ആധുനികയുഗത്തിൽ' (ഗാവുദിയും ഏത്ത് സ്പെസ്) എന്ന പ്രമാണരേഖയിലെ ചില വാക്കുകളിൽ നിന്നാണ്: "ക്രിസ്തു.......മനുഷ്യനെ അവനു തന്നെ വെളിപ്പെടുത്തുകയും അവന്റെ ശ്രേഷ്ഠമായ വിളിയെ വ്യക്തമാക്കുകയും ചെയ്യുന്നു."[34] എന്നിവയാണാവാക്കുകൾ. അതുകൊണ്ട്, വി. യോഹന്നാൻ എഴുതുന്നതുപോലെ, "സ്നേഹം തന്നെയായിരിക്കുന്ന" (യോഹ 4:8,16) ദൈവത്തിന്റെ വെളിപാടിലാണ് സ്നേഹനാഗരിക

www.malankaralibrary.com



തയുടെ ഉറവിടമെന്നു നമുക്കു പറയാം. അതിനെപ്പറ്റി പൗലോസ്ശ്ലീഹാ കൊറീന്ത്യർക്കുള്ള ഒന്നാം ലേഖനത്തിലെ (13:1-13) സ്നേഹസംഗീതത്തിൽ ഫലപ്രദമാംവിധം വിവരിച്ചിട്ടുണ്ട്. ഈ നാഗരികത 'നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവു വഴി നമ്മുടെ ഹൃദയങ്ങളിലേക്കു പ്രവഹിക്കപ്പെട്ട' (റോമ 5:5) സ്നേഹവുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. അത് നിരന്തരമായ വളർത്തലിൻെറ (Cultivation)ഫലമായി വികസിക്കുന്നു. ആ വളർത്തലിനെപ്പറ്റി മുന്തിരിവള്ളിയുടെയും ശാഖകളുടെയും ഉപമയിൽ സുവിശേഷം നേരിട്ടു പറയുന്നുണ്ട്: "ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയും എൻെറ പിതാവു മുന്തിരികൃഷിക്കാരനുമാണ്. എൻെറ ശാഖകളിൽ ഫലം തരാത്തതിനെ അവിടുന്നു നീക്കിക്കളയുന്നു. എന്നാൽ ഫലം തരുന്നതിനെ കൂടുതൽ കായ്ക്കാനായി അവിടുന്നു വെട്ടിയൊരുക്കുകയും ചെയ്യുന്നു." (യോഹ. 15:1-2)

പുതിയനിയമത്തിലെ ഈ വാക്യങ്ങളുടെയും മറ്റു ചില വാക്യങ്ങളുടെയും വെളിച്ചത്തിൽ, സ്നേഹത്തിൻെറ നാഗരികത എന്താണെന്നും കുടുംബം ജീവപരമായി ഈ നാഗരികതയോടു ബന്ധപ്പെട്ടിരിക്കുന്നത് എന്തുകൊണ്ടാണെന്നും മനസ്സിലാക്കാൻ നമുക്കു സാധിക്കും. സഭയുടെ ഒന്നാമത്തെ മാർഗ്ഗം കുടുംബമാണ്. അങ്ങനെയെങ്കിൽ സ്നേഹത്തിൻെറ നാഗരികതയും 'സഭയുടെ മാർഗ്ഗമാണ്.' ലോകത്തിലൂടെ സഞ്ചരിക്കുകയും ഈ മാർഗ്ഗത്തിലേക്കു കുടുംബങ്ങളെ വിളിക്കുകയും ചെയ്യുന്നവളാണല്ലോ സഭ. സാമൂഹികവും ദേശീയവും അന്തർദ്ദേശീയവുമായ മറ്റു സ്ഥാപനങ്ങളെയും കുടുംബങ്ങൾ മൂലവും കുടുംബങ്ങളിലൂടെയും സഭ വിളിക്കുന്നു. യഥാർത്ഥത്തിൽ കുടംബം സ്നേഹനാഗരികതയെ, പല കാരണങ്ങളാൽ ആശ്രയിക്കുന്നുണ്ട്. അത് കുടുംബം എന്ന നിലയിലുള്ള തൻെറ അസ്തിത്വത്തിൻെറ കാരണങ്ങളെ അതിലാണു കണ്ടെത്തുന്നതും. അതേസമയം, കുടുംബം സ്നേഹനാഗരികതയുടെ കേന്ദ്രവും ഹൃദയവുമായി നിലകൊള്ളുകയും ചെയ്യുന്നു.

എന്നാലും, ദൈവം "സ്നേഹമാണ്" എന്ന ബോധമില്ലെങ്കിൽ യഥാർത്ഥ സ്നേഹമുണ്ടാവുകയില്ല. മനുഷ്യൻ മാത്രമാണു മനുഷ്യനു വേണ്ടിത്തന്നെ ദൈവം അസ്തിത്വത്തിലേയ്ക്കുകൊണ്ടുവന്ന ഏകസൃഷ്ടി എന്ന ബോധവും യഥാർത്ഥ സ്നേഹമുണ്ടാകാൻ ആവശ്യമാ

www.malankaralibrary.com



ണ്. ദൈവത്തിൻെറ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന് ആത്മാർത്ഥമായ ആത്മദാനത്തിലൂടെയല്ലാതെ തന്നെത്തന്നെ പൂർണ്ണമായി കണ്ടെത്തുവാൻ കഴിയുകയില്ല. മനുഷ്യനെപ്പറ്റിയുള്ള- വ്യക്തിയെ സംബന്ധിച്ചതും കുടുംബത്തിലെ വ്യക്തികളുടെ കൂട്ടായ്മയെ സംബന്ധിച്ചതുമായ - ഇത്തരമൊരു സങ്കല്പമില്ലാതെ, സ്നേഹത്തിൻെറ നാഗരികതയുണ്ടാവുകയില്ല. അതുപോലെതന്നെ സ്നേഹത്തിൻെറ നാഗരികതയില്ലാതെ വ്യക്തിയെ സംബന്ധിച്ചും വ്യക്തികളുടെ കൂട്ടായ്മയെ സംബന്ധിച്ചുള്ള ഇത്തരമൊരു സങ്കല്പമുണ്ടായിരിക്കാനും സാധ്യമല്ല. കുടംബം സമൂഹത്തിൻെറ മൗലികമായ കോശം അഥവാ ജൈവഘടകം (Cell) ആണ്. എന്നാൽ ഈ ജൈവഘടകത്തിന് ഒരുതരം സാംസ്കാരിക ഉന്മൂലനത്തിൻെറ ഭീഷണിക്ക് ഇരയാകാതിരിക്കാൻ ക്രിസ്തുവിനെ ആവശ്യമുണ്ട്. അവിടുന്നാണല്ലോ ശാഖകൾ പോഷണം സ്വീകരിക്കുന്ന മുന്തിരിവള്ളി. ഇപ്പറഞ്ഞ ഭീഷണി ഉള്ളിൽനിന്നും പുറമേ നിന്നുമുണ്ടാകാം. യഥാർത്ഥത്തിൽ സ്നേഹത്തിൻെറ നാഗരികത നിലനില്ക്കുന്നുണ്ടെങ്കിൽ, വിനാശകരമായ ഒരു *എതിർനാഗരികത (Anti -Civilization)* യുടെ *സാദ്ധ്യതയും നിലനില്ക്കുന്നുണ്ട്.* ഇന്നത്തെ അനേകം പ്രവണതകളും സാഹചര്യങ്ങളും അക്കാര്യം സ്ഥിരീകരിക്കുന്നു.

നമ്മുടെ ഈ കാലഘട്ടം, സർവ്വോപരി അഗാധമായ "സത്യത്തിൻെറ ദുർഘട സന്ധി"യായി കാണപ്പെടുന്ന വലിയൊരു വിഷമസന്ധിയാൽ മുദ്രിതമല്ലെന്ന് ആർക്കു പറയാൻ കഴിയും? സത്യത്തിൻെറ ദുർഘടസന്ധി എന്നത് ഒന്നാമതായി, സങ്കല്പങ്ങളുടെ (Concepts) ദുർഘടസന്ധിയാണ്. "സ്നേഹം", "സ്വാതന്ത്ര്യം," "ആത്മദാനം" എന്നീ വാക്കുകൾ അവയുടെ സാരാംശപരമായ അർത്ഥത്തെ യഥാർത്ഥത്തിൽ ഗ്രഹിപ്പിക്കുന്നുണ്ടോ? "വ്യക്തി", "വൈയക്തികാവകാശങ്ങൾ" എന്നീ പ്രയോഗങ്ങൾപോലും അങ്ങനെ ചെയ്യുന്നുണ്ടോ? അതുകൊണ്ടാണ് സത്യത്തിൻെറ പ്രഭ ( Splendor of truth) എന്ന ചാക്രികലേഖനം സഭയെയും ലോകത്തെയും സംബന്ധിച്ച്- പ്രത്യേകിച്ച് പടിഞ്ഞാറൻ രാജ്യങ്ങളെ സംബന്ധിച്ച്- ഇത്ര അർത്ഥപൂർണ്ണവും സുപ്രധാനവുമാണെന്നു വ്യക്തമായത്. സ്വാതന്ത്ര്യം, വിവാഹത്തിലും കുടുംബത്തിലുമുള്ള വ്യക്തികളുടെ കൂട്ടായ്മ എന്നിവയെ സംബന്ധിച്ച സത്യത്തിനു തൻെറ തിളക്കം വീണ്ടെടുക്കാൻ കഴിയണം. എങ്കിൽ

www.malankaralibrary.com



മാത്രമേ, സ്നേഹനാഗരികതയുടെ പടുത്തുയർത്തൽ തുടങ്ങാനാവൂ. എങ്കിൽ മാത്രമേ, "വിവാഹത്തിൻെറയും കുടംബത്തിൻെറയും അന്തസ്സ് വളർത്തുന്നതിനെ" പ്പറ്റി[35] കൗൺസിൽ പറഞ്ഞതുപോലെ യഥാർത്ഥത്തിൽ പറയാൻ കഴിയൂ.

എന്തുകൊണ്ടാണ് "സത്യത്തിൻെറ പ്രഭ" ഇത്രമാത്രം പ്രധാനപ്പെട്ടതായിരിക്കുന്നത്? ഒന്നാമതായി, സമകാലീന നാഗരികത ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയോടു ബന്ധപ്പെട്ടതാണ്. മിക്കപ്പോഴും അത് ഏകപക്ഷീയമായ രീതിയിൽ നേടിയിട്ടുള്ളതുമാണ്. അങ്ങനെ അതു തികച്ചും ഭൗതികവാദാധിഷ്ഠിതം (Positivistic) ആയി കാണപ്പെടുന്നു. ഭൗതികവാദം (Positivism) നമുക്കറിയാവുന്നതുപോലെ, തത്ത്വത്തിൽ ചെന്നു നില്ക്കുന്നത് അജ്ഞേയവാദത്തിൽ (Agnosticism) ആണ്. പ്രയോഗത്തിലും ധാർമ്മികതയിലും അത് ഉപയോഗിതാവാദത്തിൽ (Utilitarianism) ചെന്നു നില്ക്കുന്നു. നമ്മുടെ ഇക്കാലത്ത്, ചരിത്രം ഒരു തരത്തിൽ ആവർത്തിക്കപ്പെടുകയാണ്. ഉപയോഗിതാവാദമെന്നത് ഉത്പാദനത്തിൻെറയും ഉപയോഗത്തിൻെറയും ഒരു നാഗരികതയാണ്. 'വസ്തുക്കളുടെ' നാഗരികതയാണ്. വ്യക്തികളുടെ നാഗരികതയല്ല. വ്യക്തികളെ വസ്തുക്കളെയെന്നപോലെതന്നെ ഉപയോഗിക്കുന്ന നാഗരികതയാണത്. ഉപയോഗത്തിൻെറ നാഗരികതയുടെ സാഹചര്യത്തിൽ, സ്ത്രീ മനുഷ്യൻെറ ഒരു ഉപഭോഗവസ്തുവായിത്തീരും. കുട്ടികൾ മാതാപിതാക്കൾക്കൊരു തടസ്സമായിത്തീരും. കുടുംബമെന്നത് അതിൻെറ അംഗങ്ങളുടെ സ്വാതന്ത്ര്യത്തെ തടയുന്ന ഒരു സ്ഥാപനമായും തീരും. ഇതാണു സംഭവിക്കുന്നതെന്നു ബോധ്യംവരാൻ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുള്ള ചില ലൈംഗികവിദ്യാഭ്യാസപരിപാടികളെ വീക്ഷിച്ചാൽ മാത്രംമതി. അനേകം മാതാപിതാക്കളുടെ സമ്മതക്കുറവും എതിർപ്പും ഉണ്ടായിരിക്കെയാണ് അത്തരം പരിപാടികൾ നടപ്പിലാക്കിയിട്ടുള്ളത്. അല്ലെങ്കിൽ ഗർഭഛിദ്രത്തെ അനുകൂലിക്കുന്ന പ്രവണതകളുടെ കാര്യം പരിഗണിക്കുമ്പോൾ ഇക്കാര്യം ബോധ്യമാകും. ആ പ്രവണതകൾ, ദമ്പതികൾ ഇരുവരുടെയും പ്രത്യേകിച്ച് സ്ത്രീയുടെ 'തിരഞ്ഞെടുക്കാനുള്ള അവകാശം' (Pro-choice) എന്ന വാദത്തിൻെറ പിന്നിൽ മറഞ്ഞിരിക്കാൻ വൃഥാ ശ്രമിക്കുകയാണ്. ഇവ രണ്ട് ഉദാഹരണങ്ങൾ മാത്രമാണ്. ഇനിയും പല ഉദാഹരണങ്ങളും ചൂണ്ടിക്കാണിക്കാനുണ്ട്.

www.malankaralibrary.com



ഇത്തരമൊരു സാംസ്കാരിക സാഹചര്യത്തിൽ കുടുംബത്തിൻെറ അടിത്തറതന്നെ അപകടത്തിലായിരിക്കുന്നു. തന്മൂലം അതു ഭീഷണിക്കു വിധേയമാകാതിരിക്കുകയില്ലെന്നു വ്യക്തമാണ്. സ്നേഹത്തിൻെറ നാഗരികതയ്ക്ക് എതിരായിട്ടുള്ളതെല്ലാം മനുഷ്യനെ സംബന്ധിച്ച മുഴുവൻ സത്യത്തിനും എതിരാണ്. അങ്ങനെ അവ അവനു ഭീഷണിയായിത്തീരുകയും ചെയ്യുന്നു. ഭാര്യ, ഭർത്താവ്,മാതാവ്, പിതാവ്, ശിശു എന്നിങ്ങനെയുള്ള ഏതു നിലകളിലും തന്നെത്തന്നെ കണ്ടെത്താനോ സുരക്ഷിതത്വബോധമനുഭവിക്കാനോ മനുഷ്യനു കഴിയുകയുമില്ല. "സുരക്ഷിത ലൈംഗികത" (Safe sex) സാങ്കേതികവിദ്യയുടെ നാഗരികതയാൽ പിടികൂടപ്പെടുന്നതാണ്. യഥാർത്ഥത്തിൽ അത് വ്യക്തിയുടെ സമഗ്രമായ ആവശ്യങ്ങളനുസരിച്ച് നോക്കുമ്പോൾ മൗലികമായി സുരക്ഷിതമല്ല. യഥാർത്ഥത്തിൽ അത് അങ്ങേയറ്റം അപകടകരമാണ്. അതു വ്യക്തിയെയും കുടുംബത്തെയും അപകടപ്പെടുത്തുന്നു. എന്താണ് ഈ അപകടം? തന്നെപ്പറ്റിത്തന്നെയും തൻെറ കുടുംബത്തെയും സംബന്ധിക്കുന്ന സത്യത്തിൻെറ നഷ്ടമാണത്. കൂടാതെ സ്വാതന്ത്ര്യത്തിൻെറ നഷ്ടവും, തത്ഫലമായി സ്നേഹത്തിൻെറ തന്നെ നഷ്ടവും ഉണ്ടാവുക എന്ന അപകടസാധ്യതയും ഉണ്ട്. "നിങ്ങൾ സത്യം അറിയും" യേശു പറയുന്നു,"ആ സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (യോഹ.8:32). സത്യവും ഏകസത്യവും, "ഏറ്റവും മനോഹരമായ സ്നേഹം." (Farest love) (പ്രഭാ. 24:24 വുൾഗാത്ത) എന്നു വിളിക്കപ്പെടാവുന്ന ആ സ്നേഹത്തിനായി നിങ്ങളെ സജ്ജീകൃതരാക്കും.

സമകാലീനകുടുംബം, ഓരോ നൂറ്റാണ്ടിലെയും കുടുംബങ്ങളെന്നപോലെ, "ഏറ്റവും മനോഹരമായ സ്നേഹത്തെ" അന്വേഷിക്കുന്നു. ഏറ്റവും മനോഹരമല്ലാത്ത സ്നേഹം, ലൈംഗികവികാരത്തിൻെറ (Concupiscence) തൃപ്തിപ്പെടുത്തലിനു മാത്രമുള്ള സ്നേഹം (1 യോഹ.2:16), സ്ത്രീയുടെയും പുരുഷൻെറയും പരസ്പര ഉപയോഗത്തിനു വേണ്ടി മാത്രമുള്ള സ്നേഹം, വ്യക്തികളെ തങ്ങളുടെ ദുർബലതയ്ക്ക് അടിമകളാക്കുന്നു. ആധുനിക കാലത്തെ ചില 'സാംസ്കാരിക പ്രവർത്തന പരിപാടികൾ' ഈ അടിമത്തത്തിലേക്കു നയിക്കുന്നില്ലേ? മനുഷ്യൻെറ ദുർബലതയെ ചൂഷണം ചെയ്യുകയും, വർദ്ധമാനമായ തോതിൽ അവനെ ദുർബലനും നിരാശ്രയനുമാക്കുകയും ചെയ്യുന്ന പ്രവർത്തന പരിപാടികളുണ്ട്.

www.malankaralibrary.com



സ്നേഹത്തിൻെറ നാഗരികത സന്തോഷം ജനിപ്പിക്കുന്നു. അതിനു പലകാരണങ്ങളുണ്ട്. ഒരു മനുഷ്യൻ ലോകത്തിലേക്കുവന്നു എന്ന യാഥാർത്ഥ്യവും (യോഹ.16:21) തത്ഫലമായി ദമ്പതികൾ മാതാപിതാക്കളായിത്തീരുന്നു എന്ന യാഥാർത്ഥ്യവും സന്തോഷമുണ്ടാക്കുന്നു. സ്നേഹത്തിൻെറ നാഗരികതയുടെ അർത്ഥം "നീതിയിൽ സന്തോഷിക്കുക" (1കൊറി.13:6) എന്നതാണ്. എന്നാൽ ഉപഭോഗവാദപരമായ (Consumerist) നാഗരികതയാലും, ജനനവിരുദ്ധ മനോഭാവത്താലും പ്രചോദിതമായ ഒരു നാഗരികത, സ്നേഹത്തിൻെറ ഒരു നാഗരികതയല്ല. ഒരിക്കലും അങ്ങനെയായിരിക്കാൻ അതിനുകഴിയുകയുമില്ല. സ്നേഹത്തിൻെറ നാഗരികതയ്ക്ക് കുടുംബം വളരെ പ്രധാനപ്പെട്ട ഘടകമാണ്. കുടുംബത്തിനുള്ളിൽ വ്യക്തികളും തലമുറകളും തമ്മിലുള്ള സവിശേഷമായ അടുപ്പവും ബന്ധത്തിൻെറ തീവ്രതയും മൂലമാണ് അത് അപ്രകാരമായിരിക്കുന്നത്. എന്നാൽ കുടുംബം പെട്ടെന്ന് മുറിപ്പെടുന്നതായിരിക്കുന്നു. അതിനെ ദുർബലപ്പെടുത്തുകയോ അതിൻെറ ഐക്യത്തെയും സ്ഥിരതയെയും ദുർബലപ്പെടുത്തുകയോ ചെയ്യുന്ന അപകടങ്ങൾക്ക് എളുപ്പത്തിൽ ഇരയായിത്തീരാം. ഈ അപകടങ്ങളുടെ ഫല മായി കുടുംബങ്ങൾ സ്നേഹത്തിൻെറ നാഗരികതയ്ക്കു സാക്ഷ്യം നല്കാതെയാകും. അതിൻെറ നിഷേധം പോലുമായിത്തീർന്നുവെന്നും വരാം. അത് ഒരുതരം വിരുദ്ധസാക്ഷ്യമാണല്ലോ. തകർന്ന ഒരു കുടുംബം 'എതിർ നാഗരികത' (Anti-civilization) യുടെ ഒരു സവിശേഷരൂപത്തെ സ്ഥിരമാക്കും. സ്നേഹത്തെ അതിൻെറ വൈവിധ്യപൂർണ്ണമായ പ്രകാശനങ്ങളിൽ നശിപ്പിച്ചുകൊണ്ട്, സമൂഹത്തിലെ ജീവിതത്തിനാകെ ദുരന്തഫലങ്ങൾ അനിവാര്യമായി വിതച്ചുകൊണ്ട് അത് അപ്രകാരം ചെയ്യും.

### *സ്നേഹം ആവശ്യങ്ങളുന്നയിക്കുന്നതാണ്.*

14. പൗലോസ് ശ്ലീഹാ കൊറീന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ സ്നേഹത്തെ പ്രശംസിക്കുന്നുണ്ടല്ലോ- "സഹനശീലമുള്ളതും" "കാരുണ്യമുള്ളതും" "എല്ലാം സഹിക്കുന്നതും" (1 കൊറി. 13:4,7) എന്നിങ്ങനെ. ആ സ്നേഹം തീർച്ചയായും ആവശ്യങ്ങളും അവകാശങ്ങളും ഉന്നയിക്കുന്ന ഒന്നാണ്. അതുതന്നെയാണ് അതിൻെറ സൗന്ദര്യത്തിൻെറ സ്രോതസ്സ്. അവകാശപൂർവ്വം ആവശ്യങ്ങൾ ഉന്നയി

www.malankaralibrary.com



ക്കുന്നതുകൊണ്ടുതന്നെയാണ് അതു മനുഷ്യൻെറ യഥാർത്ഥമായ നന്മയെ സൃഷ്ടിക്കുന്നതും മറ്റുള്ളവരിലേക്കു പ്രസരിക്കുവാൻ ആ നന്മയെ അനുവദിക്കുന്നതും. നന്മ പ്രകൃത്യാതന്നെ "സർവ്വത്ര വ്യാപിക്കുന്ന" ഒന്നാണ് എന്നു തോമസ് അക്വീനാസു പറയുന്നു.[36] *വ്യക്തികളുടെയും സമൂഹങ്ങളുടെയും നന്മ സൃഷ്ടിക്കുമ്പോൾ സ്നേഹം യഥാർത്ഥമാണ്.* അത് ആ നന്മയെ സൃഷ്ടിക്കുകയും അതിനെ മറ്റുള്ളവർക്കു കൊടുക്കുകയും ചെയ്യുന്നു. ഒരുവൻ സ്നേഹത്തിൻെറ പേരിൽ തന്നോടുതന്നെ നിർബന്ധപൂർവ്വം ആവശ്യങ്ങൾ ഉന്നയിക്കുന്നവനായിരിക്കണം. അപ്രകാരമുള്ള ഒരാൾക്കു മാത്രമേ മറ്റുള്ളവരിൽ നിന്നു സ്നേഹത്തെ ആവശ്യപ്പെടാനും സാധിക്കുകയുള്ളൂ. സ്നേഹം നിർബന്ധപൂർവ്വം ആവശ്യങ്ങൾ ഉന്നയിക്കുന്ന ഒന്നാണ്. എല്ലാ മാനുഷിക സാഹചര്യങ്ങളിലും അത് അവകാശപൂർവ്വം ആവശ്യങ്ങൾ ഉന്നയിക്കുന്നു. സുവിശേഷത്തോടുതുറവിയുള്ളവരെ സംബന്ധിച്ചിടത്തോളം വർദ്ധിച്ച തോതിൽ അത് അപ്രകാരമാണ്. ഇത് തന്നെയല്ലേ ക്രിസ്തു "തൻെറ" കല്പനയിൽ പ്രഘോഷിക്കുന്നത്? ഇക്കാലത്ത് ആളുകൾ ആവശ്യങ്ങൾ ഉന്നയിക്കുന്ന ഈ സ്നേഹത്തെ വീണ്ടും കണ്ടെത്തേണ്ടിയിരിക്കുന്നു. കാരണം, അതാണ് കുടുംബത്തിൻെറ യഥാർത്ഥവും ദൃഢവുമായ അടിത്തറ - "എല്ലാം സഹിക്കാൻ കഴിവുള്ള" അടിത്തറ . അപ്പസ്തോലൻെറ അഭിപ്രായത്തിൽ, സ്നേഹം അസൂയക്കു കീഴടങ്ങിയാൽ, അല്ലെങ്കിൽ അഹങ്കാരമുള്ളതോ ധിക്കാരമുള്ളതോ മര്യാദയില്ലാത്തതോ ആയാൽ (1 കൊറി 13:56) അതിന് "എല്ലാം സഹിക്കാൻ" കഴിയുകയില്ല. യഥാർത്ഥ സ്നേഹം അതിൽനിന്നു വ്യത്യസ്തമാണെന്നു വി.പൗലോസ് പഠിപ്പിക്കുന്നു. സ്നേഹം എല്ലാം വിശ്വസിക്കുന്നു. എല്ലാം പ്രത്യാശിക്കുന്നു. എല്ലാം സഹിക്കുന്നു (1 കൊറി. 13:7). ഇതുതന്നെയാണ് "എല്ലാം സഹിക്കുന്ന" സ്നേഹം. സ്നേഹമാകുന്ന ദൈവത്തിൻെറ തന്നെ ബലവും ശക്തിയും അതിൽ പ്രവർത്തിക്കുന്നു (യോഹ.4: 8,16). മനുഷ്യനെ വീണ്ടെടുത്തവനും ലോകത്തെ രക്ഷിക്കുന്നവനുമായ ക്രിസ്തുവിൻെറ ബലവും ശക്തിയും കൂടി അതിൽ പ്രവർത്തന നിരതമായിരിക്കുന്നുണ്ട്.

പൗലോസ്ശ്ലീഹാ കൊറീന്ത്യർക്ക് എഴുതിയ പ്രഥമലേഖനത്തിലെ 13-ാം അദ്ധ്യായത്തെപ്പറ്റി ധ്യാനിച്ചുകൊണ്ട് നാം പുറപ്പെട്ട യാത്ര സ്നേഹത്തിൻെറ നാഗരികതയെപ്പറ്റിയുള്ള പൂർണ്ണസത്യത്തെ എളു

www.malankaralibrary.com



പ്പത്തിലും വ്യക്തമായും മനസ്സിലാക്കുന്നതിലേക്കു നമ്മെ നയിച്ചു. സ്നേഹസ്തുതി പോലെ ഈ സത്യത്തെ ഇത്ര ലളിതമായും ഇത്ര അഗാധമായും പ്രകാശിപ്പിക്കുന്ന മറ്റൊരു വേദഗ്രന്ഥഭാഗമില്ല.

സ്നേഹം നേരിടുന്ന അപകടങ്ങൾ, സ്നേഹനാഗരികതയും നേരിടുന്ന അപകടങ്ങളാണ്. കാരണം, അവ അതിനെ ഫലപ്രദമായി എതിർക്കാൻ കഴിവുള്ള എല്ലാത്തിനെയും വളർത്തുന്നു. ഇവിടെ ഒന്നാമതായി ചിന്തിക്കേണ്ടത് സ്വാർത്ഥതയെപ്പറ്റിയാണ്. വ്യക്തികളുടെ മാത്രമല്ല, ദമ്പതികളുടെയും കൂടുതൽ വിശാലമായി സമൂഹങ്ങളുടെയും സ്വാർത്ഥതയെ ഇവിടെ പരിഗണിക്കണം. ഒരു വർഗ്ഗത്തിൻെറയോ (Class) ദേശത്തിൻെറയോ (ദേശീയതാവാദം) സ്വാർത്ഥത സാമൂഹിക സ്വാർത്ഥതയ്ക്ക് ഉദാഹരണമാണ്. സ്വാർത്ഥത അതിൻെറ എല്ലാ രൂപങ്ങളിലും മൗലികമായും നേരിട്ടും സ്നേഹത്തിൻെറ നാഗരികതയ്ക്ക് എതിരാണ്. എന്നാൽ, സ്നേഹത്തെ കേവലം "സ്വാർത്ഥതാ വിരുദ്ധത" എന്നു നിർവചിച്ചാൽ മതിയോ? സ്നേഹത്തെയും സ്നേഹനാഗരികതയെയും സാക്ഷാത്കരിക്കാൻ ,സ്വാർത്ഥതയുടെ വിവിധ രൂപങ്ങളെ കീഴടക്കണമെന്നതു ശരിയാണെങ്കിലും ഈ നിർവചനം തീരെ ദരിദ്രമായിരിക്കും. ആത്യന്തികമായി അതു തികച്ചും നിഷേധാത്മക നിർവചനമായിരിക്കും. ഈ നിർവചനത്തെപ്പറ്റി "പരാർത്ഥവാദം" (Altruism) എന്നു പറയുകയായിരിക്കും കൂടുതൽ ശരി. പരാർത്ഥവാദം സ്വാർത്ഥതയുടെ വിരുദ്ധഭാവമാണല്ലോ. എന്നാൽ വി. പൗലോസ് വർണ്ണിക്കുന്ന സ്നേഹസങ്കല്പം ഇതിലേറെ സമ്പന്നവും കൂടുതൽ പൂർണ്ണവുമാണ്. കൊറീന്ത്യർക്കുള്ള പ്രഥമലേഖനത്തിലെ സ്നേഹസ്തുതി, സ്നേഹത്തിൻെറ നാഗരികതയുടെ മാഗ്നാ കാർട്ടയാണ്. ഈ സങ്കല്പത്തിൽ, വ്യക്തിപരമായ പ്രവൃത്തികൾക്ക് (അവ സ്വാർത്ഥപരമോ പരാർത്ഥപരമോ ആകട്ടെ) അല്ല കൂടുതൽ പ്രാധാന്യം. ആത്മാർത്ഥമായ ആത്മദാനംവഴി "തന്നെത്തന്നെ കണ്ടെത്തുന്ന" വ്യക്തി എന്ന നിലയിലുള്ള മനുഷ്യനെപ്പറ്റിയുള്ള ധാരണയുടെ മൗലികമായ സ്വീകരണമാണു പ്രധാനം. ദാനം, മറ്റുള്ളവർക്കുവേണ്ടിയുള്ളതാണെന്നു വ്യക്തം. ഇതാണ് സ്നേഹനാഗരികതയുടെ ഏറ്റവും പ്രധാനപ്പെട്ടമാനം.

നാം അങ്ങനെ, *സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള* സുവിശേഷാത്മക സത്യത്തിൻെറ ഹൃദയത്തിലേക്കു തന്നെ കടന്നുവരുന്നു. സത്യത്തി

www.malankaralibrary.com



ലുള്ള സ്വാതന്ത്ര്യത്തിന്റെ അഭ്യസനം വഴി വ്യക്തി തന്നെത്തന്നെ സാക്ഷാത്കരിക്കുന്നു. *തോന്നുന്നതെന്തും ചെയ്യാനുള്ള* ലൈസൻസായി സ്വാതന്ത്ര്യത്തെ മനസ്സിലാക്കാൻ പാടില്ല. ആത്മദാനം എന്നാണു സ്വാതന്ത്ര്യത്തിന്റെ അർത്ഥം. മാത്രമല്ല, ദാനത്തിന്റെ ആന്തരിക ശിക്ഷണം എന്നുകൂടി അതിന് അർത്ഥമുണ്ട്. ദാനമെന്ന ആശയം വ്യക്തിയുടെ സ്വതന്ത്രമായ മുൻകൈയെടുക്കൽ മാത്രമല്ല ഉൾക്കൊള്ളുന്നത്. കടമയുടെ വശത്തെകൂടി അത് ഉൾക്കൊള്ളുന്നുണ്ട് . ഇതെല്ലാം വ്യക്തികളുടെ കൂട്ടായ്മയിൽ സാക്ഷാത്കരിക്കപ്പെടുന്നു. നാം വീണ്ടും ഓരോ കുടുംബത്തിന്റെയും ഹൃദയത്തിൽ എത്തി നില്ക്കുന്നതായി നാം മനസ്സിലാക്കുന്നു.

ഈ വഴിക്കുള്ള ചിന്ത തുടർന്നാൽ വ്യക്തിമാഹാത്മ്യവാദവും (Individualism) വ്യക്തിത്വവാദവും (Personalism) തമ്മിലുള്ള വൈരുദ്ധ്യത്തിലും നാം വന്നുചേരുന്നു. സ്നേഹം, സ്നേഹത്തിന്റെ നാഗരികത, എന്തുകൊണ്ട് വ്യക്തിത്വവാദവുമായി ബന്ധപ്പെട്ടിരിക്കുന്നു? എന്തുകൊണ്ട് വ്യക്തിമഹാത്മ്യവാദം സ്നേഹത്തിന്റെ നാഗരികതയെ ഭീഷണിപ്പെടുത്തുന്നു? കൗൺസിൽ പറയുന്ന "ആത്മാർത്ഥമായ ദാനം" എന്ന പ്രയോഗത്തിൽ ഇതിന് ഉത്തരം പറയാനുള്ള താക്കോൽ നമുക്കു കാണാം. തനിക്ക് തോന്നുന്നത് വ്യക്തിചെയ്യുക എന്ന ഒരു സ്വാതന്ത്ര്യോപയോഗം വ്യക്തി മാഹാത്മ്യവാദത്തിന്റെ പിന്നിലുണ്ട്. തനിക്കു ഇഷ്ടമുള്ളതോ ഉപയോഗമുള്ളതോ ആയി കണ്ടെത്തുന്ന എന്തിലും താൻ തന്നെ "സത്യത്തെ സ്ഥാപിക്കുന്ന" ഒരു സ്വാതന്ത്ര്യമാണത്. വസ്തുനിഷ്ഠമായ സത്യത്തിന്റെ നാമത്തിൽ അവയിൽനിന്ന് എന്തെങ്കിലും ആവശ്യപ്പെടുകയോ അവകാശപൂർവ്വം ചോദിക്കുകയോ ചെയ്യുക എന്ന വസ്തുതയെ അവൻ സഹിക്കുകയില്ല. സത്യത്തിന്റെ അടിസ്ഥാനത്തിൽ മറ്റൊരുവനു "കൊടുക്കുവാൻ" അവൻ ആഗ്രഹിക്കുന്നില്ല. "ആത്മാർത്ഥതയുള്ള ഒരു ദാനമായിത്തീരാൻ" അവൻ ആഗ്രഹിക്കുന്നില്ല. അങ്ങനെ വ്യക്തിമഹാത്മ്യവാദം തന്നിലേക്കു തന്നെ കേന്ദ്രീകരിക്കുന്നതും (ego centric) സ്വാർത്ഥത നിറഞ്ഞതുമാണ്. വ്യക്തിമാഹാത്മ്യവാദവും വ്യക്തിത്വവാദവും തമ്മിലുള്ള യഥാർത്ഥവൈരുദ്ധ്യം തത്ത്വത്തിന്റെ തലത്തിൽ മാത്രമല്ല ഉദ്ഭൂതമാകുന്നത്. പ്രത്യുത ആചാരവിശേഷത്തിലും (ethos) അതു കൂടുതലായി ഉണ്ടാകും. വ്യക്തിത്വവാദത്തിൽ ആചാരവിശേഷം

www.malankaralibrary.com



പരാർത്ഥപര (altruistic) മാണ്. മറ്റുള്ളവർക്കു ദാനമായിത്തീരാൻ അതു വ്യക്തിയെപ്രേരിപ്പിക്കുന്നു. തന്നെത്തന്നെ നല്കുന്നതിൽ സന്തോഷം കണ്ടെത്താനും അതു പ്രേരിപ്പിക്കും. ഈ സന്തോഷത്തെപ്പറ്റിയാണു ക്രിസ്തു സംസാരിക്കുന്നത് (യോഹ. 15:11, 16:20, 22).

അതുകൊണ്ട്, മനുഷ്യസമൂഹങ്ങളും, അവയിൽ മിക്കപ്പോഴും സ്നേഹനാഗരികതയും അതിൻെറ വിരുദ്ധശക്തികളും തമ്മിൽ മത്സരിക്കുന്ന സാഹചര്യത്തിൽ ജീവിക്കുന്ന കുടുംബങ്ങളും എന്താണു ചെയ്യേണ്ടത്? മനുഷ്യൻെറയും, അവൻെറ മനുഷ്യത്വത്തിൻെറ പൂർണ്ണമായ സാക്ഷാത്കാരത്തെ നിർണ്ണയിക്കുന്ന എല്ലാത്തിൻെറയും ശരിയായ ഒരു ദർശനത്തിൽ അവയുടെ ദൃഢമായ അടിത്തറ കണ്ടെത്താൻ ശ്രമിക്കുകയാണു വേണ്ടത്. "സ്വതന്ത്രസ്നേഹം" (freelove) എന്ന പ്രതിഭാസം സ്നേഹനാഗരികതയ്ക്കു തീർച്ചയായും വിരുദ്ധമാണ്. അതു സവിശേഷമാംവിധം അപകടകരമാണ്. കാരണം, അത് ഒരുവൻെറ "യഥാർത്ഥമായ" തോന്നലുകൾ (feeling) അനുസരിച്ചു ജീവിക്കാനുള്ള ഒരു വഴിയായിട്ടാണു സാധാരണമായി നിർദ്ദേശിക്കപ്പെടുന്നത്. പക്ഷേ, വാസ്തവത്തിൽ അതു സ്നേഹത്തെ തകർക്കുന്നതാണ്. "സ്വതന്ത്രസ്നേഹം" വഴി എത്രയോ കുടുംബങ്ങളാണു തകർക്കപ്പെട്ടിട്ടുള്ളത്! എല്ലാ വ്യവസ്ഥകളിൽ നിന്നും സീമകളിൽനിന്നും "സ്വതന്ത്രമാക്കപ്പെട്ട" ഒരു സ്നേഹത്തെ ഉദ്ദീപിപ്പിച്ചുകൊണ്ട്, ഓരോ സന്ദർഭത്തിലും ഒരു "യഥാർത്ഥ" വൈകാരിക പ്രചോദനത്തെ അനുധാവനം ചെയ്യുക എന്നതിൻെറ അർത്ഥമെന്താണ്? ആത്മാവിൻെറ ആസക്തികൾ (passions)[37] എന്നു വി. തോമസ് അക്വീനാസ് വിളിക്കുന്ന മാനുഷിക തോന്നലുകൾക്ക് (insticts) വ്യക്തിയെ അടിമയാക്കി നല്കുക എന്നതിൽക്കവിഞ്ഞ്ഒന്നുമല്ല അതിൻെറ അർത്ഥം. "സ്വതന്ത്രസ്നേഹം" മാനുഷിക ദുർബലതകളെ ചൂഷണംചെയ്യുന്നു. തട്ടിയെടുക്കലിൻെറയും പൊതുജനാഭിപ്രായത്തിൻെറയും സഹായത്തോടെ അത് അവയ്ക്കു മാന്യതയുടെ ഒരുതരം പുറംപൂച്ചുനല്കുന്നു. ഇങ്ങനെ, "ധാർമ്മികമായ അന്യസ്ഥാനസ്ഥിതി" (moral alibi) സൃഷ്ടിച്ചുകൊണ്ട് മനസ്സാക്ഷിയെ "ആശ്വസിപ്പിക്കാൻ" ഒരു പരിശ്രമം നടക്കുന്നുണ്ട്. എന്നാൽ അതിൻെറ പരിണതഫലങ്ങളെയെല്ലാം പരിഗണിക്കുന്നുമില്ല. പ്രത്യേകിച്ച് ദമ്പതികളിൽ ഒരാൾ മറ്റേയാളിൽനിന്നു വേർപിരിയുമ്പോൾ, കുട്ടികൾ അപ്പനോ അമ്മയോ ഇല്ലാതെ യഥാർ

www.malankaralibrary.com



ത്ഥത്തിൽ ജീവിക്കുന്ന മാതാപിതാക്കളുടെ അനാഥക്കുട്ടികളായി ജീവിക്കാൻ വിധിക്കപ്പെടുന്നു എന്ന വസ്തുത പരിഗണിക്കുന്നില്ല.

നമുക്കറിയാവുന്നതുപോലെ, സന്മാർഗ്ഗശാസ്ത്രപരമായ ഉപയോഗിതാവാദത്തിൻെറ അടിത്തറയിൽ "ഏറ്റവും കൂടുതൽ" ആനന്ദത്തിനുവേണ്ടിയുള്ള നിരന്തരദാഹം സ്ഥിതിചെയ്യുന്നുണ്ട്. എന്നാൽ അത് കേവലം "ഉപയോഗപരമായ" ആനന്ദമാണ്. ഒരു ശാരീരികസുഖമായിട്ടും വ്യക്തിയുടെ മാത്രം പ്രയോജനത്തിനുള്ള തൊട്ടടുത്തുള്ള ഒരു തൃപ്തിനേടലായിട്ടുമാണ് അതിനെ കാണുന്നത്. യഥാർത്ഥനന്മയിൽ നിന്ന് അകന്നും അല്ലെങ്കിൽ അതിന് എതിരായും അതിനെകാണുന്നു.

സ്വാതന്ത്ര്യത്തെപ്പറ്റി വ്യക്തിമഹാത്മ്യപരമായ ഒരു ധാരണയിൽ -അതായത് ഉത്തരവാദിത്വങ്ങളില്ലാത്ത സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള ധാരണയിൽ-അടിയുറപ്പിച്ചിരിക്കുന്ന ഉപയോഗിതാവാദത്തിൻെറ പരിപാടികൾ സ്നേഹത്തിനുവിരുദ്ധമാണ്. ആകെപ്പാടെയുള്ള മാനവനാഗരികതയുടെ പ്രകാശനമെന്ന നിലയിൽപ്പോലുമുള്ള സ്നേഹത്തിനു അത് എതിരാണ്. സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള ഈ ധാരണയെ സമൂഹം സ്വീകരിക്കുകയും വിവിധതരത്തിലുള്ള മാനുഷികദുർബലതകളുമായി എളുപ്പത്തിൽ കൂട്ടുകെട്ടുണ്ടാക്കുകയും ചെയ്യുമ്പോൾ അത് വേഗത്തിൽ കുടുംബത്തിനെതിരേയുള്ള സുസംഘടിതവും സ്ഥിരവുമായ ഭീഷണിയായിത്തീരും. ഇക്കാര്യത്തെ സംബന്ധിച്ച് അനേകം ദുരന്തഫലങ്ങളെപ്പറ്റി പറയാനാവും. അവയുടെ സ്ഥിതിവിവരക്കണക്കനുസരിച്ച് അവയെ സ്ഥിരീകരിക്കാനും കഴിയും. അവയിൽ വലിയൊരു ഭാഗം സ്ത്രീപുരുഷന്മാരുടെ ഹൃദയങ്ങളിൽ, വേദനിപ്പിക്കുന്ന പുതിയ മുറിവുകൾപോലെ ഒളിച്ചുവയ്ക്കപ്പെട്ടിരിക്കുകയാണെങ്കിലും അങ്ങനെ ചെയ്യാനാവും.

ദമ്പതികളുടെയും മാതാപിതാക്കളുടെയും സ്നേഹത്തിന് ഇത്തരം മുറിവുകളെ സുഖപ്പെടുത്താൻ കഴിയും. മുമ്പു സൂചിപ്പിച്ച അപകടങ്ങൾ അതിൻെറ പുനർനിർമ്മാണപരമായ ശക്തിയെ കവർന്നെടുക്കാതിരുന്നാൽ അതു സാധ്യമാണ്. പ്രസ്തുത ശക്തിയാകട്ടെ, മാനുഷിക സമൂഹങ്ങൾക്ക് ഉപകാരപ്രദവും ആരോഗ്യകരവുമായ ഒന്നാണ്. ഈ കഴിവ്, ക്ഷമിക്കലിൻെറയും അനുരഞ്ജനത്തിൻെറയും

www.malankaralibrary.com



ദൈവാനുഗ്രഹത്തെ ആശ്രയിച്ചിരിക്കുന്നു. അതാകട്ടെ പുതുതായി തുടങ്ങാനുള്ള ആദ്ധ്യാത്മികോർജ്ജം എപ്പോഴും ഉറപ്പുവരുത്തുന്ന താണ്. ഇക്കാരണത്താൽ കുടുംബാംഗങ്ങൾ, അനുതാപത്തിൻെറ യും അനുരഞ്ജനത്തിൻെറയും വിസ്മയനീയമായ കൂദാശയിലൂടെ സഭയിൽ ക്രിസ്തുവിനെ കണ്ടുമുട്ടേണ്ടിയിരിക്കുന്നു.

കുടുംബങ്ങളോടുകൂടിയും കുടുംബങ്ങൾക്കും വേണ്ടിയുമുള്ള പ്രാർത്ഥന എത്രമാത്രം പ്രധാനപ്പെട്ടതാണെന്ന് ഈ സാഹചര്യത്തിൽ നമുക്കു ഗ്രഹിക്കാനാവും. പ്രത്യേകിച്ച് വിഭജനത്തിൻെറ ഭീഷണി യിൽപ്പെട്ടവർക്കുവേണ്ടിയുള്ള പ്രാർത്ഥന. വിവാഹിതരായ ദമ്പതി കൾ തങ്ങളുടെ ദൈവവിളിയെ സ്നേഹിക്കാൻ വേണ്ടി നമ്മൾ പ്രാർത്ഥി ക്കണം. അവരുടെ മാർഗ്ഗം പ്രയാസമേറിയതാവുകയോ, പാതകൾ ഇടുങ്ങിയതാവുകയോ, കുന്നുകൾ ഉള്ളതായിരിക്കുകയോ ദുർഘടമാ യി തോന്നുകയോ ചെയ്യുമ്പോഴും അവർ തങ്ങളുടെ ദൈവവിളിയെ സ്നേഹിക്കാൻ വേണ്ടി പ്രാർത്ഥിക്കണം. അത്തരം സാഹചര്യങ്ങളിൽ ദൈവത്തോടുള്ള അവരുടെ ഉടമ്പടിയോടു വിശ്വസ്തതയുള്ളവരാ യിരിക്കാൻ വേണ്ടി നാം പ്രാർത്ഥിക്കണം.

"കുടുംബം സഭയുടെ മാർഗ്ഗമാണ്". ദാമ്പത്യപരവും കുടുംബ പരവുമായ ജീവിതത്തിലൂടെ സ്വർഗ്ഗരാജ്യത്തേക്കു നയിക്കുന്ന (മത്താ. 7:14) ഈ മാർഗ്ഗത്തെ ഏറ്റുപറയാനും പ്രഘോഷിക്കാനും ഈ ലേഖന ത്തിൽ ഞാൻ ആഗ്രഹിക്കുന്നു. കുടുംബത്തിലെ "വ്യക്തികളുടെ കൂ ട്ടായ്മ" വിശുദ്ധന്മാരുടെ കൂട്ടായ്മക്കുള്ള ഒരു തയ്യാറെടുപ്പായിരിക്കു ക എന്നതു പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ടാണ് സഭ "എല്ലാ ത്തിനെയും സഹിക്കുന്ന" (1കൊറി. 13:7) സ്നേഹത്തിൽ വിശ്വസി ക്കുകയും അതിനെ പ്രഘോഷിക്കുകയും ചെയ്യുന്നത്. വി. പൗലോസി നോടൊപ്പം സഭ അതിൽ ഏറ്റവും വലിയ സദ്ഗുണത്തെ കാണുന്നു (1കൊറി 13:13). അപ്പസ്തോലൻ ആരുടെമേലും ഒരു പരിധിയും കല്പിക്കുന്നില്ല. എല്ലാവരും, ദമ്പതികളും കുടുംബങ്ങളും ഉൾപ്പെടെ എല്ലാവരും, സ്നേഹിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. സഭയിൽ ഓരോ രുത്തനും പൂർണ്ണമായ പരിശുദ്ധിയിലേക്കു തുല്യമായ തോതിൽ വിളി ക്കപ്പെട്ടിരിക്കുന്നു. (മത്താ. 5:48) [38].

www.malankaralibrary.com



*നാലാം പ്രമാണം : നിന്റെ പിതാവിനെയും നിന്റെ മാതാവിനെയും ബഹുമാനിക്കുക.*

15. വേദപ്രമാണങ്ങളിലെ നാലാംകല്പന, കുടുംബത്തെയും അതിന്റെ ആന്തരികമായ ഐക്യത്തെയുംക്കുറിച്ചുള്ളതാണ്. അത് കുടുംബത്തിന്റെ ദൃഢൈക്യത്തെക്കുറിച്ചും ഉള്ളതാണ് എന്നുപറയാം.

നാലാംകല്പന, അതിന്റെ ക്രോഡീകരണത്തിൽ കുടുംബത്തെ പ്രത്യക്ഷമായി സൂചിപ്പിക്കുന്നില്ല. എന്നിരുന്നാലും അതാണ് അതിന്റെ യഥാർത്ഥവിഷയം. തലമുറകൾ തമ്മിലുള്ള കൂട്ടായ്മയെ പ്രകാശിപ്പിക്കാൻ, "ബഹുമാനിക്കുക"...(പുറ. 20:12) എന്ന വാക്കിനേക്കാൾ ഉചിതമായ ഒരു വാക്ക് ദൈവികനിയമദാതാവുകണ്ടില്ല. കുടുംബം എന്താണ്എന്നു വ്യക്തമാക്കുന്നതിന്റെ പുതിയൊരു രീതി നാം കാണുന്നു. ഈ ക്രോഡീകരണം "കൃത്രിമമായ" രീതിയിൽ കുടുംബത്തെ പുകഴ്ത്തുന്നില്ല. പിന്നെയോ അതിന്റെ കർത്തൃത്വത്തെയും (subjectivity)അതിൽനിന്നു നിർഗ്ഗളിക്കുന്ന അവകാശങ്ങളെയും ഊന്നിപ്പറയുകയാണ് ചെയ്യുന്നത്. കുടുംബം സവിശേഷമായ രീതിയിൽ തീവ്രതയാർന്ന വ്യക്ത്യന്തര ബന്ധങ്ങളുടെ ഒരു സമുദായമാണ്. ദമ്പതികൾ തമ്മിലും, മാതാപിതാക്കൾ തമ്മിലും കുട്ടികൾ തമ്മിലും തലമുറകൾ തമ്മിലുമുള്ള ബന്ധങ്ങളുടെ സമുദായമാണത്. സവിശേഷമായ രീതിയിൽ പരിരക്ഷിക്കപ്പെടേണ്ട സമുദായമാണത്. "ബഹുമാനിക്കുക" എന്നതിലേറെ നല്ല രക്ഷാമാർഗ്ഗം ദൈവംകണ്ടെത്തിയില്ല.

"നിന്റെ ദൈവമായ കർത്താവുതരുന്ന രാജ്യത്തു നീ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിനു നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക" (പുറ. 20:12). വ്യക്തിക്കും ഇസ്രായേൽ ജനത്തിനും ദൈവത്തോടുള്ള ബന്ധത്തെ സംബന്ധിച്ച മൂന്നു മൗലികവേദപ്രമാണങ്ങൾക്കുശേഷമാണ് ഈ കല്പന വരുന്നത്: "ഷെമ ഇസ്രായേൽ"..."കേൾക്കൂ, ഓ, ഇസ്രായേൽ നമ്മുടെ കർത്താവായ ദൈവം ഏക കർത്താവാണ്"(നിയ. 6:4) "എന്റെ മുമ്പിൽ നിനക്കു വേറെ ദൈവങ്ങളുണ്ടായിരിക്കരുത്" (പുറ. 20:3). "സർവ്വോപരി" ദൈവത്തെ സ്നേഹിക്കാനുള്ള ഈ കല്പനയാണ് ഒന്നാമത്തേതും ഏറ്റവും വലുതുമായ കല്പന. "നിന്റെ പൂർണ്ണഹൃദയത്തോടും നിന്റെ പൂർണ്ണാത്മാ

www.malankaralibrary.com



വോടും നിൻെറ പൂർണ്ണശക്തിയോടുംകൂടി" ദൈവം സ്നേഹിക്കപ്പെടണം(നിയ. 6:5, മത്താ. 22:37) ഈ പ്രത്യേകസാഹചര്യത്തിലാണ് നാലാം പ്രമാണം സ്ഥാപിച്ചിട്ടുള്ളത് എന്ന വസ്തുത ശ്രദ്ധേയമാണ്. "നിൻെറ അപ്പനെയും അമ്മയെയും ബഹുമാനിക്കുക" കാരണം, അവർ നിന്നെ സംബന്ധിച്ചിടത്തോളം ഒരർത്ഥത്തിൽ കർത്താവിൻെറ പ്രതിനിധികളാണ്. അവർ നിനക്കു ജീവൻ നല്കിയവരാണ്. ഒരു പ്രത്യേകവംശത്തിലും ദേശത്തിലും സംസ്കാരത്തിലും നിന്നെ മാനുഷികാസ്തിത്വത്തിലേക്കു കൊണ്ടുവന്നവരാണ്. ദൈവം കഴിഞ്ഞാൽ അവരാണു നിൻെറ ആദ്യത്തെ ഉപകാരികൾ. ദൈവംമാത്രമാണു നന്മയായിട്ടുള്ളവൻ. അവിടുന്നു യഥാർത്ഥത്തിൽ നന്മതന്നെയാണ്. മാതാപിതാക്കളാകട്ടെ ആ പരമനന്മയിൽ അതുല്യമായ രീതിയിൽ പങ്കുപറ്റുന്നവരുമാണ്. അതുകൊണ്ട്, നിൻെറ മാതാപിതാക്കളെ ബഹുമാനിക്കുക. ദൈവത്തിനു നല്കാൻ കടപ്പെട്ട ആരാധനയോട് ഇതിനു ഒരു വിധത്തിൽ സാമ്യമുണ്ട്.

നാലാം പ്രമാണം സ്നേഹത്തിൻെറ കല്പനയോടു അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. "ബഹുമാന"വും "സ്നേഹവും" തമ്മിലുള്ള ബന്ധം അഗാധമായ ഒന്നാണ്. അതിൻെറ കേന്ദ്രം ബഹുമാനമാണ്. അത് നീതി എന്ന സദ്ഗുണവുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ സ്നേഹത്തോട്, ദൈവസ്നേഹത്തോടും അയൽക്കാരനോടുള്ള സ്നേഹത്തോടും, ബന്ധിപ്പിക്കാതെ നീതിയെ പൂർണ്ണമായി വിശദീകരിക്കാൻ കഴിയുകയില്ല. സ്വന്തം കുടുംബാംഗങ്ങളും മാതാപിതാക്കളും കുട്ടികളുമല്ലാതെ മറ്റാരാണ് ഒരുവൻെറ ഏറ്റവും വലിയ അയൽക്കാർ?

നാലാംപ്രമാണത്തിൽ സൂചിപ്പിക്കുന്ന വ്യക്ത്യന്തരബന്ധങ്ങളുടെ പദ്ധതി ഏകപക്ഷീയമാണോ? മാതാപിതാക്കളെ ബഹുമാനിക്കാൻ മാത്രമാണോ അതു നമ്മെ കടപ്പെടുത്തുന്നത്? അക്ഷരാർത്ഥത്തിൽ പരിഗണിച്ചാൽ അങ്ങനെതന്നെയാണ്. എന്നാൽ, പരോക്ഷമായി, മാതാപിതാക്കൾ മക്കളോടു കാണിക്കേണ്ട "ബഹുമാന"ത്തെപ്പറ്റിയും നമുക്കുപറയാൻ കഴിയും. "ബഹുമാനിക്കുക" എന്നതിൻെറ അർത്ഥം അംഗീകരിക്കുക എന്നാണ്. അതു നമുക്ക് ഈ വിധത്തിൽ പറയാം: "ഒന്നാമതായി പിതാവ് മാതാവ് എന്നീ വ്യക്തികൾക്കും പിന്നീട് കുടുംബത്തിലെ മറ്റ് അംഗങ്ങളായ വ്യക്തികൾക്കും നല്കേണ്ട ദൃഢമാ

www.malankaralibrary.com



യ അംഗീകാരത്താൽ നീ നയിക്കപ്പെടട്ടെ". ബഹുമാനം സത്താപരമായി നിസ്വാർത്ഥതയുടെ ഒരു മനോഭാവമാണ്. അതിനെ, വ്യക്തി വ്യക്തിക്കു നല്കുന്ന ആത്മാർത്ഥമായ ദാനം എന്നു വിളിക്കാം. ആ അർത്ഥത്തിൽ ബഹുമാനം സ്നേഹവുമായി ഒന്നുചേരുന്നു. നാലാം പ്രമാണം, മാതാപിതാക്കളോടു ബഹുമാനം കാണിക്കണമെന്നു കല്പിക്കുന്നുണ്ടെങ്കിൽ അതു കുടുംബത്തിൻെറ നന്മയ്ക്കുവേണ്ടിയുള്ള താത്പര്യംകൊണ്ടുകൂടിയാണ് അങ്ങനെ ചെയ്യുന്നത്. ഇക്കാരണത്താൽ അതു മാതാപിതാക്കളോടും അങ്ങനെ കല്പിക്കുന്നുണ്ട്. മാതാപിതാക്കളായ നിങ്ങൾ, നിങ്ങളുടെ കുട്ടികളുടെ ബഹുമാനത്തിനു (സ്നേഹത്തിനും) അർഹത നേടത്തക്കവിധത്തിൽ പെരുമാറണം എന്നു ദൈവികകല്പന പ്രഖ്യാപിക്കുന്നതായി തോന്നുന്നു. നിങ്ങൾ ബഹുമാനിക്കപ്പെടണം എന്ന കല്പന-ധാർമ്മികമായ ഒരു ശൂന്യതയിൽ നിപതിക്കാൻ ഇടയാക്കരുത്! അങ്ങനെ, ആത്യന്തികമായി നാം പരസ്പരബഹുമാനത്തെപ്പറ്റിയാണു പറയുന്നത്. "നിൻെറ അപ്പനെയും അമ്മയെയും ബഹുമാനിക്കുക" എന്ന കല്പന മാതാപിതാക്കളോടു പരോക്ഷമായി ഇങ്ങനെ പറയുന്നു. "നിങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും ബഹുമാനിക്കുക. അവർ സജീവരായിരിക്കയാൽ അവർക്ക് അതിനുള്ള അർഹതയുണ്ട്. അവർ എന്തായിരിക്കുന്നുവോ ആ അവസ്ഥമൂലം അവർക്ക് അർഹതയുണ്ട്. അവർ ഗർഭത്തിൽ ഉരുവാകുന്ന നിമിഷം മുതൽ ഇത് യഥാർത്ഥമാണ്. അങ്ങനെ നാലാം പ്രമാണം, കുടുംബത്തിൻെറ ആന്തരികമായ ഐക്യത്തിൻെറ അടിത്തറയെ ഉയർത്തിക്കാണിക്കുന്നു. കുടുംബത്തെ ഒന്നിപ്പിക്കുന്ന ഉറ്റബന്ധങ്ങളെ പ്രകാശിപ്പിച്ചുകൊണ്ടാണ് അത് അങ്ങനെ ചെയ്യുന്നത്.

ആ കല്പന തുടർന്നു പറയുന്നു: "നിൻെറകർത്താവായ ദൈവം നിനക്കു തരുന്ന ദേശത്തു നീ ദീർഘകാലം ജീവിച്ചിരിക്കുന്നതിനുവേണ്ടി." "വേണ്ടി" എന്ന ഘടകപദം മിക്കവാറും ഉപയോഗിതാവാദപരമായ (utilitarian) ഒരു കണക്കുകൂട്ടൽ ജനിപ്പിച്ചേക്കും: "നിനക്കു ദീർഘകാലം ജീവിക്കാൻ വേണ്ടി അവരെ ബഹുമാനിക്കുക" എന്ന്. എന്തൊക്കെയായാലും ബഹുമാനിക്കുക എന്ന കല്പനാപരമായ വാക്കിൻെറ മൗലികമായ ആശയം ചുരുങ്ങിപ്പോകുന്നില്ല. ആ ആശയമാകട്ടെ, നിസ്വാർത്ഥതയുടെ മനോഭാവത്തെ പ്രകൃത്യാതന്നെ സൂചിപ്പിക്കുന്നുണ്ട്. ബഹുമാനിക്കുക എന്നതിനു "പ്രയോജനങ്ങളെ

www.malankaralibrary.com



കണക്കുകൂട്ടുക" എന്ന ഒരർത്ഥം ഒരിക്കലും ഉണ്ടാവുകയില്ല. കുടുംബസമുദായത്തിലെ വ്യക്തികൾ തമ്മിലുള്ള ബഹുമാനത്തിന്റെ മനോഭാവം ചില പ്രയോജനങ്ങളെ കൊണ്ടുവരുന്നുമുണ്ട് എന്ന വസ്തുത അംഗീകരിക്കാതിരിക്കാൻ പാടില്ല. തീർച്ചയായും ബഹുമാനം പ്രയോജനപ്രദമായ ഒന്നാണ്. യഥാർത്ഥത്തിലുള്ള എല്ലാ നന്മയും പ്രയോജനപ്രദമായിരിക്കുന്നു എന്നതുപോലെതന്നെ.

ഒന്നാമതായി, "ഒന്നിച്ചായിരിക്കുക" എന്ന നന്മയെ കുടുംബം നേടുന്നു. ഇത് വിവാഹത്തിന്റെയും (ഇതിൽനിന്നു വിവാഹത്തിന്റെ അവിഭാജ്യത (indissolubility) ഉടലെടുക്കുന്നു.) കുടുംബസമുദായത്തിന്റെയും ഏറ്റവും വലിയ നന്മയാണ്. പ്രവൃത്തിയുടെ കർത്താവെന്ന നിലയിലുള്ള മനുഷ്യന്റെ നന്മ എന്നുകൂടി ഇതു നിർവചിക്കപ്പെടാം. വ്യക്തി (person)ഒരു കർത്താവാണ് (subject). അതുപോലെതന്നെയാണു കുടുംബവും. കാരണം അതു വ്യക്തികളാൽ നിർമ്മിക്കപ്പെട്ടതാണ്. ആ വ്യക്തികളാകട്ടെ കൂട്ടായ്മയുടെ അഗാധമായ ബന്ധത്താൽ ഒന്നിപ്പിക്കപ്പെട്ട് ഒരു സാമുദായിക കർത്താവായിത്തീരുന്നു. യഥാർത്ഥത്തിൽ മറ്റ് ഏതൊരു സാമൂഹികസ്ഥാപനങ്ങളെയുംകാൾ കുടുംബത്തിനു കർത്തൃത്വമുണ്ട് (subjectivity). ദേശത്തേക്കാൾ അഥവാ രാഷ്ട്രത്തേക്കാൾ, സമൂഹത്തേക്കാൾ, അന്താരാഷ്ട്രസംഘടനകളേക്കാൾ കർത്തൃത്വം അതിനുണ്ട്. ഈ സമൂഹങ്ങൾക്ക്, പ്രത്യേകിച്ചു രാഷ്ട്രങ്ങൾക്ക്, വ്യക്തികളിൽനിന്നും അവരുടെ കുടുംബങ്ങളിൽ നിന്നും സ്വീകരിക്കുന്നിടത്തോളം മാത്രമേ യഥാർത്ഥ കർത്തൃത്വമുള്ളൂ. പൊതുജനാഭിപ്രായത്തിന്റെ മുമ്പിൽ കുടുംബത്തെ "പ്രശംസിക്കാൻ" വേണ്ടി ക്രോഡീകരിക്കുന്ന കേവലം താത്ത്വികങ്ങളായ നിരീക്ഷണങ്ങളാണോ ഇവയെല്ലാം? അല്ല. കുടുംബം എന്താണെന്നു വ്യക്തമാക്കുന്നതിന്റെ മറ്റൊരു രീതിമാത്രമാണിത്. ഇതും നാലാം പ്രമാണത്തിൽ നിന്ന് അനുമാനിച്ചെടുക്കാവുന്നതാണ്.

ഈ സത്യം കൂടുതൽ ഊന്നിപ്പറയേണ്ടതും കൂടുതൽ ആഴത്തിൽ മനസ്സിലാക്കേണ്ടതുമാണ്. *മനുഷ്യാവകാശങ്ങളുടെ* ആധുനികസമ്പ്രദായത്തെ സംബന്ധിച്ചിടത്തോളം നാലാം പ്രമാണത്തിനുള്ള പ്രാധാന്യത്തെ ഇതു യഥാർത്ഥത്തിൽ വ്യക്തമാക്കുന്നുണ്ട്. സ്ഥാപനങ്ങളും നിയമപരമായ സംവിധാനങ്ങളും നൈയാമിക (juridical) ഭാഷ ഉപയോഗിക്കുന്നു. എന്നാൽ ദൈവം പറയുന്നു. "ബഹുമാനിക്കു

www.malankaralibrary.com



ക"എന്ന്. എല്ലാ മനുഷ്യാവകാശങ്ങളും, ബഹുമാനിക്കുക എന്ന കല്പന അവയുടെ അടിത്തറയായി നിലകൊള്ളുന്നില്ലെങ്കിൽ, ആത്യന്തികമായി ക്ഷണഭംഗുരവും ഫലശൂന്യവുമായിത്തീരും. മറ്റുവാക്കുകളിൽ പ്പറഞ്ഞാൽ, "വ്യക്തി"ആയിരിക്കയിൽത്തന്നെ-"ഈ വ്യക്തി" ആയിരിക്കയിൽത്തന്നെ-*വ്യക്തിയെക്കുറിച്ചുള്ള അംഗീകാരമില്ലെങ്കിൽ* അങ്ങനെ സംഭവിക്കും. അവകാശങ്ങൾ അവയിൽത്തന്നെ മതിയായവയല്ല.

ദേശങ്ങളുടെയും രാഷ്ട്രങ്ങളുടെയും അന്താരാഷ്ട്ര സംഘടനകളുടെയും ജീവിതം കുടുംബങ്ങളിലൂടെ "കടന്നുപോകന്നു"എന്നു വേദപ്രമാണ സമുച്ചയത്തിലെ നാലാം പ്രമാണത്തിൽ ഉറപ്പിച്ചു പറയുന്നത് ഒരു അതിവർണ്ണനയല്ല. നാം ജീവിക്കുന്ന ഈ കാലഘട്ടം *ഒറ്റപ്പെടൽ* (alienation)എന്ന ഭീഷണിയ്ക്കു വളരെയേറെ വിധേയമാണ്. അനേകം നൈയാമിക പ്രമാണങ്ങൾ എഴുതിയുണ്ടാക്കുകയും പ്രഖ്യാപിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും ഇത് ഇപ്രകാരമായിരുക്കുന്നു. നവോത്ഥാനകാല (Enlightment) ചിന്തയുടെ പരിണതഫലമാണിത്. ആ ചിന്തയനുസരിച്ച് മനുഷ്യൻ മാനുഷികതയുള്ളവൻ "മാത്ര"മായിരിക്കുമ്പോൾ "കൂടുതൽ" മനുഷ്യനായിത്തീരുന്നു. മനുഷ്യന്റെ സമ്പൂർണ്ണസമ്പന്നതയുമായി വ്യത്യസ്തരീതികളിൽ ബന്ധപ്പെട്ട ഓരോ വസ്തുവിൽ നിന്നുമുള്ള ഒറ്റപ്പെടൽ മനുഷ്യനെ നമ്മുടെ ഈ കാലത്ത്, എങ്ങനെ ഭീഷണിപ്പെടുത്തുന്നു എന്നുകാണാൻ പ്രയാസമില്ല. ആ ഒറ്റപ്പെടൽ കുടുംബത്തെയും ബാധിക്കുന്നു. വ്യക്തിയെപ്പറ്റിയുള്ള ഊന്നിപ്പറയൽ, യഥാർത്ഥത്തിൽ കുടുംബത്തോടും തത്ഫലമായി നാലാം പ്രമാണത്തോടും ഉയർന്ന അളവിൽ ബന്ധിപ്പിക്കേണ്ടതാണ്. മനുഷ്യനായിരിക്കേണ്ടത് എങ്ങനെയാണെന്നു പഠിപ്പിക്കുന്ന ഒന്നാമത്തെ വിദ്യാലയം പല വിധത്തിലും, കുടുംബമാണ്. ദൈവത്തിന്റെ പദ്ധതിയിൽ അപ്രകാരമാണ്. മനുഷ്യത്വമുള്ള വനായിരിക്കുക! ഇതാണ് കുടുംബത്തിനു നല്കപ്പെടുന്ന കല്പന. ഒരാൾ തന്റെ രാജ്യത്തിന്റെ പുത്രൻ എന്ന നിലയിൽ അല്ലെങ്കിൽ പുത്രി എന്ന നിലയിൽ, മനുഷ്യത്വമുള്ളവനായിരിക്കുക-ഒരു രാഷ്ട്രത്തിന്റെ പൗരനായിരിക്കുക എന്നാണു കല്പന. ലോകത്തിന്റെ പൗരനായിരിക്കുക എന്ന് ഇന്നു നമുക്കു പറയാം. മനുഷ്യവംശത്തിനു നാലാം പ്രമാണം നല്കിയ ദൈവം മനുഷ്യനു നന്മവരണമെന്ന് ആഗ്രഹിക്കുന്നവനാണ്

www.malankaralibrary.com



(benevolent). ഗ്രീക്കുകാർ പറഞ്ഞിരുന്നതുപോലെ "മനുഷ്യസ്നേഹി" (philanthropos)ആണ്. പ്രപഞ്ചസ്രഷ്ടാവ് *സ്നേഹത്തിന്റെയും ജീവന്റെയും ദൈവമാണ്.* മനുഷ്യനു ജീവനുണ്ടാകുവാൻ, ക്രിസ്തു ഉദ്ഘോഷിച്ചതുപോലെ ജീവൻ സമൃദ്ധമായി ഉണ്ടാകുവാൻ ദൈവം ആഗ്രഹിക്കുന്നു (യോഹ. 10:11). അവനു ജീവനുണ്ടാകുവാൻ ഒന്നാമതായി സഹായിക്കുന്നതു കുടുംബമാണ്.

"സ്നേഹത്തിന്റെ നാഗരികത" കർശനമായി കുടുംബത്തോടു ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഇപ്പോൾ വ്യക്തമാകുന്നതുപോലെ തോന്നുന്നു. പലരെയും സംബന്ധിച്ച്, സ്നേഹനാഗരികത ഇനിയും കേവലമായ ഒരു ഉട്ടോപ്യ (കാല്പനികരാഷ്ട്രം) ആണ്. യഥാർത്ഥത്തിൽ, സ്നേഹത്തെ ആരിൽനിന്നും ആവശ്യപ്പെടാൻ പാടില്ലെന്നും അത് ആരിലും അടിച്ചേല്പിക്കാൻ പാടില്ലെന്നും ചിന്തിക്കുന്നവരുണ്ട്. ആളുകൾക്ക് സ്വീകരിക്കുയോ നിരസിക്കുകയോ ചെയ്യാവുന്നതും സ്വതന്ത്രമായി തിരഞ്ഞെടുക്കാവുന്നതുമായ ഒന്നായിരിക്കണം സ്നേഹം എന്ന് അവർ കരുതുന്നു.

ഇതിലൊക്കെ കുറെ സത്യമുണ്ട്. എന്നാലും, "നിന്റെ അപ്പനെയും നിന്റെ അമ്മയെയും ബഹുമാനിക്കുക" എന്ന് ദൈവം സീനായ്മലയിൽ വച്ചു കല്പിച്ചതുപോലെ തന്നെ യേശുക്രിസ്തു സ്നേഹത്തിന്റെ പ്രമാണം നമുക്കു നല്കി എന്ന യാഥാർത്ഥ്യം എപ്പോഴും നിലനില്ക്കുന്നു. അപ്പോൾ സ്നേഹം ഒരു ഉട്ടോപ്യയല്ല. ദൈവാനുഗ്രഹത്തിന്റെ സഹായത്തോടെ നിർവഹിക്കപ്പെടേണ്ട ഒരു കടമയായി മനുഷ്യവംശത്തിന് അതു നല്കപ്പെട്ടിരിക്കുന്നു. വിവാഹമെന്നകൂദാശയിൽ സ്ത്രീക്കും പുരുഷനും അവരുടെ "കടമയുടെ" മൗലിക തത്ത്വമായി അതു നല്കപ്പെടുന്നു. അത് അവർക്കു പരസ്പരമുള്ള ഉത്തരവാദിത്വത്തിന്റെ-ഒന്നാമതായി ദമ്പതികൾ എന്ന നിലയിലും പിന്നീട് മാതാപിതാക്കൾ എന്ന നിലയിലുമുള്ള ഉത്തരവാദിത്വത്തിന്റെ-അടിത്തറയായിത്തീരുകയും ചെയ്യുന്നു. വിവാഹമെന്ന കൂദാശ ആഘോഷിക്കുന്ന സമയത്ത് ദമ്പതികൾ പരസ്പരം നല്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. കുട്ടികളെ സ്വാഗതം ചെയ്യാനും അവരെ വിദ്യാഭ്യാസം ചെയ്യിക്കാനുമുള്ള സന്നദ്ധതയെപ്പറ്റി പ്രസ്താവിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. മാനുഷിക നാഗരികത ഈ വിജാഗിരിയിലാ

www.malankaralibrary.com



ണു ചുറ്റിത്തിരിയുന്നത്. മാനുഷികനാഗരികതയാകട്ടെ, "സ്നേഹത്തിൻെറ നാഗരികത" എന്നല്ലാതെ മറ്റൊന്നായി നിർവചിക്കാൻ സാധ്യമല്ല.

കുടുംബം ഈ സ്നേഹത്തിൻെറ പ്രകാശനവും ഉറവിടവുമാണ്. കുടുംബത്തിലൂടെയാണ്, *സ്നേഹനാഗരികതയുടെ പ്രഥമപ്രവാഹം കടന്നു പോകുന്നത്.* അവിടെയാണ് അത് അതിൻെറ "സാമൂഹികാടിത്തറകൾ" കണ്ടെത്തുന്നതും.

ക്രൈസ്തവപാരമ്പര്യത്തിൽ, സഭാപിതാക്കന്മാർ കുടുംബത്തെപ്പറ്റി "ഗാർഹികസഭ" എന്നും "ചെറുസഭ" എന്നും പറഞ്ഞുകാണുന്നു. അവർ അങ്ങനെ സ്നേഹനാഗരികതയെ മാനുഷികജീവൻെറയും സഹവർത്തിത്വത്തിൻെറയും സാധ്യമായ ഒരു സമ്പ്രദായമായി പരാമർശിച്ചു:ഒരു കുടുംബമായി "ഒന്നിച്ചിരിക്കുക", ഒരാൾ മറ്റെയാൾക്കുവേണ്ടിയായിരിക്കുക, ഓരോ വ്യക്തിയെയും വ്യക്തിയായിത്തന്നെ ഉറപ്പിച്ചുപറയാൻ -"ഈ" വ്യക്തിയായിത്തന്നെ ഉറപ്പിച്ചു പറയാൻ-ഒരിടമുണ്ടായിരിക്കുക. ചിലപ്പോൾ ഇത്, ശാരീരികമോ മാനസികമോ ആയി വികലതയുള്ളവരെ സംബന്ധിച്ചായിരിക്കും. "പുരോഗമ നപരം" എന്നു വിളിക്കപ്പെടുന്ന സമൂഹമാകട്ടെ അവരിൽ നിന്നു സ്വതന്ത്രരാകാൻ ആഗ്രഹിക്കുന്നു. ചിലപ്പോൾ കുടുംബം പോലും ഇത്തരം സമൂഹമായിത്തീരാം. വാർദ്ധക്യത്തിലെത്തിയവരെയും, അംഗവൈകല്യമുള്ളവരെയും രോഗികളെയും ധൃതിയോടെ ഉപേക്ഷിക്കുമ്പോൾ ഇത് അങ്ങനെ ചെയ്യുന്നു. ആർക്കുവേണ്ടി എല്ലാവരും ജീവിക്കുന്നുവോ (ലൂക്കാ. 20:8) ആര് എല്ലാവരെയും ജീവിതത്തിലേക്കു വിളിക്കുന്നുവോ, ആ ദൈവത്തിൽ വിശ്വാസമില്ലാത്തതുകൊണ്ടാണ് ഇതു സംഭവിക്കുന്നത്.

അതേ, സ്നേഹത്തിൻെറ നാഗരികത സാധ്യമായ ഒന്നാണ്. അത് ഒരു ഉട്ടോപ്യ അല്ല. എന്നാൽ ഭൂമിയിലെ എല്ലാ പിതൃത്വവും (മാതൃത്വവും) ആരിൽനിന്നു പേരു സ്വീകരിക്കുന്നുവോ, (എഫേ. 3:14-15) ആരിൽനിന്ന് ഓരോ കുടുംബവും വരുന്നുവോ ആ പിതാവിനോടു നിരന്തരം സന്നദ്ധതാപൂർവ്വം ബന്ധപ്പെട്ടെങ്കിൽ മാത്രമേ ഈ നാഗരികത സാധ്യമാവുകയുള്ളൂ.

www.malankaralibrary.com



*വിദ്യാഭ്യാസം.*

16. കുട്ടികളെ വളർത്തുക എന്നതിൽ അന്തർഹിതമായിട്ടുള്ളതെന്താണ്? ഈ ചോദ്യത്തിന് ഉത്തരംപറയുമ്പോൾ രണ്ടു മൗലിക സത്യങ്ങൾ മനസ്സിലുണ്ടായിരിക്കണം. ഒന്നാമത്തേത്, മനുഷ്യൻ സത്യത്തിലും സ്നേഹത്തിലും ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. രണ്ടാമത്തേത് ആത്മാർത്ഥമായ ആത്മദാനത്തിലൂടെ ഓരോരുത്തനും ജീവിതസാക്ഷാത്കാരം കണ്ടെത്തുന്നു എന്നതാണ്. വിദ്യപഠിപ്പിക്കുന്നവനെയും പഠിക്കുന്നവനെയും സംബന്ധിച്ച് ഇത് സത്യമാണ്. വിദ്യാഭ്യാസം അങ്ങനെ അതുല്യമായ ഒരു പ്രക്രിയയാണ്. അതിനെ സംബന്ധിച്ചിടത്തോളം വ്യക്തികളുടെ പരസ്പര സംസർഗ്ഗത്തിന് അളവറ്റ പ്രാധാന്യമുണ്ട്. വിദ്യപഠിപ്പിക്കുന്നവൻ, ആദ്ധ്യാത്മികമായ ഒരർത്ഥത്തിൽ "ജനിപ്പിക്കുന്ന" വ്യക്തിയാണ്. ഈ വീക്ഷണപ്രകാരം, കുട്ടികളെ വളർത്തൽ യഥാർത്ഥമായ ഒരു പ്രേഷിതവേലയാണ്. അത് സമ്പർക്കത്തിൻെറ സജീവമായ ഒരു മാർഗ്ഗമാണ്. പഠിപ്പിക്കുന്നവനും പഠിക്കുന്നവനും തമ്മിൽ അഗാധമായ ഒരു ബന്ധം അതു സ്ഥാപിക്കുന്നു. മാത്രമല്ല, അത് അവരെ സത്യത്തിലും സ്നേഹത്തിലും ഭാഗഭാക്കുകളാക്കുകയും ചെയ്യുന്നു. ആ പരമലക്ഷ്യത്തിലേക്കാണല്ലോ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം ഓരോരുത്തനെയും വിളിച്ചിട്ടുള്ളത്.

സ്വതന്ത്രവ്യക്തികളുടെ സഹവർത്തിത്വവും പരസ്പരപ്രവർത്തനവും ഉണ്ടായിരിക്കണമെന്നു പിതൃത്വവും മാതൃത്വവും ആവശ്യപ്പെടുന്നു. ഒരു പുതിയ മനുഷ്യജീവിയെ ഗർഭം ധരിക്കുന്ന അമ്മയുടെ കാര്യത്തിൽ ഇതു സുവ്യക്തമാണ്. മാതൃഗർഭത്തിലുള്ള ശിശുവിൻെറ സാന്നിദ്ധ്യത്തിൻെറ ആദ്യത്തെ മാസങ്ങൾ ഒരു പ്രത്യേകബന്ധം സ്ഥാപിക്കുന്നു. അതിനുതന്നെ വിദ്യാഭ്യാസപരമായ ഒരു പ്രാധാന്യമുണ്ട്. കുട്ടിയുടെ ജനനത്തിനു മുമ്പുതന്നെ, ശരീരത്തിനു രൂപം നല്കുകമാത്രമല്ല അതു ചെയ്യുന്നത്. പരോക്ഷമായരീതിയിൽ കുട്ടിയുടെ മുഴുവൻ വ്യക്തിത്വത്തെയും രൂപപ്പെടുത്തുന്നുണ്ട്. അമ്മ ശിശുവിനെ ആദ്യമായി സ്വാധീനിക്കുന്ന പ്രക്രിയയെപ്പറ്റിയാണു നാം പറയുന്നത്. എന്നാലും ഗർഭസ്ഥശിശുവിന് അതിൻെറ അമ്മയുടെ മേലുള്ള അതുല്യസ്വാധീനത്തെ നമുക്ക് അവഗണിക്കാൻ പാടില്ല. കുട്ടി

www.malankaralibrary.com



യുടെ ജനനത്തിനുശേഷം ബാഹ്യലോകത്തിൽ കാണപ്പെടുന്ന ഈ പരസ്പരസ്വാധീനത്തിൽ കുട്ടിയുടെ പിതാവ് നേരിട്ട് ഒന്നും ചെയ്യുന്നില്ല. എന്നാൽ ഗർഭകാലം മുഴുവനിലും സാധ്യമെങ്കിൽ പ്രസവനിമിഷത്തിലും ശ്രദ്ധയും സഹായവും നല്കാനുള്ള ഉത്തരവാദിത്വം പിതാവിനുണ്ട്.

തൻെറ ഭാര്യയുടെ മാതൃത്വം ഒരു ദാനമാണെന്നു ഭർത്താവ് അംഗീകരിക്കണം. സ്നേഹനാഗരികതയുടെ സത്താപരമായ ഒരാവശ്യമാണത്. കുട്ടികളെ വളർത്തുക എന്ന പ്രക്രിയയെ സംബന്ധിച്ചിടത്തോളം ഇത് വളരെയേറെ പ്രധാനപ്പെട്ട കാര്യമാണ്. മനുഷ്യത്വം ദാനംചെയ്യുന്ന ആദിമഘട്ടത്തിൽ തൻെറ ധർമ്മം നിർവഹിക്കാൻ കാണിക്കുന്ന സന്നദ്ധതയിലാണ് പലതും ആശ്രയിച്ചിരിക്കുന്നത്. തൻെറ ഭാര്യയുടെ മാതൃത്വത്തിൽ ഭർത്താവും പിതാവുമെന്ന നിലയിൽ സ്വമനസാ ബന്ധപ്പെടാനുള്ള സന്നദ്ധതയിലും പലതും ആശ്രയിച്ചിരിക്കുന്നു.

അപ്പോൾ വിദ്യാഭ്യാസമെന്നത്, മാതാപിതാക്കളിൽ രണ്ടുപേരുടെയും ഭാഗത്തുനിന്നുള്ള "പരസ്പര സമർപ്പണ"മാണ്. അവർ ഒന്നിച്ച് തങ്ങളുടെ പക്വതവന്ന മനുഷ്യത്വത്തെ നവജാതശിശുവിലേക്കു സംക്രമിപ്പിക്കുന്നു. ശിശുവാകട്ടെ താൻ ലോകത്തിലേക്കു സംവഹിച്ച മനുഷ്യത്വത്തിൻെറ നവീനതയും പുതുമയും അവർക്കു നല്കുന്നു. മാനസ്സികമോ ശാരീരികമോ ആയ വികലതകളോടെ ജനിക്കുന്ന കുട്ടികളെ സംബന്ധിച്ചും ഇതു ശരിയാണ്. കുട്ടികളെ വളർത്താൻ ആവശ്യമായ സവിശേഷധീരതയെ വളർത്തുവാൻ ആ സാഹചര്യത്തിനു കഴിയും.

വിവാഹാശീർവ്വാദകർമ്മത്തിൽ സഭ ഇങ്ങനെ ചോദിക്കുന്നു: "ദൈവം തരുന്ന കുട്ടികളെ നീ സ്നേഹപൂർവ്വം സ്വീകരിക്കുമോ? ക്രിസ്തുവിൻെറയും, അവിടുത്തെ സഭയുടെയും നിയമമനുസരിച്ച് നീ അവരെ വളർത്തുമോ?"[39] ഇങ്ങനെ സഭ ചോദിക്കുന്നതു തക്കതായ കാരണമുള്ളതുകൊണ്ടാണ്. കുട്ടികളെ വളർത്തുന്നതിൽ, ദാമ്പത്യസ്നേഹം മാതാപിതാക്കളുടേതായ യഥാർത്ഥസ്നേഹമായി പ്രദർശിപ്പിക്കപ്പെടുന്നു. അങ്ങനെ കുടുംബത്തിൻെറ ആരംഭത്തിൽ ദാമ്പത്യസ്നേഹമായി പ്രകാശിപ്പിക്കപ്പെട്ട "വ്യക്തികളുടെ കൂട്ടായ്മ" കുട്ടികളുടെ വളർത്തലിൽ പൂർണ്ണമാവുകയും സാക്ഷാത്കരിക്കപ്പെടുകയും

www.malankaralibrary.com



ചെയ്യുന്നു. കുടുംബത്തിൽ ജനിച്ചുവളരുന്ന ഓരോ കുട്ടിയും ഒരു ഭാവി നിക്ഷേപമാണ്. അതു കുറഞ്ഞുപോകാതെയും നഷ്ടപ്പെടാതെയുമിരിക്കുന്നതിനും കൂടുതൽ കൂടുതൽ പക്വതയാർന്ന മനുഷ്യത്വത്തിലേക്കു വന്നു ചേരുന്നതിനും വേണ്ടി അത് ഉത്തരവാദിത്വപൂർവ്വം സ്വീകരിക്കപ്പെടണം. ഇതും പരസ്പര വിനിമയത്തിൻെറ ഒരു പ്രക്രിയയാണ്. അതിൽ മാതാപിതാക്കളാകുന്ന അധ്യാപകർ കുറെയെല്ലാം പഠിക്കുന്നു. മനുഷ്യത്വത്തെപ്പറ്റി തങ്ങളുടെ കുട്ടികളെ പഠിപ്പിക്കുമ്പോൾ, അവർ കുട്ടികളിൽ നിന്ന് മനുഷ്യത്വത്തെപ്പറ്റി പഠിക്കുന്നു. ഇവയെല്ലാം കുടുംബത്തിൻെറ ജൈവഘടകത്തെ (Organic Structure)വ്യക്തമാക്കുന്നു. നാലാംപ്രമാണത്തിൻെറ മൗലികാർത്ഥത്തെ വെളിവാക്കുകയും ചെയ്യുന്നു.

കുട്ടികളെ വളർത്തുമ്പോൾ, ഭർത്താവും ഭാര്യയുമായ മാതാപിതാക്കളുടെ "ഞങ്ങൾ" ഒരു കുടുംബത്തിൻെറ ഞങ്ങൾ ആയി വികസിക്കുന്നു. അതാകട്ടെ മുൻ തലമുറകളിൽ ഒട്ടിച്ചുചേർത്തിട്ടുള്ളതും ക്രമേണയുള്ള വികാസത്തിലേക്കു തുറന്നിരിക്കുന്നതുമാണ്. ഇതിനെ സംബന്ധിച്ച് പിതാമഹന്മാരും പേരക്കിടാങ്ങളും അവരുടെ വൈയക്തികധർമ്മം നിർവഹിക്കുന്നുണ്ട്.

ജീവൻ നല്കിക്കൊണ്ട് മാതാപിതാക്കൾ ദൈവത്തിൻെറ സൃഷ്ടികർമ്മത്തിൽ പങ്കുകൊള്ളുന്നു. ഇതു സത്യമാണെങ്കിൽ അവർ തങ്ങളുടെ കുട്ടികളെ വളർത്തുമ്പോൾ അവിടുത്തെ പിതൃസഹജവും മാതൃസഹജവുമായ അദ്ധ്യാപനരീതിയിലും അവർ പങ്കുപറ്റുന്നു എന്നതും സത്യമാണ്. വി.. പൗലോസിൻെറ അഭിപ്രായപ്രകാരം ദൈവത്തിൻെറ പിതൃത്വം പ്രപഞ്ചത്തിലെ എല്ലാ പിതൃത്വങ്ങളുടെയും മാതൃത്വങ്ങളുടെയും ആദിമമാതൃകയാണ് (എഫേ. 3:14-15). അത് പ്രത്യേകമായ രീതിയിൽ മാനുഷിക മാതൃത്വത്തിൻെറയും പിതൃത്വത്തിൻെറയും ആദിമ മാതൃകയാണ്. ദൈവത്തിൻെറ തന്നെ പ്രബോധനരീതിയിൽ പിതാവിൻെറ നിത്യവചനം നമ്മെ പൂർണ്ണമായും പഠിപ്പിച്ചിട്ടുണ്ട്. ആ വചനം മനുഷ്യനായിത്തീർന്ന് തൻെറ മനുഷ്യത്വത്തിൻെറ യഥാർത്ഥവും സമഗ്രവുമായ മഹത്വം നമുക്കു വെളിപ്പെടുത്തി. ദൈവത്തിൻെറ ശിശുവായിരിക്കുക എന്നതാണാ മഹത്വം. ഈ വിധത്തിൽ അവിടുന്നു മാനുഷിക വിദ്യാഭ്യാസത്തിൻെറ യഥാർത്ഥമായ അർത്ഥം

www.malankaralibrary.com



വെളിവാക്കുകയും ചെയ്തു. വീട്ടിൽവച്ചും പുറത്തുവച്ചും നടക്കുന്ന എല്ലാ വിദ്യാഭ്യാസവും ക്രിസ്തുവിലൂടെ ദൈവത്തിൻെറതന്നെ രക്ഷാകരമായ പ്രബോധനശാസ്ത്രത്തിൻെറ (Pedagogy)ഭാഗമായിത്തീരുന്നു. അതു വ്യക്തികൾക്കും കുടുംബങ്ങൾക്കുമുള്ളതാണ്. കർത്താവിൻെറ മരണത്തിൻെറയും ഉത്ഥാനത്തിൻെറയും പെസഹാരഹസ്യത്തിൽ അത് ഉച്ചാവസ്ഥപ്രാപിക്കുകയും ചെയ്യുന്നു. ക്രൈസ്തവ വിദ്യാഭ്യാസത്തിൻെറ പ്രക്രിയകളുടെയെല്ലാം തുടക്കം നമ്മുടെ വീണ്ടെടുപ്പിൻെറ "ഹൃദയ"മാണ്. എപ്പോഴും മനുഷ്യത്വത്തിലേക്കുള്ള ഒരു വിദ്യാഭ്യാസവുമാണത്.

മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുടെ ഒന്നാമത്തെ അദ്ധ്യാപകരാണ്; ഏറ്റവും പ്രധാനപ്പെട്ട അദ്ധ്യാപകരുമാണ്. ഈ മണ്ഡലത്തിൽ അവർക്കു മൗലികമായ യോഗ്യതയുമുണ്ട്. അവർ അദ്ധ്യാപകരാണ്, കാരണം, അവർ മാതാപിതാക്കളാണ്. അവർ തങ്ങളുടെ അദ്ധ്യാപകദൗത്യത്തെ മറ്റുവ്യക്തികളുമായും സഭ, രാഷ്ട്രം മുതലായ സ്ഥാപനങ്ങളുമായും പങ്കുവയ്ക്കുന്നു. എന്നാൽ സഹായതത്ത്വത്തിൻെറ (Principle of subsidiarity)ശരിയായ പ്രയോഗത്തിലൂടെയാണ് അദ്ധ്യാപനദൗത്യം എപ്പോഴും നിർവഹിക്കേണ്ടത്. നിയമസാധുത്വമുണ്ടായിരിക്കുക മാതാപിതാക്കൾക്കു സഹായം നല്കുക എന്നിവ അതിൽ ഉൾക്കൊള്ളുന്നു. എന്നാൽ അതിന് ആന്തരികവും പൂർണ്ണവുമായ പരിധിയുണ്ട്. അവരുടെ പ്രബലതരമായ അവകാശത്തിലും യഥാർത്ഥത്തിലുള്ള കഴിവിലുമാണത്. അങ്ങനെ, സഹായതത്വം, കുടുംബമാകുന്ന ഏകകത്തിൻെറ നന്മ കണ്ടെത്തുന്ന മാതാപിതാക്കളുടെ സ്നേഹത്തെ സഹായിക്കാനുള്ളതാണ്. കാരണം, കുട്ടികളെ വളർത്തുക എന്ന പ്രക്രിയ മുഴുവൻെറയും ആവശ്യങ്ങളെ നിറവേറ്റാൻ -കുട്ടികളെ സ്കൂളിൽ വിട്ടുപഠിപ്പിക്കൽ സാമൂഹികതാവത്കരണത്തിൻെറ പൂർണ്ണവ്യാപ്തി എന്നിവയെ സംബന്ധിച്ച ആവശ്യങ്ങളെ നിറവേറ്റാൻ-മാതാപിതാക്കൾക്കു തനിയേ സാധിക്കുകയില്ല. അങ്ങനെ സഹായതത്വം മാതാവിൻെറയും പിതാവിൻെറയും സ്നേഹത്തിനു പൂരകമായി വർത്തിക്കുകയും അതിൻെറ മൗലികസ്വഭാവത്തെ സ്ഥിരീകരിക്കുകയും ചെയ്യുന്നു. കാരണം വിദ്യാഭ്യാസപ്രക്രിയയിൽ പങ്കെടുക്കുന്ന എല്ലാ പങ്കാളികളും തങ്ങളുടെ ഉത്തരവാദിത്വം മാതാപിതാക്കളുടെ നാമത്തിൽ അവരുടെ അനുവാദത്തോടെ ചില കാര്യങ്ങളിൽ

www.malankaralibrary.com



അവരുടെ അധികാരപ്പെടുത്തൽ വഴി, ആണു നിർവഹിക്കുന്നത്.

വിദ്യാഭ്യാസപ്രക്രിയകൾ ആത്യന്തികമായി സ്വയം വിദ്യാഭ്യാസത്തിലേക്കു നയിക്കുന്നു. വ്യക്തി മാനസികമായ പക്വതയുടെ ഉചിതമായ ഒരു നിലയിലെത്തിയതിനുശേഷം തൻെറ കാര്യങ്ങളെപ്പറ്റി തന്നെത്തന്നെ പഠിപ്പിക്കാൻ ശ്രമിക്കുമ്പോഴാണ് അതു സംഭവിക്കുക. വിദ്യാഭ്യാസപ്രക്രിയവഴി മുമ്പേ നേടിയഫലങ്ങളെ, സ്വയം വിദ്യാഭ്യാസം ക്രമേണ അതിശയിക്കുന്നു. അവയിൽ അതിൻെറ വേരുപിടിത്തം തുടരുകയും ചെയ്യുന്നു. കൗമാരപ്രായത്തിലെത്തുന്ന കുട്ടി പുതിയ വ്യക്തികളുടെയും പുതിയ സാഹചര്യങ്ങളുടെയും പ്രത്യേകിച്ച് അദ്ധ്യാപകരുടെയും സഹപാഠികളുടെയും നടുവിലെത്തുന്നു. അവരാകട്ടെ ഉപകാരപ്രദമോ ഉപദ്രവകരമോ ആയിത്തീരാവുന്ന സ്വാധീനം അവൻെറമേൽ ചെലുത്തുന്നു. ഈ ഘട്ടത്തിൽ അവർ കുടുംബത്തിൽ നിന്നു കിട്ടിയ വിദ്യാഭ്യാസത്തിൽ നിന്നു കുറെയെല്ലാം അകലുന്നു. തൻെറ മാതാപിതാക്കളെ സംബന്ധിച്ച വിമർശനാത്മകമായ ഒരു മനോഭാവം ചിലപ്പോൾ കൈവരിക്കുകയും ചെയ്യുന്നു. എന്നാലും കൊച്ചു കുട്ടികളിലും കൗമാരപ്രായക്കാരിലും കുടുംബവും സ്കൂളും ചെലുത്തുന്ന വിദ്യാഭ്യാസപരമായ സ്വാധീനത്താൽ സ്വയംവിദ്യാഭ്യാസപ്രക്രിയ മുദ്രിതമാകാതിരിക്കുകയില്ല. അവർ വളർന്നു യൗവനത്തിലെത്തി സ്വന്തം വഴികളിലൂടെ ചരിക്കുമ്പോഴും അവർ (യുവജനം)തങ്ങളുടെ അസ്തിത്വപരമായ വേരുകളോട് അവഗാഢമായ ബന്ധം പുലർത്തുന്നു.

ഈ പശ്ചാത്തലത്തിൽ വച്ചു നോക്കുമ്പോൾ, "നിൻെറ പിതാവിനെയും നിൻെറ മാതാവിനെയും ബഹുമാനിക്കുക"(പുറ. 20:12). എന്ന നാലാം പ്രമാണത്തിൻെറ അർത്ഥം ഒരു പുതിയ രീതിയിൽ നമുക്കു കാണാൻ കഴിയും. മുഴുവൻ വിദ്യാഭ്യാസ പ്രക്രിയയോടും അത് ഉറ്റബന്ധം പുലർത്തുന്നതാണ്. മനുഷ്യത്വത്തിൻെറ ദാനത്തിൽ പ്രഥമവും മൗലികവുമായ വസ്തുത പിതൃത്വവും, മാതൃത്വവുമാണ്. അവ മാതാപിതാക്കൾക്കും കുട്ടികൾക്കും നവീനവും അഗാധവുമായ ദൂരക്കാഴ്ചകളാണ് പ്രദാനംചെയ്യുന്നത്. ശരീരസംബന്ധമായ ജനനം നല്കുക എന്നതു പിന്നീടുള്ള "ജനനത്തെ"ചലിപ്പിക്കുന്നു. അതാകട്ടെ ക്രമേണനടക്കുന്നതും സങ്കീർണ്ണവും വിദ്യാഭ്യാസപ്രക്രിയമുഴുവനിലും

www.malankaralibrary.com



തുടരുന്നതുമാണ്. വേദപ്രമാണങ്ങളിലെ നാലാം കല്പന, മാതാവിനെയും പിതാവിനെയും ബഹുമാനിക്കാൻ കുട്ടിയോട് ആവശ്യപ്പെടുന്നു. എന്നാൽ, നാം മുകളിൽ കണ്ടതുപോലെ, അതേ കല്പന, അതിനോടുചേർന്ന, "സദൃശമായ (symmetrical)" ഒരു കടമ മാതാപിതാക്കളുടെ മേൽ ചുമത്തുന്നുണ്ട്. കുട്ടികളെ അവർ കൊച്ചുകുഞ്ഞുങ്ങളായാലും പ്രായമായവരാലും-ബഹുമാനിക്കുവാൻ മാതാപിതാക്കളും വിളിക്കപ്പെട്ടിരിക്കുന്നു. കുട്ടികളുടെ സ്കൂൾ പഠനകാലമുൾപ്പെടെ അവരുടെ വിദ്യാഭ്യാസത്തിൻെറ പ്രക്രിയ മുഴുവനിലും അതുണ്ടായിരിക്കണം. ബഹുമാനം നല്കുക എന്നത്-മനുഷ്യനു മനുഷ്യനായിരിക്കയാൽത്തന്നെ അർഹമായ അംഗീകാരവും ബഹുമാനവും നല്കുക എന്നത് - യഥാർത്ഥമായ എല്ലാവിദ്യാഭ്യാസപ്രക്രിയകളുടെയും അടിസ്ഥാനവ്യവസ്ഥയാണ്.

വിദ്യാഭ്യാസത്തിൻെറ മണ്ഡലത്തിൽ സഭയ്ക്കു സവിശേഷമായ ഒരു ധർമ്മം നിർവഹിക്കാനുണ്ട്. വ്യക്തിയുടെ മതപരവും ധർമ്മശാസ്ത്രപരവുമായ വിദ്യാഭ്യാസം സഭയെ ഏല്പിക്കുക എന്നതുമാത്രമല്ല അതിൻെറ അർത്ഥം. പിന്നെയോ വ്യക്തിയുടെ വിദ്യാഭ്യാസപ്രക്രിയയെ മുഴുവനും "സഭയോടുകൂടെ" വളർത്തുക എന്നതുമാണ്. പാരമ്പര്യത്തിൻെറയും കൗൺസിലിൻെറ പ്രബോധനത്തിൻെറയും അടിസ്ഥാനത്തിൽ അങ്ങനെ പറയാം. വിദ്യാഭ്യാസദൗത്യം സഭയിൽ നടത്തുവാനും അങ്ങനെ അവളുടെ ജീവിതത്തിലും ദൗത്യത്തിലും പങ്കുപറ്റാനും കുടുംബം വിളിക്കപ്പെട്ടിരിക്കുന്നു. സഭ, സർവ്വോപരി, തൻെറ വിദ്യാഭ്യാസ ദൗത്യം കുടുംബങ്ങളിലൂടെ നിറവേറ്റുവാൻ ആഗ്രഹിക്കുന്നു. ഈ കടമ ഏറ്റെടുക്കുവാൻ കുടുംബങ്ങൾ വിവാഹമെന്നകൂദാശവഴി കഴിവുറ്റവയാണല്ലോ. വിവാഹമെന്ന കൂദാശയിൽനിന്നു നിർഗളിക്കുന്ന "ജീവിതാവസ്ഥ സംബന്ധമായ വരപ്രസാദവും" കുടുംബസമുദായത്തിനാകെയുള്ള സവിശേഷമായ കൃപാവരവും (Charism) വഴിയാണു കുടുംബങ്ങൾക്ക് അതിനു കഴിവുണ്ടാകുന്നത്.

കുടുംബത്തിനു പകരം വയ്ക്കാനാവാത്ത ഒരു ധർമ്മമുള്ള മണ്ഡലം തീർച്ചയായും, മതവിദ്യാഭ്യാസമാണ്. അതാണു കുടുംബത്തെ ഒരു "ഗാർഹികസഭ"യായി വളരുവാൻ കഴിവുറ്റതാക്കുന്നത്. മതവിദ്യാഭ്യാസവും കുട്ടികളുടെ മതബോധനവും കുടുംബത്തെ, സഭയ്ക്കു

www.malankaralibrary.com



ളളിലുള്ള *സുവിശേഷവത്കരണത്തിൻെറയും, പ്രേഷിതത്വത്തിൻെറ*യും വിഷയമാക്കിത്തീർക്കുന്നു. മതസ്വാതന്ത്ര്യം എന്ന തത്ത്വത്തോട് ആന്തരികമായി ബന്ധപ്പെട്ട ഒരു അവകാശത്തെപ്പറ്റിയാണു നാം പറയുന്നത്. കുടുംബങ്ങൾക്ക്, പ്രത്യേകിച്ച് മാതാപിതാക്കൾക്ക്, തങ്ങളുടെ അവബോധങ്ങൾക്ക് ചേർന്ന സവിശേഷമായ മതവിദ്യാഭ്യാസവും, ധർമ്മശാസ്ത്രവിദ്യാഭ്യാസവും തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ട്. ഈ ഉത്തരവാദിത്വങ്ങൾ അവർ സഭാസ്ഥാപനങ്ങളെയോ മതാത്മക വ്യക്തികൾ നടത്തുന്ന സ്കൂളുകളെയോ ഏല്പിച്ചാലും അവരുടെ വിദ്യാഭ്യാസപരമായ സാന്നിദ്ധ്യം നിരന്തരമായും സജീവമായി തുടരണം.

വിദ്യാഭ്യാസത്തിൻെറ സാഹചര്യത്തിൽ, ഒരു ദൈവവിളി തെരഞ്ഞെടുക്കുക എന്ന സാരാംശപരമായ പ്രശ്നത്തിൽ അർഹമായ ശ്രദ്ധചെലുത്തണം. വിവാഹത്തിനു തയ്യാറാക്കുക എന്ന കാര്യത്തിൽ പ്രത്യേകമായി ഇവിടെ ശ്രദ്ധിക്കണം. വിവാഹത്തിനുള്ള ഒരുക്കം വർദ്ധിക്കുന്നതിനു സഭ ശ്രദ്ധേയമാംവിധം പരിശ്രമിക്കുന്നുണ്ട്. വിവാഹവാഗ്ദാനം നടത്തിയ ദമ്പതികൾക്കുള്ള പ്രത്യേക കോഴ്സുകൾ അതിനൊരു ഉദാഹരണമാണ്. ഇവയെല്ലാം ഉപകാരപ്രദവും അത്യാവശ്യവുമാണ്. എന്നാൽ വിവാഹപങ്കാളി എന്ന നിലയിലുള്ള ഭാവിജീവിതത്തിന് ഒരുക്കുക എന്നത് സർവ്വോപരി കുടുംബത്തിൻെറ ദൗത്യമാണ് എന്നകാര്യം വിസ്മരിക്കരുത്. ആദ്ധ്യാത്മികമായി പക്വതനേടിയ കുടുംബങ്ങൾക്കേ ആ ഉത്തരവാദിത്വം പര്യാപ്തമാംവിധം ഏറ്റെടുക്കാൻ കഴിയുകയുള്ളൂ എന്ന കാര്യം തീർച്ചയാണ്. അതുകൊണ്ട് കുടുംബങ്ങൾ തമ്മിൽ ഒരു സവിശേഷദൃഢൈക്യം ഉണ്ടായിരിക്കുക എന്ന ആവശ്യത്തെ ചൂണ്ടിക്കാണിക്കാൻ നാം ആഗ്രഹിക്കുന്നു. ഇത് വിവിധ പ്രായോഗിക രീതികളിൽ പ്രകാശിപ്പിക്കാവുന്നതാണ്. കുടുംബങ്ങൾക്കുവേണ്ടിയുള്ള കുടുംബങ്ങളുടെ സംഘടനകൾ അതിനൊരു ഉദാഹരണമാണ്. ദൃഢൈക്യത്തിൻെറ അത്തരം പ്രകാശനങ്ങൾ വഴി കുടുംബമെന്ന സ്ഥാപനം പ്രബലമാക്കപ്പെടും. ഒന്നിച്ചുപ്രാർത്ഥിക്കാനും ജീവിതത്തിൻെറ സാരാംശപരമായ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ഒന്നിച്ച് അന്വേഷിക്കാനും സമർപ്പിക്കപ്പെട്ട വ്യക്തികളെ മാത്രമല്ല സമൂഹങ്ങളെയും അവ ഒന്നിച്ചുകൊണ്ടുവരും. കുടുംബങ്ങൾ പരസ്പരം നടത്തുന്ന *പ്രേഷിതപ്രവൃത്തി*യുടെ അമൂല്യമായ ഒരുപ്രകാ

www.malankaralibrary.com



ശനമല്ലേ അത്? കുടുംബങ്ങൾ തമ്മിൽ ദൃഢൈക്യത്തിൻെറ ബന്ധങ്ങളെ പടുത്തുയർത്തുവാൻ ശ്രമിക്കുക എന്നതു സുപ്രധാനമായ കാര്യമാണ്. വിദ്യാഭ്യാസസംരംഭത്തിൽ പരസ്പരം സഹായിക്കാൻ അവ അവരെ അനുവദിക്കും: മാതാപിതാക്കൾ മറ്റുമാതാപിതാക്കളാൽ പഠിപ്പിക്കപ്പെടും, കുട്ടികൾ മറ്റുകുട്ടികളാൽ പഠിപ്പിക്കപ്പെടും. അങ്ങനെ, പ്രത്യേകമായ ഒരു വിദ്യാഭ്യാസപാരമ്പര്യം സൃഷ്ടിക്കപ്പെടും. അത് കുടുംബത്തിൻേറതായ "ഗാർഹികസഭയുടെ" സ്വഭാവത്തിൽ നിന്ന് ശക്തി സംഭരിക്കും.

വ്യക്തികളുടെ സമുദായം എന്ന നിലയിലുള്ള മാനുഷിക കുടുംബത്തെ പരിപോഷിപ്പിക്കുന്ന എല്ലാത്തിൻെറയും അക്ഷയസ്രോതസ്സാണ് സ്നേഹത്തിൻെറ സുവിശേഷം. മാതാപിതാക്കളുടെ പരസ്പരദാനത്തിൻെറ പക്വമായ ഫലമെന്ന നിലയിൽ, വിദ്യാഭ്യാസപ്രക്രിയ മുഴുവനും അതിൻെറ പിന്തുണയും നിർണ്ണായകമായ അർത്ഥവും സ്നേഹത്തിൽ കണ്ടെത്തുന്നു. ഓരോ വ്യക്തിയുടെയും വിദ്യാഭ്യാസത്തിൻെറ ഭാഗമായ പരിശ്രമങ്ങളിലൂടെയും സഹനങ്ങളിലൂടെയും മോഹഭംഗങ്ങളിലൂടെയും സ്നേഹം നിരന്തരം പരീക്ഷക്കു വിധേയമാക്കപ്പെടുന്നു. ആ പരീക്ഷയിൽ ജയിക്കുന്നതിന്, ആദ്ധ്യാത്മിക ശക്തിയുടെ ഒരു ഉറവിടം അത്യാവശ്യമാണ്. അവസാനംവരെ സ്നേഹിച്ച (യോഹ. 13:1)ഏകവ്യക്തിയിലേ അതു കണ്ടെത്തുവാൻ കഴിയൂ. അങ്ങനെ വിദ്യാഭ്യാസം തികച്ചും സ്നേഹനാഗരികതയുടെ ഭാഗമാണ്. അത് സ്നേഹനാഗരികതയെ ആശ്രയിച്ചിരിക്കുന്നു. വലിയ ഒരളവിൽ അത് അതിനെ കെട്ടിപ്പടുത്താൻ സഹായിക്കുകയും ചെയ്യുന്നു.

കുടുംബവർഷത്തിൽ സഭയുടെ സ്ഥിരവും വിശ്വാസപൂർവ്വകവുമായ പ്രാർത്ഥന മനുഷ്യൻെറ വിദ്യാഭ്യാസത്തിനു വേണ്ടിയാണ്. ചിലപ്പോൾ അജയ്യമെന്നു തോന്നത്തക്കവിധം അത്ര ഗൗരവപൂർണ്ണങ്ങളായിട്ടുള്ള പ്രയാസങ്ങൾ ഉണ്ടെങ്കിലും കുടുംബങ്ങൾ ധീരതയോടും ആത്മവിശ്വാസത്തോടും പ്രത്യാശയോടുംകൂടി തങ്ങളുടെ വിദ്യാഭ്യാസധർമ്മത്തിൽ സ്ഥിരമായി നിലനില്ക്കാനാണ് ആ പ്രാർത്ഥന. സ്നേഹനാഗരികതയുടെ ശക്തികൾ വിജയിക്കാൻ വേണ്ടി സഭ പ്രാർത്ഥിക്കുന്നു. ആ ശക്തികളുടെ ഉറവിടം ദൈവസ്നേഹമാണ്. ആ ശക്തികളെയാണ് സഭ മനുഷ്യകുടുംബത്തിനു മുഴുവൻ വേണ്ടി നിരന്തരം വ്യയം ചെയ്യുന്നത്.

www.malankaralibrary.com



### *കുടുംബവും സമൂഹവും*

17. കുടുംബം വ്യക്തിയുടെ ഒരു സമുദായവും (Community) ഏറ്റവും ചെറിയ സാമൂഹിക ഏകകവും (social unity) ആണ്. അതു സ്വാഭാവികമായി ഓരോ സമൂഹത്തിൻെറയും ജീവനെ സംബന്ധിച്ചിടത്തോളം മൗലിക സ്ഥാപനമാണ്.

ഒരു സ്ഥാപനമെന്ന നിലയിൽ കുടുംബം എന്താണു സമൂഹത്തിൽ നിന്നു പ്രതീക്ഷിക്കുന്നത്? ഒന്നാമതായി, അത് അതിൻെറ തനിമയുടെ (identity) അംഗീകാരവും *സമൂഹത്തിലെ കർത്താവ്* (subject) എന്ന നിലയിലുള്ള സ്ഥാനവും ആവശ്യപ്പെടുന്നു. സാമൂഹികമായ ഈ കർത്തൃത്വം (subjectivity) വിവാഹത്തിൻെറയും കുടുംബത്തിൻെറയും യഥാർത്ഥമായ തനിമയോടു ബന്ധപ്പെട്ടിരിക്കുന്നു. കുടുംബമെന്ന സ്ഥാപനത്തിൻെറ അടിത്തറ ഉറപ്പിച്ചുകെട്ടുന്നത് വിവാഹമാണ്. "സ്ത്രീയും പുരുഷനും തമ്മിൽ ജീവിതത്തിൻെറ മുഴുവനും പങ്കാളിത്തം സ്ഥാപിക്കുന്ന ഒരു ഉടമ്പടിമൂലമാണു വിവാഹം സ്ഥാപിക്കപ്പെടുന്നത്. അതു സ്വാഭാവികമായി ദമ്പതികളുടെ ക്ഷേമത്തിനുള്ളതാണ്, കുട്ടികളെ ജനിപ്പിക്കാനും വളർത്താനുമുള്ളതാണ്."[40] അത്തരം ഒരു ഉടമ്പടിമാത്രമേ സമൂഹത്തിൽ വിവാഹമായി അംഗീകരിക്കപ്പെടുകയുള്ളൂ. അതിനു മാത്രമേ നിയമസാധുത്വം ലഭിക്കാൻ കഴിയൂ. കുടുംബത്തിൻെറയും സമൂഹത്തിൻെറ തന്നെയും ഭാവിയെ ഗൗരവപൂർവ്വം ഭീഷണിപ്പെടുത്തുന്ന ചിലപ്രവണതകൾ വളർന്നുവരുന്നുണ്ടെങ്കിലും മുകളിൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിക്കാത്ത വ്യക്തിപരമായ ബന്ധങ്ങളെ അംഗീകരിക്കാനാവുകയില്ല.

വിവാഹത്തിൻെറയും കുടുംബത്തിൻെറയും സ്വഭാവത്തെ സംബന്ധിക്കുന്ന മൗലിക വിഷയങ്ങളിൽ താന്തോന്നിത്തം (permissiveness) നടപ്പിലായിരിക്കുക എന്ന അപകടസാധ്യത അനുവദിക്കാൻ ഒരു മാനുഷികസമൂഹത്തിനും സാധ്യമല്ല. ധാർമ്മികതയെ സംബന്ധിച്ച അത്തരം താന്തോന്നിത്തം ജനങ്ങളുടെയിടയിലുള്ള സമാധാനത്തിൻെറയും കൂട്ടായ്മയുടെയും യഥാർത്ഥവ്യവസ്ഥകളെ തകർക്കാതിരിക്കുകയില്ല. അതുകൊണ്ട്, സഭ കുടുംബത്തിൻെറ തനിമയെ ഇത്ര ശക്തിയോടെ സംരക്ഷിക്കുന്നത് എന്തുകൊണ്ടാണെന്നു മനസ്സിലാക്കുക എളുപ്പമാണ്. ഉപരിപ്ളവവും മിഥ്യയുമായ ആധുനികത

www.malankaralibrary.com



(modernity)യുടെ പ്രലോഭനത്തിനു വഴങ്ങിക്കൊടുക്കാതിരിക്കാൻ ഉത്തരവാദിത്വമുള്ള വ്യക്തികളെയും സ്ഥാപനങ്ങളെയും പ്രത്യേകിച്ച് രാഷ്ട്രീയനേതാക്കളെയും അന്താരാഷ്ട്രസംഘടനകളെയും സഭ നിർബന്ധപൂർവ്വം ധൈര്യപ്പെടുത്തുന്നത് എന്തുകൊണ്ടാണെന്നും മനസ്സിലാക്കാൻ പ്രയാസമില്ല.

സ്നേഹത്തിൻെറയും ജീവൻെറയും ഒരു സമുദായമെന്ന നിലയിൽ കുടുംബം ഉറപ്പുള്ള ഒരു സാമൂഹിക യാഥാർത്ഥ്യമാണ്. ചില രീതികളിൽ അതു സ്വാധീനിക്കപ്പെടുന്നുണ്ടെങ്കിലും അതു തികച്ചും തൻേറതായി നിലകൊള്ളുന്ന പരമാധികാര സമൂഹമാണ്. ഒരു സ്ഥാപനമെന്ന നിലയിലുള്ള കുടുംബത്തിൻെറ പരമാധികാരത്തെ സ്ഥിരീകരിക്കലും അതിനെ സ്വാധീനിക്കുന്ന വിവിധരീതികളുടെ അംഗീകാരവും സ്വാഭാവികമായി, *കുടുംബത്തിൻെറ അവകാശങ്ങൾ* എന്ന വിഷയത്തിലേക്കു നയിക്കുന്നു. ഇതിനെ സംബന്ധിച്ച് 1983-ൽ പരിശുദ്ധ സിംഹാസനം *കുടുംബത്തിൻെറ അവകാശങ്ങളെപ്പറ്റിയുള്ള രേഖ* (Charter of the Rights of the family) പ്രസിദ്ധീകരിച്ചു. ഇന്നും ഈ പ്രമാണരേഖയുടെ പ്രസക്തി അല്പംപോലും നഷ്ടപ്പെട്ടിട്ടില്ല.

കുടുംബത്തിൻെറ അവകാശങ്ങൾ വ്യക്തിയുടെ അവകാശങ്ങളോടു അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. യഥാർത്ഥത്തിൽ കുടുംബം വ്യക്തികളുടെ കൂട്ടായ്മയാണെങ്കിൽ,അതിൻെറ ആത്മസാക്ഷാത്കാരം അതിൻെറ അംഗങ്ങളുടെ അവകാശങ്ങളുടെ ശരിയായ പ്രയോഗത്തെ വളരെയേറെ ആശ്രയിച്ചിരിക്കും. ആ അവകാശങ്ങളിൽ ചിലതു കുടുംബത്തോടു നേരിട്ടു ബന്ധപ്പെട്ടിരിക്കുന്നവയാണ്. ഉത്തരവാദിത്വപൂർവ്വം കുട്ടികളെ ജനിപ്പിക്കുവാനും അവർക്കു വിദ്യാഭ്യാസം നല്കാനും മാതാപിതാക്കൾക്കുള്ള അവകാശം അത്തരത്തിലുള്ള ഒന്നാണ്. മറ്റുള്ള അവകാശങ്ങൾ കുടുംബത്തെ പരോക്ഷമായിട്ടാണു സ്പർശിക്കുന്നത്. അത്തരം അവകാശങ്ങളിൽ, സ്വത്തിനുള്ള- പ്രത്യേകിച്ച് കുടുംബസ്വത്ത് എന്നു വിളിക്കപ്പെടുന്ന സ്വത്തിനുള്ള-അവകാശം, തൊഴിലിനുള്ള അവകാശം എന്നിവ സുപ്രധാനങ്ങളാണ്.

എന്നാൽ കുടംബത്തിൻെറ അവകാശങ്ങൾ എന്നത് വ്യക്തിയുടെ അവകാശങ്ങളുടെ കേവലം ആകെത്തുകയല്ല. കാരണം കുടും

www.malankaralibrary.com



ബാംഗങ്ങളുടെ ആകെത്തുകയേക്കാൾ വളരെ കൂടുതലായ ഒന്നാണ് കുടുംബം. അതുമാതാപിതാക്കളുടെയും കുട്ടികളുടെയും സമുദായമാണ്. ചിലപ്പോൾ അതു പലതലമുറകളുടെയും ഒരു സമുദായമായിരിക്കും. അക്കാരണത്താൽ, ദൈവികപദ്ധതിയിൽ അടിയുറച്ച 'ഒരു കർത്താവ് എന്ന നിലയിലുള്ള അതിൻെറ സ്ഥാനം'. സ്വാഭാവികവും സവിശേഷവുമായ ചില അവകാശങ്ങളെ ജനിപ്പിക്കുകയും അവയെ ആവശ്യപ്പെടുകയും ചെയ്യുന്നു. *കുടുംബത്തിൻെറ അവകാശങ്ങളുടെ രേഖ,* കുടുംബമെന്ന സ്ഥാപനത്തിൻെറ അസ്തിത്വത്തെ 'കൂടുതൽ വലിയ' സമൂഹത്തിൻെറ- അതായത് ദേശം, സമൂഹം, രാഷ്ട്ര സമൂഹം, അന്താരാഷ്ട്ര സമൂഹം എന്നിവയുടെ സാമൂഹികവും നൈയാമികവുമായ ക്രമത്തിൽ സ്ഥാപിച്ചുറപ്പിക്കുന്നു. മുകളിൽ പറഞ്ഞ ധാർമ്മിക തത്ത്വങ്ങളുടെ അടിസ്ഥാനത്തിലാണ് അങ്ങനെ ചെയ്യുന്നത്. 'കൂടുതൽ വലിയ' ഈ സമൂഹങ്ങളിൽ ഓരോന്നും കുടുംബത്തിൻെറ അസ്തിത്വത്താൽ പരോക്ഷമായി സ്വാധീനിക്കപ്പെടുന്നു. തത്ഫലമായി കുടുംബത്തെ സംബന്ധിച്ച് 'കൂടുതൽ വലിയ' സമൂഹത്തിൻെറ അവകാശങ്ങളുടെയും കടമകളുടെയും നിർവചനം അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്ന പ്രശ്നമാണ്, സാരാംശപരമായ പ്രശ്നം പോലുമാണ്.

ഒന്നാമതായി, *കുടുംബവും ദേശവും തമ്മിൽ മിക്കവാറും ജൈവഘടകപരമായ ഒരു ബന്ധമുണ്ട്.* ഒരു ദേശത്തെ (Nation) സംബന്ധിച്ച്, ദേശം എന്ന് ആ വാക്കിൻെറ ശരിയായ അർത്ഥത്തിൽ, എല്ലാ സാഹചര്യത്തിലും പറയുക സ്വാഭാവികമായും സാധ്യമല്ല. വംശപരമായ ഗ്രൂപ്പുകൾ നിലനില്ക്കുന്നുണ്ട്. അവയെ യഥാർത്ഥ ദേശങ്ങൾ എന്നു പരിഗണിക്കാൻ സാധ്യമല്ല. അവ 'കൂടുതൽ വലിയ' സമൂഹത്തിൻെറ ധർമ്മം കുറേയെല്ലാം നിർവഹിക്കുന്നുമുണ്ട്. ഈ രണ്ടു സാഹചര്യങ്ങളിലും, വംശപരമായ ഗ്രൂപ്പിനോടും ദേശത്തോടും കുടുംബത്തിനുള്ള ബന്ധം, സ്ഥാപിതമായിരിക്കുന്നത് സർവ്വോപരി, അതിൻെറ സംസ്കാരത്തിലുള്ള പങ്കുചേരലിലാണ്. മാതാപിതാക്കൾ, ഒരർത്ഥത്തിൽ, ദേശത്തിനുവേണ്ടിയും കുട്ടികളെ ജനിപ്പിക്കുന്നു. കുട്ടികൾക്ക് അതിൻെറ അംഗങ്ങളാകാനും അതിൻെറ ചരിത്രപരവും സാംസ്കാരികവുമായ പാരമ്പര്യത്തിൽ പങ്കുപറ്റാനും കഴിയുന്നു. കുടുംബത്തിൻെറ തനിമ, അത് ഏതു ദേശത്തിൻെറ അംഗമാണോ ആ ദേശത്തിൻെറ

www.malankaralibrary.com



തനിമയിൽ തുടക്കത്തിൽ തന്നെ കുറെയെല്ലാം രൂപവത്കരിക്കപ്പെടും.

ദേശത്തിന്റെ സാംസ്കാരിക പൈതൃകത്തിൽ പങ്കുപറ്റിക്കൊണ്ട് കുടുംബം വ്യത്യസ്തമായ സംസ്കാരത്തിലും ഭാഷയിലും ജന്മം കൊണ്ട ആ സവിശേഷ പരമാധികാരത്തിനു സംഭാവന നല്കുന്നു. ഈ വിഷയത്തെപ്പറ്റി 1980-ൽ പാരീസിൽവച്ചു നടന്ന യുനെസ്ക്കോ കോൺഫ്രൻസിന്റെ സമ്മേളനത്തിൽ ഞാൻ സംസാരിച്ചിട്ടുണ്ട്. അതിനു ചോദ്യം ചെയ്യപ്പെടാനാവാത്ത പ്രാധാന്യമുണ്ട്. തന്മൂലം ആ വിഷയത്തെപ്പറ്റി ഞാൻ പലപ്പോഴും ആവർത്തിച്ചു സംസാരിച്ചിട്ടുമുണ്ട്. രാഷ്ട്രങ്ങൾ മാത്രമല്ല, ഓരോ കുടുംബവും സംസ്കാരം ഭാഷ എന്നിവയിലൂടെ തന്റെ ആദ്ധ്യാത്മിക പരമാധികാരത്തെ മനസ്സിലാക്കുന്നുണ്ട്. ഇതു ശരിയല്ലെങ്കിൽ, ജനതകളുടെ ചരിത്രത്തിലെ പല സംഭവങ്ങളും പ്രത്യേകിച്ച് യൂറോപ്പിലെ പല സംഭവങ്ങളും വിശദീകരിക്കാൻ വളരെ പ്രയാസമായിരിക്കും. ഒരു കുടുംബം എത്രമാത്രം ജീവപരമായി ഒരു രാഷ്ട്രത്തിന്റെ ഭാഗമാണെന്നും, ഒരു ദേശം എത്രമാത്രം ജീവപരമായി ഒരു കുടുംബത്തിന്റെ ഭാഗമാണെന്നും ഈ സംഭവങ്ങളിൽ നിന്ന്- പൗരാണികവും ആധുനികവുമായ, പ്രചോദനാത്മകവും മഹത്വപൂർണ്ണവും എളിമപ്പെടുത്തുന്നതുമായ ഈ സംഭവങ്ങളിൽനിന്ന്- വ്യക്തമാകുന്നുണ്ട്.

രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം കുടുംബത്തോടുള്ള ബന്ധം ചിലപ്പോൾ സമാനമായിരിക്കും. അതേസമയം സമാനമല്ലാതിരിക്കുകയും ചെയ്യും. രാഷ്ട്രം (State) യഥാർത്ഥത്തിൽ, ദേശത്തിൽ (Nation) നിന്നു വ്യത്യസ്തമാണ്.രാഷ്ട്രത്തിനു കുടുംബമാതൃകയിലുള്ള ഘടന കുറഞ്ഞിരിക്കും. കാരണം, അതു രാഷ്ട്രീയ സമ്പ്രദായമനുസരിച്ച് കൂടുതൽ ഉദ്യോഗസ്ഥ മേധാവിത്വപരമായ രീതിയിൽ സംഘടിപ്പിക്കപ്പെട്ടതാണ്. എന്നിരുന്നാലും രാഷ്ട്രം എന്ന സംവിധാനത്തിന് ഒരർത്ഥത്തിൽ സ്വന്തമായ ഒരു "ആത്മാ"വുണ്ട്. പൊതു നന്മയിലേക്ക് നൈ യാമികമായി ക്രമവത്കരിക്കപ്പെട്ട 'രാഷ്ട്ര സമുദായം' എന്ന നിലയിലുള്ള അതിന്റെ സ്വഭാവമനുസരിച്ച് അതു ജീവിക്കുന്നിടത്തോളം അത് അങ്ങനെയുള്ളതായിരിക്കും.[41] ഈ "ആത്മാവി"നോട് ഏറ്റവും അടുത്തു ബന്ധപ്പെട്ടുനില്ക്കുന്നത് കുടുംബമാണ്. അതു സഹായതത്ത്വം കൊണ്ടുമാത്രം രാഷ്ട്രത്തോടു ബന്ധപ്പെട്ടിരിക്കുന്നു. കുടും

www.malankaralibrary.com



ബം യഥാർത്ഥത്തിൽ തന്റെ സ്വന്തം ലക്ഷ്യങ്ങൾ പ്രാപിക്കുന്നതിനും കുട്ടികളെ പഠിപ്പിക്കുന്നതിനും വളർത്തുന്നതിനും അത്യാവശ്യമായ മാർഗ്ഗങ്ങൾ സ്വന്തമായിട്ടില്ലാത്ത ഒരു സാമൂഹിക യാഥാർത്ഥ്യമാണല്ലോ. അതുകൊണ്ട് മുകളിൽ സൂചിപ്പിച്ച തത്ത്വമനുസരിച്ച് ഒരു ധർമ്മം നിർവഹിക്കുവാൻ രാഷ്ട്രം വിളിക്കപ്പെടുന്നു. കുടുംബം സ്വയം പര്യാപ്തമായിരിക്കുമ്പോഴെല്ലാം അതിന്റെ സ്വന്തം അഭിപ്രായപ്രകാരം പ്രവർത്തിക്കാൻ അതിനെ സ്വതന്ത്രമായി വിടണം. രാഷ്ട്രത്തിന്റെ അമിതമായ ഇടപെടൽ വിനാശകരമായിത്തീരും. കുടുംബത്തിന് അർഹമായ ബഹുമാനത്തെപ്പറ്റി പറയേണ്ടതില്ലല്ലോ. അത്തരം ഇടപെടൽ കുടുംബാവകാശങ്ങളുടെ നഗ്നമായ ലംഘനമായിത്തീരും. കുടുംബം യഥാർത്ഥത്തിൽ സ്വയം പര്യാപ്തമല്ലാത്ത സാഹചര്യങ്ങളിൽ മാത്രമേ രാഷ്ട്രത്തിന് ഇടപെടാൻ അധികാരവും കടമയുമുള്ളു.

കുട്ടികളെ വളർത്തുന്നതിനും എല്ലാ തലത്തിലും അവരെ പഠിപ്പിക്കുന്നതിനും രാഷ്ട്രത്തിന്റെ സഹായം ഉണ്ടാകണം. അതിനു സ്വകാര്യ സംരംഭങ്ങളെ ഒഴിവാക്കാനും പാടില്ല. ഇവയ്ക്കു പുറമെ പൗരന്മാരുടെ ജീവനും ആരോഗ്യവും കാത്തു സൂക്ഷിക്കാനും പ്രത്യേകിച്ച് തൊഴിലാളികൾക്ക് സാമൂഹികാനുകൂല്യങ്ങൾ നല്കാനും മറ്റുമുള്ള സ്ഥാപനങ്ങൾ വഴി രാഷ്ട്രത്തിന്റെ സഹായം പ്രകാശിപ്പിക്കപ്പെടാം. *തൊഴിലില്ലായ്മ* ഇന്ന് കുടുംബജീവിതത്തിനുള്ള ഏറ്റവും വലിയ ഭീഷണികളിൽ ഒന്നാണ്. ഓരോ സമൂഹത്തിനും ആകുലതയ്ക്കുള്ള യഥാർത്ഥ കാരണവുമാണ്. ഓരോ രാഷ്ട്രത്തിന്റെയും രാഷ്ട്രീയ ജീവിതത്തോടുള്ള ഒരു വെല്ലുവിളിയാണത്. സഭയുടെ സാമൂഹിക പ്രബോധനങ്ങളെ സംബന്ധിച്ച ഗൗരവാവഹമായ പഠനത്തിന്റെ മണ്ഡലവുമാണത്. അതുകൊണ്ട് ധീരതയാർന്ന പരിഹാരമാർഗ്ഗങ്ങളുമായി മുന്നോട്ടു വരുക അത്യന്താപേക്ഷിതമാണ്. സ്വന്തം ദേശത്തിന്റെ അതിർത്തിക്കപ്പുറത്തേക്കു നോക്കാൻ കഴിവുള്ള പ്രശ്നപരിഹാരങ്ങളായിരിക്കണം അവ. തൊഴിലില്ലായ്മയെന്നത് ദുരന്തപരമായ ദാരിദ്ര്യത്തിൽ ജീവിക്കുക എന്നതിനു തുല്യമായിത്തീർന്നിരിക്കുന്ന അനേകം കുടുംബങ്ങളെ പരിഗണിക്കുന്നവയുമായിരിക്കണം.[42]

കുടുംബങ്ങളെ സംബന്ധിച്ചുള്ള തൊഴിലിനെപ്പറ്റി പറയുമ്പോൾ, സ്ത്രീകൾ *കുടുംബ ഏകകത്തിൽ ചെയ്യുന്ന ജോലി എത്ര പ്രധാന*

www.malankaralibrary.com



*പ്പെട്ടതും, എത്ര ഭാരപ്പെട്ടതുമാണെന്ന് ഊന്നിപ്പറയുക സമുചിതമാണ്.*[43] അവരുടെ തൊഴിൽ *അംഗീകരിക്കപ്പെടണം.* അഗാധമായ *ആദരവ് അതിനോടു പ്രദർശിപ്പിക്കുകയും വേണം* . ഒരു കുട്ടിയെ പ്രസവിച്ച് അവനെ തീറ്റിപ്പോറ്റുകയും സംരക്ഷിക്കുകയും അവൻെറ വളർത്തലിനായി പ്രത്യേകിച്ച് ആദ്യകാലങ്ങളിൽ തൻെറ ജീവിതം സമർപ്പിക്കുകയുംചെയ്യുന്ന സ്ത്രീയുടെ "കഠിനാദ്ധ്വാനം" വളരെ വലുതാണ്. പ്രൊഫെഷണലായിട്ടുള്ള ഏതൊരു തൊഴിലിനോടും താരതമ്യപ്പെടുത്താവുന്നവിധത്തിൽ അത്രവലുതാണ്. തൊഴിലിനെപ്പറ്റിയുള്ള ഏത് അവകാശത്തെക്കാളും ഒട്ടുംകുറയാത്തവിധത്തിൽ ഇക്കാര്യം വ്യക്തമായി പ്രസ്താവിക്കപ്പെടുകയും ഉയർത്തിക്കാണിക്കപ്പെടുകയും വേണം. മാതൃത്വം, അത് ഉൾക്കൊള്ളുന്ന കഠിനാദ്ധ്വാനം മൂലം, സാമ്പത്തികാനുകൂല്യങ്ങൾക്കുള്ള അവകാശം നല്കുന്ന ഒന്നായി അംഗീകരിക്കപ്പെടണം. കുടുംബത്തിൻെറ സഹായത്തിനുവേണ്ടി അതിൻെറ ജീവിതത്തിൻെറ അത്തരം ദുർബലഘട്ടത്തിൽ ചെയ്യുന്ന മറ്റുതരംജോലികൾക്കു നല്കുന്നതിനു തുല്യമായ തോതിലെങ്കിലും അവ നല്കപ്പെടണം.

കുടുംബം ആദിമവും ഒരർത്ഥത്തിൽ "പരമാധികാര"മുള്ളതുമായ ഒരു സമൂഹമായി അംഗീകരിക്കപ്പെടാൻ എല്ലാ പരിശ്രമവും ചെയ്യപ്പെടണം. കുടുംബത്തിൻെറ "പരമാധികാരം" സമൂഹത്തിൻെറ നന്മക്കു സാരാംശപരമായിട്ടുള്ളതാണ്. യഥാർത്ഥ പരമാധികാരമുള്ളതും ആദ്ധ്യാത്മികമായ വീര്യമുള്ളതുമായ ഒരു ദേശം, എന്നും ചരിത്രത്തിലുള്ള തങ്ങളുടെ വിളിയെപ്പറ്റിയും ദൗത്യത്തെപ്പറ്റിയും ബോധമുള്ള, ബലവത്തായ കുടുംബങ്ങൾ കൊണ്ടു സൃഷ്ടിക്കപ്പെട്ടതായിരിക്കും. കുടുംബം ഈ പ്രശ്നങ്ങളുടെയും ദൗത്യങ്ങളുടെയുമെല്ലാം കേന്ദ്രത്തിൽ നിലകൊള്ളുന്നു. സമൂഹത്തിൽ അതിനുള്ള അവകാശപൂർണ്ണമായ പദവിയിൽ നിന്ന് അതിനെ പുറംതള്ളിക്കൊണ്ട്, സഹായകമായ അഥവാ രണ്ടാം തരത്തിൽപ്പെട്ട ഒരു സ്ഥാനവുമായി അതിനെ ബന്ധപ്പെടുത്താൻ പാടില്ല. അങ്ങനെ ചെയ്താൽ സമൂഹത്തിൻെറ ആകെപ്പാടെയുള്ള യഥാർത്ഥ വളർച്ചയ്ക്കു ഗൗരവപൂർണ്ണമായ ദ്രോഹം ചെയ്യുക എന്നായിരിക്കും അതിൻെറ അർത്ഥം.

www.malankaralibrary.com



# II. മണവാളൻ നിങ്ങളോടൊപ്പമുണ്ട്

## *ഗലീലിയിലെ കാനായിൽ*

18. യേശു ഒരു ദിവസം യോഹന്നാൻെറ ശിഷ്യന്മാരോടു സംസാരിച്ചുകൊണ്ടിരിക്കെ, കല്യാണവിരുന്നിനുള്ള ക്ഷണത്തെപ്പറ്റിയും അതിഥികളുടെയിടയിലുള്ള മണവാളൻെറ സാന്നിദ്ധ്യത്തെപ്പറ്റിയും ഇങ്ങനെ പറഞ്ഞു: "മണവാളൻ അവരോടൊപ്പമുണ്ട്" (മത്താ. 9 : 15). അങ്ങനെ, മണവാളനായിട്ടുള്ള ദൈവം എന്ന പ്രതിരൂപം (image) തന്നിൽത്തന്നെ നിറവേറിയതായി യേശു ചൂണ്ടിക്കാണിച്ചു. ദൈവത്തിൻെറ രഹസ്യത്തെ, സ്നേഹത്തിൻെറ രഹസ്യമെന്ന നിലയിൽ പൂർണ്ണമായി വെളിവാക്കാൻ വേണ്ടിയാണത്. പ്രസ്തുത പ്രതിരൂപം പണ്ടേ പഴയ നിയമത്തിൽ പ്രയോഗിച്ചിട്ടുള്ളതാണ്.

യേശു തന്നെത്തന്നെ ഒരു മണവാളനായി വിവരിച്ചുകൊണ്ട് ദൈവത്തിൻെറ സാരാംശത്തെയും മനുഷ്യവംശത്തോടുള്ള അവിടുത്തെ അളവറ്റ സ്നേഹത്തെയും വെളിപ്പെടുത്തുന്നു. എന്നാൽ, ഈ പ്രതിരൂപത്തിൻെറ തിരഞ്ഞെടുപ്പ് ദാമ്പത്യസ്നേഹമാകുന്ന അഗാധസത്യത്തിലേക്കും പരോക്ഷമായി വെളിച്ചം വീശുന്നുണ്ട്. യഥാർത്ഥത്തിൽ, ദൈവത്തെപ്പറ്റി പറയാൻ ഈ പ്രതിരൂപം ഉപയോഗിച്ചുകൊണ്ട്, വിവാഹത്തിൽ ഒന്നിച്ച സ്ത്രീപുരുഷന്മാരുടെ സ്നേഹത്തിൽ ദൈവത്തിൻെറ പിതൃത്വവും സ്നേഹവും എത്രമാത്രം പ്രതിബിംബിക്കുന്നുണ്ടെന്നു യേശു വ്യക്തമാക്കുന്നു. അങ്ങനെ യേശുവിനെ അവിടുത്തെ ദൗത്യത്തിൻെറ ആരംഭത്തിൽ, ഗലീലിയിലെ കാനായിൽ, മറിയത്തോടും തൻെറ ആദ്യകാല ശിഷ്യന്മാരോടുമൊത്ത് ഒരു വിവാഹവിരുന്നിൽ പങ്കെടുക്കുന്നതായി നാം കണ്ടുമുട്ടുന്നു (യോഹ. 2 : 1-11). അങ്ങനെ, കുടുംബമെന്ന സത്യം ദൈവത്തിൻെറ വെളിപാടിൻെറയും രക്ഷാചരിത്രത്തിൻെറയും എത്രവലിയ ഒരു ഭാഗമാണെന്ന് വ്യക്തമാക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു. പഴയനിയമത്തിൽ, പ്രത്യേകിച്ചു പ്രവാചകഗ്രന്ഥങ്ങളിൽ, ദൈവത്തിൻെറ സ്നേഹത്തിൻെറ മനോഹരങ്ങളായ പ്രകാശനങ്ങൾ നാം കാണുന്നുണ്ട്. ഒരമ്മയ്ക്ക് തൻെറ ശിശുവിനോടുള്ള സ്നേഹംപോലെ മൃദുലമായ ഒരു സ്നേഹമാ

www.malankaralibrary.com



ണത്. ഒരു മണവാളനു തൻെറ മണവാട്ടിയോടുള്ള സ്നേഹംപോലെ മൃദുലമായ സ്നേഹമാണത്. എന്നാൽ, അതേസമയം അത്ര തന്നെ തീവ്രതയുള്ള അസൂയയാർന്ന സ്നേഹവുമാണ്. ഒന്നാമതായി അതു ശിക്ഷിക്കുന്ന ഒരു സ്നേഹമല്ല. പിന്നെയോ ക്ഷമിക്കുന്ന സ്നേഹമാണ്. ധൂർത്തപുത്രൻെറ കാര്യത്തിൽ പിതാവുചെയ്തതുപോലെ മനുഷ്യനെ കണ്ടുമുട്ടാൻ പദ്ധതിയൊരുക്കുന്ന ഒരു സ്നേഹമാണത്. മനുഷ്യനെ ഉയർത്തുകയും ദൈവികജീവനിൽ അവന് ഒരു പങ്കുനല്കുകയും ചെയ്യുന്ന സ്നേഹമാണത്. വിസ്മയനീയമായ ഒരു സ്നേഹമാണത്-തികച്ചും നവീനവും അവിശ്വാസികളുടെ ലോകത്തിനു മുഴുവനും അന്നോളം അജ്ഞാതവുമായിരുന്ന ഒന്നാണത്.

ഗലീലിയിലെ കാനായിൽ, വിവാഹത്തെ സംബന്ധിച്ച ദൈവികസത്യത്തിൻെറ- മാനുഷിക കുടുംബത്തിന് ജീവിതത്തിൻെറ എല്ലാ പരീക്ഷകളുടെയും മദ്ധ്യേ വീണ്ടും വീണ്ടും ഉറപ്പുനേടിക്കൊണ്ട്, ആശ്രയിക്കാവുന്ന ആ സത്യത്തിൻെറ-അഗ്രദൂതനെപ്പോലെയായിരുന്നു യേശു. കാനായിലെ കല്യാണത്തിൽ സന്നിഹിതനായിക്കൊണ്ടും അവിടെവച്ചുതന്നെ പ്രഥമ "അടയാളം" പ്രവർത്തിച്ചുകൊണ്ടും യേശു ഈ സത്യത്തെ പ്രഘോഷിക്കുന്നു. വെള്ളത്തെ വീഞ്ഞാക്കിത്തീർക്കുക എന്നതായിരുന്നു ആ പ്രഥമ "അടയാളം".

വിവാഹത്തെ സംബന്ധിക്കുന്ന സത്യത്തെ, ഫരീസേയരോടു സംസാരിച്ചപ്പോൾ, യേശു വീണ്ടും പ്രഘോഷിക്കുന്നു. ദൈവത്തിൽ നിന്നുവരുന്ന സ്നേഹം-മൃദുലവും ദാമ്പത്യപരവുമായ സ്നേഹം - *അഗാധവും മൗലികവുമായ ആവശ്യങ്ങളെ* സൃഷ്ടിക്കുന്നതെങ്ങനെയെന്ന് അവിടുന്നു വിശദീകരിച്ചു. വിവാഹമോചനത്തിനുള്ള ഒരു ചീട്ട് എഴുതുവാൻ അനുവദിക്കുന്ന മോശ ഇത്രമാത്രം ആവശ്യങ്ങൾ ഉന്നയിച്ചില്ല. ഫരീസേയർ സജീവമായ തങ്ങളുടെ തർക്കത്തിൽ മോശയുടെ കല്പനയെ ആശ്രയപൂർവ്വം പരാമർശിച്ചു. അപ്പോൾ യേശുവിൻെറ ഉത്തരം തികച്ചും കർശനമായിരുന്നു: "ആരംഭത്തിൽ അങ്ങനെയായിരുന്നില്ല" (മത്താ. 19:8) എന്ന് അവിടുന്നു പറഞ്ഞു. മനുഷ്യനെ സൃഷ്ടിച്ചവൻ, ആണുംപെണ്ണുമായി മനുഷ്യനെ സൃഷ്ടിച്ചുവെന്നും "പുരുഷൻ തൻെറ മാതാപിതാക്കളെവിട്ടു ഭാര്യയോടു ചേരുകയും അവർ ഒറ്റശരീരമായിത്തീരുകയും ചെയ്യുമെന്നും" അവരെ അനുസ്മരി

www.malankaralibrary.com



പ്പിച്ചു (ഉത്പ. 2:24). താർക്കികയുക്തിഭദ്രതയോടെ യേശു ഈ നിഗമനത്തിലെത്തി. "അതുകൊണ്ട് അവർ മേലിൽ രണ്ടല്ല, ഒരു ശരീരമാണ്. അതുകൊണ്ട് ദൈവം യോജിപ്പിച്ചതു മനുഷ്യൻ വേർപെടുത്തരുത്" (മത്താ. 19:6). മോശയുടെ നിയമത്തെപ്പറ്റി വമ്പുപറയുന്ന ഫരീസേയരുടെ എതിർവാദത്തിനു യേശു ഉത്തരം പറഞ്ഞു: "നിങ്ങളുടെ ഹൃദയകാഠിന്യംനിമിത്തമാണ് ഭാര്യയെ ഉപേക്ഷിക്കാൻ മോശ നിങ്ങൾക്ക് അനുമതി നല്കിയത്. എന്നാൽ ആദിമുതൽ അങ്ങനെയായിരുന്നില്ല." (മത്താ. 19 :8).

യേശു "ആരംഭ"ത്തെപ്പറ്റി പറയുന്നു. സൃഷ്ടിയുടെ ആദിയിൽ ത്തന്നെ ദൈവത്തിൻെറ പദ്ധതിയെ കണ്ടുകൊണ്ടാണ് അങ്ങനെ ചെയ്തത്. കുടുംബവും കുടുംബത്തിലൂടെ മനുഷ്യവർഗ്ഗത്തിൻെറ സമഗ്രചരിത്രവും ആ പദ്ധതിയിലാണ് അടിയുറപ്പിച്ചിരിക്കുന്നത്. വിവാഹം പ്രകൃത്യാ എന്തായിരിക്കുന്നുവോ അത് ക്രിസ്തുവിൻെറ ആഗ്രഹപ്രകാരം പുതിയ ഉടമ്പടിയുടെ ഒരു യഥാർത്ഥ കൂദാശ ആയിരിക്കുന്നു. രക്ഷകനായ ക്രിസ്തുവിൻെറ രക്തത്താൽ മുദ്രിതമാണത്. ദമ്പതികളേ, കുടുംബങ്ങളേ, *നിങ്ങൾ "വാങ്ങപ്പെട്ടത്" എത്രവലിയ വിലയ്ക്കാണെന്ന് ഓർമ്മിക്കുവിൻ.* (1കോറി. 6:20).

എന്നാൽ വിസ്മയനീയമായ ഈ സത്യം അംഗീകരിക്കാനും അതനുസരിച്ചുജീവിക്കാനും മാനുഷികതലത്തിൽ വളരെ പ്രയാസമുണ്ട്. തൻെറ സഹജരായ ഇസ്രായേൽക്കാർ ശാഠ്യത്തോടെ ഉന്നയിച്ച ആവശ്യങ്ങളുടെ മുമ്പിൽ മോശ മൃദുലചിത്തനായിത്തീർന്നതിൽ നമുക്കു വിസ്മയിക്കാനുണ്ടോ? കാരണം, അപ്പസ്തോലന്മാർപോലും തങ്ങളുടെ ഗുരുവിൻെറ വാക്കുകൾ കേട്ടപ്പോൾ ഇങ്ങനെ ഉത്തരം പറഞ്ഞുപോയി: "ഭാര്യാഭർത്തൃബന്ധം ഇത്തരത്തിലുള്ളതാണെങ്കിൽ വിവാഹം ചെയ്യാതിരിക്കുന്നതാണല്ലോ ഭേദം" (മത്താ. 19:10). എന്നിരുന്നാലും സ്ത്രീയുടെയും പുരുഷൻെറയും നന്മയ്ക്കുവേണ്ടി, കുടുംബത്തിൻെറയും സമൂഹം മുഴുവൻെറയും നന്മയ്ക്കുവേണ്ടി, ദൈവം ആദിമുതൽ സ്ഥാപിച്ച ആവശ്യത്തെ യേശു സ്ഥിരീകരിച്ചു പറയുന്നു. എന്നാൽ, അതേസമയം, ദൈവരാജ്യത്തെപ്രതി വിവാഹം ചെയ്യാതിരിക്കാനുള്ള തീരുമാനത്തിൻെറ മൂല്യത്തെ ഉറപ്പിച്ചുപറയാൻ ആ സന്ദർഭം യേശു ഉപയോഗിക്കുകയും ചെയ്തു. ഈ തിരഞ്ഞെടുപ്പും മറ്റൊരു

www.malankaralibrary.com



തരത്തിലാണെങ്കിലും "ജനിപ്പിക്കാൻ" ഒരുവനെ പ്രാപ്തനാക്കുന്നുണ്ട്. ഈ തിരഞ്ഞെടുപ്പിൽ സമർപ്പിതജീവിതത്തിൻെറ ഉത്പത്തി നാം കാണുന്നു. കിഴക്കുംപടിഞ്ഞാറുമുള്ള സന്ന്യാസ സഭകളുടെയും സന്ന്യാസസംഘങ്ങളുടെയും ഉത്പത്തിയും ലത്തീൻ സഭയിലെ പാരമ്പര്യത്തിൽക്കാണുന്ന വൈദികരുടെ അവിവാഹിത ജീവിതത്തെ സംബന്ധിച്ച നിയമത്തിൻെറ ഉറവിടവും നാം അതിൽ കാണുന്നു. അതുകൊണ്ട് "വിവാഹം ചെയ്യുക ശരിയല്ല" എന്ന പ്രസ്താവന സത്യമല്ലെങ്കിലും വിവാഹം ചെയ്യാതിരിക്കുന്നതിലേക്ക് ഒരാളെ നയിക്കാൻ സ്വർഗ്ഗരാജ്യത്തോടുള്ള സ്നേഹത്തിനു കഴിയും (മത്താ. 19:12).

എന്നാൽ, വിവാഹം സ്വാഭാവികമായ മാനുഷിക ദൈവവിളിയായി നിലകൊള്ളുന്നു. ദൈവജനത്തിലെ മഹാഭൂരിപക്ഷവും ആ ദൈവവിളിയാണു സ്വീകരിക്കുന്നത്. അപ്പസ്തോലനായ പത്രോസു സൂചിപ്പിക്കുന്ന ആ ആദ്ധ്യാത്മികഭവനത്തിനുള്ള സജീവശിലകളെ രൂപപ്പെടുത്തുന്നത് കുടുംബത്തിലാണ് (1പത്രോ. 2:5). ഭാര്യയുടെയും ഭർത്താവിൻെറയും ശരീരങ്ങൾ പരിശുദ്ധാത്മാവിൻെറ വാസകേന്ദ്രങ്ങളാണ് (1കോറി. 6;19). ദൈവികജീവൻെറ സംക്രമണത്തിനു മാനുഷികജീവൻെറ സംക്രമണം ആവശ്യമാണ്. അതുകൊണ്ട് വിവാഹം മനുഷ്യശിശുക്കളുടെ ജനിപ്പിക്കൽ മാത്രമല്ല സാധിക്കുന്നത്. മാമ്മോദീസയുടെ ശക്തിയാൽ ദൈവത്തിൻെറ ദത്തുപുത്രന്മാരുടെ ജനിപ്പിക്കലും സാധിക്കുന്നുണ്ട്. അവരാകട്ടെ, ക്രിസ്തുവിൽനിന്ന് അവിടുത്തെ ആത്മാവിലൂടെ സ്വീകരിച്ച പുതിയ ജീവിതം നയിക്കുന്നു.

പ്രിയ സഹോദരീ സഹോദരന്മാരേ, ദമ്പതികളേ, മാതാപിതാക്കളേ, ഇങ്ങനെയാണ് *മണവാളൻ നിങ്ങളോടുകൂടിയായിരിക്കുന്നത്.* അവിടുന്നു നല്ല ഇടയനാണെന്നു നിങ്ങൾക്കറിയാം. അവിടുന്ന് ആരാണെന്നു നിങ്ങൾക്കറിയാം. അവിടുത്തെ ശബ്ദവും നിങ്ങൾക്കു തിരിച്ചറിയാം. അവിടുന്ന് എവിടേയ്ക്കാണു നിങ്ങളെ നയിക്കുന്നതെന്നും നിങ്ങൾക്കറിയാം. നിങ്ങൾക്കു ജീവൻ കണ്ടെത്താനും അതു സമൃദ്ധമായി കണ്ടെത്താനുമുള്ള മേച്ചിൽസ്ഥലങ്ങളെ നല്കാൻ അവിടുന്നു എത്രമാത്രം പരിശ്രമിക്കുന്നുണ്ടെന്നും നിങ്ങൾക്കറിയാം. കൊള്ളയടിക്കുന്ന ചെന്നായ്ക്കളെ അവിടുന്ന് എങ്ങനെ ചെറുത്തുനില്ക്കുന്നുവെന്നു നിങ്ങൾക്കറിയാം. തൻെറ അജഗണത്തെ രക്ഷിക്കാൻ-ഓ

www.malankaralibrary.com



രോ ഭാര്യയെയും ഭർത്താവിനെയും, ഓരോ മകനെയും മകളെയും, നിങ്ങളുടെ കുടുംബത്തിലെ ഓരോ അംഗത്തെയും രക്ഷിക്കാൻ-സദാ സന്നദ്ധനായിരിക്കുന്നുവെന്നും നിങ്ങൾക്കറിയാം. നല്ല ഇടയനെന്നനിലയിൽ തൻെറ ആട്ടിൻകൂട്ടത്തിൻെറ ജീവൻ രക്ഷിക്കുന്നതിനു സ്വന്തം ജീവനെ അർപ്പിക്കാൻ അവിടുന്നു സന്നദ്ധനാണെന്നും നിങ്ങൾക്കറിയാം. (യോഹ. 10:11). അവിടുന്നു നിങ്ങളെ നയിക്കുന്ന വഴികൾ ഇന്നത്തെ പല പ്രത്യയശാസ്ത്രങ്ങളെയും കിഴക്കാംതൂക്കായതും വഞ്ചന നിറഞ്ഞതുമായ വഴികളല്ല. അവിടുന്ന് ഇന്നത്തെ ലോകത്തോട് സത്യത്തിൻെറ പൂർണ്ണതയെപ്പറ്റി ആവർത്തിച്ചുപറയുന്നുണ്ട്-ഫരീസേയരോടുള്ള സംഭാഷണത്തിൽ അവിടുന്നുപറഞ്ഞതുപോലെയും അപ്പസ്തോലന്മാരോടു പ്രഘോഷിച്ചതുപോലെയും തന്നെ. അപ്പസ്തോലന്മാർ ആ സത്യത്തിൻെറ പൂർണ്ണതയെ ലോകത്തിൻെറ എല്ലാ അതിർത്തികളിലും അവരുടെ കാലത്തുള്ള ജനങ്ങളോടും പ്രഘോഷിച്ചു-യഹൂദരോടും ഗ്രീക്കുകാരോടും ഒന്നുപോലെ പ്രഘോഷിച്ചു. ക്രിസ്തു എല്ലാവസ്തുക്കളെയും നവീകരിച്ചുവെന്ന തികഞ്ഞബോധം ശിഷ്യന്മാർക്കുണ്ടായിരുന്നു. മനുഷ്യനെ ഒരു "പുതിയ സൃഷ്ടി"യാക്കിയിരിക്കുന്നുവെന്ന് അവർ അറിഞ്ഞു. യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ, അടിമയെന്നോ സ്വതന്ത്രനെന്നോ ആണെന്നോ പെണ്ണെന്നോ വ്യത്യാസമില്ലാതെ എല്ലാവരും ക്രിസ്തുവിൽ ഒന്നാണെന്ന് അവർ അറിഞ്ഞു. (ഗലാ. 3:28). ദൈവത്താൽ ദത്തെടുക്കപ്പെട്ട ശിശുവിൻെറ മഹത്വം അവർക്കെല്ലാമുണ്ടെന്നും അവരറിഞ്ഞു. പന്തക്കുസ്താ ദിവസത്തിൽ ആശ്വാസദായകനായ ആത്മാവിനെ, സത്യത്തിൻെറ ആത്മാവിനെ, മനുഷ്യൻ സ്വീകരിച്ചു. പുതിയ ദൈവജനത്തിൻെറ, സഭയുടെ, പുതിയ ആകാശത്തിൻെറയും പുതിയ ഭൂമിയുടെയും മുൻഛായയുടെ ആരംഭമായിരുന്നു അത് (വെളി. 21:1).

അപ്പസ്തോലന്മാർ, വിവാഹത്തെക്കുറിച്ചുമാത്രമല്ല കുടുംബത്തെ ക്കുറിച്ചുപോലും തങ്ങൾക്കുണ്ടായിരുന്ന ആരംഭഭീതിയിൽ നിന്നുണർന്നു. അവർ ധീരതയിൽ വളരുകയും ചെയ്തു. വിവാഹവും കുടുംബവും ദൈവത്തിൽനിന്നു വരുന്ന യഥാർത്ഥ വിളിയാണെന്ന് അവർ മനസ്സിലാക്കി. അതൊരു പ്രേഷിതവൃത്തിയാണെന്നും *അല്മായരുടെ* പ്രേഷിതപ്രവൃത്തിയാണെന്നും അവർ ഗ്രഹിച്ചു. ഭൂമുഖത്തിൻെറ പരിവർത്തനത്തിനും ലോകത്തിൻെറയും സൃഷ്ടിമുഴുവൻെറയും മനു

www.malankaralibrary.com



ഷ്യവംശം മുഴുവൻെറയും നവീകരണത്തിനും സഹായകമാകാൻ ഉദ്ദേശിച്ചിട്ടുള്ളവയാണു കുടുംബങ്ങൾ.

പ്രിയകുടുംബങ്ങളേ, നിങ്ങളും ഭയമില്ലാത്തവരായിരിക്കണം. നിങ്ങളിലുള്ള പ്രത്യാശയ്ക്കു സാക്ഷ്യംവഹിക്കാൻ എന്നും തയ്യാറായിരിക്കണം. (1 പത്രോ. 3:15) കാരണം, നല്ല ഇടയൻ നിങ്ങളുടെ ഹൃദയത്തിൽ ആ പ്രത്യാശയെ സ്ഥാപിച്ചിട്ടുണ്ട്. ജീവൻെറ മേച്ചിൽപ്പുറങ്ങളിലേക്ക് ക്രിസ്തുവിനെ അനുഗമിക്കാൻ നിങ്ങൾ സന്നദ്ധരായിരിക്കണം. അവ തൻെറ മരണത്തിൻെറയും ഉത്ഥാനത്തിൻെറയും പെസഹാരഹസ്യത്തിലൂടെ അവിടുന്നു സജ്ജീകരിച്ചവയാണ്.

അപകടസാധ്യതകളെപ്പറ്റി *ഭയപ്പെടരുത്*. ദൈവത്തിൻെറ ശക്തി എപ്പോഴും നിങ്ങളുടെ പ്രയാസങ്ങളെക്കാൾ പ്രബലതരമാണ്. ലോകത്തിൽ പ്രവർത്തിക്കുന്ന തിന്മയെക്കാൾ അളവറ്റവിധം പ്രബലതരമാണ് അനുരഞ്ജനകൂദാശയുടെ ശക്തി. അതിനെ സഭാ പിതാക്കന്മാർ "രണ്ടാം മാമ്മോദീസ" എന്നു ശരിയായിത്തന്നെ വിളിച്ചിരിക്കുന്നു. ലോകത്തിൽ നിലവിലുള്ള ദുഷിപ്പിക്കലിനെക്കാൾ സ്വാധീനശക്തിയുള്ളതാണ് സ്ഥൈര്യലേപനമെന്ന കൂദാശയുടെ ശക്തി. അതു മാമ്മോദീസയെ പക്വതയിലെത്തിക്കുന്നു. എല്ലാത്തിനെക്കാളും പ്രബലമായ - അതുല്യമായ - ഒന്നാണ് കുർബാനയുടെ ശക്തി.

കുർബാന യഥാർത്ഥത്തിൽ വിസ്മയനീയമായ ഒരു കൂദാശയാണ്. അതിൽ നമുക്കു ഭക്ഷണവും പാനീയവുമായി യേശു തന്നെത്തന്നെ നല്കുന്നു - രക്ഷാകരശക്തിയുടെ സ്രോതസ്സായിട്ട് നല്കുന്നു. നമുക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനും വേണ്ടി അവിടുന്നു തന്നെത്തന്നെ നമുക്കു സമർപ്പിച്ചു. (യോഹ. 10 : 10). തന്നിലുള്ളതും, മൂന്നാംദിവസം മരിച്ചവരിൽ നിന്നുയിർപ്പിച്ചതുമായ പരിശുദ്ധാത്മാവിൻെറ ദാനംവഴി നമ്മോടൊത്തു പങ്കുവച്ച ജീവനാണത്. ക്രിസ്തുവിൽ നിന്നു വരുന്ന ജീവൻ നമുക്കുള്ള ജീവനാണ്. പ്രിയ ഭർത്താക്കന്മാരേ, ഭാര്യമാരേ, മാതാപിതാക്കളേ, കുടുംബങ്ങളേ അതു നിങ്ങൾക്കുള്ളതാണ്. അന്തിമാത്താഴസമയത്ത്, കുടുംബസദൃശമായ ഒരു പശ്ചാത്തല സജ്ജീകരണത്തിൽ ക്രിസ്തു കുർബാന സ്ഥാപിച്ചില്ലേ? നിങ്ങൾ ഭക്ഷണം കഴിക്കുന്നതിന് ഐക്യത്തോടെ സമ്മേളിക്കുമ്പോൾ *ക്രിസ്തു നിങ്ങളുടെയടുത്താണ്*. അവിടുന്ന് എമ്മാ

www.malankaralibrary.com



നുവേലാണ് - അതായത് ദൈവം നമ്മോടുകൂടെയാണ്. നിങ്ങൾ ദിവ്യ കാരുണ്യത്തിൻെറ മേശയെ സമീപിക്കുമ്പോഴെല്ലാം അവിടുന്നു കൂടു തൽ ഉയർന്നതോതിൽ നിങ്ങളോടുകൂടെയാണ്. എമ്മാവൂസിൽ സം ഭവിച്ചതുപോലെ, "അപ്പം മുറിക്കലിൽ മാത്രം" അവിടുത്തെ തിരിച്ചറി യുക എന്നതു സംഭവ്യമാണ് (ലൂക്കാ. 24 : 35). അവിടുന്ന് വളരെയേ റെ നേരത്തേക്ക് കതകിൽ മുട്ടുകയായിരിക്കാം - അതു തുറന്നുകിട്ടാ നും അകത്തു പ്രവേശിച്ച് നമ്മോടൊപ്പം ഭക്ഷണംകഴിക്കാനുവേണ്ടി (വെളി. 3 : 20). അന്തിമാത്താഴവും, അവിടെവച്ച് അവിടുന്നുപറഞ്ഞ വാക്കുകളും കുരിശിലെ ബലിയുടെ സകല ശക്തിയും ജ്ഞാനവും ഉൾക്കൊള്ളുന്നുണ്ട്. നമുക്കു രക്ഷ പ്രാപിക്കാനും രക്ഷപെടാൻ മറ്റു ള്ളവരെ സഹായിക്കാനും വേറൊരു ശക്തിയോ ജ്ഞാനമോ ഇല്ല. മാ താപിതാക്കളേ, നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കാനും നിങ്ങൾക്കു ത ന്നെ പഠിക്കാനും തക്കതായ മറ്റൊരു ശക്തിയോ വിജ്ഞാനമോ ഇല്ല. *ദിവ്യകാരുണ്യത്തിൻെറ വിദ്യാഭ്യാസപരമായ* ശക്തി തലമുറകളിലൂ ടെയും നൂറ്റാണ്ടുകളിലൂടെയും തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

നല്ല ഇടയൻ എല്ലായിടത്തും നമ്മോടൊപ്പമുണ്ട്. ഗലീലിയിലെ കാനായിൽ വധുവും വരനും തങ്ങളുടെ ജീവിതം മുഴുവനുംവേണ്ടി പരസ്പരം സമർപ്പിച്ചപ്പോൾ മണവാളൻ അവരുടെയിടയിലുണ്ടായി രുന്നു. അതുപോലെ ആ നല്ല ഇടയൻ ഇന്നു നമ്മോടുകൂടെയുണ്ട്. നമ്മുടെ പ്രത്യാശയുടെ കാരണമായും നമ്മുടെ ഹൃദയങ്ങളുടെ ശക്തി സ്രോതസ്സായും നിത്യനൂതനമായ ആവേശത്തിൻെറ നീരുറവയായും "സ്നേഹനാഗരികത"യുടെ വിജയത്തിൻെറ അടയാളമായും അവി ടുന്നു നമ്മോടൊപ്പമുണ്ട്. നല്ല ഇടയനായ ഈശോ നമ്മോട് ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നു: "*ഭയപ്പെടരുത്. ഞാൻ നിന്നോടുകൂടെയു ണ്ട്*" (മത്താ. 28 : 20). ഈ ശക്തിയുടെ ഉറവിടമെന്താണ്? ദൈവപു ത്രാ, അവർ അങ്ങയെ വധിക്കുകയും മറ്റേതൊരു മനുഷ്യജീവിയെയും പോലെ അങ്ങുന്ന് മരിക്കുകയും ചെയ്തെങ്കിലും അങ്ങുന്നു ഞങ്ങ ളോടൊപ്പമുണ്ടെന്ന് ഞങ്ങൾക്കു തീർച്ചയുണ്ടായിരിക്കാനുള്ള കാരണ മെന്താണ്? ഈ ഉറപ്പിൻെറ കാരണമെന്ത്? സുവിശേഷകൻ പറയുന്നു: "അവൻ അവരെ അവസാനംവരെ സ്നേഹിച്ചു" (യോഹ. 13 : 1). അങ്ങുന്ന് അപ്രകാരം ഞങ്ങളെ സ്നേഹിക്കുന്നു. ആദ്യത്തെയാളും അവസാനത്തെയാളുമായ ജീവിക്കുന്നവനായ അങ്ങുന്ന്, മരിക്കുകയും

www.malankaralibrary.com



എന്നെന്നേക്കും ജീവിക്കുകയും ചെയ്യുന്ന അങ്ങുന്ന് , അപ്രകാരം ഞങ്ങളെ സ്നേഹിക്കുന്നു. (വെളി. 1 : 17-18)

*മഹാരഹസ്യം*

19. കുടുംബത്തെ പരാമർശിച്ചുകൊണ്ട് വി. പൗലോസ് സംക്ഷിപ്തമായ ഒരു ശൈലി പ്രയോഗിക്കുന്നു: "അത് ഒരു മഹാരഹസ്യ"മാണ് (എഫേ. 5 : 32). എഫേസൂസുകാർക്കുള്ള ലേഖനത്തിൽ ആ മഹാരഹസ്യത്തെപ്പറ്റി അദ്ദേഹം എഴുതുന്നത് ഉത്പത്തി പുസ്തകത്തിലും പഴയനിയമപാരമ്പര്യം മുഴുവനിലും അടിവേരുറച്ചതാണ്. എന്നിരുന്നാലും അതൊരു പുതിയ സമീപനമാണ്. അതു പിന്നീട് സഭയുടെ പ്രബോധനാധികാരത്തിലൂടെ പ്രകാശിതമാകാനുള്ളതുമാണ്.

ഭാര്യയും ഭർത്താവും തമ്മിലുള്ള ഉടമ്പടിയുടെ കൂദാശ എന്ന നിലയിൽ വിവാഹം ഒരു വലിയ രഹസ്യമാണെന്നു സഭ പ്രഖ്യാപിക്കുന്നു. കാരണം, അതു ക്രിസ്തുവിനു തൻെറ സഭയോടുള്ള മണവാളനടുത്ത സ്നേഹത്തെ പ്രകാശിപ്പിക്കുന്നുണ്ട്. വി. പൗലോസ് ശ്ലീഹാ ഇങ്ങനെ എഴുതുന്നു: "ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം. അവൻ സഭയെ വിശുദ്ധീകരിക്കുന്നതിനു ജലംകൊണ്ടു കഴുകി വചനംകൊണ്ടു വെണ്മയുള്ളതാക്കി" (എഫേ. 5 : 25-26). അപ്പസ്തോലൻ ഇവിടെ മാമ്മോദീസയെക്കുറിച്ചാണു പറയുന്നത്. റോമാക്കാർക്കുള്ള ലേഖനത്തിൽ അതിനെപ്പറ്റി അദ്ദേഹം സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ക്രിസ്തുവിൻെറ ജീവിതത്തിലുള്ള പങ്കുപറ്റലിലേക്കു നയിക്കുന്ന, അവിടുത്തെ മരണത്തിലുള്ള ഒരു പങ്കുപറ്റലായിട്ട്, അവിടെ അദ്ദേഹം അതിനെ അവതരിപ്പിക്കുന്നു. (റോമ. 6 : 3-4). ഈ കൂദാശയിൽ വിശ്വാസി പുതിയൊരു മനുഷ്യനായി *ജനിക്കുന്നു*. കാരണം, പുതിയ ജീവനെ നല്കാൻ, ദൈവത്തിൻെറ തന്നെ ജീവനെ നല്കാൻ, മാമ്മോദീസയ്ക്ക് കഴിവുണ്ട്. ദൈവ-മനുഷ്യൻ എന്ന രഹസ്യം മാമ്മോദീസയുടെ സംഭവത്തിൽ, ഒരുവിധത്തിൽ സംഗ്രഹിച്ചാവർത്തിക്കുന്നുണ്ട്. പിൽക്കാലത്ത്, കിഴക്കും പടിഞ്ഞാറുമുള്ള അനേകം സഭാപിതാക്കന്മാരോടൊപ്പം വി. ഇറനേവൂസ് ഇങ്ങനെ പറയുന്നു: "മനുഷ്യൻ ഒരു ദൈവപു

www.malankaralibrary.com



ത്രനാകുന്നതിനുവേണ്ടി ദൈവപുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹാ മനുഷ്യപുത്രനായിത്തീർന്നു"[44]

അപ്പോൾ, മനുഷ്യനായിത്തീർന്ന ദൈവം തന്നെയാണ് മണവാളൻ. പഴയ നിയമത്തിൽ യാഹ്‌വേ, തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിൻെറ മണവാളനായി പ്രത്യക്ഷപ്പെടുന്നു. ഒരേസമയം വാത്സല്യം നിറഞ്ഞവനും അവകാശപൂർവ്വം ആവശ്യങ്ങൾ ഉന്നയിക്കുന്നവനുമായ-ഒരേ സമയം അസൂയാലുവും വിശ്വസ്തനുമായ -മണവാളനാണത്. ഇസ്രായേലിൽ ഒറ്റിക്കൊടുക്കലിൻെറയും ഉപേക്ഷയുടെയും വിഗ്രഹാരാധനയുടെയും നിമിഷങ്ങളുണ്ടായിട്ടുണ്ട്. അവയെപ്പറ്റി പ്രവാചകന്മാർ ശക്തിയുക്തവും ആഹ്വാനാത്മകവുമായ വാക്കുകളിൽ വിവരിച്ചിട്ടുണ്ട്. ആ നിമിഷങ്ങൾക്കുപോലും മണവാളനായ ദൈവം 'അന്ത്യംവരെ സ്നേഹിക്കുന്ന' (യോഹ.13:1) ആ സ്നേഹത്തെ ഒരിക്കലും ഇല്ലായ്മ ചെയ്യാൻ കഴിയുകയില്ല.

ദൈവവും അവിടുത്തെ ജനവും തമ്മിലുള്ള ദാമ്പത്യപരമായ ബന്ധത്തിൻെറ സ്ഥിരീകരണവും പൂർത്തീകരണവും, പുതിയ നിയമത്തിൽ ക്രിസ്തുവിൽ സാക്ഷാത്കരിക്കപ്പെട്ടു. മണവാളൻ നമ്മോടുകൂടെയുണ്ടെന്നു ക്രിസ്തു ഉറപ്പുപറയുന്നു. (മത്താ. 9:15). അവിടുന്നു നാമെല്ലാവരോടുംകൂടെയുണ്ട്. അവിടുന്നു സഭയോടുകൂടെയുണ്ട്. സഭ ഒരു മണവാട്ടിയായിത്തീരുന്നു, ക്രിസ്തുവിൻെറ മണവാട്ടി. എഫേസൂസുകാർക്കുള്ള ലേഖനത്തിൽ പരാമർശിക്കുന്ന ഈ മണവാട്ടി മാമ്മോദീസ സ്വീകരിച്ച എല്ലാവരിലുമുണ്ട്. മണവാളൻെറ മുമ്പിൽ വന്നണയുന്ന ഒരു വധുവിനെപ്പോലെയാണവൾ: "ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു...... ഇത് അവളെ കറയോ ചുളിവോ മറ്റു കുറവുകളോ ഇല്ലാത്ത മഹത്വപൂർണ്ണയായി തനിക്കുതന്നെ പ്രതിഷ്ഠിക്കുന്നതിനും അവൾ കളങ്കരഹിതയും പരിശുദ്ധയുമായിരിക്കുന്നതിനും വേണ്ടിയാണ്." (എഫേ.5:25-27). സഭയെ 'അവസാനംവരെ' മണവാളൻ സ്നേഹിച്ച ആ സ്നേഹം, അവളുടെ വിശുദ്ധരിൽ അവളുടെ പരിശുദ്ധിയെ നവീകരിക്കുന്നു. അവൾ പാപികളുടെ ഒരു സഭയായി ത്തുടരുന്നുവെങ്കിലും അങ്ങനെ ചെയ്യുന്നു. "പാപികളും, ചുങ്കം പിരിവുകാരും- വേശ്യകൾ"പോലും-വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിട്ടിരി

www.malankaralibrary.com



ക്കുന്നു. ക്രിസ്തു ഇക്കാര്യം സുവിശേഷത്തിൽ ഉറപ്പിച്ചു പറയുന്നുണ്ട ല്ലോ (മത്താ. 21:31). എല്ലാവരും മഹത്വപൂർണ്ണമായ ഒരു സഭയായി ത്തീരാൻ - വിശുദ്ധിയുള്ളതും കറയില്ലാത്തതുമായ സഭയായിത്തീ രാൻ- ആഹ്വാനം ചെയ്യപ്പെട്ടിരിക്കുന്നു: "നിങ്ങൾ വിശുദ്ധരായിരിക്കു ക; കാരണം, ഞാൻ വിശുദ്ധനാണ്" എന്നു കർത്താവു പറയുന്നു. (ലേ വ്യ.11:44; 1 പത്രോ.1:16)

മഹാരഹസ്യത്തിൻെറ അഗാധതമമായ അർത്ഥമിതാണ്. സഭയി ലെ കൗദാശികദാനത്തിൻെറ ആന്തരാർത്ഥമിതാണ്. മാമ്മോദീസയു ടെയും ദിവ്യകാരുണ്യത്തിൻെറയും അഗാധതമമായ സാരമിതാണ്. മണവാളൻ നമ്മെ അവസാനംവരെ സ്നേഹിച്ച ആ സ്നേഹത്തിൻെറ ഫലങ്ങളാണവ. ആ സ്നേഹം നിരന്തരമായി വികസിക്കുന്നു. പ്രകൃ ത്യതീത ജീവിതത്തിലുള്ള പൂർവ്വാധികം വർദ്ധമാനമായ ഭാഗഭാഗി ത്വം ജനങ്ങളുടെമേൽ സമൃദ്ധമായി ചൊരിയുകയും ചെയ്യുന്നു.

വി. പൗലോസുശ്ലീഹാ "ഭർത്താക്കന്മാരേ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ" (എഫേ. 5 : 25) എന്നുപറഞ്ഞിട്ട് ഇപ്രകാരം ഊന്നി പ്പറയുന്നു: "ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ സ്വന്തം ശരീരത്തെ എന്ന വണ്ണം സ്നേഹിക്കണം. തൻെറ ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെയാണു സ്നേഹിക്കുന്നത്. കാരണം ആരും ഒരിക്കലും സ്വന്തം ശരീരത്തെ വെറുക്കുന്നില്ല. പിന്നെയോ ക്രിസ്തു സഭയെ എന്നപോലെ അതിനെ പരിപോഷിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. എന്തെന്നാൽ നാം അവൻെറ ശരീരത്തിലെ അവയവങ്ങളാ ണ്" (എഫേ. 5 : 28-30). അദ്ദേഹം താഴെപ്പറയുന്ന വാക്കുകളിലൂടെ ദമ്പതിമാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു: "ക്രിസ്തുവിനോടു ള്ള ബഹുമാനത്തെപ്രതി നിങ്ങൾ പരസ്പരം വിധേയരായിരിക്കുവിൻ" (എഫേ. 5 : 21).

വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച ശാശ്വത സത്യ ത്തിൻെറ, നവീനോടമ്പടിയുടെ വെളിച്ചത്തിലുള്ള, നവീനാവതരണമാ ണിത് എന്ന വസ്തുത അനിഷേദ്ധ്യമാണ്. ക്രിസ്തു സുവിശേഷത്തിൽ ഈ സത്യത്തെ വെളിപ്പെടുത്തി. ഗലീലിയിലുള്ള കാനായിലെ സാന്നി ദ്ധ്യം, കുരിശിലെ യാഗം, തൻെറ സഭയുടെ കൂദാശകൾ എന്നിവ വഴി യാണ് അത് അവിടുന്നു വെളിപ്പെടുത്തിയത്. അങ്ങനെ, ഭർത്താ

www.malankaralibrary.com



ക്കന്മാരും ഭാര്യമാരും തങ്ങളുടെ *ദാമ്പത്യസ്നേഹത്തിന്റെ പരാമർശ കേന്ദ്രത്തെ* ക്രിസ്തുവിൽ കണ്ടെത്തുന്നു. സഭയുടെ മണവാളൻ എന്ന നിലയിൽ ക്രിസ്തുവിനെപ്പറ്റി പറഞ്ഞുകൊണ്ട് പൗലോസ് ശ്ലീഹാ ദാമ്പത്യസ്നേഹത്തിന്റെ ഉപമ ഉപയോഗിക്കുന്നു. "പുരുഷൻ തന്റെ മാതാപിതാക്കന്മാരെ വിട്ട് തന്റെ ഭാര്യയോട് ഒട്ടിച്ചേരുന്നു, അവർ ഒരു ശരീരമായിത്തീരുകയും ചെയ്യുന്നു" (ഉത്പ. 2 : 24) എന്നിങ്ങനെ പറയുന്ന ഉത്പത്തിപുസ്തകത്തെ പരാമർശിച്ചുകൊണ്ടാണ് അദ്ദേഹം അപ്രകാരം ചെയ്യുന്നത്.

ഇതാണ് ശാശ്വത സ്നേഹത്തിന്റെ "മഹാരഹസ്യം". ഇത് സൃഷ്ടിയിൽത്തന്നെ സന്നിഹിതമായിരുന്നു. ക്രിസ്തുവിൽ ഇത് ആവിഷ്കൃതമാവുകയും സഭയിൽ ഏല്പിക്കപ്പെടുകയും ചെയ്തു. അപ്പസ്തോലൻ ഇങ്ങനെ ആവർത്തിച്ചുപറയുന്നു: "ഈ രഹസ്യം അഗാധമായ ഒന്നാണ്. ഇത് സഭയെയും ക്രിസ്തുവിനെയും പരാമർശിക്കുന്നുവെന്നു ഞാൻ പറയുന്നു" (എഫേ. 5 : 32). ആണും പെണ്ണുമായി മനുഷ്യനെ സൃഷ്ടിച്ചു എന്നതിൽ അന്തർഹിതമായിട്ടുള്ള മഹാരഹസ്യത്തെ നാം ഓർമ്മിക്കണം. ദാമ്പത്യസ്നേഹത്തിലേക്കും മാതൃത്വത്തിലേക്കും പിതൃത്വത്തിലേക്കും അവർക്കു ലഭിച്ച വിളിയെപ്പറ്റിയും നാം അനുസ്മരിക്കണം. അങ്ങനെ ചെയ്തില്ലെങ്കിൽ സഭയെ ക്രിസ്തുവിന്റെ മൗതിക ശരീരമായി മനസ്സിലാക്കാൻ നമുക്കു കഴിയുകയില്ല; ക്രിസ്തുവിൽ ദൈവവുമായുള്ള മനുഷ്യന്റെ ഉടമ്പടിയുടെ അടയാളമായിട്ടോ രക്ഷയുടെ സാർവ്വത്രിക കൂദാശയായിട്ടോ സഭയെ മനസ്സിലാക്കാനും കഴിയുകയില്ല. "ഒരു ശരീരം" (ഉത്പ. 2 : 24; എഫേ. 5 : 31-32) അതായത്, വിവാഹം കുടുംബം എന്നിവയുടെ യാഥാർത്ഥ്യം എന്ന പ്രയോഗത്തിലൂടെ പ്രകാശിപ്പിക്കപ്പെട്ട "മഹാരഹസ്യ"ത്തെ മാറ്റി നിറുത്തിക്കൊണ്ട് സഭയും ക്രിസ്തുവിലുള്ള മനുഷ്യവർഗ്ഗവും എന്ന "മഹാരഹസ്യ"ത്തിന് അസ്തിത്വമുണ്ടാവുക സാധ്യമല്ല.

കുടുംബം തന്നെ ദൈവത്തിന്റെ മഹാരഹസ്യമാണ്. ഗാർഹിക സഭ എന്ന നിലയിൽ അത് ക്രിസ്തുവിന്റെ മണവാട്ടിയാണ്. സാർവ്വത്രിക സഭയും അവളിലുള്ള ഓരോ വ്യക്തിസഭയും ഗാർഹിക സഭയിലും അതിന്റെ സ്നേഹാനുഭവത്തിലും ക്രിസ്തുവിന്റെ മണവാട്ടി

www.malankaralibrary.com



യായി ഏറ്റവും അടുത്തു വെളിവാക്കപ്പെടുന്നു. ദാമ്പത്യസ്നേഹമാണ്, മാതൃപിതൃസ്നേഹമാണ് സഹോദരീസഹോദരസ്നേഹമാണ്, വ്യക്തികളുടെയും തലമുറകളുടെയും സമുദായത്തിലുള്ള സ്നേഹമാണ്, ഇവിടെ പരാമർശിച്ചിട്ടുള്ളത്. ആ മണവാളൻെറ സ്നേഹത്തെക്കൂടാതെ, അവസാനംവരെ നമ്മെ ആദ്യമായി സ്നേഹിച്ച ആ സ്നേഹത്തെക്കൂടാതെ, മാനുഷിക സ്നേഹത്തെപ്പറ്റി സങ്കല്പിക്കാൻ പോലും നമുക്കു കഴിയുമോ? ഭാര്യാഭർത്താക്കന്മാർ ആ സ്നേഹത്തിലും ആ "മഹാരഹസ്യ"ത്തിലും ഭാഗഭാക്കുകളായെങ്കിൽ മാത്രമേ അവർക്ക് അവസാനംവരെ സ്നേഹിക്കാൻ കഴിയൂ. അവർ അതിൽ പങ്കുപറ്റുന്നില്ലെങ്കിൽ സ്നേഹം യഥാർത്ഥത്തിൽ എന്താണെന്നും അതിൻെറ ആവശ്യങ്ങൾ എത്ര മൗലികങ്ങളാണെന്നും "അവസാനംവരെ" അവർ അറിയുന്നില്ല. അവരെ സംബന്ധിച്ചിടത്തോളം അത് വളരെ അപകടകരമാണെന്നതിൽ സംശയമില്ലതാനും.

എഫേസൂസുകാർക്കുള്ള ലേഖനത്തിലെ പ്രബോധനം അതിൻെറ ആഴംകൊണ്ടും അതിൻെറ ധാർമ്മിക പ്രബോധനത്തിൻെറ ആധികാരികതകൊണ്ടും നമ്മെ വിസ്മയിപ്പിക്കുന്നു. ക്രിസ്തുവിനെയും സഭയെയും സൂചിപ്പിക്കുന്ന "മഹാരഹസ്യ"മെന്ന നിലയിൽ നേരിട്ടു വിവാഹത്തെയും പരോക്ഷമായി കുടുംബത്തെയും കുറിച്ചു പ്രസ്താവിച്ചുകൊണ്ട് ഭർത്താക്കന്മാരോടു പണ്ടേ പറഞ്ഞതു വീണ്ടും ഉറപ്പിച്ചു പറയാൻ പൗലോസ് അപ്പസ്തോലനു കഴിയുന്നു: "നിങ്ങളിൽ ഓരോരുത്തനും തന്നെപ്പോലെതന്നെ തൻെറ ഭാര്യയെ സ്നേഹിക്കണം". അദ്ദേഹം തുടർന്നു പറയുന്നു: "ഭാര്യ തൻെറ ഭർത്താവിനെ ബഹുമാനിക്കുന്നതിൽ ശ്രദ്ധിക്കട്ടെ" (എഫേ. 5 : 33). ഭാര്യ ബഹുമാനിക്കണം. കാരണം അവൾ സ്നേഹിക്കുകയും സ്നേഹം തിരിച്ചുകിട്ടുന്നുണ്ടെന്ന് അവൾ അറിയുകയും ചെയ്യുന്നു. ഈ സ്നേഹം മൂലമാണു ഭാര്യയും ഭർത്താവും *പരസ്പരദാന* മായിത്തീരുന്നത്. സ്നേഹം സ്നേഹിക്കപ്പെടുന്ന വ്യക്തിയുടെ മഹത്വത്തിൻെറ അംഗീകാരം ഉൾക്കൊള്ളുന്നു. അവൻെറ അല്ലെങ്കിൽ അവളുടെ കേവലമായ അനന്യതയുടെ അംഗീകാരവും ഉൾക്കൊള്ളുന്നു. വാസ്തവത്തിൽ ദമ്പതികളിൽ ഓരോ വ്യക്തിയും മനുഷ്യജീവി എന്ന നിലയിൽ, ഭൂമിയിലെ എല്ലാ ജീവജാലങ്ങളിലുംവച്ച് അവനുവേണ്ടിത്തന്നെ അഥവാ അവൾക്കുവേണ്ടിത്തന്നെ ദൈവം ആഗ്രഹിച്ചതാണ്[45]. എന്നിരുന്നാലും അവരിൽ ഓരോ

www.malankaralibrary.com



വ്യക്തിയും മറ്റേ വ്യക്തിക്കും കർത്താവിൽ നിന്നു സ്വീകരിക്കുന്ന കുട്ടികൾക്കും തന്നെത്തന്നെ സമർപ്പിക്കുന്നു. ബോധപൂർവ്വകവും ഉത്തരവാദിത്വപൂർണ്ണവുമായ ഒരു പ്രവൃത്തിവഴി സൗജന്യപരമായ ഒരു സ്വതന്ത്ര ദാനമായിട്ടാണ് സമർപ്പിക്കുന്നത്. നാലാം പ്രമാണത്തെ പ്രതിധ്വനിപ്പിച്ചുകൊണ്ടാണ് വി. പൗലോസ് ശ്ലീഹാ തന്റെ ആഹ്വാനം തുടരുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്: "കുട്ടികളേ, കർത്താവിൽ നിങ്ങൾ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ. അതു ന്യായയുക്തമാണ്. നിങ്ങൾക്കു നന്മ കൈവരുന്നതിനും ഭൂമിയിൽ ദീർഘകാലം ജീവിക്കുന്നതിനുംവേണ്ടി മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക. വാഗ്ദാനത്തോടുകൂടിയ ആദ്യത്തെ കല്പന ഇതാണ്. പിതാക്കന്മാരേ, നിങ്ങൾ കുട്ടികളിൽ കോപം ഉളവാക്കരുത്. അവരെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തുവിൻ" (എഫേ.6 : 1-4). അങ്ങനെ, ഭാര്യയും ഭർത്താവും തമ്മിലും മാതാപിതാക്കളും മക്കളും തമ്മിലും ഉണ്ടായിരിക്കേണ്ട ബഹുമാനത്തിന്റെ സമർപ്പണബുദ്ധി നാലാം പ്രമാണത്തിൽ അന്തർഹിതമായിരിക്കുന്നതിനെ അപ്പസ്തോലൻ കാണുന്നു. *കുടുംബത്തിന്റെ സ്ഥിരതയ്ക്കുള്ള മൗലികതത്ത്വ* മായി അതിനെ തിരിച്ചറിയുകയും ചെയ്യുന്നു.

"മഹാരഹസ്യ"ത്തിന്റെ മഹത്തായ ഒരു ഉദ്ഗ്രഥനമാണ് വി. പൗലോസ് അപ്പസ്തോലൻ നടത്തിയിരിക്കുന്നത്. ക്രിസ്തുവിനാൽ പൂർണ്ണതയിൽ എത്തിക്കപ്പെട്ട, *ദൈവത്തെയും മനുഷ്യനെയും കുറിച്ചുള്ള പ്രബോധനത്തിന്റെ* ഒരു സമാഹാരമായി അഥവാ *സംഗ്രഹമായി,* ഒരർത്ഥത്തിൽ, അതു കാണപ്പെടുന്നു. നിർഭാഗ്യവശാൽ, പടിഞ്ഞാറൻ ചിന്ത ആധുനികയുക്തിവാദത്തിന്റെ (rationalism) വികാസത്തോടെ ഈ പ്രബോധനത്തിൽ നിന്ന് ക്രമേണ അകന്നകന്നു പോവുകയായിരുന്നു. "ഞാൻ ചിന്തിക്കുന്നു, അതുകൊണ്ട് എനിക്കു അസ്തിത്വമുണ്ട്" (Cogito ergo sum) എന്ന തത്ത്വം ക്രോഡീകരിച്ച തത്ത്വചിന്തകൻ മനുഷ്യനെപ്പറ്റിയുള്ള ആധുനിക സങ്കല്പത്തിന് അതിന്റെ വ്യതിരിക്തമായ ദ്വിത്വാത്മക (Dualistic) സ്വഭാവംകൂടി നല്കുകയുണ്ടായി. മനുഷ്യനെ സംബന്ധിച്ച് ആത്മാവും ശരീരവും തമ്മിൽ, ശരീരവും ആത്മാവും തമ്മിൽ, മൗലികമായ വ്യത്യാസം കല്പിക്കുക എന്നത് യുക്തിവാദത്തിന്റെ സവിശേഷസ്വഭാവമാണ്. പക്ഷേ, മനുഷ്യൻ തന്റെ ശരീരത്തിന്റെയും ആത്മാവിന്റെയും ഐ

www.malankaralibrary.com



കൃത്തിൽ ഒറ്റ വ്യക്തിയാണ്[46]. ശരീരത്തെ ഒരിക്കലും കേവലം ഭൗതിക വസ്തുവായി ചുരുക്കാൻ പാടില്ല. അത് *ആത്മാവു നല്കപ്പെട്ട ശരീരമാണ്*. അതുപോലെ തന്നെ മനുഷ്യനെ ശരീരം നല്കപ്പെട്ട ആത്മാവെന്നും വിവരിക്കാം. മനുഷ്യൻെറ ആത്മാവ് അവൻെറ ശരീരത്തോട് അത്രമാത്രം ഒന്നിപ്പിക്കപ്പെട്ടിരിക്കുന്നു. ശരീരത്തെ സംബന്ധിച്ച അറിവുലഭിക്കാനുള്ള ഏറ്റവും സമ്പന്നമായ സ്രോതസ്സ് ശരീരമായിത്തീർന്ന വചനമാണ്. *"ക്രിസ്തു മനുഷ്യന് അവനെത്തന്നെ വെളിപ്പെടുത്തുന്നു"*[47] രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ ഈ പ്രസ്താവന ആധുനികയുക്തിവാദത്തിനു സഭ നല്കുന്ന മറുപടിയാണ്. ദീർഘകാലം കാത്തിരുന്ന മറുപടിയാണത്.

ഈ പ്രത്യുത്തരം കുടുംബത്തെക്കുറിച്ചു മനസ്സിലാക്കുന്നതിനെ സംബന്ധിച്ചിടത്തോളം മൗലികപ്രാധാന്യമുള്ള ഒന്നാണ് - പ്രത്യേകിച്ച് ഇന്നത്തെ നാഗരികതയുടെ പശ്ചാത്തലത്തിൽ. പൊതുവേ പറയപ്പെടുന്നതുപോലെ ഇന്നത്തെ നാഗരികത പല കാര്യങ്ങളിലും, ഒരു സ്നേഹനാഗരികതയായിരിക്കാനുള്ള പരിശ്രമത്തെ പരിത്യജിച്ചതായി തോന്നുന്നുവല്ലോ. ഭൗതികലോകത്തെയും മാനുഷികമനശ്ശാസ്ത്രത്തെയും ഗ്രഹിക്കുന്നതിൽ ആധുനികയുഗം വലിയതോതിൽ പുരോഗതിനേടിയിട്ടുണ്ട്. എന്നാൽ, സമകാലീന മനുഷ്യൻ തൻെറ അഗാധതമവും അതിഭൗതികവുമായ മാനത്തെ സംബന്ധിച്ചിടത്തോളം, വലിയൊരളവിൽ *തനിക്കുതന്നെ അജ്ഞാതനായി*ക്കഴിയുന്നു. തത്ഫലമായി, കുടുംബവും അജ്ഞാതമായ ഒരു യാഥാർത്ഥ്യമായി നിലകൊള്ളുകയാണ്. അത്തരത്തിലുള്ളതാണ് അപ്പസ്തോലൻ പറഞ്ഞ "മഹാരഹസ്യ"ത്തിൽ നിന്നുള്ള വിരോധപൂർവ്വകമായ അകൽച്ചയിൽ നിന്നുണ്ടായ ഫലം.

മനുഷ്യനിൽ ആത്മാവിനെയും ശരീരത്തെയും വേർതിരിച്ചു കാണുക എന്നത് വളർന്നുവരുന്ന ഒരു പ്രവണതയിലേക്കു നയിച്ചിട്ടുണ്ട്. മനുഷ്യശരീരത്തെ, അതിനു ദൈവത്തോടുള്ള സവിശേഷസാദൃശ്യത്തിൻെറ വിധിമുറകൾ (Catagories) അനുസരിച്ചു പരിഗണിക്കാതെ, പ്രകൃതിയിലെ മറ്റെല്ലാ ശരീരങ്ങളോടുമുള്ള സാമ്യത്തിൻെറ അടിസ്ഥാനത്തിൽ പരിഗണിക്കുന്നു എന്നതാണ് ആ പ്രവണത. മനുഷ്യൻ ഉപഭോഗത്തിനുള്ള വസ്തുക്കളെ ഉത്പാദിപ്പിക്കാൻ നടത്തുന്ന

www.malankaralibrary.com



തൻെറ ശ്രമത്തിൽ അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്ന പ്രകൃതിയിലെ മറ്റെല്ലാ ശരീരങ്ങളോടുമുള്ള സാമ്യത്തിൻെറ അടിസ്ഥാനത്തിൽ മനുഷ്യശരീരത്തെ പരിഗണിക്കുന്ന പ്രവണതയാണത്. എന്നാൽ ഇത്തരം മാനദണ്ഡങ്ങൾ മനുഷ്യനെ സംബന്ധിച്ചു പ്രയോഗിക്കുന്നതിൻെറ പിന്നിൽ അപരിമിതങ്ങളായ എന്തെല്ലാം അപകടങ്ങൾ ഒളിഞ്ഞിരിക്കുന്നുവെന്ന് ഓരോ വ്യക്തിക്കും പെട്ടെന്നു മനസ്സിലാക്കാൻ കഴിയും. മനുഷ്യശരീരത്തെ, ആത്മാവിൽ നിന്നും ചിന്തയിൽ നിന്നും വേർതിരിച്ചു പരിഗണിച്ചുകൊണ്ട് മൃഗങ്ങളുടെ ശരീരങ്ങളെ ഉപയോഗിക്കുന്ന അതേവിധത്തിൽത്തന്നെ *അസംസ്കൃത വസ്തുവായി* ഉപയോഗിക്കാൻ തുടങ്ങിയാൽ ധാർമ്മികതയെ സംബന്ധിച്ചിടത്തോളം ഭയാനകമായൊരു പരാജയത്തിൽ നാം അനിവാര്യമായി ചെന്നെത്തും. അസംസ്കൃത വസ്തുവായിട്ടുള്ള ഇത്തരം ഉപയോഗം യഥാർത്ഥത്തിൽ നടക്കുന്നുണ്ട്. ഭ്രൂണത്തെയും ഗർഭസ്ഥശിശുക്കളെയും പരീക്ഷണങ്ങൾക്ക് ഉപയോഗിക്കുന്നത് അതിനൊരു ഉദാഹരണമാണ്.

ഇതിനോടു തുല്യമായ നരവംശ ശാസ്ത്രപരമായ കാഴ്ചപ്പാടനുസരിച്ച് മാനുഷികകുടുംബം ഇന്ന് ഒരു പുതിയ മനിക്കേയൻ മതത്തിൻെറ (Manichaeanism) ഭീഷണി നേരിടുന്നുണ്ട്. മനിക്കേയൻ സിദ്ധാന്തപ്രകാരം ശരീരവും ആത്മാവും പരസ്പരവൈരുദ്ധ്യമുള്ളവയായിട്ടാണു കരുതപ്പെടുന്നത്. ശരീരം ആത്മാവിൽ നിന്നു ജീവൻ സ്വീകരിക്കുന്നില്ലെന്നും ആത്മാവു ശരീരത്തിനു ജീവൻ നല്കുന്നില്ലെന്നും പ്രസ്തുത സിദ്ധാന്തം പറയുന്നു. അങ്ങനെ മനുഷ്യൻ ഒരു വ്യക്തി (Person) ആയും ഒരു കർത്താവ് (Subject) ആയും ജീവിക്കുന്നില്ലെന്നു വരുന്നു. അവൻ കേവലം ഒരു വിഷയം (object) മാത്രമാണെന്നു വരുന്നു. ഈ അഭിപ്രായത്തിനു വിപരീതമായ എല്ലാ ഉദ്ദേശ്യങ്ങളും പ്രസ്താവനകളും നിലവിലുണ്ടെങ്കിലും അങ്ങനെതന്നെ വരുന്നു. ഉദാഹരണമായി, ഈ നവീന മനിക്കേയൻ സംസ്കാരം മാനുഷിക ലൈംഗികതയെ തന്നിഷ്ടമനുസരിച്ചുള്ള ദുരുപയോഗത്തിനും ചൂഷണത്തിനുമുള്ള ഒരു മണ്ഡലമായിക്കരുതുക എന്ന സ്ഥിതിയിലേക്കാണു കൂടുതലായിട്ടു നയിക്കുന്നത്. സൃഷ്ടിയുടെ പ്രഭാതത്തിൽ, "ഒടുവിൽ ഇതാ എൻെറ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും (ഉത്പ 2 : 23) എന്നിങ്ങനെ ഹവ്വയുടെ മുമ്പിൽവച്ച് ആദം

www.malankaralibrary.com



വിസ്മയപൂർവ്വം ഉദ്ഘോഷിച്ചുവല്ലോ. ആദത്തെ ആ വിസ്മയത്തിലേക്കു നയിച്ച *ആദിമ വിസ്മയ*ത്തിൻെറ അടിസ്ഥാനമെന്ന നിലയിൽ മാനുഷിക ലൈംഗികതയെ പരിഗണിക്കുക എന്ന സ്ഥിതിയിലേക്ക് അതു നയിക്കുന്നില്ല. ആദം പ്രകടിപ്പിച്ച അതേ വിസ്മയം സോളമൻെറ ഗാനത്തിലെ വാക്കുകളിൽ പ്രതിധ്വനിക്കുന്നുണ്ട്: "എൻെറ സോദരീ, എൻെറ മണവാട്ടീ, നീ എൻെറ ഹൃദയം കവർന്നിരിക്കുന്നു. എൻെറ മണവാട്ടീ നിൻെറ കടാക്ഷംകൊണ്ട് എൻെറ ഹൃദയം കവർന്നിരിക്കുന്നു" (ഉത്തമ. 4 : 9). പുരുഷത്വത്തെക്കുറിച്ചും സ്ത്രീത്വത്തെക്കുറിച്ചും ദൈവിക വെളിപാടിൽ കാണുന്ന അഗാധമായ ധാരണയിൽ നിന്ന് എത്ര അകലെയാണ് ആധുനികങ്ങളായ ചില ആശയങ്ങൾ! മാനുഷിക ലൈംഗികതയിൽ വ്യക്തിക്ക് അനുഗുണമായ ഒരു *നിക്ഷേപത്തിൻെറ* കണ്ടെത്തലിലേക്കു വെളിപാടു നമ്മെ നയിക്കുന്നു. വ്യക്തിയാകട്ടെ കുടുംബത്തിൽ തൻെറ യഥാർത്ഥ സാക്ഷാത്കാരം കണ്ടെത്തുന്നു. എന്നാൽ ദൈവരാജ്യത്തെപ്രതിയുള്ള കന്യാത്വത്തിലേക്കും ബ്രഹ്മചര്യത്തിലേക്കുമുള്ള തൻെറ അഗാധമായ വിളിയെ ഇതുപോലെ പ്രകാശിപ്പിക്കുവാനും അവനു കഴിയും.

ആധുനികയുക്തിവാദം "രഹസ്യത്തെ" അംഗീകരിക്കുകയില്ല. ആണും പെണ്ണും എന്ന നിലയിലുള്ള മനുഷ്യൻെറ രഹസ്യത്തെ അത് അംഗീകരിക്കുന്നില്ല. മനുഷ്യനെ സംബന്ധിച്ച പൂർണ്ണസത്യം യേശുക്രിസ്തുവിൽ വെളിവാക്കപ്പെട്ടുവെന്ന് അംഗീകരിക്കാനും അതിനു മനസ്സില്ല. പ്രത്യേകിച്ച്, എഫേസൂസുകാർക്കുള്ള ലേഖനത്തിൽ ഉദ്ഘോഷിക്കപ്പെട്ട "മഹാരഹസ്യ"ത്തെ അതു തിരസ്കരിക്കുന്നു. എന്നുമാത്രമല്ല അതിനെ മൗലികമായി എതിർക്കുകയും ചെയ്യുന്നു. അവ്യക്തമായ ഒരു കേവലാസ്തിക്യവാദത്തിൻെറ സാഹചര്യത്തിൽ ദൈവികമായ ഒരു പരമസത്തയുടെ സാധ്യതയെ -അതിൻെറ ആവശ്യത്തെപ്പോലും -അത് അംഗീകരിക്കും. എന്നാൽ മനുഷ്യനെ രക്ഷിക്കാൻ വേണ്ടി മനുഷ്യനായിത്തീർന്ന ദൈവത്തെപ്പറ്റിയുള്ള ആശയത്തെ അതു തീർത്തും പരിത്യജിക്കുന്നു. ദൈവം രക്ഷകനായിരിക്കണമെന്നത് യുക്തിവാദത്തിന് അചിന്ത്യമായ വസ്തുതയാണ്. അവിടുന്നു മണവാളനും ദമ്പതിമാർ തമ്മിലുള്ള മാനുഷിക സ്നേഹത്തിൻെറ ആദിമവും അനന്യവുമായ ഉറവിടവുമായിരിക്കണമെന്നത് അതിലേറെ അചിന്ത്യമാണ്. സൃഷ്ടിയെ നോക്കിക്കാണുന്നതിനെ സം

www.malankaralibrary.com



ബന്ധിച്ചും മനുഷ്യാസ്തിത്വത്തിന്റെ അർത്ഥത്തെ സംബന്ധിച്ചും മൗലിക വ്യത്യാസമുള്ള ഒരു മാർഗ്ഗമാണ് യുക്തിവാദം കാഴ്ചവയ്ക്കുന്നത്. എന്നാൽ, മനുഷ്യനു തന്നെ സ്നേഹിക്കുന്ന ദൈവത്തെ കാണാൻ കഴിയുന്നില്ലെങ്കിൽ, തന്നിലും തന്നോടൊത്തും ജീവിക്കാൻ ക്രിസ്തുവിലൂടെ മനുഷ്യനെ വിളിക്കുന്ന ദൈവത്തെ കാണാൻ കഴിയുന്നില്ലെങ്കിൽ, കുടുംബത്തിനു "മഹാരഹസ്യ"ത്തിൽ പങ്കുചേരാൻ സാധ്യതയില്ലാതാകുന്നുവെങ്കിൽ, പിന്നെ, ജീവിതത്തിന്റെ കേവലം കാലികമായ മാനമല്ലാതെ മറ്റെന്താണ് അവശേഷിക്കുക? അപ്പോൾ, ഈ ലോകജീവിതം അസ്തിത്വത്തിനു വേണ്ടിയുള്ള സമര നാടകത്തിൽക്കവിഞ്ഞ് ഒന്നുമായിരിക്കുകയില്ല. ലാഭത്തിനുവേണ്ടിയുള്ള -മറ്റെന്തിനേക്കാളും സാമ്പത്തിക ലാഭത്തിനുവേണ്ടിയുള്ള - നിരാശാജനകമായ അന്വേഷണത്തിൽക്കവിഞ്ഞ് ഒന്നുമായിരിക്കുകയില്ല.

"മഹാരഹസ്യ"ത്തിന്റെ അടിവേരുകൾ ആധുനിക കാഴ്ചപ്പാടിനു നഷ്ടപ്പെട്ടിരിക്കുന്നു. മഹാരഹസ്യമാകട്ടെ സ്നേഹത്തിന്റെയും ജീവന്റെയും കൂദാശയാണ്. സൃഷ്ടികർമ്മത്തോടും രക്ഷാകരകർമ്മത്തോടുംകൂടെ അതു തുടങ്ങി. അതിന് ആത്യന്തികമായ ഗാരൻറിയായിട്ട് മണവാളനായ യേശുക്രിസ്തു ഉണ്ട്. മഹാരഹസ്യം നമ്മിലും നമ്മുടെ ചുറ്റിലും ഭീഷണി നേരിടുന്നു. ഭാര്യാഭർത്താക്കന്മാർക്ക് ആ രഹസ്യത്തെ വീണ്ടും കണ്ടെത്താനും തങ്ങളെത്തന്നെ ശക്തിയോടും ധീരതയോടും ആവേശത്തോടുംകൂടെ അതിനു വീണ്ടും സമർപ്പിക്കാനുമുള്ള ഫലദായകമായ ഒരവസരമായിത്തീരട്ടെ, സഭയുടെ കുടുംബവർഷാഘോഷം.

## *ഏറ്റവും മനോഹരമായ സ്നേഹത്തിന്റെ അമ്മ*

20. "ഏറ്റവും മനോഹരമായ സ്നേഹത്തിന്റെ" ചരിത്രം മംഗലവാർത്തയിൽ തുടങ്ങുന്നു. ദൈവപുത്രന്റെ അമ്മയാകാൻ വിളിക്കപ്പെട്ട മറിയത്തോടു മാലാഖ പറഞ്ഞ വിസ്മയനീയങ്ങളായ ആ വാക്കുകളിൽ അതു തുടങ്ങുന്നു. "അങ്ങനെയാകട്ടെ" എന്നു മറിയം പറഞ്ഞു. അതോടെ, ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവുമായവൻ മനുഷ്യന്റെ പുത്രനായിത്തീരുന്നു. "പുരുഷനെ അറിയാത്ത" (ലൂക്കാ. 1 : 34) കന്യകയായിത്തുടർന്നുകൊണ്ടുതന്നെ മറിയം അവിടുത്തെ അമ്മയായി. അമ്മയും കന്യകയുമെന്ന നി

www.malankaralibrary.com



ലയിൽ *മറിയം ഏറ്റവും മനോഹരമായ സ്നേഹത്തിൻെറ അമ്മയാ*യിത്തീരുന്നു. ഈ സത്യം മുഖ്യദൂതനായ ഗബ്രിയേലിൻെറ വാക്കുകളിൽ പണ്ടേ വെളിവാക്കപ്പെട്ടിരുന്നു. എന്നാലും വിശ്വാസത്തിൻെറ തീർത്ഥാടനത്തിലൂടെ മറിയം തൻെറ പുത്രനെ അനുഗമിക്കുമ്പോൾ ആ സത്യത്തിൻെറ പൂർണ്ണമായ അർത്ഥം ക്രമേണ കൂടുതൽ തെളിവുള്ളതും കൂടുതൽ വ്യക്തതയുള്ളതുമായിത്തീരുന്നു [48].

"ഏറ്റവും മനോഹരമായ സ്നേഹത്തിൻെറ അമ്മയെ" ഇസ്രായേലിൻെറ പാരമ്പര്യമനുസരിച്ച് പണ്ടേ അവളുടെ ലൗകിക ഭർത്താവായിത്തീർന്നിരുന്ന വ്യക്തി സ്വീകരിച്ചു: ദാവീദിൻെറ ഗോത്രത്തിൽപ്പെട്ട ജോസഫ്. വിവാഹവാഗ്ദാനം നടത്തിയ വധുവിനെ, തൻെറ ഭാര്യയായിട്ടും തൻെറ മക്കളുടെ അമ്മയായിട്ടും പരിഗണിക്കാൻ ജോസഫിന് അവകാശമുണ്ടാകുമായിരുന്നു. പക്ഷേ, ദൈവം ഈ വിവാഹോടമ്പടിയിൽ ഇടപെടുവാൻ നിശ്ചയിച്ചു: "ദാവീദിൻെറ പുത്രനായ ജോസഫ്, മറിയത്തെ നിൻെറ ഭാര്യയായി സ്വീകരിക്കാൻ ഭയപ്പെടണ്ട. കാരണം അവൾ ഗർഭംധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്" (മത്താ. 1 : 20) താനുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു പുതിയ ജീവനെ മറിയം ഗർഭം ധരിച്ചിരിക്കുന്നുവെന്നു ജോസഫിനു ബോദ്ധ്യമായി. അദ്ദേഹം നീതിമാനായിരുന്നതുകൊണ്ടും, ഇത്തരം സാഹചര്യത്തിൽ വിവാഹമോചനം നടത്തുവാൻ കടപ്പെടുത്തുന്ന പഴയനിയമം അനുസരിക്കുന്നവനാകകൊണ്ടും സ്നേഹപൂർവ്വകമായ മാർഗ്ഗത്തിലൂടെ തൻെറ വിവാഹബന്ധം അഴിക്കുവാൻ അദ്ദേഹം ആഗ്രഹിക്കുന്നു. (മത്താ. 1:19). അത് അദ്ദേഹത്തിൻെറ ദൈവവിളിക്കു ചേർന്നതായിരിക്കുകയില്ലെന്ന് കർത്താവിൻെറ മാലാഖ പറയുന്നു. യഥാർത്ഥത്തിൽ, മറിയത്തോട് അദ്ദേഹത്തെ ഒന്നിപ്പിച്ച ദാമ്പത്യസ്നേഹത്തിന് എതിരായിരിക്കും അത്. ഈ ദാമ്പത്യസ്നേഹം പൂർണ്ണമായി ഏറ്റവും മനോഹരമായ സ്നേഹമായിരിക്കണമെങ്കിൽ മറിയത്തെയും അവളുടെ പുത്രനെയും നസ്രസിലുള്ള സ്വന്തം ഭവനത്തിലേക്കു കൊണ്ടുപോകണം. ജോസഫ് ദൈവികസന്ദേശം അനുസരിച്ചു. തന്നോടു കല്പിക്കപ്പെട്ടതെല്ലാം ചെയ്തു. (മത്താ. 1:24). അങ്ങനെ, ജോസഫിൻെറ സഹായത്തോടെ *മനുഷ്യാവതാര രഹസ്യവും* അതോടൊപ്പം തിരുക്കുടുംബത്തിൻെറ രഹസ്യവും, ഭാര്യയുടെയും ഭർത്താവിൻെറയും *ദാമ്പത്യസ്നേഹത്തിൽ* അഗാധതരമാംവിധം ഉല്ലേഖിതമാ

www.malankaralibrary.com



യിത്തീർന്നു. പരോക്ഷമായി അതു മാനുഷിക കുടുംബത്തിൻെറ വംശാവലിയിലും അപ്രകാരം ഉല്ലേഖിതമായി. മഹാരഹസ്യമെന്നു വി.പൗലോസ് വിളിച്ച യാഥാർത്ഥ്യം തിരുക്കുടുംബത്തിൽ അതിൻെറ ഉദാത്തമായ പ്രകാശനം കണ്ടെത്തി. അങ്ങനെ, *കുടുംബം* പുതിയ ഉടമ്പടിയുടെ ഹൃദയാന്തർഭാഗത്തു തന്നെ യഥാർത്ഥത്തിൽ സ്ഥാനം പിടിച്ചു.

ഏറ്റവും മനോഹരമായ സ്നേഹത്തിൻെറ ചരിത്രം ഒരർത്ഥത്തിൽ, ആദിമ മാനുഷിക ദമ്പതികളായ ആദത്തോടും ഹവ്വയോടും കൂടെ തുടങ്ങിയെന്നും പറയാവുന്നതാണ്. അവർ പരീക്ഷയ്ക്കു വിധേയരായി. അതിൻെറ ഫലമായി ഉദ്ഭവപാപമുണ്ടായി. പക്ഷേ, അതൊന്നും "ഏറ്റവും മനോഹരമായ" സ്നേഹത്തിനുള്ള അവരുടെ കഴിവിനെ പൂർണ്ണമായി നശിപ്പിച്ചില്ല. തോബിത്തിൻെറ പുസ്തകം വായിക്കുമ്പോൾ ഇക്കാര്യം വ്യക്തമാക്കുന്ന ഉദാഹരണം കണ്ടെത്താം. ദമ്പതിമാരായ തോബിയാസും സാറയും തങ്ങളുടെ ഐക്യത്തിൻെറ അർത്ഥത്തെ നിർവചിക്കുമ്പോൾ ആദിമാതാപിതാക്കളായ ആദത്തെയും ഹവ്വയെയും ആശ്രയിക്കുന്നുണ്ടല്ലോ. (തോബി. 8:6) പുതിയ നിയമത്തിൽ വി.പൗലോസ് ശ്ലീഹയും ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. ക്രിസ്തുവിനെപ്പറ്റി പുതിയ ആദം എന്നു പറയുമ്പോഴാണ് അദ്ദേഹം അങ്ങനെ ചെയ്യുന്നത്. (1 കോറി.15:45) ആദ്യത്തെ ആദത്തെയും ആദ്യത്തെ ഹവ്വയെയും ശപിച്ചു തള്ളാനല്ല, അവരെ രക്ഷിക്കാനാണ് ക്രിസ്തു വരുന്നത്. ദൈവത്തിൻെറ ദാനമായി മനുഷ്യനിലുള്ള എല്ലാം നവീകരിക്കാനാണ് അവിടുന്നു വരുന്നത്. ശാശ്വതമായി നന്മയായും മനോഹരമായുമുള്ള എല്ലാത്തിനെയും, ഏറ്റവും മനോഹരമായ സ്നേഹത്തിൻെറ അടിസ്ഥാനത്തെ രൂപവത്കരിക്കുന്ന എല്ലാത്തിനെയും, നവീകരിക്കാനാണ് അവിടുന്നു വരുന്നത്. "ഏറ്റവും മനോഹരമായ സ്നേഹത്തിൻെറ" ചരിത്രം ഒരർത്ഥത്തിൽ, മനുഷ്യൻെറ *രക്ഷയുടെ* ചരിത്രമാണ്.

ഏറ്റവും മനോഹരമായ സ്നേഹം തുടങ്ങുന്നത്, എപ്പോഴും വ്യക്തി തന്നെത്തന്നെ വെളിപ്പെടുത്തുന്നതോടെയാണ്. സൃഷ്ടിയുടെ സമയത്ത് ഹവ്വ ആദത്തിനു തന്നെത്തന്നെ വെളിപ്പെടുത്തി. അതുപോലെതന്നെ ആദം തന്നെത്തന്നെ ഹവ്വക്കും വെളിപ്പെടുത്തി. ചരി

www.malankaralibrary.com



ത്രഗതിയിൽ, നവവധുവരന്മാർ ഇങ്ങനെ പറയുന്നു: 'ജീവിതപഥത്തിലൂടെ നമുക്ക് ഒന്നിച്ചു സഞ്ചരിക്കാം.' കുടുംബം അങ്ങനെ രണ്ടുപേരുടെ ചേർച്ചയായി തുടങ്ങുന്നു. കൂദാശവഴി അതു ക്രിസ്തുവിലുള്ള ഒരു സമുദായമായും തുടങ്ങുന്നു. കാരണം, സ്നേഹം യഥാർത്ഥത്തിൽ ഏറ്റവും "മനോഹര"മായിരിക്കണമെങ്കിൽ അതു ദൈവത്തിൻെറ ദാനമായിരിക്കണം; പരിശുദ്ധാത്മാവ് മനുഷ്യഹൃദയങ്ങളിൽ ഒട്ടിച്ചുചേർക്കുന്നതും അവയിൽ നിരന്തരം പരിപോഷിപ്പിക്കുന്നതുമായിരിക്കണം. (റോമ.5:5). സഭയ്ക്ക് ഇക്കാര്യത്തിൽ തികഞ്ഞ ബോധമുണ്ട്. അതുകൊണ്ട് വിവാഹാശീർവ്വാദത്തിൻെറ കുദാശയിൽ മനുഷ്യഹൃദയങ്ങളെ സന്ദർശിക്കാൻ അവൾ പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കുന്നു. സ്നേഹം യഥാർത്ഥത്തിൽ "ഏറ്റവും മനോഹരമായ സ്നേഹ"മാകണമെങ്കിൽ, ഒരു വ്യക്തി മറ്റേ വ്യക്തിക്ക് ഒരു ദാനമായിത്തീരണമെങ്കിൽ, ദാനം തന്നെ ആയിട്ടുള്ളവനും എല്ലാ ദാനങ്ങളുടെയും ഉറവിടമായിട്ടുള്ളവനുമായ ഒരുവനിൽ നിന്ന് അതു വരേണ്ടിയിരിക്കുന്നു.

മറിയത്തിൻെറയും ജോസഫിൻെറയും കാര്യത്തിൽ ഇതുതന്നെയാണു സംഭവിച്ചത്. സുവിശേഷത്തിൽ അതു രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. അവർ സോളമൻെറ പാട്ടുകളുടെ പാട്ടിൽ വിവരിച്ചിട്ടുള്ള "ഏറ്റവും മനോഹരമായ സ്നേഹ"ത്തിൻെറ അനുഭവത്തെ പുതിയ ഉടമ്പടിയുടെ പടിവാതുക്കൽ വച്ച് പുതുക്കി. മറിയത്തെപ്പറ്റി ജോസഫ് ഈ വാക്കുകളിൽ ചിന്തിച്ചു: "എൻെറ സഹോദരി എൻെറ ഭാര്യ" (ഉത്തമ.4:9) ദൈവമാതാവായ മറിയം ഏറ്റവും മനോഹരമായ സ്നേഹത്തിൻെറ സ്രോതസ്സായ പരിശുദ്ധാത്മാവിൻെറ സഹായത്താൽ ഗർഭം ധരിച്ചു. സുവിശേഷം അതിനെ "മഹാരഹസ്യ"ത്തിൻെറ സാഹചര്യത്തിൽ സൂക്ഷ്മതയോടെ സ്ഥാപിക്കുകയും ചെയ്തു.

ഏറ്റവും മനോഹരമായ സ്നേഹത്തെക്കുറിച്ചു നാം പറയുമ്പോൾ സൗന്ദര്യത്തെക്കുറിച്ചു കൂടിയാണു നാം പറയുന്നത്. സ്നേഹത്തിൻെറ സൗന്ദര്യത്തെക്കുറിച്ചും, പരിശുദ്ധാത്മാവിൻെറ ശക്തിയാൽ, അത്തരം ഒരു സ്നേഹത്തിനു കഴിവുള്ള മനുഷ്യ ജീവിയെക്കുറിച്ചുമാണു പറയുന്നത്. പുരുഷൻെറയും സ്ത്രീയുടെയും സൗന്ദര്യത്തെപ്പറ്റിയാണു നാം സംസാരിക്കുന്നത്. സഹോദരനോ സഹോദരിയോ എന്ന നിലയിലും, വിവാഹം ചെയ്യാൻ പോകുന്ന ഭാവിദമ്പതിമാരിൽ ഒരാ

www.malankaralibrary.com



ളെന്ന നിലയിലും ഭർത്താവും ഭാര്യയും എന്ന നിലയിലും അവർക്കുള്ള സൗന്ദര്യത്തെപ്പറ്റിത്തന്നെ. "ഏറ്റവും മനോഹരമായ സ്നേഹ"ത്തിന്റെ രഹസ്യത്തിലേക്കു മാത്രമല്ല സുവിശേഷം പ്രകാശം വീശുന്നത്. അതിനോടു സമാനമായ വിധത്തിൽ അഗാധമായ സൗന്ദര്യത്തിന്റെ രഹസ്യത്തിലേക്കും അതു പ്രകാശം വീശുന്നുണ്ട്. അതും, സ്നേഹമെന്നപോലെതന്നെ ദൈവത്തിൽ നിന്നുള്ളതാണ്. പുരുഷനും സ്ത്രീയും ദൈവത്തിൽ നിന്നുള്ളവരാണ്. പരസ്പരദാനങ്ങളായിത്തീരാൻ വിളിക്കപ്പെട്ട വ്യക്തികളാണ്. 'ജീവദാതാവായ' പരിശുദ്ധാത്മാവിന്റെ ആദിമദാനത്തിൽ നിന്ന് ഭാര്യയും ഭർത്താവും ആയിട്ടുള്ള പരസ്പരദാനം ഉദ്ഭവിക്കുന്നു. സഹോദരിയും സഹോദരനും തമ്മിലുള്ള ദാനത്തിൽനിന്ന് ഒട്ടും കുറവുള്ളതല്ല അത്.

ഇതെല്ലാം മനുഷ്യാവതാരരഹസ്യത്താൽ സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യവംശത്തിന്റെ ചരിത്രത്തിൽ നവീനമായൊരു സൗന്ദര്യത്തിന്റെ സ്രോതസ്സാണ് ആ രഹസ്യം. അസംഖ്യം ഉത്കൃഷ്ട കലാസൃഷ്ടികൾക്ക് അതു പ്രചോദനമേകിയിട്ടുമുണ്ട്. അദൃശ്യനായ ദൈവത്തെ മനുഷ്യരുണ്ടാക്കുന്ന വിഗ്രഹങ്ങളിലൂടെ ദൃശ്യരൂപത്തിൽ കാണിക്കരുതെന്നു കർശനമായ വിലക്കുണ്ടായിരുന്നു. (നിയമാ. 4:15-20). അതിനുശേഷം ക്രിസ്തീയ യുഗത്തിൽ കലാപരമായ ചിത്രീകരണം തുടങ്ങി. മനുഷ്യനായിത്തീർന്ന ദൈവത്തെയും അവിടുത്തെ അമ്മയായ മറിയത്തെയും വിശുദ്ധ യൗസേപ്പിനെയും, പഴയ നിയമത്തിലും പുതിയ നിയമത്തിലുമുള്ള വിശുദ്ധരെയും ക്രിസ്തു വീണ്ടെടുത്ത സർവ്വസൃഷ്ടി ലോകത്തെയും കലകളിലൂടെ ചിത്രീകരിച്ചു. അത് അങ്ങനെ സംസ്കാരവും കലയുമായി ഒരു പുതിയ ബന്ധം തുടങ്ങി. മനുഷ്യന്റെയും അവന്റെ ഭാവിയുടെയും അഗാധതമമായ മാനത്തിൽ ശ്രദ്ധ ചെലുത്തുന്ന ഈ നവീന *കലാത്മക നിയമസംഹിത* ക്രിസ്തുവിന്റെ മനുഷ്യാവതാരരഹസ്യത്തിലാണ് ഉദ്ഭവിച്ചതെന്നു പറയാം. അവിടുത്തെ ജീവിതത്തിന്റെ രഹസ്യങ്ങളിൽ നിന്നാണു പ്രചോദനം ഉൾക്കൊള്ളുന്നതെന്നും പറയാം: ബേത്‌ലെഹെമിൽ സംഭവിച്ച അവിടുത്തെ ജനനം, നസ്രസിലെ നിഗൂഢ ജീവിതം, പരസ്യ ശുശ്രൂഷ, ഗാഗുൽത്ത, ഉത്ഥാനം, മഹത്വത്തിലേക്കുള്ള അവിടുത്തെ അവസാനത്തെ തിരിച്ചുപോക്ക് എന്നിവയാണ് ആ രഹസ്യങ്ങൾ. സമകാലീന ലോകത്തിലുള്ള തന്റെ സാന്നിദ്ധ്യവും, പ്രത്യേകിച്ച് വിവാഹത്തി

www.malankaralibrary.com



ൻെറയും കുടുംബത്തിൻെറയും മഹത്വത്തെ വളർത്തുവാൻ ചെയ്യുന്ന സംഭാവനയും സഹായവും, സംസ്കാരത്തിൻെറ വികാസത്തോട് ഉറ്റ ബന്ധം പുലർത്തുന്നുവെന്നു സഭയ്ക്കു നന്നായിട്ടറിയാം. ന്യായയുക്തമായ താത്പര്യം സഭയ്ക്ക് ഇക്കാര്യത്തിലുണ്ടുതാനും. അതുകൊണ്ടുതന്നെയാണ് സാമൂഹിക സമ്പർക്കമാധ്യമങ്ങൾ സ്വീകരിക്കുന്ന ദിശയെ സംബന്ധിച്ച് സഭ ഇത്രമാത്രം താത്പര്യം കാണിക്കുന്നത്. തങ്ങളുടെ ബഹുസഹസ്രം ശ്രോതാക്കളെ *രൂപപ്പെടുത്താനും* അവരെ വിവരങ്ങൾ *അറിയിക്കാനും* അവർക്കു കടമയുണ്ടല്ലോ.[49] മാധ്യമങ്ങൾക്കുള്ള വ്യാപകവും ശക്തിയുക്തവുമായ സ്വാധീനശക്തിയെപ്പറ്റി സഭയ്ക്കു നന്നായിട്ടറിയാം. അതുകൊണ്ട് സത്യത്തെ വളച്ചൊടിച്ചു ദുരുപയോഗിക്കുന്നതിൽ നിന്നുണ്ടാകുന്ന അപകടങ്ങളെപ്പറ്റി വാർത്താവിനിമയ മാദ്ധ്യമങ്ങളുടെ പ്രവർത്തകരെ അനുസ്മരിപ്പിക്കുന്നതിൽ സഭ ഒരിക്കലും ക്ഷീണം പ്രദർശിപ്പിക്കുന്നില്ല. വാസ്തവത്തിൽ അശ്ലീലവും അക്രമവും അധീശത്വം പുലർത്തുന്ന സിനിമകളിലും പ്രദർശനങ്ങളിലും റേഡിയോ ടെലിവിഷൻ പരിപാടികളിലും എന്തു സത്യമാണുള്ളത്? അവ യഥാർത്ഥത്തിൽ *മനുഷ്യനെ സംബന്ധിച്ചുള്ള സത്യത്തിനു* സേവനം ചെയ്യുന്നുണ്ടോ? വാർത്താവിനിമയത്തിൻെറ മണ്ഡലത്തിൽ ജോലിചെയ്യുന്നവരെ സംബന്ധിച്ചും സമ്പർക്കമാദ്ധ്യമോത്പന്നങ്ങൾ നിർമ്മിക്കാനും അവകൊണ്ടു വിപണനം നടത്താനും ഉത്തരവാദിത്വമുള്ളവരെ സംബന്ധിച്ചും ഇത്തരം ചോദ്യങ്ങൾ ഒഴിവാക്കാനാവാത്തവയാണ്.

ഭൗതികവും സാംസ്കാരികവുമായ തലങ്ങളിൽ ഭാവാത്മകങ്ങളായ പല വശങ്ങളും നമ്മുടെ സമൂഹത്തിനുണ്ടെന്നതു തീർച്ചയാണ്. എന്നാലും വിവിധ വീക്ഷണ കോണുകളിലൂടെ നോക്കുമ്പോൾ ഈ സമൂഹം രോഗാതുരമാണ്; ഇതു മനുഷ്യനിൽ ആഴത്തിലുള്ള വികടതകൾ സൃഷ്ടിക്കുന്നുണ്ട്. ഇക്കാര്യം മനസ്സിലാക്കുവാൻ ഇത്തരത്തിലുള്ള വിമർശനാത്മക പരിചിന്തനം നമ്മുടെ സമൂഹത്തെ സഹായിക്കണം. എന്തുകൊണ്ടാണിതു സംഭവിക്കുന്നത്? മനുഷ്യനെ സംബന്ധിക്കുന്ന പൂർണ്ണ സത്യത്തിൽ നിന്നു നമ്മുടെ സമൂഹം വേർപെട്ടുപോയിരിക്കുന്നു എന്നതാണ് ഇതിൻെറ കാരണം. സ്ത്രീയും പുരുഷനും വ്യക്തികൾ എന്ന നിലയിൽ യഥാർത്ഥത്തിൽ എന്താണ് എന്ന സത്യത്തിൽ നിന്ന് അതു വേർപെട്ടു പോയിരിക്കുന്നു എന്നതാണു

www.malankaralibrary.com



കാരണം. അങ്ങനെ, വിവാഹത്തിൽ സംഭവിക്കുന്ന വ്യക്തികളുടെ ദാനം, മാതൃത്വത്തിനും പിതൃത്വത്തിനും സേവനം ചെയ്യുന്ന ഉത്തരവാദിത്വപൂർണ്ണമായ സ്നേഹം, പ്രത്യുത്പാദനത്തിൻെറയും വിദ്യാഭ്യാസത്തിൻെറയും യഥാർത്ഥമഹത്വം എന്നിവയുടെ യഥാർത്ഥമായ അർത്ഥം പര്യാപ്തമാംവിധം ഗ്രഹിക്കുവാൻ അതിനു കഴിയുന്നില്ല. ആരോഗ്യകരമായ ധാർമ്മികതത്വങ്ങളാൽ നയിക്കപ്പെടുന്നില്ലെങ്കിൽ സത്യത്തെ അതിൻെറ മൗലികമാനത്തിൽ സേവിക്കുവാൻ സമ്പർക്കമാധ്യമങ്ങൾക്കു കഴിയുകയില്ലെന്നു പറയുന്നത് ഒരു അതിശയോക്തിയാണോ? യഥാർത്ഥ നാടകമിതാണ്: ആധുനിക സാമൂഹിക സമ്പർക്കമാധ്യമങ്ങൾ സന്ദേശത്തെ ദുരുപയോഗിക്കാൻ പ്രലോഭിപ്പിക്കപ്പെടുന്നു. അതുവഴി *മനുഷ്യനെ സംബന്ധിച്ച സത്യത്തെ മിഥ്യയാക്കി പ്രദർശിപ്പിക്കാനും* പ്രലോഭിപ്പിക്കപ്പെടുന്നു. പരസ്യങ്ങളിലും ആധുനിക സമ്പർക്കമാധ്യമ ങ്ങളിലും കാണുന്ന പ്രതിരൂപങ്ങളോട് മനുഷ്യജീവികൾക്കു സാദൃശ്യമില്ല. മനുഷ്യജീവികൾ അവയേക്കാൾ കൂടിയവരാണ്. അവരുടെ ശാരീരികവും മാനസികവുമായ ഐക്യത്തിൽ ആത്മാവിൻെറയും ശരീരത്തിൻെറയും സംയുക്തങ്ങളെന്ന നിലയിൽ, വ്യക്തികൾ എന്ന നിലയിൽ അവർ അപ്രകാരമാണ്. സ്നേഹിക്കാൻ അവർക്കു ലഭിച്ചിരിക്കുന്ന വിളിമൂലം അവർ വളരെ ഉയർന്നവരാണ്. ആ സ്നേഹത്തിൻെറ വിളി അവരെ ആണും പെണ്ണുമെന്ന നിലയിൽ "മഹാരഹസ്യ"ത്തിൻെറ മണ്ഡലത്തിലേക്കു പ്രവേശിപ്പിക്കുന്നു.

ഈ മണ്ഡലത്തിലേക്ക് ആദ്യം പ്രവേശിച്ച വ്യക്തി മറിയമാണ്. അവൾ തൻെറ ഭർത്താവായ ജോസഫിനെ ആ മണ്ഡലത്തിലേക്കു പ്രവേശിപ്പിക്കുകയും ചെയ്തു. അങ്ങനെ അവർ "ഏറ്റവും മനോഹരമായ സ്നേഹത്തിൻെറ" *ആദിമ മാതൃകകൾ* ആയിത്തീർന്നു. യുവജനങ്ങൾക്കും ഭാര്യാഭർത്താക്കന്മാർക്കും കുടുംബങ്ങൾക്കും അതുണ്ടാകുവാൻ സഭ നിരന്തരം പ്രാർത്ഥിക്കുന്നു. യുവജനങ്ങളും ദമ്പതികളും കുടുംബങ്ങളും അതിനായി പ്രാർത്ഥിക്കുന്നതിൽ നിന്നു വിരമിക്കരുത്. മറിയത്തിനു പ്രതിഷ്ഠിക്കപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിക്കുകയും ദൈവമാതാവിൻെറ മുഖത്തേക്കും തിരുക്കുടുംബത്തിൻെറ മുഖങ്ങളിലേക്കും ഉറ്റു നോക്കുകയും ചെയ്യുന്ന ചെറുപ്പക്കാരും വാർദ്ധക്യത്തിലെത്തിയവരുമായ തീർത്ഥാടകരുടെ സമൂഹങ്ങളെപ്പറ്റി ചിന്തിക്കാതിരിക്കാൻ നമുക്ക് എങ്ങനെ കഴിയും? ദൈവം മനുഷ്യവം

www.malankaralibrary.com



ശത്തിനു നല്കിയ സ്നേഹത്തിൻെറ സമ്പൂർണ്ണ സൗന്ദര്യം അവർ അവിടെ പ്രതിഫലിച്ചു കാണുന്നുണ്ടല്ലോ.

ഗിരിപ്രഭാഷണത്തിൽ, ആറാം പ്രമാണത്തെ അനുസ്മരിച്ചുകൊണ്ട് ക്രിസ്തു ഇപ്രകാരം പ്രഘോഷിച്ചു: "വ്യഭിചാരം ചെയ്യരുതെന്നു കല്പിച്ചിട്ടുള്ളതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു. കാമാസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു" (മത്താ.5:27-28). വേദപ്രമാണങ്ങളെയും, വിവാഹത്തിൻെറയും കുടുംബത്തിൻെറയും പരമ്പരാഗത സ്ഥിരതയെ കാത്തുസൂക്ഷിക്കുക എന്ന അതിൻെറ ലക്ഷ്യത്തെയും സംബന്ധിച്ചിടത്തോളം മഹത്തായ ഒരടിമുന്നോട്ടു വയ്ക്കുന്നതിനെ ഈ വാക്കുകൾ സൂചിക്കുന്നു. വ്യഭിചാരമെന്ന പാപത്തിൻെറ ഉറവിടത്തിലേക്കുതന്നെ യേശു കടന്നുചെല്ലുന്നു. അതാകട്ടെ, മനുഷ്യൻെറ ഹൃദയാന്തർഭാഗത്താണു സ്ഥിതി ചെയ്യുന്നത്. കാമാസക്തിയുടെ അധീശത്വമുള്ള നോട്ടത്തിൻെറയും ചിന്തയുടെയും ഒരു മാർഗ്ഗത്തിലൂടെ അ തു പ്രകാശിപ്പിക്കപ്പെടുകയും ചെയ്യുന്നു. തൻെറതല്ലാത്തതും ദൈവ ത്തിൻേറതായിരിക്കുന്നതുമായ ഒരു മനുഷ്യജീവിയോട് സ്വന്തം വസ്തുവിനോടെന്നപോലെ പെരുമാറുവാൻ ശ്രമിക്കുകയാണ് കാമാസക്തിയിലൂടെ മനുഷ്യൻ ചെയ്യുന്നത്. ക്രിസ്തു തൻെറ സമകാലീനരോടു സംസാരിക്കുമ്പോൾ ഓരോ കാലഘട്ടത്തിലും ഓരോ തലമുറയിലും ഉള്ള സ്ത്രീപുരുഷന്മാരോടുമാണ് സംസാരിക്കുന്നത്. അവിടുന്നു പ്രത്യേകിച്ച് നമ്മുടെ ഈ തലമുറയോടാണു സംസാരിക്കുന്നത്. ഉപഭോഗവാദത്താലും (Consumerism) സുഖാനുഭോഗവാദത്താലും (Hedonism) മുദ്രിതമായ സമൂഹത്തിലാണല്ലോ നമ്മുടെ തലമുറ ജീവിക്കുന്നത്.

എന്തുകൊണ്ടാണു ക്രിസ്തു ഗിരിപ്രഭാഷണത്തിൽ ഇത്രമാത്രം ശക്തിയുക്തവും ഇത്രമാത്രം നിർബന്ധപൂർവ്വകവുമായ രീതിയിൽ സംസാരിച്ചത്? അതിൻെറ കാരണം പ്രസ്പഷ്ടമാണ്. *വിവാഹത്തിൻെറയും കുടുംബത്തിൻേറയും പരിശുദ്ധിയെ കാത്തുസൂക്ഷിക്കാൻ* ക്രിസ്തു ആഗ്രഹിക്കുന്നു. മനുഷ്യവ്യക്തിയെയും അവൻെറ മഹത്വത്തെയും സംബന്ധിച്ച പൂർണ്ണ സത്യത്തെ കാത്തുസൂക്ഷിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു.

www.malankaralibrary.com



ഈ സത്യത്തിൻെറ വെളിച്ചത്തിൽ മാത്രമേ കുടുംബത്തിന് "അവസാനംവരെ" മഹത്തായ "വെളിപാട്" ആയിരിക്കാൻ കഴിയുകയുള്ളു. മറ്റൊരാളെ ഒരാൾ ആദ്യമായി കണ്ടെത്തുന്നതായിരിക്കാൻ കഴിയുകയുള്ളു: ഭാര്യാ ഭർത്താക്കന്മാർ തമ്മിൽ അപ്രകാരം കണ്ടെത്തുന്നതിനും പിന്നീട് അവർക്കുണ്ടാകുന്ന ഓരോ പുത്രനെയും പുത്രിയെയും അപ്രകാരം തന്നെ കണ്ടെത്തുന്നതിനും സാധിക്കുകയുള്ളു. "ഏറ്റവും മനോഹരമായ സ്നേഹം" ഉള്ളപ്പോൾ മാത്രമേ ഭാര്യയും ഭർത്താവും തമ്മിൽ നടത്തുന്ന വാഗ്ദാനങ്ങളെല്ലാം നിറവേറ്റുവാൻ സാധിക്കുകയുള്ളു. "സൗഭാഗ്യത്തിൻെറ കാലത്തും കഷ്ടതകളുടെ കാലത്തും വിശ്വസ്തത പുലർത്താമെന്നും ജീവിതത്തിൻെറ എല്ലാദിവസങ്ങളിലും പരസ്പരം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യാമെന്നും" അവർ വാഗ്ദാനം നടത്തുന്നുണ്ടല്ലോ. ആധുനിക പൊതുജനസംസ്കാരം പറയുന്നതിൽ നിന്നു മനുഷ്യന് ഇന്ന് ഇതു പഠിക്കാൻ കഴിയുന്നില്ല. "ഏറ്റവും മനോഹരമായ സ്നേഹം" പഠിക്കുന്നത് സർവ്വോപരി, *പ്രാർത്ഥന*യിൽ നിന്നാണ്. യഥാർത്ഥത്തിൽ പ്രാർത്ഥന-വിശുദ്ധ പൗലോസ് ശ്ലീഹായുടെ ഒരു പ്രയോഗമനുസരിച്ചു പറഞ്ഞാൽ - ദൈവത്തിൽ ക്രിസ്തുവിനോടൊപ്പമുള്ള ഒരുതരം ആന്തരികനിഗൂഢതയെ തന്നോടൊപ്പം കൊണ്ടുവരുന്നുണ്ട്: "നിങ്ങളുടെ ജീവിതം ദൈവത്തിൽ ക്രിസ്തുവിനോടൊപ്പം ഒളിഞ്ഞിരിക്കുന്നു" (കൊളോ. 3 : 3). ഈ ഒളിഞ്ഞിരിക്കലിൽ മാത്രമാണ് ഏറ്റവും മനോഹരമായ സ്നേഹത്തിൻെറ സ്രോതസ്സായ പരിശുദ്ധാരൂപിയുടെ പ്രവർത്തനങ്ങളെ നമുക്കു കാണാൻ കഴിയുന്നത്. മറിയത്തിൻെറയും ജോസഫിൻെറയും ഹൃദയങ്ങളിൽ മാത്രമല്ല ഈ സ്നേഹത്തെ അവിടുന്നു ചൊരിഞ്ഞിട്ടുള്ളത്. ദൈവവചനം ശ്രവിക്കുവാൻ മനസ്സുണ്ടായിരിക്കുകയും അതു സൂക്ഷിക്കുകയും ചെയ്യുന്ന വിവാഹിതരായ എല്ലാ ദമ്പതികളുടെയും ഹൃദയങ്ങളിലും അവിടുന്ന് അതു ചൊരിഞ്ഞിട്ടുണ്ട് (ലൂക്കാ 8 : 15). ഓരോ കുടുംബ ഏകകത്തിൻെറയും ഭാവി "ഏറ്റവും മനോഹരമായ ഈ സ്നേഹ"ത്തെ ആശ്രയിച്ചിരിക്കുന്നു: ഭാര്യാ ഭർത്താക്കന്മാർ തമ്മിലും മാതാപിതാക്കളും കുട്ടികളും തമ്മിലും ഉള്ള ഈ സ്നേഹത്തെ - എല്ലാതലമുറകളെയും ആശ്ലേഷിക്കുന്ന ഈ സ്നേഹത്തെ -ആശ്രയിച്ചിരിക്കുന്നു. സ്നേഹമാണ് കുടുംബത്തിൻെറ ഐക്യത്തിൻെറയും ശക്തിയുടെയും യഥാർത്ഥസ്രോതസ്സ്.

www.malankaralibrary.com



*ജനനവും അപകടവും*

21. യേശുവിൻെറ ബാല്യകാലത്തെപ്പറ്റിയുള്ള സംക്ഷിപ്ത വിവരണം ഒരേ സമയത്തു തന്നെ അവിടുത്തെ ജനനത്തെയും പെട്ടെന്ന് അവിടുത്തേക്കു നേരിടേണ്ടിവന്ന അപകടത്തെയുംകുറിച്ചു പരാമർശിക്കുന്നു എന്നതു ശ്രദ്ധേയമാണ്. യേശു ജനിച്ചിട്ട് നാല്പതുദിവസം കഴിഞ്ഞ് ശിശുവായ അവിടുത്തെ ദൈവത്തിനു സമർപ്പിക്കാനായി ദേവാലയത്തിൽ കൊണ്ടുചെന്നു. വൃദ്ധനായ ശിമയോൻ ആ സമയത്ത് ഉദ്ഘോഷിച്ച പ്രവചനാത്മകവചസ്സുകൾ സുവിശേഷകനായ ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ട്. "പ്രകാശ"ത്തെയും വൈരുദ്ധ്യത്തിൻെറ അടയാളത്തെയുംകുറിച്ച് ശിമയോൻ സംസാരിക്കുന്നു. മറിയത്തെപ്പറ്റി അദ്ദേഹം തുടർന്നു പ്രവചിക്കുന്നു: "നിൻെറ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറുകയും ചെയ്യും" (ലൂക്കാ. 2:32-35). യേശുവിനെതിരേ ഹേറോദേസ് നടത്തിയ ഗൂഢാലോചനയെപ്പറ്റി സുവിശേഷകനായ മത്തായി പറയുന്നുണ്ട്. പിറക്കേണ്ടിയിരുന്ന പുതിയ രാജാവിനെ കാണാൻ കിഴക്കുനിന്നു ജ്യോതിശാസ്ത്രജ്ഞന്മാർ വന്നു. അവർ പറഞ്ഞതിൽനിന്നു ഹേറോദേസ് തൻെറ അധികാരത്തിനെതിരേ ഉയരുന്ന ഒരു ഭീഷണിയെ മണത്തറിയുന്നു. അവർ പോയിക്കഴിഞ്ഞപ്പോൾ, ബേത്ലെഹെമിലും അതിനു ചുറ്റുമുള്ള പട്ടണങ്ങളിലുമുള്ള രണ്ടു വയസോ അതിനു താഴെയോ പ്രായമുള്ള എല്ലാ ആൺശിശുക്കളെയും വധിക്കാൻ ഹേറോദേസ് കല്പനകൊടുത്തു. സവിശേഷമായ ദൈവിക ഇടപെടലിൻെറയും ജോസഫിൻെറ പിതൃസഹജമായ ശ്രദ്ധയുടെയും സഹായത്താൽ യേശു ഹേറോദേസിൻെറ കൈകളിൽനിന്നു രക്ഷപെടുന്നു. ജോസഫ് യേശുവിനെ അവിടുത്തേ അമ്മയോടൊപ്പം ഈജിപ്തിലേക്കു കൊണ്ടുപോയി. ഹേറോദേസിൻെറ മരണംവരെ അവർ അവിടെ താമസിച്ചു. എന്നിട്ട് തിരുക്കുടുംബം സ്വന്തം പട്ടണമായ നസ്രസിൽ തിരിച്ചെത്തി. അനേകവർഷത്തേക്കു നീണ്ടുനിന്ന അജ്ഞാതവാസം തുടങ്ങി. അനുദിനജീവിതത്തിൻെറ കടമകളുടെ വിശ്വസ്തതയോടും ഉദാരതയോടും കൂടെയുള്ള നിർവ്വഹണത്താൽ മുദ്രിതമായിരുന്നു ആ കാലഘട്ടം. (മത്താ. 2:1-23; ലൂക്ക 2: 39-52).

യേശുവിനു തൻെറ പിറവിമുതൽതന്നെ ഭീഷണികളെയും അപകടങ്ങളെയും നേരിടേണ്ടിവന്നു എന്ന വസ്തുതയ്ക്ക് പ്രവചനപരമാ

www.malankaralibrary.com



യ വാഗ്മിത്വമുണ്ട്. ഒരു കൊച്ചുകുട്ടിയായിരിക്കുമ്പോൾപ്പോലും യേശു "വൈരുദ്ധ്യത്തിന്റെ അടയാള"മാണ്. ഹേറോദേസിന്റെ കല്പനപ്രകാരം വധിക്കപ്പെട്ട നിഷ്കളങ്കരായ കുട്ടികളുടെ ദുരന്തവും പ്രവചനപരമായി വാഗ്മിത്വമുള്ളതാണ്.[50] സഭയുടെ പൗരാണികമായ ആരാധന ക്രമമനുസരിച്ച് അവർ യേശുവിന്റെ ജനനത്തിലും രക്ഷാകര പീഡാനുഭവത്തിലും ഭാഗഭാക്കുകളായി. തന്റെ ശരീരത്തിനുവേണ്ടി, അതായത് സഭയ്ക്ക് വേണ്ടി, ക്രിസ്തു സഹിച്ച പീഡകളിലുള്ളകുറവിനെ ആ ശിശുക്കൾ തങ്ങളുടെ "പീഡാസഹനം" വഴി നികത്തുന്നു (കൊളോ. 1 : 24).

ബാല്യകാല സുവിശേഷത്തിൽ, രക്ഷകന്റെ ജനനത്തിലൂടെ വിസ്മയനീയമാംവിധം സംഭവിക്കുന്ന *ജീവന്റെ പ്രഖ്യാപന*മുണ്ട്. അതിനെ ഇപ്രകാരം ജീവനോടുള്ള ഭീഷണിയുമായി വൈരുദ്ധ്യത്തിലെത്തിക്കുന്നു. മനുഷ്യാവതാരത്തിന്റെയും ക്രിസ്തുവിന്റെ ദൈവിക-മാനുഷിക യാഥാർത്ഥ്യത്തിന്റെയും രഹസ്യത്തെ സമഗ്രമായി ആശ്ലേഷിക്കുന്ന ജീവനാണത്. വചനം ശരീരമായി (യോഹ. 1 : 14). ദൈവം മനുഷ്യനായി. സഭാപിതാക്കന്മാർ ഉന്നതമായ ഈ രഹസ്യത്തിലേക്കു കൂടെക്കൂടെ നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നുണ്ട്: "നമ്മൾ ദൈവങ്ങളായിത്തീരാൻവേണ്ടി ദൈവം മനുഷ്യനായി അവതരിച്ചു"[51] ഇത് ഒരു വിശ്വാസസത്യമാണ്, അതുപോലെതന്നെ മനുഷ്യജീവിയെപ്പറ്റിയുള്ള സത്യവുമാണ്. തന്റെ അമ്മയുടെ ഗർഭപാത്രത്തിൽ ജീവിക്കുന്ന ശിശുവിന്റെ ജീവന്റെമേലുള്ള എല്ലാ കയ്യേറ്റങ്ങളുടെയും ഗൗരവത്തെ ഇതു വ്യക്തമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഏറ്റവും മനോഹരമായ സ്നേഹത്തിനു കടകവിരുദ്ധമായതെല്ലാം നാം കണ്ടുമുട്ടുന്നു. ഒരു വ്യക്തിക്ക് "ഉപയോഗ"ത്തിൽ മാത്രമേ താത്പര്യമുള്ളു എങ്കിൽ സ്നേഹത്തിന്റെ ഫലത്തെ വധിച്ചുകൊണ്ട് സ്നേഹത്തെ കൊല്ലാൻ കഴിയും... "ഉദരത്തിന്റെ അനുഗ്രഹീതഫലം (ലൂക്കാ 1 : 42) ഉപയോഗത്തിന്റെ സംസ്കാരത്തെ സംബന്ധിച്ചിടത്തോളം, ഒരർത്ഥത്തിൽ, "ശപിക്കപ്പെട്ട ഫല"മായിത്തീരുന്നു.

പല രാജ്യങ്ങളിലും ഭരണഘടനാധിഷ്ഠിതരാഷ്ട്രങ്ങൾ ഈ വിഷയത്തിൽ സമ്മതിച്ചുകൊടുക്കുന്ന തെറ്റുകളെപ്പറ്റി ഓർക്കാതിരിക്കാൻ

www.malankaralibrary.com



നമുക്ക് എങ്ങനെ കഴിയും? മനുഷ്യജീവനെ സംബന്ധിച്ച് ദൈവത്തിന്റെ നിയമം അസന്നിഗ്ദ്ധവും സുനിശ്ചിതവുമാണ്. ദൈവം കല്പിക്കുന്നു: "നീ കൊല്ലരുത്" (പുറ. 20 : 13). തന്മൂലം നിനക്കു കൊല്ലാൻ അനുവാദമുണ്ടെന്നോ നിനക്കു കൊല്ലാൻ അവകാശമുണ്ടെന്നോ നീ കൊല്ലണമെന്നോ പ്രസ്താവിക്കുവാൻ ഒരു മാനുഷികനിയമദാതാവിനും സാദ്ധ്യമല്ല. പക്ഷേ, നമ്മുടെ നൂറ്റാണ്ടിന്റെ ചരിത്രത്തിൽ അത് യഥാർത്ഥത്തിൽ സംഭവിച്ചു. അതൊരു ദുരന്തം തന്നെ. ചില രാഷ്ട്രീയ ശക്തികൾ അധികാരത്തിലെത്തി - ജനാധിപത്യപരമായ മാർഗ്ഗങ്ങളിൽക്കൂടിപ്പോലും അധികാരത്തിലെത്തി -ഓരോ മനുഷ്യജീവിക്കും ജീവിക്കാനുള്ള അവകാശത്തിനെതിരേ നിയമങ്ങൾ പാസ്സാക്കിയപ്പോൾ അതു സംഭവിച്ചു. വർഗ്ഗോന്നതിപരമോ (Eugenic) വംശപരമോ (ethnic) ആയ കാരണങ്ങളുടെയോ മറ്റേതെങ്കിലും കാരണങ്ങളുടെയോ പേരിലാണ് അങ്ങനെ ചെയ്യുന്നത്. അവ അടിസ്ഥാനരഹിതങ്ങളാണ്, തെറ്റുകളുമാണ്. ഗർഭധാരണത്തിന്റെ നിമിഷം മുതൽ ജീവിക്കാനുള്ള അവകാശത്തെ ബഹുമാനിക്കുന്നതിൽ പരാജയപ്പെടുന്ന നിയമങ്ങളുടെ പ്രതിഭാസവും ഇതുപോലെതന്നെ ഗൗരവമുള്ള ഒന്നാണ്. കാരണം, അത് വ്യാപകമായ മൗനാനുവാദവും പൊതുജനസമ്മതിയും കണ്ടെത്തുന്നുണ്ട്. പിറന്നിട്ടില്ലെങ്കിലും മാതൃഗർഭത്തിൽ ജീവിക്കുന്ന മനുഷ്യജീവിയെ കൊല്ലുവാൻ അനുവദിക്കുന്ന നിയമങ്ങളെ ധാർമ്മികമായി എങ്ങനെ അംഗീകരിക്കാനാണ്? സ്വന്തം പദ്ധതികളെ നടപ്പിലാക്കാനും സ്വന്തം താത്പര്യങ്ങളെ പിന്തുടരാനും വേണ്ടി നിയമനിർമ്മാണസമിതികളെ തന്ത്രപൂർവ്വം ദുരുപയോഗിക്കുകപോലും ചെയ്യുന്ന പ്രായമായവരെ സംബന്ധിച്ചും ജീവിക്കാനുള്ള അവകാശം അനന്യമായ, മുൻകൂട്ടിയുള്ള വിശേഷാവകാശമാണ്.

ജീവനെതിരേയുള്ള അപരിമേയമായ ഭീഷണിയെയാണു നാം നേരിടുന്നത്. വ്യക്തികളുടെ ജീവനെതിരേ മാത്രമല്ല നാഗരികതയുടെ തന്നെ ജീവനെതിരേയും ഉണ്ടാകുന്ന ഭീഷണിയാണിത്. നാഗരികത ചില മേഖലകളിൽ "മരണത്തിന്റെ നാഗരികത"യായിത്തീർന്നിരിക്കുന്നു എന്ന പ്രസ്താവന, നമ്മെ അസ്വസ്ഥചിത്തരാക്കുന്ന രീതികളിൽ, സ്ഥിരീകരിക്കപ്പെട്ടിരിക്കുകയാണ്. യേശുവിന്റെ ജനനം അവിടുത്തെ ജീവനെതിരേയുള്ള ഭീഷണിയോടുകൂടെയാണു സംഭവിച്ചത്. അതു പ്രവാചകപരമായ ഒരു സംഭവമായിരുന്നില്ലേ? അതേ,

www.malankaralibrary.com



ഒരേസമയം മനുഷ്യപുത്രനും ദൈവപുത്രനുമായിരുന്നവൻെറ ജീവനു പോലും ഭീഷണിനേരിട്ടു. അതിൻെറ ആരംഭത്തിൽത്തന്നെ അതു അപകടത്തിലായി. അദ്ഭുതംവഴി മാത്രമാണ് അവിടുന്നു അപമൃത്യുവിൽ നിന്നു രക്ഷപെട്ടത്.

എന്നിരുന്നാലും, മനസ്സാക്ഷി വീണ്ടും ഉണരുന്നതിൻെറ ആശ്വാസപ്രദമായ ചില അടയാളങ്ങൾ കഴിഞ്ഞ കുറച്ചുദശകങ്ങളായി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ബുദ്ധിജീവികളുടെയിടയിലും പൊതുജനാഭിപ്രായത്തിലും അങ്ങനെ സംഭവിച്ചിട്ടുണ്ട്. ഗർഭധാരണത്തിൻെറ ആദ്യനിമിഷം മുതൽ ജീവനോടുണ്ടായിരിക്കേണ്ട ബഹുമാനത്തെക്കുറിച്ച് നവീനവും വർദ്ധമാനവുമായ ഒരു ബോധം പ്രത്യേകിച്ചും യുവജനങ്ങളിൽ ഇന്നുണ്ട്. "ജീവനുവേണ്ടി" നിലകൊള്ളുന്ന പ്രസ്ഥാനങ്ങൾ വ്യാപകമാകാൻ തുടങ്ങുകയാണ്. കുടുംബത്തിൻെറയും മനുഷ്യവംശം മുഴുവൻെറയും ഭാവിയെപ്പറ്റിയുള്ള പ്രത്യാശയുടെ പുളിമാവാണത്.

## *നിങ്ങൾ എന്നെ സ്വാഗതം ചെയ്തു*

22. ലോകത്തെങ്ങുമുള്ള വിവാഹിതരായ ദമ്പതിമാരേ, കുടുംബങ്ങളേ, മണവാളൻ നിങ്ങളോടൊപ്പമുണ്ട്. യു.എൻ.ഒ.യും സഭയും കുടുംബത്തിനായി സമർപ്പിച്ച ഈ വർഷത്തിൽ മാർപാപ്പ നിങ്ങളോടു പറയാൻ ആഗ്രഹിക്കുന്നത് അതാണ്: "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനു തൻെറ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. ദൈവം തൻെറ പുത്രനെ ലോകത്തിലേക്ക് അയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല, പ്രത്യുത, അവൻവഴി ലോകം രക്ഷപ്രാപിക്കാനാണ്" (യോഹ. 3 : 16-17). "മാംസത്തൽ നിന്നു ജനിക്കുന്നതു മാംസമാണ്. ആത്മാവിൽ നിന്നു ജനിക്കുന്നത് ആത്മാവും. നിങ്ങൾ വീണ്ടും ജനിക്കണം..." (യോഹ. 3 : 6-7) നിങ്ങൾ "ജലത്താലും പരിശുദ്ധാത്മാവിനാലും" (യോഹ. 3 : 5) ജനിക്കണം. പ്രിയ മാതാപിതാക്കന്മാരേ, പരിശുദ്ധാത്മാവിലുള്ള ഈ പുനർജനനത്തിൻെറ *ആദിമസാക്ഷികളും* സേവകരും നിങ്ങൾതന്നെയാണ്. നിങ്ങൾ ഈ ലോകത്തിൽ കുട്ടികളെ ജനിപ്പിക്കുമ്പോൾ ദൈവത്തിനു വേണ്ടിയും ജനിപ്പിക്കുകയാണെന്ന വസ്തുത ഒരിക്കലും മറക്കരുത്. പരിശുദ്ധാത്മാവിലുള്ള അവരുടെ ജനനത്തെ ദൈവം ആഗ്രഹിക്കുന്നു. "ദൈവമക്കളാ

www.malankaralibrary.com



കുവാൻ ശക്തിനല്കുന്ന" (യോഹ. 1 : 12) ഏകജാതനിൽ അവർ ദത്തുമക്കളായിരിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു. രക്ഷാകര കർമ്മം ലോകത്തിൽ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്നു. സഭയിലൂടെയാണ് അതു നിർവഹിക്കപ്പെടുന്നത്. ദൈവിക മണവാളനായ ദൈവപുത്രൻെറ പ്രവൃത്തിയാണിതെല്ലാം. അവൻ തൻെറ പിതാവിൻെറ രാജ്യം നമുക്കുതന്നു. "ദൈവരാജ്യം നിങ്ങളുടെയിടയിലാണ്" (ലൂക്കാ 17 : 21) എന്ന് അവിടുന്നു തൻെറ ശിഷ്യരായ നമ്മെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നുണ്ട്.

"പിതാവിൻെറ വലത്തുഭാഗത്തിരിക്കുന്ന" യേശുക്രിസ്തു, ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ വരുമെന്ന് നമ്മുടെ വിശ്വാസം നമ്മോടു പറയുന്നു. എന്നാൽ, ക്രിസ്തുവിനെ ലോകത്തിലേക്ക് അയച്ചതു ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല, പ്രത്യുത അവനിലൂടെ ലോകം രക്ഷിക്കപ്പെടാനാണ്" (യോഹ. 3 : 17) എന്ന് യോഹന്നാൻ എഴുതിയ സുവിശേഷം ഉറപ്പുപറയുകയും ചെയ്യുന്നു. അപ്പോൾ ഈ വിധിക്കൽ എന്തിലാണ് അടങ്ങിയിരിക്കുന്നത്? ക്രിസ്തു തന്നെ ഇതിന് ഉത്തരം നല്കുന്നു: "ഇതാണു ശിക്ഷാവിധി: പ്രകാശം ലോകത്തിലേക്കുവന്നു... സത്യം പ്രവർത്തിക്കുന്നവൻ വെളിച്ചത്തിലേക്കു വരുന്നു. അങ്ങനെ അവൻെറ പ്രവൃത്തികൾ ദൈവൈക്യത്തിൽ ചെയ്യപ്പെട്ടവയാണെന്നു വെളിപ്പെടുന്നു" (യോഹ.3:19,21). അടുത്തകാലത്ത് സത്യത്തിൻെറ പ്രഭ (Splendor Veritatis) എന്ന ചാക്രിക ലേഖനവും ഇക്കാര്യം നമ്മെ ഓർമ്മിപ്പിച്ചു.[52] അപ്പോൾ യേശു ഒരു വിധിയാളനാണോ? നിങ്ങൾ അറിയുന്ന സത്യത്തിൻെറ വെളിച്ചത്തിൽ *നിങ്ങളുടെ പ്രവൃത്തികൾ തന്നെ* നിങ്ങളെ വിധിക്കും. മാതാപിതാക്കളും പുത്രീപുത്രന്മാരും അവരുടെ പ്രവൃത്തികളാൽ വിധിക്കപ്പെടും. ഈ എഴുത്തിൽ ചർച്ചചെയ്യപ്പെട്ട നാല്, അഞ്ച്, ആറ്, ഒമ്പത് എന്നീ കല്പനകൾ ഉൾപ്പെടെയുള്ള വേദപ്രമാണങ്ങൾക്കനുസൃതമായി നമ്മിൽ ഓരോരുത്തരും വിധിക്കപ്പെടും. എന്നാൽ ആത്യന്തികമായി സ്നേഹത്തെ സംബന്ധിച്ച് വിധിക്കപ്പെടും. അത് വേദപ്രമാണങ്ങളുടെ അത്യഗാധമായ അർത്ഥവും സംഗ്രഹവുമാണ്. കുരിശിൻെറ വി. യോഹന്നാൻ എഴുതിയതുപോലെ, "ജീവിതസായാഹ്നത്തിൽ സ്നേഹത്തെ സംബന്ധിച്ച് നാം വിധിക്കപ്പെടും."[53] രക്ഷകനും മനുഷ്യവംശത്തിൻെറ മണവാളനുമായ ക്രിസ്തു "ജനിച്ചതും ലോകത്തിലേക്കു

www.malankaralibrary.com



വന്നതും സത്യത്തിനുസാക്ഷ്യം വഹിക്കാൻ വേണ്ടിയാണ്. സത്യത്തിൽ നിന്നുള്ളവരെല്ലാം അവൻെറ സ്വരം ശ്രവിക്കും" (യോഹ. 18: 37). ക്രിസ്തു വിധിയാളനായിരിക്കും. പക്ഷേ അന്ത്യവിധിയെപ്പറ്റി പ്രസ്താവിച്ചപ്പോൾ അവിടുന്നു പറഞ്ഞ രീതിയിലായിരിക്കും വിധിയാളനായിരിക്കുക (മത്താ. 25 : 31-46). സ്നേഹത്തെ സംബന്ധിച്ചുള്ള ഒരു വിധിയായിരിക്കും അവിടുത്തേത്. മണവാളൻ നമ്മോടുകൂടിയായിരുന്നു എന്ന സത്യത്തെ കൃത്യമായി സ്ഥിരീകരിക്കുന്ന വിധിയായിരിക്കും അത്. അവിടുത്തെ സാന്നിദ്ധ്യത്തെപ്പറ്റി നമ്മൾ ചിലപ്പോൾ ബോധവാന്മാരായിരുന്നിരിക്കയില്ല.

വിധിയാളൻ സഭയുടെയും മനുഷ്യവംശത്തിൻെറയും മണവാളനാണ്. അതുകൊണ്ടാണ് തൻെറ വിധിപ്രസ്താവിക്കുമ്പോൾ ഇങ്ങനെ പറയുന്നത്: "എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ... എന്തെന്നാൽ എനിക്കു വിശന്നു. നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്കു ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നു. ഞാൻ പരദേശിയായിരുന്നു, നിങ്ങൾ എന്നെ സ്വീകരിച്ചു. ഞാൻ നഗ്നനായിരുന്നു. നിങ്ങൾ എന്നെ ഉടുപ്പിച്ചു". (മത്താ. 25 : 34-36). തീർച്ചയായും ഈ ലിസ്റ്റ് ഇനിയും ദീർഘിപ്പിക്കാവുന്നതാണ്. വിവാഹജീവിതത്തെയും കുടുംബജീവിതത്തെയും സംബന്ധിച്ച പ്രസക്തങ്ങളായ വേറെ അസംഖ്യം പ്രശ്നങ്ങളെ ഇവയോടുകൂട്ടിച്ചേർക്കാനും കഴിയും. അവിടെ താഴെക്കാണും വിധമുള്ള പ്രസ്താവനകൾ കാണും; "ഇനിയും പിറക്കാത്ത ശിശുവായിരുന്നു ഞാൻ, ജനിക്കാൻ അനുവദിച്ചുകൊണ്ട് നിങ്ങൾ എന്നെ സ്വാഗതം ചെയ്തു". "ഞാൻ പരിത്യക്തനായ ശിശുവായിരുന്നു, നിങ്ങൾ എൻെറ കുടുംബമായിത്തീർന്നു". "ഞാൻ ഒരനാഥനായിരുന്നു നിങ്ങൾ എന്നെ ദത്തെടുക്കുകയും നിങ്ങളുടെ കുട്ടികളിൽ ഒരാളായി വളർത്തുകയും ചെയ്തു". വീണ്ടും ഇങ്ങനെയുള്ള പ്രസ്താവനകൾ കാണും: "മനസ്സിൽ അനിശ്ചിതത്വം നിറഞ്ഞവരും, തെറ്റായ സമ്മർദ്ദത്തിനു വിധേയരുമായ അമ്മമാർ തങ്ങളുടെ ഗർഭസ്ഥ ശിശുക്കളെ സ്വാഗതം ചെയ്യാനും ജനിക്കാൻ അനുവദിക്കാനും നിങ്ങൾ സഹായിച്ചു". "വലിയ കുടുംബങ്ങളെയും ക്ലേശിക്കുന്ന കുടുംബങ്ങളെയും, ദൈവം അവർക്കു നല്കിയ കുട്ടികളെ സംരക്ഷിക്കാനും വിദ്യാഭ്യാസം ചെയ്യിക്കാനും, നിങ്ങൾ സഹായിച്ചു". ഈ ലിസ്റ്റ് ദീർഘവും വിശദവുമാക്കിക്കൊണ്ട് തുടർന്നു വർദ്ധിപ്പിക്കാൻ നമുക്കു സാധിക്കും.

www.malankaralibrary.com



സ്നേഹം പ്രകാശിപ്പിക്കപ്പെടുന്ന ധാർമ്മികവും മാനുഷികവുമായ യഥാർത്ഥ നന്മയുടെ എല്ലാ ഇനങ്ങളും കൂട്ടിച്ചേർത്ത് ഈ ലിസ്റ്റു വർദ്ധിപ്പിക്കാൻ കഴിയും. പിതാവ് വിധിക്കൽ ആരെ ഏല്പിച്ചിരിക്കുന്നുവോ ആ ലോകരക്ഷകൻ കൊയ്യാൻ വരുന്ന *മഹത്തായ വിളവ്* ഇതാണ്. ഇത് ദൈവവരപ്രസാദത്തിൻെറയും സത്പ്രവൃത്തികളുടെയും വിളവാണ്. ലോകത്തിലും സഭയിലും എന്നെന്നും പ്രവർത്തന നിരതനായിരിക്കുന്ന പരിശുദ്ധാത്മാവിലുള്ള മണവാളൻെറ നിശ്വസനം വഴി പാകമായ വിളവാണത്. ഓരോ നല്ല ദാനത്തിൻെറയും ദാതാവായവന് ഇവയ്ക്കെല്ലാം വേണ്ടി നമുക്കു കൃതജ്ഞതയർപ്പിക്കാം.

എന്നാൽ മത്തായിയുടെ സുവിശേഷപ്രകാരം അന്തിമവിധി മറ്റൊരു ലിസ്റ്റും ഉൾക്കൊള്ളുന്നുണ്ടെന്നു നമുക്കറിയാം. ഗാംഭീര്യമുള്ളതും ഭീതിജനകവുമായ ലിസ്റ്റാണത്: "എന്നിൽനിന്നു അകന്നു പോകുവിൻ....എന്തുകൊണ്ടെന്നാൽ എനിക്കു വിശന്നു, നിങ്ങൾ ആഹാരം തന്നില്ല. എനിക്കു ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നില്ല. ഞാൻ പരദേശിയായിരുന്നു നിങ്ങൾ എന്നെ സ്വീകരിച്ചില്ല. ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല" (മത്താ.25:41-43). ഈ ലിസ്റ്റിനോട് മറ്റു പെരുമാറ്റരീതികൾകൂട്ടിച്ചേർക്കാൻ കഴിയും. അവയിൽ, ഓരോ സംഭവത്തിലും, യേശു സന്നിഹിതനായിരിക്കുകയും പരിത്യജിക്കപ്പെട്ടവനായിരിക്കുകയും ചെയ്യുന്നു. ഈ വിധത്തിൽ ക്രിസ്തു പരിത്യജിക്കപ്പെട്ട ഭാര്യയോടോ ഭർത്താവിനോടോ താദാത്മ്യപ്പെടും. അല്ലെങ്കിൽ ഗർഭസ്ഥനാവുകയും പരിത്യജിക്കപ്പെടുകയും ചെയ്യുന്ന ശിശുവിനോടു താദാത്മ്യപ്പെടും: "നിങ്ങൾ എന്നെ സ്വാഗതം ചെയ്തില്ല"! ഈ വിധി പ്രസ്താവനയും നമ്മുടെ കുടുംബങ്ങളുടെ ചരിത്രത്തിലുടനീളം കാണാനാവും. നമ്മുടെ രാജ്യങ്ങളുടെയും മനുഷ്യവംശം മുഴുവൻെറയും ചരിത്രത്തിലെങ്ങും ഇതു കാണാനാവും. "നിങ്ങൾ എന്നെ സ്വീകരിച്ചില്ല." എന്ന ക്രിസ്തുവിൻെറ വാക്കുകൾ സാമൂഹിക സ്ഥാപനങ്ങളെയും ഗവൺമെൻറുകളെയും അന്താരാഷ്ട്ര സംഘടനകളെയും സ്പർശിക്കുന്നുണ്ട്.

"ലോകാവസാനംവരെ യേശു തീവ്രവേദനയിലായിരിക്കും."[54] എന്നു പാസ്കൽ എഴുതുകയുണ്ടായി. ഗദ്സേമൻ തോട്ടത്തിലെ തീവ്രവേദനയും ഗാഗുൽത്തായിലെ തീവ്രവേദനയും സ്നേഹത്തിൻെറ

www.malankaralibrary.com



വെളിപാടിന്റെ *പരമകോടിയാണ്.* ആ രണ്ടു രംഗങ്ങളും നമ്മോടൊപ്പമുള്ളവനും, എന്നെന്നും പുതുതായി സ്നേഹിക്കുന്നവനും "നമ്മെ അവസാനം വരെ സ്നേഹിക്കുന്നവനും" (യോഹ. 13:1) ആയ മണവാളനെ വെളിപ്പെടുത്തുന്നു. ക്രിസ്തുവിലുള്ളതും വ്യക്തികളുടെയും കുടുംബങ്ങളുടെയും ചരിത്രങ്ങളുടെ സീമകൾക്കപ്പുറത്തേയ്ക്കു ക്രിസ്തുവിൽ നിന്ന് ഒഴുകുന്നതുമായ സ്നേഹം മനുഷ്യചരിത്രത്തിന്റെയെല്ലാം അതിർത്തികൾക്കപ്പുറത്തേക്കു പ്രവഹിക്കുന്നു.

പ്രിയ സഹോദരീ സഹോദരന്മാരെ, ഈ പരിചിന്തനങ്ങളുടെ അവസാനം, കുടുംബവർഷത്തിൽ വിവിധ പ്രസംഗപീഠങ്ങളിൽനിന്നു പ്രഘോഷിക്കപ്പെടാൻ പോകുന്നതിനെ മുമ്പിൽക്കണ്ടുകൊണ്ട്, നിങ്ങളോടൊപ്പം വിശ്വാസപ്രഖ്യാപനത്തെ പുതുക്കുവാൻ ഞാനാഗ്രഹിക്കുന്നു. പത്രോസ്ശ്ലീഹാ ക്രിസ്തുവിനോടു പ്രഖ്യാപിച്ച വിശ്വാസപ്രഖ്യാപനമാണത്: "അനശ്വര ജീവിതത്തിന്റെ വചസ്സുകൾ നിന്റെ പക്കലുണ്ട്" (യോഹ.6:68). ഇതോടൊപ്പം നമുക്കും പറയാം: "കർത്താവേ, നിന്റെ വാക്കുകൾ കടന്നുപോവുകയില്ല."(മർക്കോ.13:31) കുടുംബവർഷത്തെ സംബന്ധിച്ച സുദീർഘമായ ഈ ധ്യാനത്തിന്റെ അവസാനത്തിൽ, മാർപാപ്പായ്ക്കു നിങ്ങളെ സംബന്ധിച്ചിടത്തോളമുള്ള ആഗ്രഹം എന്താണ്? "ആത്മാവും ജീവനും" (യോഹ.6:63) ആയിട്ടുള്ള ഈ വാക്കുകൾക്കു ചേർന്നവരായിരിക്കണമെന്ന പ്രാർത്ഥനയാണത്.

## ആന്തരികമനുഷ്യനാൽ ശക്തിപ്രാപിച്ച്

23. "ആന്തരികമനുഷ്യനിലുള്ള തന്റെ പരിശുദ്ധാത്മാവിലൂടെ നിങ്ങളെ ശക്തിപ്പെടുത്തുവാൻ" (എഫേ. 3 : 16) എല്ലാ പിതൃത്വത്തിന്റെയും മാതൃത്വത്തിന്റെയും പേരിനു ഹേതുഭൂതനായ പിതാവിന്റെ മുമ്പിൽ ഞാൻ എന്റെ മുട്ടുകൾ മടക്കുന്നു. ഈ കത്തിന്റെ ആരംഭത്തിൽ ഞാൻ സൂചിപ്പിച്ച അപ്പസ്തോലന്റെ ഈ വാക്കുകളിലേക്ക് ഞാൻ സ്വമനസാ തിരിച്ചുപോകുന്നു. ഒരർത്ഥത്തിൽ അവ കേന്ദ്രസ്ഥാനീയങ്ങളായ വാക്കുകളാണ്. *കുടുംബം, പിതൃത്വം, മാതൃത്വം എന്നിവയെല്ലാം ഒന്നിച്ചു പോകുന്നവയാണ്.* അപ്പസ്തോലൻ പറയുന്ന ആന്തരിക മനുഷ്യൻ രൂപപ്പെടുന്ന ആദിമ മാനുഷിക പശ്ചാത്തലം കുടുംബമാണ്. ശക്തിയിലും ഊർജ്ജസ്വലതയിലുമുള്ള ആന്തരികമനു

www.malankaralibrary.com



ഷ്യന്റെ വളർച്ച, പരിശുദ്ധാത്മാവിലൂടെ, പിതാവിന്റെയും പുത്രന്റെയും ഒരു ദാനമാണ്.

കുടുംബവർഷം നമ്മുടെ മുമ്പിൽ, സഭയിൽ, ബൃഹത്തായ ഒരു ദൗത്യമാണു പ്രതിഷ്ഠിക്കുന്നത്. ഓരോ വർഷവും ഓരോ ദിവസവും കുടുംബങ്ങൾ നേരിടുന്ന ദൗത്യത്തിൽ നിന്ന് അത് ഒട്ടും വ്യത്യസ്തമല്ല. എന്നിരുന്നാലും ഈ വർഷത്തിന്റെ സാഹചര്യത്തിൽ ആ ദൗത്യത്തിനു സവിശേഷമായ അർത്ഥവും പ്രാധാന്യവുമുണ്ട്. നസ്രസിൽ നടത്തിയ തിരുക്കുടുംബാഘോഷത്തിൽ വച്ചാണ് കുടുംബവർഷാചരണം നാം തുടങ്ങിയത്. മനുഷ്യവംശത്തിന്റെ ചരിത്രത്തിൽ *തിരുക്കുടുംത്തിന്റെ പ്രാർത്ഥനാലയ*മായിത്തീർന്ന വരപ്രസാദത്തിന്റെ ആ സ്ഥലത്തേക്ക് ഈ വർഷം മുഴുവനും തീർത്ഥയാത്ര നടത്താൻ നാം ആഗ്രഹിക്കുന്നു. ആരംഭകാലംമുതൽ *സഭയുടെ നിക്ഷേപമായിരുന്ന* കുടുംബപരമായ സത്യത്തിന്റെ ആ പൈതൃകത്തെപ്പറ്റി വീണ്ടും ബോധവാനാകുന്നതിനുവേണ്ടിയാണ് ഈ തീർത്ഥാടനം നടത്താൻ നാം ആഗ്രഹിക്കുന്നത്. പഴയ ഉടമ്പടിയുടെ സമ്പന്നമായ പാരമ്പര്യത്തിൽ നിന്നു വളരുന്ന ഒരു നിക്ഷേപമാണത്. പുതിയ ഉടമ്പടിയിൽ അതു പൂർണ്ണമായി. എല്ലാ കുടുംബങ്ങൾക്കും ദൈവിക മണവാളൻ രക്ഷ കൊണ്ടുവരുന്ന തിരുക്കുടുംബത്തിന്റെ രഹസ്യത്തിൽ അതു സമ്പൂർണ്ണമായ പ്രതീകാത്മകപ്രകാശനം കണ്ടെത്തുകയും ചെയ്യുന്നു. അവിടെനിന്നു യേശു *കുടുംബത്തിന്റെ സുവിശേഷം* പ്രഘോഷിക്കുന്നു. അപ്പസ്തോലന്മാർ തുടങ്ങിയുള്ള ക്രിസ്തുശിഷ്യന്മാരുടെ എല്ലാ തലമുറകളും സത്യത്തിന്റെ ഈ നിക്ഷേപത്തിൽ നിന്നു ശേഖരിച്ചിട്ടുണ്ട്. അവരുടെ പ്രബോധനങ്ങളിൽ നിന്ന് ഈ എഴുത്തിൽ നാം കൂടെക്കൂടെ ഉദ്ധരിച്ചിട്ടുണ്ടല്ലോ.

നമ്മുടെ ഇക്കാലത്ത്, രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകളിൽ ഈ നിക്ഷേപത്തിന്റെ ആഴത്തിലുള്ള പരിശോധന നടന്നിട്ടുണ്ട്[55]. പന്ത്രണ്ടാം പീയൂസ് മാർപാപ്പ നവവധൂവരന്മാർക്കായി നടത്തിയ അനേകം പ്രഭാഷണങ്ങളിലും[56], പോൾ ആറാമൻ മാർപാപ്പ എഴുതിയ മനുഷ്യജീവൻ (Humanae Vitae) എന്നു തുടങ്ങുന്ന ചാക്രികലേഖനത്തിലും; കുടുംബത്തെ സംബന്ധിച്ച മെത്രാന്മാരുടെ സിനഡിൽ (1980) നടത്തിയ പ്രസംഗങ്ങളിലും, കുടുംബം ഒരു കൂ

www.malankaralibrary.com



ട്ടായ്മ (Familiaris Consortio) എന്ന അപ്പസ്തോലികാഹ്വാനത്തിലും (1981) അതിൻെറ സൂക്ഷ്മമായ അപഗ്രഥനം നാം നടത്തിയിട്ടുണ്ട്. സഭയുടെ പ്രബോധനാധികാരത്തിൻെറ ഈ പ്രസ്താവനകളെപ്പറ്റി ഞാൻ പറഞ്ഞുകഴിഞ്ഞതാണ്. ഇപ്പോൾ ഞാൻ അവയെപ്പറ്റി വീണ്ടും പ്രസ്താവിക്കുന്നത്, കുടുംബത്തെപ്പറ്റിയുള്ള ക്രൈസ്തവ സത്യത്തിൻെറ നിക്ഷേപം എത്ര വിപുലവും സമ്പന്നവുമാണെന്ന് ഊന്നിപ്പറയാനാണ്. എന്നിരുന്നാലും, എഴുതപ്പെട്ട സാക്ഷ്യങ്ങൾ മാത്രം മതിയാവുകയില്ല. അവയേക്കാൾ ഏറെ പ്രാധാന്യമർഹിക്കുന്നത് ജീവിച്ചുകാണിക്കുന്ന സാക്ഷ്യങ്ങളാണ്. പോൾ ആറാമൻ മാർപാപ്പ പറഞ്ഞതുപോലെ "സമകാലീന മനുഷ്യൻ അദ്ധ്യാപകരെ എന്നതിനേക്കാൾ കൂടുതൽ സാക്ഷ്യങ്ങളെയാണ് സ്വമനസാ ശ്രവിക്കുന്നത്. അവൻ അദ്ധ്യാപകരെ ശ്രവിക്കുന്നുണ്ടെങ്കിൽ അത് അവർ സാക്ഷികളായതുകൊണ്ടാണ്.[57] സഭയിൽ കുടുംബത്തിൻെറ നിക്ഷേപത്തെ പ്രഥമവും പ്രധാനവുമായി സാക്ഷികളെയാണ് ഏല്പിച്ചത്. തങ്ങളുടെ മാനുഷികവും ക്രൈസ്തവവുമായ ദൈവവിളിയുടെ മാർഗ്ഗത്തെ കുടുംബത്തിലൂടെ കണ്ടെത്തിയ മാതാപിതാക്കളെയും പുത്രീപുത്രന്മാരെയുമാണ് ഏല്പിച്ചത്. അപ്പസ്തോലൻ പറയുന്ന ആന്തരികമനുഷ്യൻെറ (എഫേ. 3 : 16) മാനത്തെ കണ്ടെത്തുകയും അങ്ങനെ വിശുദ്ധിപ്രാപിക്കുകയും ചെയ്തവരെത്തന്നെ. *തിരുക്കുടുംബം അസംഖ്യം തിരുക്കുടുംബങ്ങളുടെ ആരംഭമാണ്.* വിശുദ്ധി പ്രാപിക്കുക എന്നത് മാമ്മോദീസ സ്വീകരിച്ച എല്ലാവർക്കും ലഭിച്ചിട്ടുള്ള വിളിയാണെന്നു കൗൺസിൽ അനുസ്മരിച്ചു[58]. കഴിഞ്ഞകാലങ്ങളിലെന്നപോലെ നമ്മുടെ ഇക്കാലത്തും "കുടുംബ സുവിശേഷ"ത്തിനുള്ള സാക്ഷികളുടെ അഭാവമില്ല. അവർ സുപ്രസിദ്ധരായിട്ടില്ലെങ്കിലും സഭ അവരെയെല്ലാം വിശുദ്ധരായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും അത്തരം സാക്ഷികളുണ്ട്. അവരുടെ അസ്തിത്വത്തെപ്പറ്റിയും വിപുലമായ സംഖ്യയെപ്പറ്റിയും വർദ്ധിച്ചതോതിൽ അവബോധം സൃഷ്ടിക്കുവാൻ കുടുംബവർഷാചരണം ഉചിതമായ ഒരു സന്ദർഭമാണ്.

മനുഷ്യജാതിയുടെ ചരിത്രം, രക്ഷയുടെ ചരിത്രം, കുടുംബത്തിലൂടെയാണു കടന്നുപോകുന്നത്. നന്മയും തിന്മയും തമ്മിലും, ജീവനും മരണവും തമ്മിലും, സ്നേഹവും സ്നേഹത്തെ എതിർക്കുന്ന എല്ലാ സംഗതികളും തമ്മിലും നിലനില്ക്കുന്ന മഹാസമരത്തിൻെറ

www.malankaralibrary.com



കേന്ദ്രസ്ഥാനത്ത് കുടുംബം എങ്ങനെ സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്ന് ചൂണ്ടിക്കാണിക്കുവാൻ ഈ എഴുത്തിന്റെ പേജുകളിൽ ഞാൻ ശ്രമിച്ചിട്ടുണ്ട്. നന്മയുടെ ശക്തികളെ കെട്ടഴിച്ചുവിടുവാൻ പ്രഥമവും പ്രധാനവുമായി പരിശ്രമിക്കുക എന്ന ദൗത്യം കുടുംബത്തെ ഏല്പിച്ചിരിക്കുന്നു. നന്മയ്ക്കുള്ള ശക്തികളുടെ സ്രോതസ്സാകട്ടെ, മനുഷ്യരക്ഷകനായ ക്രിസ്തുവിലാണു കാണപ്പെടുന്നത്. ഓരോ കുടുംബ ഏകകവും ഈ ശക്തികളെ സ്വന്തമാക്കണം. പോളണ്ടിലെ ക്രിസ്തുമതത്തിന്റെ സഹസ്രാബ്ദ്യാഘോഷത്തിന്റെ സന്ദർഭത്തിൽ പ്രയോഗിച്ച ഒരു ശൈലിയിൽ പറഞ്ഞാൽ കുടുംബം "ദൈവത്തിന്റെ ശക്തി കൊണ്ട് ശക്തമാകുവാൻ" [59] വേണ്ടിയാണത്. അതുകൊണ്ടാണ് ഈ ലേഖനമെഴുതാനുള്ള പ്രചോദനത്തെ പൗലോസ് ശ്ലീഹായുടെ ശ്ലൈഹികാഹ്വാനങ്ങളിൽ നിന്നും (1 കോറി. 7 : 1-40; എഫേ. 5 : 21- 6 : 9; കൊളോ. 3 : 25) പത്രോസു ശ്ലീഹായുടെയും യോഹന്നാൻ ശ്ലീഹായുടെയും എഴുത്തുകളിൽ നിന്നും (1 പത്രോ. 3 : 1-7; 1 യോഹ. 2 : 12-17) സ്വീകരിച്ചത്. ചരിത്രപരമായ അവരുടെ സാഹചര്യങ്ങളിൽ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും ക്രിസ്ത്യാനികളുടെയും കുടുംബങ്ങളുടെയും അനുഭവങ്ങൾ അന്നും ഇന്നും എത്ര സാമ്യമുള്ളവയാണ്!

അപ്പോൾ, എനിക്കു നല്കാനുള്ളത് ഒരു ക്ഷണമാണ്. എന്റെ വാത്സല്യഭാജനങ്ങളായ ഭാര്യാഭർത്താക്കന്മാരേ, മാതാപിതാക്കളേ, പുത്രീ പുത്രന്മാരേ, സവിശേഷമാംവിധം നിങ്ങൾക്കുള്ള ക്ഷണമാണിത്. അപ്പസ്തോലിക സത്യത്തിന്റെ പ്രബോധനത്തിൽ ഒന്നിച്ചു നിലകൊള്ളുവാൻ എല്ലാ വ്യക്തിസഭകൾക്കുമുള്ള ഒരു ക്ഷണമാണിത്. മെത്രാൻ പദവിയിലുള്ള എന്റെ സഹോദരന്മാർക്കും വൈദികർക്കും സന്ന്യാസസഭകൾക്കും സമർപ്പിതവ്യക്തികൾക്കും അല്മായ വിശ്വാസികളുടെ പ്രസ്ഥാനങ്ങൾക്കും സംഘടനകൾക്കുമുള്ള ക്ഷണമാണിത്. രക്ഷകൻ ആഗ്രഹിച്ച സമ്പൂർണ്ണമായ കൂട്ടായ്മയിൽ പങ്കുചേരുന്നില്ലെങ്കിലും യേശുക്രിസ്തുവിലുള്ള പൊതുവിശ്വാസത്തിൽ ഐക്യപ്പെട്ടു കഴിയുന്ന നമ്മുടെ സഹോദരന്മാർക്കും സഹോദരിമാർക്കുമുള്ള ക്ഷണമാണിത്.[60] അബ്രാഹത്തിന്റെ വിശ്വാസത്തിൽ ഭാഗഭാക്കുകളായിക്കൊണ്ട് നമ്മെപ്പോലെ ഏകദൈവത്തിൽ വിശ്വസിക്കുന്നവരുടെ മഹാസമുദായത്തിൽ ഉൾപ്പെട്ട എല്ലാവർക്കുമായുള്ള[61] ക്ഷണമാണിത്. ആദ്ധ്യാത്മികവും മതാത്മകവുമായ മറ്റു പാരമ്പര്യങ്ങളുടെ

www.malankaralibrary.com



അവകാശികളായിട്ടുള്ള എല്ലാവർക്കുമായിട്ടുള്ള ക്ഷണമാണിത്. സന്മനസ്സുള്ള എല്ലാ സ്ത്രീ പുരുഷന്മാർക്കുമായിട്ടുള്ള ക്ഷണമാണിത്.

എല്ലാ പിതൃത്വവും മാതൃത്വവും ഓരോ മാനുഷിക കുടുംബവും ആരിൽ നിന്നു പേരു സ്വീകരിച്ചുവോ ആ പിതാവിന്റെ മുമ്പിൽ നാം മുട്ടുകുത്തുമ്പോൾ (എഫേ. 3 : 14-15) "ഇന്നലെയും ഇന്നും എന്നന്നേക്കും" (ഹെബ്രാ. 13 : 8) ഒരാൾതന്നെയായിരിക്കുന്ന ക്രിസ്തു നമ്മോടൊപ്പമുണ്ടായിരിക്കട്ടെ. ക്രിസ്തുതന്നെ നമ്മെ പഠിപ്പിച്ച പിതാവിനോടുള്ള പ്രാർത്ഥനയിലെ വാക്കുകളിൽ നമ്മെ " അവസാനം വരെ" (യോഹ. 13 : 1) സ്നേഹിച്ച ആ സ്നേഹത്തെ സംബന്ധിച്ച സാക്ഷ്യം അവിടുന്ന് ഒരിക്കൽക്കൂടി നല്കട്ടെ.

അവിടുത്തെ സത്യത്തിന്റെ ശക്തികൊണ്ട് നമ്മുടെ കാലത്തെ എല്ലാ ജനതകളോടും ഞാൻ സംസാരിക്കുന്നു. വിവാഹത്തിന്റെയും കുടുംബത്തിന്റെയും നന്മകളുടെ മാഹാത്മ്യത്തെ അംഗീകരിച്ച് ആദരിക്കാൻ വേണ്ടിയാണിത്. ഈ യാഥാർത്ഥ്യങ്ങളെ ബഹുമാനിക്കാതിരിക്കുകയോ കുടുംബത്തിന്റെയും മനുഷ്യമഹത്വത്തിന്റെയും അടിത്തറയിലുള്ള പരമമൂല്യങ്ങളെ അവഗണിക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന മഹാവിപത്തുകളെ അവർ മനസ്സിലാക്കുന്നതിനുവേണ്ടിയാണിത്.

**കർത്താവായ യേശു കുരിശിന്റെ ശക്തിയും ജ്ഞാനവും** കൊണ്ട് ഈ സത്യങ്ങളെ ആവർത്തിച്ചു പറയട്ടെ. അങ്ങനെ "നുണകളുടെ പിതാവിൽ" നിന്ന് (യോഹ. 8 : 44) ഉണ്ടാകുന്ന പ്രലോഭനങ്ങൾക്കു മനുഷ്യവംശം കീഴടങ്ങാതിരിക്കട്ടെ. വിശാലവും സുഗമവുമായ വഴികളിലേക്കു മൃദുലവും സുഖപ്രദവുമായി കാണപ്പെടുന്ന വഴികളിലേക്ക് - ജനങ്ങളെ വലിച്ചുകൊണ്ടുപോകുവാൻ, പ്രലോഭകൻ ശ്രമിക്കുന്നു. എന്നാൽ, യഥാർത്ഥത്തിൽ ആ വഴികൾ കെണികളും അപകടങ്ങളും നിറഞ്ഞവയാണ്. "വഴിയും സത്യവും ജീവനു"മായവനെ (യോഹ. 14 :6) അനുഗമിക്കുവാൻ നമുക്ക് എപ്പോഴും ശക്തി ലഭിക്കട്ടെ.

പ്രിയസഹോദരീ സഹോദരന്മാരേ, ഇതെല്ലാം ക്രൈസ്തവ കു

www.malankaralibrary.com



ടുംബങ്ങളുടെ ദൗത്യവും സഭയുടെ പ്രേഷിത താത്പര്യത്തിൻെറ വിഷയവുമായിരിക്കണം. ഈ വർഷം മുഴുവനും അവ അങ്ങനെയായിരിക്കട്ടെ. സവിശേഷമായ ദൈവികാനുഗ്രഹങ്ങളാൽ സമ്പന്നമാണിത്. നസ്രസിൻെറ ചൈതന്യത്തിൽ സഞ്ചരിക്കുവാൻ ഓരോ മാനുഷിക കുടുംബത്തിൻെറയും ഛായാചിത്രവും മാതൃകയുമായ തിരുക്കുടുംബം ഓരോ വ്യക്തിയെയും സഹായിക്കട്ടെ. ദൈവവചനം ശ്രവിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും ജീവിതത്തിൻെറ സഹോദര നിർവിശേഷമായ പങ്കുവയ്ക്കൽ നടത്തിക്കൊണ്ടും സമൂഹത്തിലും സഭയിലും നിർവഹിക്കാനുള്ള സവിശേഷദൗത്യത്തെപ്പറ്റിയുള്ള അറിവിൽ വളരുവാൻ അത് ഓരോ കുടുംബ ഏകകത്തെയും സഹായിക്കട്ടെ. ഏറ്റവും മനോഹരമായ സ്നേഹത്തിൻെറ അമ്മയായ മറിയവും രക്ഷകൻെറ കാവൽക്കാരനായ ജോസഫും നിരന്തര സംരക്ഷണം പ്രദാനം ചെയ്തുകൊണ്ട് നാം എല്ലാവരോടുമൊപ്പം സഞ്ചരിക്കട്ടെ.

ഈ സ്നേഹവികാരങ്ങളോടെ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വത്തിൻെറ നാമത്തിൽ ഓരോ കുടുംബത്തെയും ഞാൻ ആശീർവദിക്കുന്നു.

റോമിൽ, സെൻറ് പീറ്റേഴ്സിൽ, ഫെബ്രുവരി രണ്ടാം തീയതി, കർത്താവിനെ കാഴ്ചവച്ചതിരുന്നാൾ ദിനത്തിൽ, 1994-ാം വർഷം, എൻെറ ആചാര്യത്വത്തിൻെറ പതിനാറാം വർഷം, നല്കപ്പെട്ടത്.

**+ ജോൺ പോൾ രണ്ടാമൻ മാർപാപ്പ**

(ഒപ്പ്)

www.malankaralibrary.com



# NOTES

1. Cf. Encyclical Letter Redemptor hominis (4 March 1979), 14 : AAS 71 (1979), 284-285.
2. Cf. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World, Gaudium et spes. n.1.
3. Ibid., n. 22.
4. Ibid.
5. Ibid.
6. Cf. Dogmatic Constitution on the Church, Lumen gentium, n. 11
7. Pastoral Constitution on the Church in the Modern World, Gaudium et spes, Part II, Chap. I.
8. Rituale Romanum, Ordo Celebrandi Matrimonium, n. 74, editio typica altera, 1991, P. 26.
9. Cf. Apostolic Exhortation, Familiaris consortio (22 November 1981), 79-84: AAS 74 (1982), 180-186.
10. Cf. Rituale Romanum, Ordo Celebrandi Matrimonium, n. 74, ed.cit., p.26.
11. Pastoral Constitution on the Church in the Modern World, Gaudium et spes, n. 48
12. Aspostolic Exhortation, Familiaris consortio (22 November 1981), 69 : AAS 74 (1982), 165.
13. Pastoral Constitution on the Church in the Modern World, Gaudium et spes. n. 24
14. Rituale Romanum, Ordo Celebrandi Matrimonium, n.60, ed. cit., p.17
15. Cf. Apostolic Exhortation, Familiaris Consortio (22 November 1981), 28 : AAS 74 (1982), 114.
16. Cf. Pius XII, Encyclical Letter, Humani generis (12 August 1950) : AAS 42 (1950), 574.
17. Pastoral Constitution on the Church in the Modern World, Gaudium et spes, n. 24.
18. Ibid.
19. Ibid.
20. Confessiones, I. I : CCL, 27, I.
21. Cf. Pastoral Constitution on the Church in the Modren World, Gaudium et spes, n. 50.

www.malankaralibrary.com



22. Rituale Romanum, Ordo Celebrandi Matrimonium, n. 62, ed. cit., p. 17.
23. ibid., n. 61 ed. cit., p. 17.
24. Saint Thomas Aquinas, Summa Theologiae, I, q.5, a. 4, ad. 2.
25. Pastoral Constitution on the Church in the Modern World, Gaudium et spes, n. 24.
26. Cf. Encyclical Letter, Sollicitudo rei socialis (30 December 1987), 25; AAS 80 (1988), 543-544.
27. Encyclical Letter, Redemptor hominis (4 March 1979), 14 : AAS 71 (1979), 884-885; cf. Encyclical Letter, Centesimus annus (I May 1991), 53 : AAS 83 (1991), 859.
28. Adversus Haereses IV, 20, 7 : PG 7, 1057; Sch. 100/2, 648-649.
29. Encyclical Letter, Centesimus annus (I May 1991) 39; AAS 83 (1991), 842.
30. Cf. Encyclical Letter, Sollicitudo rei socialis (30 December 1987), 25 ; AAS 80 (1988), 543-544.
31. Cf. Paul VI, Encyclical Letter, Humanae vitae (25 July 1968), 12 : AAS 60 (1968), 488-489; Catechism of the Catholic Church, n. 2366.
32. Pastoral Constitution on the Church in the Modern World, Gaudium et spes, n. 24.
33. Cf. Homily for the closing of the Holy Year (25 December 1975) : AAS 68 (1976), 145.
34. Pastoral Constitution on the Church in the Modern World, Gaudium et spes, n. 22.
35. Cf. ibid., n. 47.
36. Summa Theologiae, I, q.5, a.4, ad 2.
37. ibid., I - II, q. 22.
38. Cf. Second Vatican Ecumenical Council, Dogmatic Constitution on the Church, Lumen gentium, nn. II, 40 and 41.
39. Rituale Romanum, Ordo Celebrandi Matrimonium, n.60, ed. cit., p. 17.
40. Code of Canon Law, Canon 1055, I; Catechism of the Catholic Church, n. 1601.
41. Cf. Pastoral Constituion on the Church in the Modern World, Gaudium et spes, n. 74.
42. Cf. Encyclical Letter, Centesimum annus (I May 1991), N. 57; AAS 83 (1991), 862-863.

www.malankaralibrary.com



43. Cf. Encyclical Letter, Laborem exercens (14 September 1981), n. 19; AAS 73 (1981), 625-629.

44. Cf. Adversus Haereses, III, 10, 2; PG 7, 873; Sch 211, 116-119; Saint Augustine, De Incarnatione Verbi, 54; PG 25, 191-192; Saint Augustine, Sermo 185, 3 : PL 38, 999; Sermo 194, 3, 3: PL 38, 1016.

45. Cf. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World, Gaudium et spes, n. 24.

46. "Corpore et anima unus", as the Council so clearly and felicitously stated: ibid., n. 14.

47. Ibid., n. 22.

48. Cf. Second Vatican Ecumenical Council, Dogmatic Constitution on the Church, Lumen gentium, nn. 56-59.

49. Cf. Pontifical Council for Social Communications, Pastoral Instruction, Aetatis novae (22 February 1992), n. 7.

50. In the liturgy of their Feast, which has its origins in the fifth century, the Church turns to the Holy Innocents, invoking them with the words of the poet Prudentius (c. 405) as "the flowers of the martyrs whom, at the very threshold of their lives, the persecutor of Christ cut down as the whirlwind does to roses still in bud".

51. Saint Athanasius, De incarnatione Verbi, 54: PG 25, 191-192.

52. Cf. Veritatis splendor (6 August 1993) n. 84.

53. Words of Light and Love, n. 59.

54. B. Pascal, Pensees, Le mystere de Jesus, 553 (ed. Br.).

55. Cf. in particular Pastoral Constitution on the Church, Gaudium et spes, nn. 47-52.

56. Of particular interest is the Address to those taking part in the Convention, of the Italian Catholic Union of Midwives (29 October 1951), in Discorsi e Radiomessaggi, XIII, 333-353.

57. Cf. Address to the members of the "Consilium de Laicis" (2 October 1974) in AAS 66 (1974), 568.

58. Cf. Dogmatic Constitution on the Church, Lumen gentium, n. 40.

59. Cf. Cardinal Stefan Wyszynski, Rodzina Bogiem Silna, Homily delivered at Jasna Gora (26 August 1961).

60. Cf. Dogmatic Constitution on the Church, Lumen gentium n. 15.

61. Cf. ibid., n. 16.

www.malankaralibrary.com

കുടുംബം ഇന്ന് അപകട നിലയിലാണ്. രാഷ്ട്രവും മതവും സംസ്കാരവുമെല്ലാം അടിയുറപ്പിച്ചിരിക്കുന്നതു കുടുംബത്തിലാകയാൽ കുടുംബത്തെ രക്ഷിക്കാതെ ഒന്നിനെയും രക്ഷിക്കാനാവുകയില്ല. കുടുംബവർഷമായ 1994-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ എല്ലാവർക്കുമായി എഴുതുന്ന ഈ കത്ത് യഥാർത്ഥ കുടുംബത്തിന്റെ സ്വഭാവത്തെയും അതിനെ രക്ഷിക്കാനുള്ള മാർഗ്ഗങ്ങളെയുംപറ്റി പ്രതിപാദിക്കുന്നു. ഹൃദയസ്പർശകവും ചിന്തോദ്ദീപകവുമാണ് ഈ എഴുത്ത്.